

## ദരിദ്രയെ കുപ്പയിൽ നിന്നുയർത്തിയ ദൈവം

**പരിഷ്ക്കരിച്ച പതിപ്പ്**

# മരണത്തിൽ നിന്ന് ജീവനിലേക്ക്...

സിസ്റ്റർ. ബേബി സരോജം

International Zion Assembly Publications
Salempuri, Kovalam

# ദരിദ്രയെ കുപ്പയിൽ നിന്ന് ഉയർത്തിയ ദൈവം



**Pr. E. Rajaretnam B.A, B.Ed**

International Zion Assembly Publications
Salempuri, Kovalam

Daridraye Kuppayil Ninnuyarthia Daivam
Malayalam
Author: Pastor E. Rajaretnam
Rights Reserved

E. Baby Sarojam
Bethel Vilakom
Muttakkad
Kovalam P.O.
Thiruvananthapuram 695 527
Phone: +91 8593894449,
e-mail: jjmdskovalaml@gmail.com

Published by
Salempuri Zion Assembly Publications
Kovalam, Thiruvananthapuram
Kerala, India

First Edition 2019

DTP & Printed at:
Rose Printing Hub, Killy, Tvm

Copies: 1000/-

Rs. 120/-

# സമർപ്പണം

ദരിദ്രയെ കുപ്പയിൽ നിന്ന് ഉയർത്തുന്ന
ദൈവം എന്നേയും ഉയർത്തിയതിനാൽ
ദൈവമുമ്പാകെ ദൈവനാമത്തിനായി
ഈ പുസ്തകം സമർപ്പിക്കുന്നു.



**ബേബി സരോജം**

**ഫോൺ : +91 8593894449**

# മുഖവുര

ഞാൻ ക്രിസ്തുവിലും ക്രിസ്തു എന്നിലും ആയി തീർന്നിട്ടുള്ള അത്ഭുത സാക്ഷ്യങ്ങൾ രേഖപ്പെടുത്താൻ ഭാഗ്യം തന്ന ദൈവത്തെ സ്തുതിക്കുന്നു.

ശൈശവം മുതൽ എന്നെ ഭൂമിയിൽ നിന്നും നിർദയം നീക്കിക്കളയാൻ സാത്താന്യശക്തികൾ ഒരുക്കിവച്ച ഭയങ്കരമായ കെണികളും കഷ്ടങ്ങളും നിരവധിയാണ്. അവ ഓരോന്നിൽ നിന്നും എന്റെ യേശു അപ്പൻ കാത്തുരക്ഷിച്ച് സൂക്ഷിച്ച് ജയോത്സവമായി ഉയർത്തിയതാണ് ഈ പുസ്തകത്തിലെ വിഷയ വിവരം.

എനിക്കു നേരിടേണ്ടിവന്നിട്ടുള്ള ഓരോ കഷ്ടതകളിലും യേശുവിനെ തന്നെയല്ലാതെ മറ്റാരേയും ഞാൻ ആശ്രയിച്ചിട്ടില്ല. ആ കഷ്ടതകൾ ഓരോന്നും ദൈവസന്നിധിയിൽ വച്ച് പ്രാർത്ഥിച്ച് ജയമെടുത്തിട്ടുള്ള അഭ്യാസം തികയുന്തോറും മഹാകഷ്ടത്തിലായിരിക്കുന്ന മറ്റുള്ളവർക്കായി ഇടുവിൽ നിന്ന് പ്രാർത്ഥിക്കാനുള്ള ശക്തി എന്നിൽ വർദ്ധിക്കുന്നു. അത് ഇന്നും തുടരുന്നു.

ഞങ്ങളുടെ ഭയങ്കര ദാരിദ്ര്യത്തിന്റെയും കൊടിയ കഷ്ടങ്ങളുടെയും നാളുകളിൽ പലരും ഞങ്ങളെ പുച്ഛിച്ചും പരിഹസിച്ചും വെറുത്തും അകറ്റിയിരുന്നു. ഞങ്ങളുടെ ഭവനത്തിന് തീരെ അകലെയല്ലാതെ ഇന്റർനാഷണൽ സിയോൻ അസംബ്ലി എന്നൊരു സഭയുണ്ട്. ദൈവം തന്നെയാണ് ആ മഹാകഷ്ടകാലത്ത് ഞങ്ങളെ ആ സഭയിൽ കൊണ്ടെത്തിച്ചത്. അപ്പോൾ സഭയിൽ ഉണ്ടായിരുന്ന സ്റ്റീഫൻ പാസ്റ്ററും അദ്ദേഹത്തിന്റെ കാലശേഷം വന്ന അദ്ദേഹത്തിന്റെ മകൻ കനകരാജ് പാസ്റ്ററും ശരിയായ വിധത്തിൽ ആത്മീയ പോഷണം തന്ന് ഞങ്ങളെ ക്രിസ്തുവിൽ ഉറപ്പിച്ചു വന്നു. അങ്ങനെ എന്റെ പ്രാർത്ഥന കേട്ട് ദൈവം ഞങ്ങൾക്കും മറ്റ് അനേകർക്കും ചെയ്തു തന്നിട്ടുള്ള മഹാ അത്ഭുതങ്ങൾ നിരവധിയാണ്. എന്റെ യേശു പലപ്പോഴും മുഖാമുഖമായി വന്നു നിന്ന് എന്നെ

വിലയേറിയ പല കാര്യങ്ങളും പഠിപ്പിച്ചു. എന്റെ എല്ലാ പ്രാർത്ഥനാ വിഷയങ്ങൾക്കും മറുപടി തന്ന് എന്നെ ദൈവം ആശ്വസിപ്പിച്ചു വരുന്നു. നാനാവിധമായ വേദനകൾ സഹിച്ച് കഴിയുന്നവർ ഈ എളിയവളുടെ സാക്ഷ്യങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ അവരും യേശുവിലൂടെ അനുഗ്രഹിക്കപ്പെടുമായിരുന്നല്ലോ എന്ന വ്യാകുല ചിന്ത എന്നിൽ പൊങ്ങിക്കൊണ്ടിരുന്നു. എന്നാൽ വിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്തവളും എഴുത്തോ വായനയോ അറിയാത്തവളുമായ ഈ ഏഴക്ക് ഇതിനായി ഒന്നും ചെയ്യാൻ കഴിവില്ലല്ലോ എന്നു ചിന്തിച്ച് ഞാൻ ഭാരപ്പെട്ടിരുന്നു.

അനേക കുടുംബങ്ങൾ ഛിദ്രിച്ച് സമാധാനമറ്റ് വേദനിച്ച് കഴിയുന്നവരും അനുസരണംകെട്ട മക്കൾ നിമിത്തം വ്യാകുലപ്പെടുന്നവരും നാനാവിധ വ്യാധികളാൽ കഷ്ടപ്പെടുന്നവരും മറ്റും ഈ എളിയവളായ എന്റെ പ്രാർത്ഥന കേട്ട് ഞങ്ങളെ വിടുവിച്ച് ജയോത്സവമായി നടത്തുന്നവിധം വായിച്ചറിഞ്ഞ് അവരും ക്രിസ്തുയേശുവിൽ ധന്യരായിത്തീരണമേ എന്നതു മാത്രമാണ് എന്റെ അതിയായ ആഗ്രഹം.

Sister **Baby Sarojam**
Bethel Vilakom, Muttakkadu
Kovalam P.O, TVPM, Kerala, India
Mob: +91 8593894449

# എഡിറ്ററുടെ പ്രസ്താവന



ഞങ്ങളുടെ സ്ഥലം നെയ്യാറ്റിൻകരയാണ്. ശാലേം പുരിയിലെ ശ്രീ. വിക്ടർ രാജാണ് ഞങ്ങളുടെ മകൾ രജിനിയെ വിവാഹം ചെയ്തത്. ശാലേംപുരി ചർച്ചിൽ നിന്നും വളരെ അകലെയല്ലാതെ താമസിക്കുന്ന, സി.എസ്.ഐ. സഭയിൽ ഉൾപ്പെട്ടിരുന്ന ഭക്തരും നിഷ്കളങ്കരും വിശ്വസ്തരും തീരെ സാധുക്കളും ആയിരുന്ന ബേബി സഹോദരിയെയും കുടുംബത്തെയും കുറിച്ച് എന്റെ മകൾ വഴി നന്നായി അറിഞ്ഞിരുന്നു. ഇരുപത്തിയെട്ടു വർഷത്തിലധികം ബേബി സഹോദരി യുമായുള്ള ആത്മീകബന്ധം ഞങ്ങൾക്കുണ്ട്. ഞങ്ങളുടെ ഏത് ആവശ്യവും പ്രാർത്ഥിക്കുവാൻ അവരോട് അറിയിക്കുമ്പോൾ ഞങ്ങൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ആ സഹോദരിയിൽ കൂടെ തക്ക മറുപടിയും ദൈവം തന്നു കൊണ്ടിരിക്കുന്നു. അതുപോലെ അവർക്കുവേണ്ടിയും ഞങ്ങൾ പ്രത്യേകം പ്രാർത്ഥിക്കുന്നു. ആ സഹോദരിയുടെ അത്ഭുത സാക്ഷ്യങ്ങൾ പലപ്പോഴായി അവരിൽ നിന്നും കേട്ടറിഞ്ഞിരുന്നു. എനിക്ക് അത് ഒരു പുസ്തകമായി എഴുതണമെന്ന് അതിയായ താൽപ്പര്യം ഉണ്ടായി. അവരുടെ സാക്ഷ്യങ്ങൾ അവിശ്വസനീയ മായി തോന്നിക്കുന്ന അത്ഭുതസാക്ഷ്യങ്ങൾ ആയിരുന്നു. ആ സാക്ഷ്യങ്ങൾ ഒരു പുസ്തകമാക്കിത്തീർത്താൽ അത് അനേകർക്ക് അനുഗ്രഹവും ആശ്വാസവും ആയിത്തീരും എന്ന് എനിക്കുതോന്നി. ഇത് ഒരു സാക്ഷ്യപുസ്തകം ആക്കിത്തീർക്കാം എന്ന് ഞാൻ സഹോദരിയെ അറിയിച്ചപ്പോൾ അവർക്ക് അത് വലിയ സന്തോഷമായി. എന്നാൽ എഴുത്തോ വായനയോ അവർക്ക് വശമില്ലായിരുന്നു. അതിനാൽ അനേക ദിവസം ഞങ്ങൾ ഒരുമിച്ചു കൂടി വളരെ ശ്രമം ചെയ്ത് എഴുതിയ

സത്യസാക്ഷ്യ പുസ്തകമാണ് ഇത്. ഈ സാക്ഷ്യ പുസ്തകം വായിക്കുന്ന എല്ലാവർക്കും അവരുടെ കുടുംബ ങ്ങൾക്കും ഇത് അനുഗ്രഹമായിത്തീരട്ടെ എന്നു ഞാൻ ആശംസിക്കുന്നു.

**Pastor E. Rajaretnam B.A, B.ED**
Salempuri
Mob.No.8547685598

# പുസ്തകാഭിപ്രായം



“ദരിദ്രയെ കുപ്പയിൽ നിന്ന് ഉയർത്തിയ ദൈവം” എന്ന പുസ്തകത്തിന്റെ രചയിതാവായ സഹോദരി ബേബി സരോജവും കുടുംബവും ഇന്റർനാഷണൽ സീയോൻ അസംബ്ലി, ശാലേംപുരി സഭയുടെ സജീവ അംഗങ്ങളാണ്. 1962 മുതൽ 1965 വരെയും 1973 മുതൽ 1975 വരെയുമുള്ള കാലയളവിൽ കോവളത്തുള്ള ശാലേംപുരി സഭയുടെ ശുശ്രൂഷകനായി ഞാൻ സേവനം അനുഷ്ഠിച്ചിരുന്ന ആ അവസരത്തിൽ സഹോദരി ബേബി സരോജത്തിന്റെ ഭർത്താവ് ജെ.അസറിയയുടെ മാതാവ് ദേവദാസിയും പിതാവ് എ.ജെയിംസും സഭയിലെ അംഗങ്ങളായിരുന്നു. അസറിയയുടെ മാതാവ് ദേവദാസി 1950-ൽ രക്ഷിക്കപ്പെട്ട് സ്നാനം സ്വീകരിച്ചു വന്നതായിരുന്നു. അവർക്ക് അഞ്ച് ആൺമക്കളും മൂന്നു പെൺമക്കളും ഉണ്ടായിരുന്നു. സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിട്ട സന്ദർഭത്തിലും തളർന്നുപോകാതെ മാതാവ് ദൈവത്തിലാശ്രയിക്കുകയും സഭയിലെ എല്ലാ യോഗങ്ങളിലും വന്നു പ്രാർത്ഥിച്ച് ശക്തിപ്പെടുകയും ചെയ്യുക പതിവായിരുന്നു. പെട്ടെന്ന് 1962-ൽ ഭവനത്തിന്റെ നാഥനായ ജെയിംസിന് കഠിനമായ ഒരു രോഗം ബാധിച്ചു. ചികിത്സിക്കാൻ പണമില്ലാത്തതിനാൽ പ്രാർത്ഥനാലയത്തിൽ കൊണ്ടുവന്ന് താമസിച്ചു പ്രാർത്ഥിച്ചു. ദൈവം അത്ഭുതകരമായി സൗഖ്യം നൽകുകയും ആ വർഷം തന്നെ അദ്ദേഹം രക്ഷിക്കപ്പെട്ട് വിശ്വാസസ്നാനം സ്വീകരിച്ച് ദൈവസഭയുടെ അംഗമായിത്തീരുകയും ചെയ്തു.

പെന്തെക്കോസ്തു സമൂഹത്തിനെതിരെ പരിഹാസങ്ങളും അക്രമങ്ങളും കൊടികുത്തി വാഴുന്ന ആ കാലയളവിൽ വിശ്വാസത്തിൽ ഉറച്ചുനിന്ന കുടുംബമായിരുന്നു ജെയിംസിന്റെ

കുടുംബം. ദൈവം ഘട്ടംഘട്ടമായി അവരെ അനുഗ്രഹിച്ചു. എല്ലാമക്കളും കുടുംബസ്ഥരാകുകയും ചിലർ പൂർണ്ണമായി ദൈവവേലക്കാരായിതീരുകയും ചെയ്തു. അവരെയും അവരുടെ തലമുറകളെയും ദൈവം സമൃദ്ധമായി അനുഗ്രഹിച്ചു.

എ. ജെയിംസിന്റെ മൂത്ത മകനായ അസറിയ ആയിരുന്നു സഹോദരി ബേബി സരോജത്തെ വിവാഹം ചെയ്തത്. സ്വന്തമായി ഭവനമോ വസ്തുക്കളോ, തൊഴിലോ ഒന്നും ഇല്ലാതെ കൊടുംദാരിദ്ര്യത്തിലായിരുന്നു അവരുടെ കുടുംബ ജീവിതത്തിന്റെ ആരംഭം. എന്നാൽ അനേക കഷ്ടങ്ങളിൽ കൂടെ കടന്നുപോയപ്പോഴും പതറാതെ ദൈവത്തിൽ മാത്രം ആശ്രയിച്ചു പ്രാർത്ഥനയാൽ എല്ലാറ്റിനും വിടുതൽ കണ്ടെത്തി വന്നു. സഹോദരി ബേബി സരോജത്തേയും കുടുംബത്തേയും അത്ഭുതകരമായി വിടുവിച്ച വിധങ്ങൾ ഈ പുസ്തകം വായിക്കുന്നവരുടെ ഉറപ്പിനായി ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. സഹോദരി ബേബി സരോജത്തിന് ഒരു മകളും ഒരു മകനും ഉണ്ട്. ആ സഹോദരി അമ്മായി അമ്മയായ ദേവദാസിയുടെ പ്രാർത്ഥനാ ജീവിതം ഏറ്റെടുത്ത് ദൈവത്തിലാശ്രയിച്ച് വിജയം നേടിയതുപോലെ തലമുറകളും പ്രാർത്ഥനാ ജീവിതവും ദൈവാശ്രയവും ഉള്ളവരായതിനാൽ ദൈവം അവരെയും ധാരാളമായി അനുഗ്രഹിച്ച് വലിയ സമ്പത്തിന്റെ ഉടമകളാക്കിതീർത്തു. ആയതിനാൽ ഈ പുസ്തകത്തിന് നൽകിയ പേരും ഉചിതമായിരിക്കുന്നു. "ദരിദ്രയെ കുപ്പയിൽനിന്ന് ഉയർത്തിയ ദൈവം" എന്ന അനുഭവ സാക്ഷ്യം നിറഞ്ഞ ഈ പുസ്തകം വായിച്ച് അനേകർക്ക് ആശ്വാസവും അനുഗ്രഹവും ദൈവാശ്രയവും, വിശ്വാസവും പ്രത്യാശയും ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.

**Pastor Jaison T. Raj**
President,
International Zion Assembly
Nandancode, TVM

# പുസ്തകാഭിപ്രായം



ദരിദ്രയെ കുപ്പയിൽ നിന്ന് ഉയർത്തിയ ദൈവം എന്ന പുസ്തകം വായിച്ചു. എന്റെ ചെറു പ്രായം മുതൽ ഈ കുടുംബവുമായി അഭേദ്യ സംസർഗം ഉണ്ടായിരുന്നതാണ്. സിയോൻ അസംബ്ലി ശാലേംപുരി സഭയുടെ ആദ്യകാല വിശ്വാസികളിലൊരാളാണ് ബേബി സഹോദരിയുടെ ഭർത്താവിന്റെ അമ്മയായ ദേവദാസി. അവരുടെ പ്രാർത്ഥനയുടെ ഫലമാണ് അവരുടെ മക്കൾ ഏതാണ്ടെല്ലാവരും രക്ഷിക്കപ്പെടുവാനിടയായത്. ആ മാതാവിന്റെ പേരു പറയുമ്പോൾ പ്രത്യേകമായി ഓർമ്മ വരുന്ന ഒരു സംഭവം വിവരിക്കുന്നു. ഒരു രാത്രിയിൽ അവർ ഒരു വീഴ്ചയിലകപ്പെട്ടു. വാർദ്ധക്യകാലമാണ്. തലയെ ആരോ വെട്ടിപ്പിളർന്നതു പോലെ തോന്നത്തക്ക ഭയങ്കരമായ മുറിവു കണ്ടവർ എല്ലാം ഭയന്നു പോകും. ഞാനും ഭയന്നുപോയി. ധാരാളം തയ്യലിടത്തക്കവണ്ണം നീളമുള്ള മുറിവ്. ചികിത്സക്കുപോകുവാൻ പലരും നിർബന്ധിച്ചു. തലയിലുള്ള മുറിവല്ലേ ഇങ്ങനെ ഇരുന്നാൽ എന്താകും എന്ന് കണ്ടവർക്കെല്ലാം ചർച്ചാവിഷയം. എന്നാൽ ആ മാതാവ് തന്റെ വാർദ്ധക്യകാലമാണ് എങ്കിലും സ്വയം എണ്ണ പ്രാർത്ഥിച്ചു പൂശിക്കൊണ്ടിരുന്നു. അത്ഭുതം! ചില ദിവസങ്ങൾക്കകം മുറിവു കരിഞ്ഞു. എല്ലാം ക്ലീൻ. ആ മാതാവിന്റെ സന്തതികളിൽ പാസ്റ്റർമാരുടെ ഗണം തന്നെ ഇപ്പോൾ ഉണ്ട്. അതിലൊരു മകനാണ് പുന്നാവൂരിൽ ശുശ്രൂഷിക്കുന്ന പാസ്റ്റർ ശമുവേൽ. ആദ്യകാല പ്രവർത്തനങ്ങൾക്കും സീയോൻ അസംബ്ലിയുടെ വളർച്ചക്കും അകമഴിഞ്ഞു പ്രാർത്ഥിച്ചവരിൽ ഒരാളായിരുന്നു ദേവദാസി. അവരുടെ പ്രാർത്ഥന എനിക്കും പ്രയോജനമായിട്ടുണ്ട്.

വിവാഹബന്ധത്തിൽ മുട്ടയ്ക്കാട് വന്ന കാലം തൊട്ട് ബേബി സരോജത്തെ എനിക്ക് അറിയാവുന്നതാണ്. പ്രാർത്ഥനാ

ജീവിതവും ദൈവകൃപയും ഉള്ളൊരു സഹോദരിയാണ് എന്ന് അറിയാമെങ്കിലും ഇത്രത്തോളം ദൈവീക സംസർഗം ഉണ്ട് എന്ന് ഈ പുസ്തകം വായിച്ചപ്പോഴേ മനസ്സിലായുള്ളൂ. ദൈവശബ്ദം നേരിട്ടു കേൾക്കുവാനും അതിൻപ്രകാരം പ്രവർത്തിക്കുവാനും കഴിവുള്ളവർ വളരെ ചുരുക്കം പേരേയുള്ളൂ. അതിലൊരാളാണ് ബേബി സരോജം എന്നതിൽ പ്രശംസിക്കുന്നു. ഈ പുസ്തകം വായിക്കുന്ന എല്ലാവർക്കും ഇതൊരു മാതൃകയാകട്ടെ.

ഉപജീവനമാർഗ്ഗമില്ലാതെ കുടുംബമായി ആത്മഹത്യാശ്രമം വരെ എത്തിയെങ്കിലും അതിനെയെല്ലാം അതിജീവിച്ചു. ഇന്നു കാണുന്ന നന്മകൾ പ്രാപിക്കുവാൻ ദൈവം അവർക്ക് വഴിയൊരിക്കിയതിൽ ദൈവത്തെ സ്തുതിക്കുന്നു. സത്യമായി വിളിച്ചപേക്ഷിക്കുന്ന ഏവർക്കും ദൈവം സമീപസ്ഥനാണ് എന്ന വചനത്തിന് സ്ഥിരീകരണം കാണുവാൻ ഈ പുസ്തകം ഇടയാക്കുന്നു. ദൈവം തരുന്ന കഴിവുകളെ വ്യാപാരം ചെയ്തു വിശ്വസ്തതയോടെ മുന്നോട്ടു പോയാൽ വാലല്ല തലയാക്കും എന്ന് ഈ അനുഭവസാക്ഷ്യം നമ്മെ പഠിപ്പിക്കുന്നു. ഈ പുസ്തകം വായിക്കുന്നവർക്ക് വിശ്വാസം വർദ്ധിക്കട്ടെ. ബേബി സഹോദരി ദീർഘായുസ്സോടിരുന്നു ദൈവത്തിൽ നിന്ന് കൂടുതൽ പ്രാപിച്ച് അനേകർക്ക് പ്രയോജനപ്പെടുമാറാകട്ടെ. മക്കളെയും കുടുംബമായി അനുഗ്രഹിക്കട്ടെ എന്ന് ആശംസിക്കുന്നു.

**Pastor Retnaraj**
Vice President
International Zion Assembly

# പുസ്തകാഭിപ്രായം



സിസ്റ്റർബേബി സരോജം എഴുതിയ ദരിദ്രയെ കുപ്പയിൽ നിന്ന് ഉയർത്തിയ ദൈവം എന്ന ചെറുഗ്രന്ഥം വായിച്ച് ഞാൻ മഹത്വ പൂർണ്ണനായ ദൈവത്തെ സ്തുതിച്ചു. എന്റെ ചെറുപ്പം മുതൽ തന്നെ ഈ സഹോദരിയെയും കുടുംബാംഗങ്ങളെയും നല്ലവണ്ണം എനിക്ക് അറിയാം. ഈ പുസ്തകം വായിച്ച് കഴിഞ്ഞപ്പോൾ ഇത്ര വലിയ ജീവിത സാക്ഷ്യമുള്ള സഹോദരിയെ നേരിൽ കണ്ട് സംസാരിക്കണമെന്ന് ആഗ്രഹിച്ച് ഒരു ദിവസം ഞാൻ കണ്ട് സംസാരിച്ചു. കൊടിയ കഷ്ടതയിലും, രോഗങ്ങളിലും, ദാരിദ്ര്യത്തിലും, തളർന്നുപോകാതെ ദൈവത്തോട് പ്രാർത്ഥിച്ച് യാചിച്ച് തനിക്കനുകൂലമായ തീരുമാനങ്ങൾ ദൈവത്തിൽ നിന്നും ലഭിക്കുവാൻ ഇടയായ ഈ സഹോദരിയുടെ വിശ്വാസ ജീവിതത്തെ ഞാൻ അഭിനന്ദിക്കുന്നു. പ്രാർത്ഥനാ ജീവിതമുള്ള ആയിരം ആയിരം ബേബി സഹോദരിമാർ ഈ ഭൂമിയിൽ ഉണ്ടാകുവാൻ ഞാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു, പ്രാർത്ഥിക്കുന്നു.

ദൈവ മഹത്വത്തിന് അൽപ്പം പോലും മങ്ങലേൽക്കാതെ ജീവിതം നയിച്ച ഒരു നല്ല സഹോദരി, ആരും തന്നെക്കുറിച്ച് അറിയേണ്ടതില്ലായെന്നു ചിന്തിച്ചു. ജീവിച്ചു. എങ്കിലും എല്ലാവരും ഇന്നും നല്ലവണ്ണം അറിയുന്ന ഒരു ഉത്തമ സ്ത്രീ, വളരെ ദു:ഖം അനുഭവിച്ചുവെങ്കിലും പലരെയും സന്തോഷിപ്പിച്ച ഒരു നല്ല വിശ്വാസി. ഒന്നും ഇല്ലാതിരുന്നിട്ടും പലരെയും സമ്പന്നരാക്കുവാൻ ശ്രമിച്ച ഒരു നല്ല ഹൃദയത്തിന്റെ ഉടമ. യേശുവിന്റെ അടുക്കൽ വന്ന ഒരു വ്യക്തിയുടെ ന്യായമായ

ആവശ്യം തമ്പുരാൻ നിരസിച്ചില്ല എന്നു മാത്രമല്ല അവരുടെ ആവശ്യങ്ങളെല്ലാം തന്നെ പരിഹരിച്ച് ആശ്വസിപ്പിച്ചു. ഇല്ലാത്തതിനെ ഉള്ളതുപോലെ വിളിച്ച് ജീവിതത്തെ സമൃദ്ധിയായി അനുഗ്രഹി ക്കുന്ന ദൈവത്തിലാശ്രയിച്ച് നമ്മുടെ ജീവിതവും ധന്യമാക്കാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**Pastor D. Noble Gillyan**
President , Church of God
Kovalam

# മകൻ ജയപ്രകാശിന്റെ സാക്ഷ്യം



അഭിവന്ദ്യരായ അസറി ബേബി സരോജം ദമ്പതികളുടെ മൂത്തമകനാണ് ഞാൻ. എനിക്കു ശേഷം ജനിച്ച എന്റെ അനുജത്തി ശോഭയുമാണ് അവരുടെ മക്കൾ. ഞങ്ങൾക്ക് അറിയാവുന്ന കാലം മുതൽ കൊടിയ പട്ടിണിയിലും ദാരിദ്ര്യത്തിലുമാണ് ഞങ്ങൾ വളർന്നത്. ഞങ്ങൾ രണ്ടു സഹോദരങ്ങളും ആഹാരത്തിനായി കരഞ്ഞു കരഞ്ഞു മയങ്ങിക്കിടക്കും. ഉണരുമ്പോൾ യേശു അപ്പാ എന്റെ മക്കൾക്ക് വിശപ്പടക്കാൻ ആഹാരം തരണമേ എന്ന് വിങ്ങിക്കരഞ്ഞ് പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്ന മാതാവിനെ കണ്ടുമാണ് വളർന്നത്. അപ്പോൾ ഒരു ചെറ്റക്കുടിലിൽ നിലത്തു കിടന്നാണ് ഞങ്ങൾ വളർന്നു വന്നത്. കള്ളം പറയരുത്, കള്ളം ഒന്നും ചെയ്യരുത്. ഏതാവശ്യത്തിനും യേശു അപ്പനോട് കരഞ്ഞു പ്രാർത്ഥിക്കണം. യേശു അപ്പൻ അതെല്ലാം ചെയ്തുതരും എന്നു പഠിപ്പിച്ച് അങ്ങനെ ഞങ്ങളുടെ അമ്മ ഞങ്ങളെ ദൈവഭയത്തിൽ വളർത്തിയതുകൊണ്ട് ഇന്നുവരെ ഈ ലോകത്തിലെ മറ്റു യാതൊരു തെറ്റുകളിലും അകപ്പെടാതെ മാതൃകപരമായി ജീവിക്കുവാൻ ദൈവം ഞങ്ങളെ സഹായിച്ചിരിക്കുന്നു. ചെറിയ പ്രായം മുതലേ ദശാംശം പൂർണ്ണമായി ദൈവത്തിനുവേണ്ടി വേർതിരിക്കണം എന്ന് അമ്മ പറഞ്ഞു പഠിപ്പിച്ചതനുസരിച്ച് ഇന്നുവരെയും അതും അതിലധികവും കർത്താവിന്റെ വേലയ്ക്കുവേണ്ടി ചെലവാക്കി വരുന്നു. അമ്മയിൽ കൂടെയുള്ള ദൈവാലോചന പ്രകാരമല്ലാതെ ഇന്നുവരെ ഞാൻ ഒന്നും നേടിയിട്ടില്ല. വർഷങ്ങൾക്കു മുമ്പ് എന്റെ അമ്മയ്ക്ക് ദൈവം കൊടുത്ത വാഗ്ദത്തങ്ങളാണ് ഇന്ന് എനിക്ക് കാണുന്ന

വാഹനങ്ങളും മറ്റു സമ്പത്തുകളുമെല്ലാം. ഇന്ന് ദൈവം എനിക്കു തന്നിട്ടുള്ള ഡ്രൈവിംഗ് സ്കൂളും വാഹന വിവരങ്ങളും എല്ലാം അമ്മയുടെ 'ദരിദ്രയെ കുപ്പയിൽ നിന്ന് ഉയർത്തിയ ദൈവം' എന്ന ഈ സാക്ഷ്യ പുസ്തകത്തിൽ തന്നെ എഴുതിയിട്ടുണ്ട്.

**ജയപ്രകാശ്**
Bethelvilakom, Muttakkadu,
Kovalam P.O., Trivandrum,
Kerala, India.
Mob: +91 9447002549,
+91 9745002549

# ഉള്ളടക്കം

ഭാഗം -1

- എന്റെ ബാല്യകാലം 19
- കൊടിയ ദാരിദ്ര്യം 23

ഭാഗം -2

- ദൈവം എന്നോട് സംസാരിച്ചു തുടങ്ങി 25
- നരകവും സ്വർഗ്ഗവും കാണിച്ചു തന്നത് 28
- യേശുവിന്റെ ക്രൂശുമരണം കാണിച്ചു തന്നത് 31

ഭാഗം -3

- സത്യസാക്ഷിയായ ആരംഭം 35
- അത്ഭുതകരമായ കൃഷി വർദ്ധന 37
- പറവകളും മൃഗസമ്പത്തും 39
- ഒരുകോഴിയിൽ നടന്ന മഹാഅത്ഭുതം 40
- പ്രാർത്ഥനാവരം ലഭിച്ചത് 43
- എന്നെ വിഷപ്പാമ്പ് കടിച്ചത് 44
- മകളെ പാമ്പ് കടിച്ചത് 47
- ബാല്യം മുതൽ നേരിട്ട കഠിന കഷ്ടതകൾ 50
- കൊടിയ തലവേദനയും അത്ഭുത സൗഖ്യവും 53

ഭാഗം -4

- സ്നാനത്തിലേയ്ക്ക് നടത്തിയ വിധം 56
- പരിശുദ്ധാത്മാവ് പ്രാപിച്ചത് 59
- പരിശുദ്ധാത്മാവ് നഷ്ടപ്പെട്ടതും തിരികെ പ്രാപിച്ചതും 60
- പരസ്യ സാക്ഷിയായി ഇറങ്ങി 62
- പ്രതിഫലത്തിന്റെ ആരംഭം 66
- വിശ്വാസത്തിന്റെ കഠിനശോധന 67

ഭാഗം –5


- മകനിൽ കൂടെയുള്ള ഉയർച്ച 69
- എന്റെ ഭർത്താവിന് നേരിട്ട കഷ്ടതകൾ 72
- വീട് ഓടുമേഞ്ഞ ഭാഗ്യം 75
- ഭവന വികസനവും തടസ്സവും 76
- സമാപ്തി

  പ്രത്യേകം ശ്രദ്ധിക്കേണ്ട ഉപദേശങ്ങൾ 78
- എന്റെ പ്രാർത്ഥനാ ജീവിതം 81

ഭാഗം -1

# എന്റെ ബാല്യകാലം

തിരുവനന്തപുരത്ത് പാറോട്ടുകോണത്തിൽ പൊന്നയ്യൻ എലിസബത്ത് ദമ്പതികളുടെ നാലു മക്കളിൽ രണ്ടാമത്തെ മകളായി 1952 ഡിസംബർ 25-ാം തീയതി ഞാൻ ജനിച്ചു. മാതാപിതാക്കൾ വിദ്യാരഹിതരായിരുന്നു. മാതാവ് ജന്മനാൽ ഊമയും ബധിരയുമായിരുന്നു. നാലാമത്തെ കുഞ്ഞ് ജനിച്ചതോടെ പിതാവ് ഞങ്ങളെ ഉപേക്ഷിച്ച് നാടുവിട്ടുപോയി. പിന്നെ ഒരിക്കലും മടങ്ങി വന്നിട്ടില്ല. ഞങ്ങളെ വളർത്തിയത് മാതാവിന്റെ പിതാവും മാതാവിന്റെ സഹോദരന്മാരും ആയിരുന്നു. ഞങ്ങൾ എല്ലാവരും സി.എസ്.ഐ. സഭയിൽ പെട്ടവരായിരുന്നു.

ബാല്യകാലം മുതൽ എനിക്ക് കൊച്ചു കുട്ടികളോട് അതിരറ്റ സ്നേഹമായിരുന്നു. ഞാൻ രണ്ടാം ക്ലാസ്സിൽ പഠിക്കുമ്പോൾ ഒരു ദിവസം എന്റെ ടീച്ചർ അവരുടെ മകളായ കൊച്ചു പെൺകുട്ടിയെ സ്കൂളിൽ കൊണ്ടുവന്നു. ആ കുട്ടിയെ കണ്ടതോടെ ഞാൻ അതിനെ വിട്ടുമാറാതെ കൂടെയിരുത്തി കളിപ്പിച്ചുകൊണ്ടിരുന്നു. വൈകുന്നേരം ആയപ്പോൾ ടീച്ചർ അവരുടെ കുട്ടിയുമായി വീട്ടിലേക്കുപോകുവാൻ ബസ്സിൽ കയറിപ്പോയി. അവർ അറിയാതെ ഞാനും ആ ബസ്സിൽ കയറിപ്പോയി. അവർ ഇറങ്ങിയ സ്ഥാനത്ത് ഞാനും ഇറങ്ങി. അപ്പോഴാണ് ടീച്ചർ എന്നെ കണ്ടത്. എന്നെ കണ്ട് ടീച്ചർ ഭയന്നുപോയി. ടീച്ചർ എന്നെ തിരികെ എന്റെ വീട്ടിൽ കൊണ്ടെത്തിക്കാൻ ശ്രമിച്ചപ്പോൾ ഞാൻ അലറി വിളിച്ചു

കരഞ്ഞുകൊണ്ട് പറഞ്ഞു, "എന്നെ തിരിച്ചു കൊണ്ടു പോയാൽ എന്റെ അപ്പൂപ്പൻ എന്നെ അടിക്കും. മാത്രമല്ല എന്നെ തിരിച്ചയച്ചാൽ തീർച്ചയായും ഞാൻ കിണറ്റിൽച്ചാടി മരിക്കും." ഇതുകേട്ട് ടീച്ചർ ഭയന്നു. എന്നാൽ അപ്പൂപ്പനും അമ്മാവന്മാരും എന്നെ വളരെ സ്നേഹിച്ചാണ് വളർത്തിയിരുന്നത്. അങ്ങനെ ടീച്ചർ എന്നെ അവരുടെ വീട്ടിലേയ്ക്ക് കൊണ്ടുപോയി. രാത്രിയായപ്പോൾ എന്റെ ആൾക്കാർ എന്നെ തിരക്കി അവിടെ വന്നുവെന്ന് മനസ്സിലാക്കിയിട്ട് ഞാൻ വീണ്ടും ടീച്ചറോട് പറഞ്ഞു, "എന്നെ വീട്ടിലേയ്ക്ക് വിടല്ലേ, വിട്ടാൽ നിശ്ചയമായും ഞാൻ കിണറ്റിൽച്ചാടി മരിക്കും." അപ്പോൾ ടീച്ചർ എന്നെ ഒളിപ്പിച്ച് ഇരുത്തിയിട്ട് സ്കൂൾ വിട്ടശേഷം ആ കുട്ടിയെ ഞാൻ കണ്ടില്ല എന്നു പറഞ്ഞ് അവരെ തിരിച്ചയച്ചു. എന്റെ വീട്ടുകാരും ബന്ധുക്കളും എന്നെ അന്വേഷിച്ച് കണ്ടെത്താനുള്ള പല ശ്രമങ്ങളും നടത്തി. അതെല്ലാം വിഫലമായി. അവിടെ അവരെന്നെ ആറുമാസം ഒളിപ്പിച്ച് സ്നേഹിച്ചു വളർത്തി. അതിനുശേഷം അവർ എന്നെ പത്തനംതിട്ടയിലുള്ള വളരെ സമ്പന്നരായ അവരുടെ ബന്ധുവീട്ടിൽ കൊണ്ടു ചെന്നാക്കി. ആ വീട്ടുകാരും എന്നെ വളരെ വാത്സല്യത്തോടെ വളർത്തി. ഞാൻ എട്ടുവർഷം അവരോടൊപ്പം വളരെ സന്തോഷമായി ജീവിച്ചു. അവർ ഭയപ്പെട്ട് എന്നെ സ്കൂളിലയച്ചു പഠിപ്പിച്ചില്ല. സന്തോഷമായി ജീവിച്ചുവെങ്കിലും എനിക്ക് അക്ഷരാഭ്യാസം ഒട്ടും ലഭിക്കാതെപോയി. അക്കാലമത്രയും ആ വീട്ടുകാർ എന്റെ സുഖവർത്തമാന വിവരങ്ങൾ ഊമക്കത്തുകളായി എന്റെ വീട്ടിലേക്ക് തുടരെ തുടരെ അയച്ചുകൊണ്ടിരുന്നു. എട്ടാം വർഷം അവർ എന്നെ എന്റെ വീട്ടിൽ കൊണ്ടുവിടാൻ തീരുമാനിച്ചു. ഞാൻ ഇന്നദിവസം ഇന്ന സ്ഥലത്ത് ബസ്സിൽ ചെന്നിറങ്ങും അവിടെ വന്ന് എന്നെ വീട്ടിലേക്ക് കൊണ്ടു പോകണം എന്നതായിരുന്നു അവസാനത്തെ കത്ത്.

അവർ എന്നെ എന്റെ വീട്ടിലേയക്ക് അയച്ചു. എന്നിട്ട് ഞാൻ താമസിച്ച വീടിനെകുറിച്ചുള്ള ഒരു വിവരവും പുറത്തു പറയുകയില്ല എന്ന് എന്നെക്കൊണ്ട് സമ്മതിപ്പിച്ചു. ആ ദിവസം എന്നെ ആഭരണങ്ങളും അണിയിച്ച് വിലയേറിയ വസ്ത്രങ്ങളും മറ്റും അടങ്ങിയ ബാഗുമായി മേൽപ്പറഞ്ഞ സമയത്ത് മേൽപ്പറഞ്ഞ സ്ഥലത്ത് ബസ്സിൽ കൊണ്ടുപോയി ഇറക്കിവിട്ടു. അവിടെ എന്നെ കാത്തുനിന്നിരുന്ന എന്റെ വീട്ടുകാർ എന്നെ കെട്ടിപ്പിടിച്ചുകൊണ്ട് വലിയ സന്തോഷത്തോടുകൂടെ വീട്ടിലേക്കു കൊണ്ടുപോയി. പിന്നീട് ഞാൻ കുടുംബമായി മക്കളും കൊച്ചുമക്കളുമൊക്കെയായിത്തീർന്നു. ആ സമയം എട്ടു വർഷം പത്തനംതിട്ടയിൽ ഞാൻ വളർന്ന വീട്ടുകാരെ ഒന്നു കാണണം എന്ന് അതിയായി ആഗ്രഹിച്ച് ആ വിവരം ഭർത്താവിനോട് പറഞ്ഞുകൊണ്ടിരുന്നു. അങ്ങനെ ഒരു ദിവസം നിശ്ചയിച്ച് ഞാനും എന്റെ ഭർത്താവും മക്കളും മരുമക്കളും കൊച്ചുമക്കളുമായി പത്തനംതിട്ടയിൽ ചെന്ന് ഞാൻ പറഞ്ഞു കൊടുത്ത അറിവനുസരിച്ച് വളരെ ശ്രമപ്പെട്ട് അന്വേഷിച്ച് ആ വീട്ടിൽ ചെന്നെത്തി. അവിടെ എത്തിയ ഞങ്ങളെ മനസ്സിലാക്കിയപ്പോൾ അവരെല്ലാം അതിയായ സന്തോഷത്തോടെ ഞങ്ങളെ സ്വീകരിച്ചു. ആ വീട്ടുകാരെല്ലാം ഞങ്ങളോടൊത്ത് എടുത്ത ഫോട്ടോ ഇന്നും ഞങ്ങളുടെ ആൽബത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

എന്റെ പതിനെട്ടാം വയസ്സിൽ എന്നെ കോവളം മുട്ടയ്ക്കാട് ബഥേൽ വിളാകം വീട്ടിൽ അസറി എന്ന യുവാവിന് നല്ല രീതിയിൽ വിവാഹം ചെയ്ത് അയച്ചു. സി.എസ്.ഐ. സഭയിൽ വച്ചായിരുന്നു വിവാഹം നടന്നത്. എന്റെ ഭർത്താവിന്റെ വീട്ടുകാർ വളരെ നല്ല സ്നേഹവും സമാധാനവുമുള്ള കുടുംബക്കാർ ആയിരുന്നു. എന്റെ ഭർത്താവിന്റെ അമ്മ നന്നായി പ്രാർത്ഥിക്കുന്ന ഒരു പെന്തക്കോസ്ത് വിശ്വാസിയായിരുന്നു. എന്റെ വിവാഹശേഷം ആ അമ്മ എന്നോട് എനിക്ക് വയസ്സായി,

അതുകൊണ്ട് എന്റെ ഈ പ്രാർത്ഥനാ ജീവിതം നീ ഏറ്റെടുത്ത് നടത്തണം എന്ന് പലപ്പോഴും പറയുമായിരുന്നു. അന്ന് ആ വാക്ക് ഞാൻ നിസ്സാരമായി കരുതിയിരുന്നു. പിന്നീട് ഞാൻ ഈ പ്രാർത്ഥനാ ജീവിതം ഏറ്റെടുത്തു. അന്നുമുതലാണ് എന്റെ ജീവിതത്തിലെ അത്ഭുത സാക്ഷ്യങ്ങൾ ആരംഭിക്കുന്നത്.

# കൊടിയ ദാരിദ്ര്യം

എന്റെ ഭർത്താവിന്റെ കുടുംബ വീട്ടിൽ ഞങ്ങൾ അഞ്ചു വർഷം താമസിച്ചു. അക്കാലത്ത് ഞങ്ങൾക്ക് 24-05-1972-ൽ ജയപ്രകാശ് എന്ന മകനും, 05-06-1974-ൽ ശോഭ എന്ന മകളും ജനിച്ചു. അഞ്ചു വർഷത്തിനുശേഷം കുടുംബ വീടിനടുത്ത് അൽപ്പം മാറി എന്റെ ആഭരണങ്ങൾ വിററ് 19 സെന്റ് സ്ഥലം ഞങ്ങൾ സ്വന്തമായി വിലയ്ക്കു വാങ്ങി. അതിൽ ഒരു ചെറിയ ഓലക്കുടിൽ കെട്ടി ഞങ്ങൾ നാലുപേരും അവിടെ താമസമാക്കി. അത് ഒരു കുന്നിന്റെ ചരുവിൽ, വെള്ളമോ വെളിച്ചമോ ലഭിക്കാത്ത സ്ഥലമായിരുന്നു. അത് പാറകളും കല്ലുകളും മുൾക്കാടുകളുംകൊണ്ട് നിറഞ്ഞതും നടക്കുവാൻ ഒരു വഴിപോലും ഇല്ലാത്തതുമായ സ്ഥലമായിരുന്നു. അവിടെ വിഷപ്പാമ്പുകളേയും കുഞ്ഞുങ്ങളേയും കൊണ്ട് നിറഞ്ഞിരുന്നു. തീരെ വെള്ളം കിട്ടാത്ത ആ സ്ഥലത്ത് വളരെ ദൂരെ നിന്നുമാണ് വെള്ളം ചുമന്നുകൊണ്ടുവന്നിരുന്നത്. യാതൊരു ആദായവും ഇല്ലാത്ത സ്ഥലമായിരുന്നു അത്. അവിടെ ഞങ്ങൾക്കു കഴിക്കാൻ ആഹാരം ഇല്ലാതയും കൂലികൊടുത്ത് എന്തെങ്കിലും ജോലി ചെയ്യിപ്പിക്കുവാൻ പണവും ഇല്ലാതിരുന്നതിനാൽ ഞാനും എന്റെ ഭർത്താവും പലപ്പോഴും പച്ച വെള്ളവും കുടിച്ചുകൊണ്ട് അൽപ്പാൽപ്പമായി കാടുകൾ വെട്ടുകയും പാറകൾ ഇളക്കി മാറ്റുകയും ചെയ്തിരുന്നു. കണ്ണിൽ കാണുന്ന പാമ്പുകളെ കൊല്ലുവാനും അവയുടെ മുട്ടകൾ നശിപ്പിക്കുവാനും ദൈവം എന്റെ ഭർത്താവിന് ധൈര്യം കൊടുത്തിരുന്നു.

ഞങ്ങൾക്ക് ചെറുതായി ഒരു പലവ്യഞ്ജനക്കട ഉണ്ടായിരുന്നു. അതിൽ മുടക്കുവാൻ പണം ഇല്ലാതെ വന്നപ്പോൾ അതും പൂർണ്ണമായി വിട്ടുകളഞ്ഞു. എന്റെ ഭർത്താവിന് കൂലിപ്പണി ചെയ്യുവാൻ അറിഞ്ഞുകൂടായിരുന്നു.

എനിക്കും എന്തെങ്കിലും ആദായം ഉണ്ടാക്കുവാൻ യാതൊരു വിധ അറിവും ഇല്ലായിരുന്നു. അങ്ങനെ കുടുംബം കൊടും പട്ടിണിയിലേയ്ക്കു നീങ്ങിക്കൊണ്ടിരുന്നു. ഞങ്ങളെ സഹായിക്കുവാൻ ആരുമില്ലായിരുന്നു. ആ സമയങ്ങളിൽ ഒരു രൂപയോ 50 പൈസയോ ചിലപ്പോൾ ചിലരൊക്കെ തന്നു സഹായിച്ചിട്ടുമുണ്ട്. അവരും പിന്നീട് ഞങ്ങളെ പുച്ഛിച്ച് സഹായിക്കാതായി. അക്കാലത്ത് തുടർച്ചയായി 5 ദിവസം ഞങ്ങൾ നാലുപേരും പട്ടിണി കിടക്കേണ്ടി വന്നു. ഞങ്ങൾക്ക് മാറി ഉടുക്കാൻ വസ്ത്രങ്ങൾ ഇല്ലായിരുന്നു. എല്ലാവർക്കും ഞങ്ങളെ കാണുന്നതു തന്നെ വെറുപ്പും പരിഹാസവുമായി മാറി. അങ്ങനെ എല്ലാം തകർന്നപ്പോൾ ഞങ്ങൾ കൂട്ട ആത്മഹത്യ ചെയ്യുവാൻ തീരുമാനിച്ചുറച്ചു. അതിനായി ഒരു ദിവസം എന്റെ ഭർത്താവ് നാലുപേർക്കും ഒരുമിച്ചു മരിക്കുന്നതിനുവേണ്ടി വിഷം വാങ്ങിക്കൊണ്ടുവന്നു. ആ രാത്രി ആദ്യം കുഞ്ഞു ങ്ങൾക്കു വിഷം കൊടുക്കാൻ തുടങ്ങിയപ്പോൾ, ദൈവം ദാനമായി തന്ന കുഞ്ഞുങ്ങളെ നമ്മുടെ സ്വന്തം കൈകൊണ്ട് കൊല്ലണമോ എന്ന ഒരു ചോദ്യം എന്റെ ഉള്ളിൽ നിന്ന് പൊങ്ങിവന്നു. അപ്പോൾത്തന്നെ കുഞ്ഞുങ്ങൾ രണ്ടുപേരും ഉറക്കത്തിൽ നിന്ന് ചാടി എഴുന്നേറ്റ് വിശന്നു കരയുവാൻ തുടങ്ങി. അതോടുകൂടെ ആ ഉദ്യമവും നിർത്തി. അത് ദൈവത്താൽ സംഭവിച്ചതാണെന്ന് അന്ന് ഞാനറിഞ്ഞില്ല. ബാലസിംഹങ്ങളും ഇരകിട്ടാതെ വിശന്നിരിക്കും. യഹോവയെ അന്വേഷിക്കുന്നവർക്കോ ഒരു നന്മയ്ക്കും കുറവില്ല (സങ്കീ: 34:10). ഈ വചനത്തിലെ വാഗ്ദത്തപ്രകാരമാണ് പിന്നീട് ഞങ്ങൾ അനുഗ്രഹിക്കപ്പെട്ടത്.

ഭാഗം -2

# ദൈവം എന്നോട് സംസാരിച്ചു തുടങ്ങി

ആ നാളുകളിൽ സീയോൻ അസംബ്ലി ശാലേംപുരി ചർച്ചിൽ എന്റെ അമ്മായിയമ്മയോടൊപ്പം പലപ്പോഴും ആരാധനയ്ക്ക് ഞാൻ പോകുമായിരുന്നു. അവിടത്തെ ശുശ്രൂഷകനായിരുന്ന പാസ്റ്റർ റ്റി. സ്റ്റീഫൻ അവർകൾ എന്നെ വളരെ സ്നേഹിക്കുകയും നല്ല ഉപദേശങ്ങൾ തരികയും ചെയ്തിരുന്നു. അദ്ദേഹം എന്നെ മുട്ടിന്മേൽ നിന്ന് പാപങ്ങൾ ഏറ്റു പറഞ്ഞ് ദൈവത്തോട് പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചു.

ഒരു ദിവസം പകൽ 11 മണിക്ക് ഭവനത്തിൽ എന്റെ രണ്ടു മക്കളും ആഹാരമില്ലാതെ വിശന്നു തളർന്ന് എന്റെ മടിയിൽ കിടന്ന് കരയുകയായിരുന്നു. അപ്പോൾ ഞാൻ നിയന്ത്രണം വിട്ട് സ്വർഗ്ഗത്തേയ്ക്ക് നോക്കി, ‘‘ദൈവമേ, എന്റെ യേശു അപ്പാ ഇതിൽ നിന്ന് എന്നെ രക്ഷിക്കയില്ലയോ’’, എന്ന് പരിസരം മറന്ന് ഹൃദയം പൊട്ടി അലറി വിളിച്ചു കരഞ്ഞു. ഉടൻ തന്നെ, ‘‘ബേബി എവിടെ ബേബി’’ എന്ന ശാന്ത സ്വരത്തിലെ ഒരു ശബ്ദം ചെവികളിൽ മുഴങ്ങിക്കേട്ടു. അതുകേട്ടപ്പോൾ, ‘‘ഞാൻ ഇതാ ഇവിടെ ഉണ്ട്’’, എന്ന് മറുപടി പറഞ്ഞു. അപ്പോൾ വീണ്ടും കർത്താവ്, ‘‘നീ ഇവിടെ ഇരുന്നോ’’, എന്നു പറഞ്ഞു. ഞാൻ എഴുന്നേറ്റ് ആ വിളിച്ചത് ആരെന്നറിയാൻ അവിടെയെല്ലാം നോക്കി. ആരെയും അവിടെ കണ്ടില്ല. വീണ്ടും അകത്തു വന്നിരുന്ന് ആരാണ് എന്നെ വിളിച്ചത് എന്നു ചിന്തിച്ചുകൊണ്ടിരുന്നപ്പോൾ വീണ്ടും, ‘‘ഞാനാണ് നിന്നെ വിളിച്ചത്’’, എന്ന് സ്പഷ്ടമായി പറയുന്നത് എന്റെ ചെവികളിൽ മുഴങ്ങിക്കേട്ടു. ഇതാണ് എനിക്ക് ആദ്യമായി ലഭിച്ച ദൈവശബ്ദം. എങ്കിലും യേശുവാണ് എന്നോട് സംസാരിച്ചത് എന്ന് ഞാൻ തിരിച്ചറിഞ്ഞതേയില്ല. ആ നാളുകളിൽ കൊടും പട്ടിണിയോടൊപ്പം നിന്ദയും ദുഷിയും പരിഹാസവും ആണ് എനിക്ക് സഹിക്കേണ്ടി വന്നത്. ഹൃദയം നുറുങ്ങിയവർക്ക്

യഹോവ സമീപസ്ഥൻ. മനസ്സു തകർന്നവരെ അവൻ രക്ഷിക്കുന്നു (സങ്കീ:34:18).

വേറൊരു ദിവസം ഹൃദയം തകർന്ന് ആരുടെയും ആശ്രയമില്ലാതെ പൊട്ടിക്കരഞ്ഞു കൊണ്ട് എന്റെ ദൈവത്തോട്, ''എന്റെ കഷ്ടതയും നിന്ദയും പരിഹാസങ്ങളും പട്ടിണിയും ഒരുനാളും എനിക്ക് മാറ്റിത്തരികയില്ലയോ'', എന്ന് അലറി വിളിച്ച് കരഞ്ഞുകൊണ്ടിരുന്നു. അപ്പോൾ നാം പടങ്ങളിൽ കാണുന്ന രൂപത്തിൽ അതീവ സൗമ്യനായി തിളങ്ങുന്ന മുഖരൂപത്തിൽ കയ്യിൽ ഒരു വടിയും പിടിച്ചുകൊണ്ട് യേശു തന്നെ എന്റെ അടുക്കൽ വന്ന് മുഴങ്കാലിൽ നിന്നുകൊണ്ട് തന്റെ ഒരുകരം നീട്ടി എന്റെ കണ്ണുനീർ തുടച്ചു മാറ്റുന്നത് ഞാൻ സ്പഷ്ടമായി കണ്ടു. അപ്പോൾ തന്നെ എന്റെ കണ്ണുനീർ മാറി എന്നു മാത്രമല്ല എന്റെ ഹൃദയം അതീവസന്തോഷവും സമാധാനവും കൊണ്ട് നിറഞ്ഞു കവിഞ്ഞു. അതാണ് എനിക്ക് ആദ്യമായി ലഭിച്ച ദൈവീക ദർശനം. എങ്കിലും ഞങ്ങളുടെ ദാരിദ്ര്യത്തിനും കഷ്ടതയ്ക്കും മാറ്റം വന്നില്ല.

മറ്റൊരു ദിവസം ഞാൻ ഹൃദയം തകർന്ന്, ''യേശുവേ അപ്പാ, ഒരിക്കലും അങ്ങ് എന്നെ അനുഗ്രഹിക്കയില്ലയോ'', എന്ന് അലറി വിളിച്ചു ദൈവത്തോട് ചോദിച്ചു. ഉടൻ തന്നെ ഒരു ശാന്തസ്വരം എന്റെ ചെവികളിൽ മുഴങ്ങിക്കേട്ടു. ''ഞാൻ നിന്നെ അനുഗ്രഹിക്കും. ധനത്തിലും സമ്പത്തിലും ഐശ്വര്യത്തിലും വർദ്ധിപ്പിക്കും.'' ഇതൊക്കെ കേട്ടിട്ടും എന്റെ ഹൃദയം ഞാൻ ദൈവത്തിനായി വിട്ടുകൊടുത്തില്ല. അത് എങ്ങനെയാണെന്ന് ആരും എനിക്ക് പറഞ്ഞു തന്നിട്ടുമില്ല. എന്റെ വിവാഹത്തിനു മുമ്പ് എന്റെ സ്വന്തം ഭവനത്തിൽ വളരെ ആഡംബരത്തിലാണ് ഞാൻ വളർന്നുവന്നത്. അതുപോലെ വിവാഹശേഷവും ഉള്ളതുകൊണ്ട് പുറം മോടി കാണിച്ചു ജീവിച്ചു. കൺമഷി, പൊട്ട്, പൂവ്, ക്യൂട്ടെക്സ് മുതലായവ ഉപയോഗിച്ചും ഉള്ള വസ്ത്രത്തെ ചായം മുക്കി നിറം മാറ്റി മാറ്റി മോടി പിടിപ്പിച്ചും ആഡംബരം കാട്ടി ജീവിച്ചു. അതിനുകാരണം ഞങ്ങളുടെ ഇല്ലായ്മയോ പട്ടിണിയോ മറ്റ് യാതൊരു കഷ്ടപ്പാടുകളോ

പുറത്ത് ആരും അറിയാൻ പാടില്ല എന്ന നിർബന്ധക്കാരി യായിരുന്നു ഞാൻ. എന്നാൽ ആ സമയങ്ങളിലും ഭവനത്തിനകത്ത് പണമോ ഭക്ഷണമോ ഇല്ലാതെ ഞങ്ങൾ പരസ്പരം ഞാൻ എന്റെ ഭർത്താവിനെ ഓർത്തും എന്റെ ഭർത്താവ് എന്നെ ഓർത്തും ഞങ്ങൾ ഞങ്ങളുടെ മക്കളെ ഓർത്തും വേദനയോടെ രാവും പകലും ഉറങ്ങാതെ കരഞ്ഞുകൊണ്ടിരുന്നു. ഇതല്ലാതെ പ്രാർത്ഥിക്കുവാൻ അറിഞ്ഞുകൂടായിരുന്നു. ആ അവസരത്തിൽ ഒരു ദിവസം വീട്ടിൽ കരഞ്ഞുകൊണ്ടിരുന്നപ്പോൾ ഞാൻ ഒരു ഭയങ്കര ദർശനം കണ്ടു. ആരോ ഒരാൾ വന്ന് എന്റെ ശരീരം ആസകലമുള്ള പുറംതൊലി മുഴുവൻ ഉരിച്ചു മാറ്റിയിട്ട് ഞാൻ രക്തത്തിൽ കുളിച്ചു കിടക്കുന്ന വേദനാജനകമായ കാഴ്ചയാണ് കണ്ടത്. അത് എന്താണെന്ന് അറിഞ്ഞു കൂടാതെ യേശു അപ്പാ എന്തിനാണ് എന്റെ തൊലി ഇങ്ങനെ ഉരിച്ചു വേദനപ്പെടുത്തി ഇട്ടിരിക്കുന്നു എന്ന് നിലവിളിച്ചു കൊണ്ട് ചോദിച്ചു. അപ്പോൾ ഇങ്ങനെ യേശു പറഞ്ഞത് ഞാൻ കേട്ടു. "ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ എല്ലാം പുതുതായി തീർന്നിരിക്കുന്നു" (2 കൊരി 5:17). ഇന്നു മുതൽ നീ പുതിയ സൃഷ്ടിയായി തീർന്നിരിക്കുന്നു. അതിനെ ത്തുടർന്ന് ആരും പറയാതെ തന്നെ എന്റെ ആഡംബര പുറമ്മോടികൾ എല്ലാം എന്നേയ്ക്കുമായിട്ട് വെറുപ്പ് തോന്നി ഓരോന്നായി മാറ്റിക്കളഞ്ഞു.

# നരകവും സ്വർഗ്ഗവും കാണിച്ചു തന്നത്

ശൈശവ പ്രായത്തിൽ എന്നെ വളർത്തിയ അപ്പൂപ്പൻ സ്വർഗ്ഗവും നരകവും ഉണ്ട് എന്നു പറഞ്ഞു തന്നിരുന്നു. അതുകൊണ്ട് നരകത്തിൽ പോകാതെ സ്വർഗ്ഗത്തിൽ പോകണം എന്നും പറഞ്ഞു തന്നിരുന്നു. ആ വാക്കുകൾ എന്റെ ഹൃദയത്തിൽ ഉണ്ടായിരുന്നു. ഒരു ദിവസം ഞാൻ വീട്ടുജോലികൾ ചെയ്തു കൊണ്ടു നിന്നപ്പോൾ എന്റെ മനസ്സിൽ സ്വർഗ്ഗവും നരകവും ഉണ്ടെന്നു പറയുന്നു, അത് ആര് കണ്ടു എന്നു ചിന്തിച്ച് മനസ്സു കൊണ്ട് പുച്ഛിച്ചു. അന്നു രാത്രി തന്നെ ഒരു ദർശനത്തിൽ, ഒരു ദൈവദൂതൻ എന്റെ മുന്നിൽ പ്രത്യക്ഷനായി. വലിയ തേജസ്സേറിയ രൂപമായിരുന്നു അത്. ആ ദൂതൻ എന്നെ ഉയരത്തിലേക്ക് ക്ഷണനേരം കൊണ്ട് പറത്തിക്കൊണ്ടു പോയി. പറഞ്ഞറിയിക്കാൻ കഴിയാത്ത അത്രയും പൊക്കത്തിലായിരുന്നു കൊണ്ടുപോയത്. ഒരു വലിയ പ്രകാശത്തോട് അടുക്കാറായപ്പോൾ തന്നെ അവിടെ നിന്നും ജയഘോഷത്തിന്റെ മഹാ സന്തോഷധ്വനികൾ മുഴങ്ങിക്കേട്ടു. അവിടെ എത്തിയപ്പോൾ മിന്നിത്തിളങ്ങുന്ന ആർക്കും എണ്ണിത്തിട്ടപ്പെടുത്തുവാൻ കഴിയാത്ത അത്രയും ഒരു കൂട്ടം വെള്ള വസ്ത്രധാരികൾ ആനന്ദഘോഷത്താൽ ആയിരിക്കുന്നത് ഞാൻ അവിടെ കാണുകയും കേൾക്കുകയും ചെയ്തു. അതു കണ്ടശേഷം എന്നെ കൊണ്ടുവന്ന ദൂതൻ വേറൊരു സ്ഥലത്തേയ്ക്ക് എന്നെ കൊണ്ടു പോയി. ആ സ്ഥലത്തേയ്ക്ക് അടുക്കുന്തോറും അതിദയനീയമായ അലറിക്കരച്ചിലും നിലവിളികളും അത്യുച്ചത്തിൽ കേട്ടു തുടങ്ങി. അതിദൂരത്തു നിന്നും നോക്കിയപ്പോൾ തന്നെ അതിഭയാനകമായ ഒരു അന്ധകാര ദേശമായിട്ടാണ് ഞാൻ കണ്ടത്. എന്നാൽ ഇവിടെ നിന്ന്

അങ്ങോട്ടും അവിടെ നിന്ന് ഇങ്ങോട്ടും ആർക്കും ഒരിക്കലും കടന്നുപോകാൻ കഴിയാത്ത ഒരു മഹാഅന്ധകാര പിളർപ്പിനേയും കാണിച്ചു തന്നു. എന്നിട്ട് ആ ദൂതൻ എന്നോട് ഇത് നരകവും അത് സ്വർഗ്ഗവും ആണ്, ഇതിൽ ഏതാണ് നിനക്ക് അവകാശമായി വേണ്ടത് എന്നു ചോദിച്ചു. ഞാൻ ഭയന്നു വിറച്ചു കൊണ്ട്, അയ്യോ യേശു അപ്പാ എനിക്ക് നരകം വേണ്ട സ്വർഗ്ഗം മതി എന്ന് ആവർത്തിച്ചു പറഞ്ഞുകൊണ്ട് ഉറക്കം ഉണർന്നു.

അന്നു ഞാൻ നരകത്തെയും സ്വർഗ്ഗത്തേയും കുറിച്ച് ചിന്തിച്ച് പുച്ഛമായി തള്ളിക്കളഞ്ഞത് യേശു നന്നായി അറിഞ്ഞിട്ടാണ് ഈ കാഴ്ച എനിക്കു കാണിച്ചുതന്നത്. (സങ്കീ:139:1,2) ഈ നിത്യ സ്വർഗ്ഗവാസത്തെക്കുറിച്ചും നിത്യനരകവാസത്തെക്കുറിച്ചും യേശു കർത്താവ് തന്റെ സ്വന്തം വാക്കുകൾ കൊണ്ട് പറഞ്ഞിരിക്കുന്നത് നോക്കാം. ധനവാനായൊരു മനുഷ്യൻ ഉണ്ടായിരുന്നു. അവൻ ധൂമ്രവസ്ത്രവും പട്ടും ധരിച്ച് ദിനംപ്രതി ആഢംബരത്തോടെ സുഖിച്ചു കൊണ്ടിരുന്നു. ലാസർ എന്നു പേരുള്ളോരു ദരിദ്രൻ വ്രണം നിറഞ്ഞവനായി അവന്റെ പടിപ്പുരയ്ക്കൽ കിടന്നു. ധനവാന്റെ മേശയിൽ നിന്നു വീഴുന്നതു തിന്നു വിശപ്പടക്കുവാൻ ആഗ്രഹിച്ചു. നായ്ക്കളും വന്ന് അവന്റെ വ്രണം നക്കും. ആ ദരിദ്രൻ മരിച്ചപ്പോൾ ദൂതന്മാർ അവനെ അബ്രഹാമിന്റെ മടിയിലേക്ക് കൊണ്ടുപോയി. ധനവാനും മരിച്ച് അടക്കപ്പെട്ടു. പാതാളത്തിൽ യാതന അനുഭവിക്കുമ്പോൾ മേലോട്ടു നോക്കിദൂരത്തു നിന്ന് അബ്രഹാമിനേയും അവന്റെ മടിയിൽ ലാസറിനേയും കണ്ടു. "അബ്രഹാം പിതാവേ, എന്നോടു കനിവുണ്ടാകണമേ, ലാസറിന്റെ വിരലിന്റെ അറ്റം വെള്ളത്തിൽ മുക്കി എന്റെ നാവിനെ തണുപ്പിക്കേണ്ടതിന് അവനെ അയക്കേണമേ; ഞാൻ ഈ ജ്വാലയിൽ കിടന്ന് വേദന അനുഭവിക്കുന്നു" എന്നു വിളിച്ചു പറഞ്ഞു. അബ്രഹാം, "മകനേ നിന്റെ ആയുസ്സിൽ നീ നന്മയും ലാസർ അവ്വണ്ണം തിന്മയും പ്രാപിച്ചു എന്ന് ഓർക്ക. ഇപ്പോൾ അവൻ ഇവിടെ ആശ്വസിക്കുന്നു; നീയോ വേദന അനുഭവിക്കുന്നു. അത്രയുമല്ല

ഞങ്ങൾക്കും നിങ്ങൾക്കും നടുവേ വലിയോരു പിളർപ്പുണ്ട്. ഇവിടെ നിന്ന് നിങ്ങളുടെ അടുക്കൽ കടന്നു വരുവാൻ ഇച്ഛിക്കുന്നവർക്കും കഴിയില്ല; അവിടെ നിന്ന് ഞങ്ങളുടെ അടുക്കൽ കടന്നുവരുവാൻ ഇച്ഛിക്കുന്നവർക്കും കഴിയില്ല; അവിടെ നിന്ന് ഞങ്ങളുടെ അടുക്കൽ കടന്നു വരുവാനും പാടില്ല'' എന്നു പറഞ്ഞു. അതിന് അവൻ ''എന്നാൽ പിതാവേ, അവനെ എന്റെ അപ്പന്റെ വീട്ടിൽ അയക്കേണമെന്നു ഞാൻ അപേക്ഷിക്കുന്നു; എനിക്ക് അഞ്ചു സഹോദരന്മാർ ഉണ്ട്. അവരും ഈ യാതനാസ്ഥലത്തു വരാതിരിക്കാൻ അവൻ അവരോടു സാക്ഷ്യം പറയട്ടെ'' എന്നു പറഞ്ഞു. അബ്രഹാം അവനോട് ''അവർക്ക് മോശയും പ്രവാചകന്മാരും ഉണ്ടല്ലോ; അവരുടെ വാക്ക് അവർ കേൾക്കട്ടെ'' എന്നു പറഞ്ഞു. അതിന് അവൻ ''അല്ലല്ല, അബ്രഹാം പിതാവേ, മരിച്ചവരിൽ നിന്ന് ഒരുത്തൻ എഴുന്നേറ്റ് അവരുടെ അടുക്കൽ ചെന്നു എങ്കിൽ അവർ മാനസാന്തരപ്പെടും'' എന്നു പറഞ്ഞു. അബ്രഹാം അവനോട് ''അവർ മോശയുടേയും പ്രവാചകന്മാരുടേയും വാക്ക് കേൾക്കാഞ്ഞാൽ മരിച്ചവരിൽ നിന്ന് ഒരുത്തൻ എഴുന്നേറ്റ് ചെന്നാലും വിശ്വസിക്കയില്ല'' എന്നുപറഞ്ഞു. (ലൂക്കോസ് 16: 19–31)

ഈ സന്ദേശം വായിക്കുന്ന പ്രിയരേ, നാം നരകത്തിൽ പോകുന്നത് യേശു കർത്താവിന് ഇഷ്ടമല്ല. അതിനാൽ ആരും കെടാത്ത തീയും ചാകാത്ത പുഴുവും നിറഞ്ഞ നിത്യ നരകത്തിൽ പോകരുതേ. അവിടെ അവരുടെ പുഴു ചാകുന്നില്ല; തീ കെടുന്നതുമില്ല. എല്ലാവനും തീകൊണ്ട് ഉപ്പിടും. (മർക്കൊസ്. 9: 48, 49).

# യേശുവിന്റെ ക്രൂശുമരണം കാണിച്ചുതന്നത്

ഇത്രത്തോളം ദൈവം എന്നെ പഠിപ്പിച്ചിട്ടും ഞാൻ വിശ്വാസത്തിൽ ഉറച്ചില്ല. യേശു ജനിച്ചു എന്നും, ഉയർത്തെഴുന്നേറ്റു എന്നും പറയുന്നത് വെറുതേയല്ലേ? അത് ആരു കണ്ടു? എന്ന് മനസ്സിൽ ചിന്തിക്കുകയും മനസ്സുകൊണ്ടു തന്നെ പുച്ഛിച്ചുകളയുകയും ചെയ്തു. ഇങ്ങനെ മനസ്സിൽ ചിന്തിച്ചതല്ലാതെ പുറത്ത് ആരോടും ഒരു വാക്കുപോലും പറഞ്ഞിട്ടില്ല. എങ്കിലും വിദ്യാഭ്യാസം ലവലേശം ഇല്ലാത്തവളും വെറും അജ്ഞാനിയുമായിരുന്ന എന്നെ ശിക്ഷിക്കാതെ സ്നേഹിച്ച് എല്ലാം ദർശനത്തിൽ കൂടെ പഠിപ്പിച്ചുതന്നത് അവന്റെ കരുണയാണ്.

ആ രാത്രിയിൽത്തന്നെ ദർശനത്തിൽ തേജസ്വരൂപിയും നല്ല പുഷ്ടിയും സൗന്ദര്യവുമുള്ള ഒരു യുവാവ് കുരിശു മരത്തിൽ രണ്ടു കൈകളും ആണികളാൽ തറയ്ക്കപ്പെട്ട് തൂങ്ങിക്കിടക്കുന്ന കാഴ്ച സ്പഷ്ടമായി ഞാൻ കണ്ടു. എന്നാൽ ആർക്കും വർണ്ണിക്കാൻ കഴിയാത്ത സൗന്ദര്യവും തേജസ്സും ആ മുഖത്ത് ഞാൻ ദർശിച്ചു. ആ ശരീരം ആകെ പൊട്ടിത്തകർന്ന് രക്തം ധാരധാരയായി ഒഴുകിത്തീർന്നുകൊണ്ടിരിക്കുന്നതായും ഞാൻ കണ്ടു. അതോടെ തന്റെ പുഷ്ടിയും സൗന്ദര്യവും എല്ലാം നശിച്ച് ഒട്ടി ഉണങ്ങിത്തീർന്ന ഒരു ശരീരമായി മാറി. തുടർന്ന് ആ ശരീരത്തിൽ ശേഷിച്ച നീര് മുഴുവൻ വെള്ളം പോലെ ഒഴുകി തീർന്നതായും കണ്ടു. അത് യേശു തന്നെയായിരുന്നു എന്ന് എനിക്ക് വ്യക്തമായി മനസ്സിലാക്കിത്തന്നു. അങ്ങനെ തൂങ്ങിക്കിടന്നുകൊണ്ടു തന്നെ യേശു, ‘‘എന്റെ ശരീരത്തിലെ

അവസാന തുള്ളി രക്തവും നീരും എല്ലാം ഞാൻ പാപികൾക്കായി ഒഴുക്കിത്തീർത്തു", എന്ന് വിളിച്ചു പറഞ്ഞുകൊണ്ട് തല ഇടത്തോട്ടും വലത്തോട്ടും ചലിപ്പിച്ചിട്ട് ജീവൻ വെടിഞ്ഞ ദയനീയ കാഴ്ചയാണ് ദർശനത്തിൽ ഞാൻ കണ്ടത്. ഇപ്രകാരമെല്ലാം എന്റെ മനസ്സിൽ പൊങ്ങിവന്നുകൊണ്ടിരുന്ന സകല സംശയങ്ങളും അവിശ്വാസങ്ങളും എന്റെ യേശു ദർശനങ്ങളിലൂടെയും ദൈവശബ്ദങ്ങളിലൂടെയും എനിക്ക് തീർത്തു തന്ന് വിശ്വാസത്തിൽ ഉറപ്പിച്ചുകൊണ്ടിരുന്നു.

ഇത്രത്തോളം ദൈവം എന്നെ നടത്തീട്ടും ഞാൻ സി.എസ്.ഐ സഭയിൽ തന്നെയാണ് പോയിരുന്നത്. അവിടെ എനിക്ക് ആത്മീകവർദ്ധന ഒന്നും ഉണ്ടായില്ല. ചടങ്ങിനു വേണ്ടിയാണ് അവിടെ പോയിരുന്നത്. ആ നാളുകളിലെ എല്ലാ രാത്രികളിലും ഉറങ്ങാൻ കണ്ണടയ്ക്കുമ്പോൾ എന്നെ തന്നെ ഒരു ചെറിയ പെൺകുട്ടിയായി ദർശനത്തിൽ ഞാൻ കണ്ടു. അപ്പോൾ യൗവനക്കാരനും അതിസുന്ദരനും വെള്ളയങ്കി ധരിച്ചവനുമായ ഒരു പുരുഷൻ അതിസൗമ്യതയോടെ പ്രത്യക്ഷപ്പെട്ട് എന്റെ മുമ്പിൽ നിൽക്കുന്നതു കാണുക പതിവായിരുന്നു. അത് ഒരു പുരുഷൻ അല്ലേ എന്നു ചിന്തിച്ച് ഭയപ്പെട്ട് വിറച്ചുകൊണ്ട് അയാളിൽ നിന്നും രക്ഷപ്പെടാൻ വേണ്ടി സർവ്വശക്തിയും ഉപയോഗിച്ച് ഞാൻ ഓടിക്കൊണ്ടിരുന്നു. ഓടിത്തളരുമ്പോൾ അവിടെയും ആ പുരുഷൻ പുഞ്ചിരിയോടെ പ്രത്യക്ഷപ്പെട്ട് എന്റെ മുമ്പിൽ നിന്നിരുന്നു. അങ്ങനെ ഒരിക്കൽ വീണ്ടും മഹാഭയത്തോടെ എന്റെ സർവ്വ ശക്തിയും ഉപയോഗിച്ച് ഓടിത്തളർന്ന് വീഴാറായി. അപ്പോൾ ഏകദേശം അതുപോലുള്ള വേറൊരു പുരുഷൻ കൂടെ പ്രത്യക്ഷനായി. ആദ്യം പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നയാൾ ആ വന്ന ആളോട് ഇവൾക്ക് ഒരു കപ്പ് പാൽ കൊടുക്ക് എന്നു പറഞ്ഞു. അയാൾ തന്ന പാൽ വാങ്ങി ആർത്തിയോടെ കുടിച്ച് ശക്തിപ്പെട്ട ശേഷം ഞാൻ ആദ്യം പ്രത്യക്ഷപ്പെട്ട ആളെ ഭയന്ന് വീണ്ടും ഓട്ടം തുടർന്നു. രണ്ടാമതു വന്ന ആളിനെ പിന്നെ ഒരിക്കലും കണ്ടിട്ടില്ല. അങ്ങനെ ഓടി ആർക്കും ഒരു വിധത്തിലും കടന്നുകയറുവാൻ കഴിയാത്ത ഒരു

മതിൽക്കെട്ടിനകത്ത് ഞാൻ സുരക്ഷിതമായി ചെന്നു പറ്റിയതായി കണ്ടു. അവിടെ ഇരുന്നപ്പോൾ ആദ്യത്തെ ആൾ തന്നെ എന്റെ മുമ്പിൽ പുഞ്ചിരിയോടെ സൗമ്യമായി നിന്നുകൊണ്ട് ശാന്തസ്വരത്തിൽ "നീ എന്നെ വിട്ട് എവിടെ ഒളിച്ചാലും അവിടെയൊക്കെ ഞാൻ നിന്നോടു കൂടെ ഉണ്ടായിരിക്കും", എന്നു പറഞ്ഞു. സങ്കീ 139:7–ൽ ഇങ്ങനെ കാണാം, "നിന്റെ ആത്മാവിനെ ഒളിച്ചു ഞാൻ എവിടേയ്ക്കു പോകും. തിരുസന്നിധിവിട്ട് ഞാൻ എവിടേയ്ക്ക് ഓടും." അങ്ങനെ അയാളിൽ നിന്നും രക്ഷപ്പെടാൻ ഒരു വഴിയും കാണാതെ വീണ്ടും അങ്ങോട്ടും ഇങ്ങോട്ടും ഓട്ടം തുടങ്ങിയപ്പോൾ അയാൾ അവിടെയെല്ലാം പ്രത്യക്ഷപ്പെട്ട് എന്റെ സ്വന്തം വഴിയ്ക്ക് തിരിഞ്ഞുപോകാൻ വിടാതെ നിന്ന് എന്നെ ശാലേംപുരി സിയോൻ അസംബ്ലി ആലയത്തിനകത്ത് കൊണ്ടു വിട്ടിട്ട് അയാൾ മറഞ്ഞുപോയി. അതിനകത്ത് എത്തിയതോടെ എന്റെ സകലഭയവും സംശയങ്ങളും മാറിപ്പോയി. ഞാൻ വളരെ സന്തോഷവും സമാധാനവും ഉള്ളവളായിത്തീർന്നു. ഉണർന്നപ്പോൾ ആ കാഴ്ച എന്താണെന്ന് എനിക്ക് ഗ്രഹിക്കാൻ കഴിഞ്ഞില്ല. ആ സഭയിലെ ഒരു ദൈവദാസിയോട് ഞാൻ ആ കാഴ്ചയെ വിവരിച്ച് പറഞ്ഞു കേൾപ്പിച്ചു. അവർ എനിക്ക് പൊരുൾ തിരിച്ചു തന്നതും പിന്നത്തേതിൽ എനിക്ക് ഘട്ടം ഘട്ടമായി ദൈവാത്മാവ് വിവേചിച്ചു തന്നതുമായ യാഥാർത്ഥ്യങ്ങൾ പറയാം. ലോകസ്ഥാപനത്തിനു മുമ്പുതന്നെ ദൈവം എന്നെ അവിടുത്തെ സാക്ഷിയായി കണ്ടിരുന്നു. എന്റെ ബാല്യം മുതൽ എന്നെ നശിപ്പിച്ചുകളയാൻ സാത്താൻ വളരെ ശ്രമിച്ചു. അങ്ങനെയാണ് ഞാൻ രണ്ടാം ക്ലാസ്സിൽ പഠിക്കുമ്പോൾ ഭവനം വിട്ട് ഓടാൻ ഇടയായത്. എന്നാൽ അപ്പോൾ മുതൽ ഞാൻ അറിയാതെ എന്നെ പിന്തുടർന്നു നടത്തിയത് യേശു കർത്താവു തന്നെ ആയിരുന്നു. മാത്രമല്ല കുടിച്ച് ബലപ്പെടുവാൻ തന്ന പാൽ ദൈവവചനം എന്ന മായമില്ലാത്ത പാൽ ആയിരുന്നു. (1 പത്രൊസ് 2:2). ആത്മീയമായ ഭോജനം കഴിച്ച് ബലപ്പെടുവാനും ആത്മാവിൽ നിറഞ്ഞ് സത്യസാക്ഷിയായി

ജീവിക്കാനും ഉള്ള സത്യാരാധനാസ്ഥലവും ആശ്വാസ കേന്ദ്രവും ആ ശാലേംപുരിയിലാണ് ദൈവം എനിക്കായി ഒരുക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുന്നതാണ് ആ കാഴ്ചകൾ എന്നതാണ് സത്യം.

ഭാഗം –3

# സത്യസാക്ഷിയായ ആരംഭം

ഈ കാഴ്ചകൾക്കുശേഷം ഞങ്ങൾ നാലുപേരും സി.എസ്.ഐ ആരാധനയ്ക്കു പോയശേഷം ഞാനും കുഞ്ഞുങ്ങളും മാത്രമായി ശാലേംപുരി ആരാധനയ്ക്ക് എത്തിക്കൊണ്ടിരുന്നു. ആ നാളുകളെല്ലാം കൊടും പട്ടിണിയിലും ദാരിദ്ര്യത്തിലും, ധരിക്കാൻ നല്ല വസ്ത്രമില്ലാതെയുമാണ് ഞങ്ങൾ കഴിഞ്ഞിരുന്നത്. സി.എസ്.ഐ സഭയിലെ ആരാധനയിൽ എന്റെ നീറുന്ന വേദനയ്ക്ക് ആശ്വാസമായതൊന്നും ലഭിച്ചിരുന്നില്ല. എന്നാൽ പ്രാർത്ഥിക്കുവാൻ പോലും അറിഞ്ഞുകൂടാതിരുന്ന എനിക്ക് ശാലേംപുരി ആരാധനയക്ക് ചെന്നിരുന്ന് മുഴങ്കാൽ മടക്കിയതു മുതൽ തോരാത്ത കണ്ണുനീർ ഒഴിക്കിക്കൊണ്ട് ആവശ്യങ്ങളെല്ലാം ദൈവത്തോട് നേരിട്ടറിയിക്കാൻ അവസരം ലഭിച്ചു. അവിടെ നിന്ന് ലഭിച്ച വചനങ്ങളും പാട്ടുകളും ദൈവീക വെളിപ്പെടുത്തലുകളും എന്നെ പടി പടിയായി പൂർണ്ണ ആശ്വാസത്തിലേക്കും സമാധാനത്തിലേക്കും നയിച്ചുകൊണ്ടിരുന്നു. അതോടു കൂടി സി. എസ്. ഐ സഭ വിട്ട് ഞങ്ങൾ നാലുപേരും സീയോൻ അസംബ്ലി ശാലേംപുരി സഭയിലെ അംഗങ്ങളായി മാറി.

ആ നാളുകളിൽ ഞാൻ പ്രാർത്ഥനയിൽ ആയിരുന്നപ്പോൾ ഒരു പ്രത്യേക ആത്മശക്തി എന്നിൽ വന്നു നിറഞ്ഞു. അപ്പോൾ പൂർണ്ണമനസ്സോടും, പൂർണ്ണ ആത്മാവോടും, പൂർണ്ണ ശക്തിയോടും കൂടെ ഞാൻ എന്നെതന്നെ പൂർണ്ണമായി യേശുവിനായി സമർപ്പിക്കുന്നു എന്നും അവിടുത്തെവിട്ട് ഒരു വാക്കു പോലും ചിന്തിക്കുകയോ, പറയുകയോ, പ്രവൃത്തിക്കുകയോ ചെയ്യില്ല എന്നും സ്വർഗ്ഗരാജ്യത്തിൽ ഏതെങ്കിലും ഒരു സ്ഥലം തരണമേ എന്നും പ്രാർത്ഥിച്ചു. അങ്ങനെ ഒരു നാൾ ഞാൻ അതി

വേദനയോടും ഹൃദയഭാരത്തോടും കൂടി പ്രാർത്ഥിച്ചു കൊണ്ടിരുന്നപ്പോൾ, "നിന്റെ എല്ലാ ഭാരങ്ങളും എന്റെമേൽ ഇട്ടുകൊൾക; ഞാൻ നിന്നെ പുലർത്തും", എന്ന ഇമ്പമേറിയ ശബ്ദം മുഴങ്ങിക്കേട്ടു. അപ്പോഴും ഞങ്ങളുടെ കഷ്ടതയും, അരിഷ്ടതയും പൂർണ്ണമായി മാറിയില്ല. എങ്കിലും ഞങ്ങളുടെ കുടുംബ ജീവിതത്തിൽ പൂർണ്ണ സമാധാനവും സന്തോഷവും അനുഭവിച്ചിരുന്നു. "നിന്റെ ഭാരം യഹോവയുടെ മേൽവച്ചു കൊൾക. അവൻ നിന്നെ പുലർത്തും. നീതിമാൻ കുലുങ്ങി പോകുവാൻ അവൻ ഒരുനാളും സമ്മതിക്കയില്ല" (സങ്കീ 55:22). അങ്ങനെ ഞാൻ എന്റെ സകല ഭാരങ്ങളും, ദുഃഖങ്ങളും കർത്താവിൽ സമർപ്പിച്ചു. ഞാൻ നീതിമതി അല്ലെങ്കിലും ദൈവത്തിൽ ആശ്രയിച്ച എന്നെ എന്റെ ദൈവം വിവിധ രീതികളിൽ ആശ്വസിപ്പിച്ചുകൊണ്ടിരുന്നു. സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ട് നമുക്കു മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക എന്ന അതിമഹത്തായ ഉപദേശത്തിന് ഞാൻ കീഴ്പ്പെട്ടു. എന്റെ സകല പ്രശ്നങ്ങളും പരിഹരിച്ച് തരുവാൻ ദൈവത്തിനു മാത്രമേ കഴിയുകയുള്ളു എന്ന് ഞാൻ പൂർണ്ണമായി വിശ്വസിച്ച് ഹൃദയത്തിൽ ഉറച്ചു.

# അത്ഭുതകരമായ കൃഷി വർദ്ധന

അതുവരെ കുത്തിമറച്ച് ചെറ്റക്കുടിലിൽ തന്നെയാണ് ഞങ്ങൾ താമസിച്ചിരുന്നത്. അവിടുത്തെ 19 സെന്റ് തരിശുഭൂമി മാത്രമാണ് ഞങ്ങൾക്കുണ്ടായിരുന്നത്. അവിടെ ഞാനും എന്റെ ഭർത്താവും കൂടി പലപ്പോഴായി ഇളക്കി കൂട്ടിയിരുന്ന കരിങ്കല്ലുകൾ ഉപയോഗിച്ച് മൂന്ന് മുറികളുള്ള ഒരു ഭവനം മണ്ണുകൊണ്ട് കെട്ടിയെടുത്തു. അതോടുകൂടി ആ സ്ഥലത്തുണ്ടായിരുന്ന കല്ലുകളും പാറകളും മാറിക്കിട്ടി. കമ്പുകളും ഓലമടലുകളും കൊണ്ടാണ് മേൽക്കൂര നിർമ്മിച്ചത്. വർഷങ്ങൾക്കു ശേഷമാണ് നല്ല വിധത്തിൽ മേൽക്കൂര പണിത് ഓടുമേഞ്ഞത്.

മേൽപറഞ്ഞ വിധത്തിൽ മണ്ണിളക്കം കിട്ടിയ സ്ഥലത്ത് എന്റെ ഭർത്താവ് തന്റെ കഴിവനുസരിച്ച് അല്പാല്പമായി മരിച്ചീനി (കപ്പ) നട്ടു. അതോടൊപ്പം വാഴകളും നട്ടു. സ്വന്തമായി കിണറ് ഇല്ലാതിരുന്നതിനാൽ വളരെ ദൂരത്തു നിന്നും വെള്ളം ചുമന്നു കൊണ്ടുവന്നാണ് അവിടെ നനച്ചിരുന്നത്. ആ കൃഷികളെല്ലാം അതി സമൃദ്ധമായി വളർന്ന് വളരെ വിളവ് ലഭിച്ചു. ഇത്രയും കുറച്ചു സ്ഥലത്തു നിന്ന് ഇത്രയും അധികം വിളവ് ലഭിച്ചത് ദേശത്തിന് ഒരു അത്ഭുത സാക്ഷ്യം ആയിരുന്നു. "നിന്റെ ദൈവമായ യഹോവയുടെ വാക്ക് കേട്ടനുസരിച്ചാൽ ഈ അനുഗ്രഹങ്ങളെല്ലാം നിനക്കു സിദ്ധിക്കും. പട്ടണത്തിൽ നീ അനുഗ്രഹിക്കപ്പെടും. വയലിൽ നീ അനുഗ്രഹിക്കപ്പെടും. നിന്റെ ഗർഭഫലവും നിന്റെ കന്നുകാലികളുടെ പേറും ആടുകളുടെ പിറപ്പും അനുഗ്രഹിക്കപ്പെടും." (ആവർ:28;2-4).

യഹോവയായ ദൈവത്തിന്റെ വാക്കുകൾ ശ്രദ്ധയോടെ കേട്ട് അനുസരിക്കുന്നവർക്ക് വിശുദ്ധ വേദപുസ്തകത്തിൽ

ജീവിതകാലം മുഴുവൻ മാത്രമല്ല, ആയിരം തലമുറവരെ ദൈവാനുഗ്രഹവും ദയയും ലഭിക്കുന്നു.

എന്റെ ദൈവത്തിന്റെ വിശുദ്ധ കല്പനകൾ അനുസരിക്കുവാൻ തിരുമാനിച്ച ആദ്യ ഘട്ടത്തിൽ തന്നെ ദൈവം എന്നെ അനുഗ്രഹിക്കുവാൻ തുടങ്ങി.

ദൈവം എനിക്കുതന്ന കൃഷി ഫലങ്ങളിൽ നിന്നും ഓഹരികൾ എന്റെ ദൈവാലയത്തിൽ സമർപ്പിച്ചപ്പോൾ എന്തെന്നില്ലാത്ത സംതൃപ്തി എനിക്കു ലഭിച്ചു.

# പറവകളും മൃഗസമ്പത്തും

“അതിലെ ആഹാരം ഞാൻ സമൃദ്ധിയായി അനുഗ്രഹിക്കും. അതിലെ ദരിദ്രൻമാർക്ക് അപ്പം കൊണ്ട് തൃപ്തി വരുത്തും”. (സങ്കീർ:132:15).

മാറ്റമില്ലാത്ത ഈ തിരുവചന സത്യം അങ്ങനെ എന്റെയും ജീവിതത്തിൽ സമൃദ്ധി തന്ന് ദൈവം എന്നെയും ആശ്വസിപ്പിച്ചു. ആശ്രയിക്കുന്നവരെ ആശ്വസിപ്പിക്കുന്ന ദൈവാനുഗ്രഹം എന്റെ കുടുംബത്തെ ജീവിക്കുവാനുള്ള പ്രേരണ തന്ന് നിലനിർത്തി.

ആ നാളുകളിൽ ഒരു പിടക്കോഴിയെ ഒരാൾ എനിക്ക് സൗജന്യമായി തന്നു. എനിക്കു വരുമാനമാർഗ്ഗമായി ആദ്യം ലഭിച്ച ഒരു ജീവി. ആ കോഴിയിട്ട പതിനഞ്ച് മുട്ടകളും പ്രാർത്ഥിച്ച് അടവച്ചതെല്ലാം വിരിഞ്ഞു കിട്ടി. അതിൽ ഒന്നുപോലും നഷ്ടപ്പെടാതെ വളർന്നു കിട്ടി. അതു വർദ്ധിച്ചു വർദ്ധിച്ചു വന്നു. അങ്ങനെ നൂറിലധികം കോഴികൾ സദാ എനിക്കുണ്ടായിരുന്നു. കോഴി രോഗം പിടിച്ച് ദേശത്തിലെ കോഴികൾ ഒന്നുപോലും ശേഷിക്കാതെ ചത്തൊടുങ്ങിയപ്പോഴും എന്റെ കോഴികൾക്ക് ഒന്നിനുപോലും ഒരു നാശവും സംഭവിക്കാതെ ദൈവം കാത്തു സൂക്ഷിച്ച് എണ്ണത്തിൽ പെരുകിക്കൊണ്ടിരുന്നത് ദേശത്തിൽ ഒരു അത്ഭുത സാക്ഷ്യമായിരുന്നു.

# ഒരു കോഴിയിൽ നടന്ന മഹാ അത്ഭുതം

ഒരു രാത്രി കള്ളൻ എന്റെ ഒരു വലിയ പൂവൻ കോഴിയെ മോഷ്ടിച്ചെടുത്ത് കടന്നുകളഞ്ഞു. മാർഗ്ഗമദ്ധ്യേ അതിന്റെ കഴുത്ത് പിരിച്ച് ഒടിച്ചശേഷം ഭയം തോന്നീട്ട് ഒരു പൊട്ടകിണറ്റിൽ എറിഞ്ഞിട്ട് ഓടിപ്പോയി. ഞാൻ ദൈവത്തോട് അവകാശം പറഞ്ഞ് പ്രാർത്ഥിക്കുവാൻ തുടങ്ങി. "എന്റെ യേശു അപ്പനാണ് ഒരെണ്ണം പോലും നശിക്കാതെ എനിക്ക് കോഴികളെ സൂക്ഷിച്ച് വർദ്ധിപ്പിച്ചു തന്നത്. ആ നഷ്ടപ്പെട്ട കോഴിയെ അങ്ങ് എനിക്ക് തിരികെ തന്നേ തീരു. അല്ലെങ്കിൽ കോഴിയെ മോഷ്ടിച്ചവൻ മാനസാന്തരപ്പെടണം", എന്ന് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അങ്ങനെ ഒൻപതാം ദിവസമായി. ആ കിണറിനു സമീപം കളിച്ചുകൊണ്ടിരുന്ന കുട്ടികൾ അതിനകത്ത് നോക്കുവാൻ ഇടയായി. അപ്പോൾ പിടച്ചുകൊണ്ടു കിടക്കുന്ന കോഴി അവരുടെ ദൃഷ്ടിയിൽപ്പെട്ടു. അവർ അത് മറ്റുള്ളവരെ അറിയിച്ചു. അവർ ആ കിണറ്റിലിറങ്ങി കോഴിയെ പുറത്തെടുത്തു. അത് എന്റെ കോഴിയാണെന്ന് അറിഞ്ഞിട്ട് അതിനെ കൊണ്ടുവന്ന് എന്നെ ഏൽപ്പിച്ചു. അതിന്റെ കഴുത്തെല്ല് ഒടിഞ്ഞ് തള്ളിയും തല തൊലിയിൽ തൂങ്ങിയും കിടന്നിരുന്നു. അതുവരെ അതു ജീവിച്ചു കിടന്നതുതന്നെ മഹാ അത്ഭുതമാണ്. വിശ്വാസത്താൽ ഞാൻ അതിനെ പ്രാർത്ഥിച്ചെടുത്ത് എണ്ണതേയ്ച്ച് തൂങ്ങികിടന്ന തലയെ ഒടിഞ്ഞ സ്ഥാനത്ത് സ്തോത്രം പറഞ്ഞ് ചേർത്തു പിടിച്ചുകൊണ്ട് അതിന്റെ വായ്തുറന്ന് വെള്ളവും തിരികിയെടുത്ത തേങ്ങയും ചോറും അല്പാല്പമായി പ്രാർത്ഥനയോടെ തള്ളിയിറക്കിക്കൊണ്ടിരുന്നു. കുറച്ച് ദിവസങ്ങൾക്കകം ആ മുറിവ് പറ്റിച്ചേർന്ന് ഉണങ്ങി പൂർണ്ണ

സൗഖ്യമായി. അത് സ്വന്തമായി തീറ്റതിന്ന് വലിയ ഒരു കോഴിയായിത്തീർന്നു. പിന്നീട് അതിനെ വലിയ വിലയ്ക്ക് വിൽക്കുകയും ചെയ്തു. ദൈവത്തിന്റെ ഈ പ്രവൃത്തി കണ്ടിട്ട് എന്റെ വിശ്വാസം വർദ്ധിച്ചു. അത് കണ്ടും കേട്ടും അറിഞ്ഞ അയൽവാസികൾക്ക് അത് അത്ഭുതമായി. യേശു നമ്മുടെ ചെറുതും വലുതുമായ എല്ലാറ്റിലും അതീവ ശ്രദ്ധയുള്ളവനാണെന്ന് ഞാൻ മനസ്സിലാക്കി.

ആ നാളുകളിൽ എന്റെ ഭർത്താവിന് ഒരു ഹൈന്ദവ സുഹൃത്ത് ഒരു ആട്ടിൻ കുട്ടിയെ സൗജന്യമായി കൊടുത്തു. അത് കൊടുത്തയാൾ ആരാണെന്ന് ഇപ്പോഴും എനിക്കറിയില്ല. അതിനെ ദൈവം അനുഗ്രഹിച്ചതിനാൽ അത് എണ്ണത്തിൽ പെരുകി ഇരുപതിലധികംആടുകളും കുട്ടികളുമായി എപ്പോഴും എന്റെ ആ 19 സെന്റ് സ്ഥലത്തിനകത്തു തന്നെയുണ്ടായിരുന്നു. അതേ സമയം നിരന്തരം ആടുകളേയും കുട്ടികളേയും വിറ്റുകൊണ്ടിരുന്നു. തുടർന്ന് ദൈവം ഏൽപ്പിച്ച ആത്മഭാരത്തോടു കൂടിയുള്ള പ്രാർത്ഥനയിലേയ്ക്ക് ശ്രദ്ധപതിപ്പിച്ചു. കൂടാതെ ഭവന സന്ദർശനങ്ങളിലും സജീവമായി പങ്കെടുക്കുവാൻ തുടങ്ങി. അതോടു കൂടി കോഴികളിലും, ആടുകളിലും ശ്രദ്ധവയ്ക്കാൻ കഴിയാതെ അവയെ എല്ലാം വിറ്റു. അങ്ങനെ മേൽപ്പറഞ്ഞ വരുമാന മാർഗ്ഗത്തോടുകൂടി ചേർന്ന് ദിവസ ചിട്ടിയും ആരംഭിച്ചു. വളരെ പ്രാർത്ഥനയോടുകൂടെ ചെറിയതോതിൽ വീണ്ടും ഒരു പലവ്യജ്ഞനക്കട ആരംഭിച്ചു.

പടിപടിയായി ദൈവം അതിനെ വർദ്ധിപ്പിച്ച് അനുഗ്രഹിച്ചുതന്നു. ആ സമയത്ത് ആ കടയുടമയ്ക്ക് കെട്ടിടം പുതുക്കി പണിയുന്നതിനു വേണ്ടി മാറി കൊടുക്കണം എന്ന് ആവശ്യപ്പെട്ടു. അതിൽ ഞങ്ങൾ വളരെ ഭാരപ്പെട്ടു. എങ്കിലും ദൈവത്തെ ഭയപ്പെട്ട് അവിടെ പിടിച്ചു നിൽക്കാൻ ശ്രമിക്കാതെ വളരെ കഷ്ടനഷ്ടങ്ങൾ സഹിച്ചുകൊണ്ട് എല്ലാ സാധനങ്ങളും വീട്ടിൽ കൊണ്ടുവന്നുവച്ചു. ഞങ്ങളുടെ ചെറിയ വീട് ഉൾപ്രദേശത്താണ് സ്ഥിതി ചെയ്തിരുന്നത്. എങ്കിലും അവിടെ വച്ച് വിശ്വാസത്താൽ കച്ചവടം തുടർന്നു. ദൈവം അതിനെ

വളരെയധികം അനുഗ്രഹിച്ച് വലിയ കച്ചവടമാക്കി തീർത്തു. ദൈവം നമുക്ക് അനുകൂലമെങ്കിൽ പ്രതികൂലം ആർ? (റോമർ:8:31) പിന്നീട് ഒരാൾ ഞങ്ങളെ വിളിച്ചുവരുത്തി റോഡരികിലെ അയാളുടെ ഒരു കടമുറി കച്ചവടത്തിനായി ഞങ്ങൾക്കുതന്നു. അവിടെയും കൂടെ നല്ല നിലയിൽ പലവ്യഞ്ജനക്കട നടത്തുവാൻ ദൈവം ഞങ്ങളെ ബലപ്പെടുത്തി. അങ്ങനെ രണ്ടു സ്ഥലത്തും ഒരേ സമയം പരസഹായം കൂടാതെ നല്ല നിലയിൽത്തന്നെ കച്ചവടം നടത്തുവാൻ ദൈവം സഹായിച്ചു. ഈ രണ്ടു കടകൾക്കും ആവശ്യമുള്ള സാധനങ്ങൾ എന്റെ മകനാണ് വാങ്ങിക്കൊണ്ടു വന്നിരുന്നത്. എന്റെ മകൻ നല്ലവണ്ണം സൈക്കിൾ ചവിട്ടുമായിരുന്നു. മകന് ഉണ്ടായിരുന്ന സൈക്കിളിൽ ലോഡ് വയ്ക്കുവാനുള്ള ഒരു ക്യാരിയർ വാങ്ങി ഫിറ്റ് ചെയ്ത് ഞങ്ങളുടെ രണ്ടു കടകൾക്കും അവശ്യമായ സാധനങ്ങൾ കുറയുന്നതിനനുസരിച്ച് വാങ്ങി കൊണ്ടുവരുമായിരുന്നു. അന്ന് എന്റെ മകൻ ജയപ്രകാശിന് 14 വയസ്സ് മാത്രമെ ഉണ്ടായിരുന്നുള്ളു. ദൈവം ഞങ്ങൾക്കു നാലുപേർക്കും ഉത്സാഹത്തോടു കൂടി അധ്വാനിച്ച് ഞങ്ങളുടെ ഉപജീവന മാർഗ്ഗം നേടുവാനുള്ള ദൈവപരിജ്ഞാനവും ഉത്സാഹവും തന്നു. അത് ഞങ്ങൾ നന്നായി പ്രയോജനപ്പെടുത്തി. ഞങ്ങളുടെ കുടുംബത്തിന്റെ നായകനും നടത്തിപ്പുകാരനുമായി യേശു കൂടെയുണ്ടായിരുന്നു. ഇതൊക്കെ എങ്ങനെ സംഭവിച്ചു എന്ന സത്യം ഞാൻ തുറന്നുപറയട്ടേ. അത് രഹസ്യമല്ല; പരസ്യം തന്നെ. ഏതു കഷ്ടതയിലും കണ്ണുനീരിലും, തിരുവചന സത്യങ്ങൾ വളച്ചൊടിക്കാതെ ജീവിതം തുടർന്നാൽ ഇല്ലാത്തതിനെ ഉള്ളതുപോലെ വിളിച്ചുവരുത്തുന്ന യേശു കർത്താവ് നമ്മോടുകൂടെ ഉണ്ടായിരിക്കും.

# പ്രാർത്ഥനാ വരം ലഭിച്ചത്

ഞങ്ങൾ നാലുപേരും ശാലേംപുരി സഭയിൽ സജീവമായി പങ്കെടുത്തുവന്നു. ഞാൻ നിർമ്മല ഹൃദയത്തോടും പൂർണ്ണ ആത്മാവോടും കൂടെ പ്രാർത്ഥിച്ചും ആരാധിച്ചും വന്നു. (ലൂക്കാ 10:27) അക്കാലത്ത് പലരോഗികളും കുടുംബ പ്രശ്നങ്ങളിൽ അകപ്പെട്ടിരുന്നവരും, തങ്ങളുടെ മക്കളെക്കൊണ്ടും, മറ്റു ചിലർ ഭർത്താക്കന്മാരെക്കൊണ്ടും സമാധാന മറ്റ് തകർന്ന ജീവിതത്തിലായ മറ്റു പലരും പ്രാർത്ഥിക്കുന്നതിനുവേണ്ടി തങ്ങളുടെ വിഷയങ്ങൾ എന്നോട് തുറന്ന് പറഞ്ഞിരുന്നു. അവർക്കായി വെറും ബലഹീനയായ ഞാൻ ദൈവത്തോട് മുട്ടിപ്പായി പ്രാർത്ഥിച്ചു. അപ്പോഴെല്ലാം അത്യത്ഭുതമായി ദൈവം അവർക്ക് വൻ വിടുതലുകൾ കൊടുത്തിട്ട് അവർ മഹാസന്തോഷവും സമാധാനവും അനുഭവിക്കുന്നത് കണ്ടും കേട്ടും ഞാൻ ദൈവത്തെ സ്തുതിച്ചു വന്നു. മാത്രമല്ല ഏഴയായ എന്റെ പ്രാർത്ഥന കേട്ട് കഠിന രോഗികൾക്ക് അത്ഭുത സൗഖ്യം കൊടുത്തിരുന്നു. ഭിന്നിച്ച് തകർന്നിരുന്ന പല കുടുംബങ്ങളിൽ ദൈവം അവരെ യോജിപ്പിച്ച് സമാധാന ജീവിതം കൊടുത്തു വന്നു. അനുസരണം കെട്ട് വഴി തെറ്റി നടന്ന് മാതാപിതാക്കൾക്ക് വേദന വരുത്തി വന്ന മക്കൾ എന്റെ പ്രാർത്ഥന കേട്ട് അവർ കുടുംബത്തിനും ദൈവത്തിനും പ്രയോജനമുള്ളവരായി ത്തീർന്ന സാക്ഷ്യങ്ങളും കേട്ടുകൊണ്ടിരുന്നു.

# എന്നെ വിഷപ്പാമ്പ് കടിച്ചത്

അക്കാലത്ത് പലരും എന്റെ ഭവനത്തിൽ വന്ന് എണ്ണയോ വെള്ളമോ പ്രാർത്ഥിച്ച് വാങ്ങി കൊണ്ടുപോയി ഉപയോഗിച്ചിരുന്നു. ഏതു തീരാ രോഗത്തിനും വ്യാധികൾക്കും അത് ഉപയോഗിച്ച് അത്ഭുത സൗഖ്യം പ്രാപിച്ചിട്ടുണ്ട്.

ആദ്യ നാളുകളിൽ ഞങ്ങൾ കുടിൽ കെട്ടി താമസിച്ചിരുന്നപ്പോൾ പാമ്പുകൾ അവിടെ കൂട്ടമായി പാർത്തിരുന്നതുകണ്ട് ഞങ്ങൾ ഭയപ്പെട്ടപ്പോൾ, "ഞാൻ അനുവദിക്കാതെ ഇവ ഒന്നും നിന്നെ തൊടുകയില്ല", എന്ന് യേശു കർത്താവ് എന്നോട് സംസാരിച്ചത് ഞാൻ എഴുതിയല്ലോ. എന്നാൽ ഒരു ഘോരവിഷസർപ്പം കടിക്കാൻ ദൈവം അനുവദിച്ചുകൊണ്ടുള്ള അഗ്നിശോധനയിലൂടെ എന്നെ നടത്തി പൊന്നു പോലെ പുറത്തു കൊണ്ടു വന്ന സംഭവം എഴുതട്ടെ. ഒരു രാത്രി ഞാൻ പുറത്തു നിന്നപ്പോൾ ഒരു വിഷപ്പാമ്പ് ചീറ്റിക്കൊണ്ട് എന്നെ ആഞ്ഞു കൊത്തിയിട്ട് മാറിപ്പോയി. വെളിച്ചത്തിൽ വന്ന് നോക്കിയപ്പോൾ രണ്ടു പല്ലുകൾ താഴ്ന്ന് രക്തം വരുന്നതായി കണ്ടു. ഉടനെ അതിഭയങ്കര വേദനയും പെരിപ്പും കാലിൽ വന്നിട്ട് അത് മുകളിലോട്ട് കയറി ശരീരം മുഴുവനും നിറഞ്ഞ് തലവരെ എത്തി. അസഹനീയമായ വേദന സഹിച്ചുകൊണ്ട് രണ്ടു ദിവസം വീട്ടുകാര്യങ്ങളൊക്കെ നോക്കിക്കഴിഞ്ഞു. എന്റെ ഭർത്താവ് ചികിത്സ ചെയ്യുവാൻ എന്നെ വളരെ നിർബന്ധിച്ചു. എന്നാൽ എന്റെ പ്രാർത്ഥനയിലൂടെ മഹാഅത്ഭുത വിടുതൽ മറ്റുള്ളവർ അനുഭവിച്ചുകൊണ്ടിരുന്നതിനാൽ ഞാൻ എങ്ങനെ ചികിത്സക്കായി പോകും എന്നു ചിന്തിച്ച് ഭാരപ്പെട്ടുകൊണ്ട് ചികിത്സ നിഷേധിച്ചു. മൂന്നാം ദിവസം എന്റെ ശിരസ്സ് മുഴുവൻ അതിവേദനയും മരവിപ്പും

കൊണ്ട് നിറഞ്ഞ് കണ്ണിൽ ഒരു അന്ധകാരം പിടിപെട്ട് ഞാൻ മരണത്തോടടുത്തു. ആ സമയത്ത് എന്റെ വീട്ടിൽ ഞാനല്ലാതെ വേറെ ആരും ഇല്ലായിരുന്നു. അപ്പോൾ ഞാൻ കുറച്ച് എണ്ണ എടുത്തു അലറി കരഞ്ഞ് യേശു അപ്പനോട് പ്രാർത്ഥിച്ചപ്പോൾ എന്റെ കണ്ണിൽ നിന്നൊഴുകിയ കണ്ണുനീർ ആ എണ്ണയിൽ വീണു. ആ എണ്ണയെ എന്റെ തലയിൽ ഒഴിച്ച് ആ കൈ എടുക്കാതെ തലയിൽ വച്ച് പിടിച്ചു കൊണ്ടിരുന്നു. ആ സമയം എനിക്ക് ഒരു കുളിർമ അനുഭവപ്പെട്ടു. അതോടെ തലയിൽ നിന്ന് ഒരു പ്രത്യേക ദൈവശക്തി താഴോട്ട് ഇറങ്ങുന്നതായി അനുഭവപ്പെട്ടിട്ട് ആ സുഖത്തോടെ ആ കൈ എടുക്കാതെ അവിടെത്തന്നെ മറിഞ്ഞു കിടന്നു. ഞാൻ ഗാഢനിദ്രയിലായി. അന്ന് രാവിലെ പത്ത് മണിക്കാണ് അത് സംഭവിച്ചത്. പന്ത്രണ്ടര മണിയോടെ ഉണർന്നപ്പോൾ ഒരു ബക്കറ്റ് വെള്ളം ശരീരത്തിൽ ഒഴിച്ചതുപോലെ വിയർത്തൊഴുകി നനഞ്ഞു കിടന്നിരുന്നു. ശരീരത്തിൽ ഏറ്റിരുന്ന സകല വിഷവും അതോടുകൂടെ ഒഴുകി മാറിയിട്ട് പൂർണ്ണ സുഖമുള്ളവളായിതീർന്നു. ഈ അത്ഭുതത്തോടു ചേർന്ന് വേറെ ഒരു മഹാത്ഭുതം സംഭവിച്ചതു കൂടെ എഴുതട്ടെ. ആ പത്തു മണിക്ക് മരണവെപ്രാളം ഉണ്ടായപ്പോൾ തന്നെ പതിവുപോലെ അടുപ്പത്ത് ഒരു വലിയ അലുമിനിയം കലത്തിൽ കുറച്ച് വെള്ളവും വെച്ച് ഒരു കിലോ അരിയും അതിലിട്ട് തീയും കത്തിച്ചിട്ട് ആ വേദനയോടെയാണ് ഓടിച്ചെന്ന് എണ്ണയും തേച്ച് കിടന്നത്. പിന്നെ ഇതിനെക്കുറിച്ചൊന്നും അറിഞ്ഞതേയില്ല. പന്ത്രണ്ടര മണിക്ക് ഉണർന്നപ്പോൾ എന്റെ ഭർത്താവിന് ചോറു കൊടുക്കണമല്ലോ എന്ന ചിന്തയോടെ ഓടിച്ചെന്ന് അടുപ്പിൽ നോക്കിയപ്പോൾ ചോറ് നല്ല പാകത്തിനു വെന്ത് ആ കലം നിറഞ്ഞ് വക്കിനു മുകളിൽ പൊങ്ങി ഒരു ചോറുപോലും നിലത്ത് വീഴാതിരിക്കുന്നത് കണ്ടു. സാധാരണ ഇതേ കലത്തിൽ ഇതേ അളവിൽ അരിയിടുമ്പോൾ കലത്തിൽ കാൽ ഭാഗം മാത്രമേ ചോറ് പൊങ്ങിയിരുന്നുള്ളു. എന്നാൽ കലം നിറയാൻ അരി ഇത്രയും കൂടുതൽ ആരിട്ടു? അതിനുള്ള വെള്ളം ആരൊഴിച്ചു?

അതിന് വിറകിട്ട് ആര് തീ കത്തിച്ചു? എന്നുള്ളത് ദൈവം ചെയ്ത അത്ഭുത ക്രിയയല്ലാതെ മറ്റൊന്നുമല്ല. ആ സംഭവത്തോടുകൂടെ എന്റെ വിശ്വാസവും എന്റെ ഭർത്താവിന്റെ വിശ്വാസവും വർദ്ധിച്ചു. (സങ്കീർത്തനം: 66:10) ''നീ ഞങ്ങളെ പരിശോധിച്ചിരിക്കുന്നു; വെള്ളി ഊതിക്കഴിക്കുമ്പോലെ നീ ഞങ്ങളെ ഊതിക്കഴിച്ചിരിക്കുന്നു.''

''യഹോവയാൽ കഴിയാത്ത കാര്യം ഉണ്ടോ?'' (ഉല്പത്തി 18:14, ലൂക്കോസ് 1:37) സർവ്വശക്തനായ യേശുവിന്റെ സാന്നിധ്യം എന്റെ കുടുംബത്തിന്റെ ജീവിത നിലവാരം അടിമുടി വ്യത്യാസം വരുത്തി.

പ്രിയ വായനക്കാരെ, യേശുവിന്റെ മഹത് സാന്നിധ്യം വ്യക്തികളിലും കുടുംബങ്ങളിലും സഭകളിലും സമൂഹങ്ങളിലും മറ്റും വലിയ വലിയ വ്യത്യാസങ്ങൾ വരുത്തികൊണ്ടിരിക്കുന്നു.

# മകളെ പാമ്പ് കടിച്ചത്

എന്റെ മകൾക്ക് പതിമൂന്ന് വയസ്സുള്ളപ്പോൾ ഒരു സന്ധ്യാ സമയത്ത് വീടിനടുത്തുള്ള ഒരു ചെറിയ കാടിനടുത്തു കൂടി നടന്നു വരുമ്പോൾ ഒരു വിഷപ്പാമ്പ് അവളെ കടിക്കുകയുണ്ടായി. അവൾ നിലവിളിച്ചുകൊണ്ട് വീട്ടിലെത്തി എന്നെ വിവരം അറിയിച്ചു. ഉടനെ വലിയ തരിപ്പും വേദനയും നീരും ആരംഭിച്ചു. അത് വർദ്ധിച്ചു വന്നു. അവൾ നിലവിളിക്കു മ്പോഴൊക്കെ ഞാൻ അവളെ ആശ്വസിപ്പിച്ചു. എന്റെ ഭർത്താവ് മോളെ ചികിത്സയ്ക്ക് കൊണ്ടു പോകണമെന്ന് കർശനമായി പറഞ്ഞു. ഞാൻ അദ്ദേഹത്തോട്, "എന്നെ പാമ്പുകടിച്ചു മരണം വരെ എത്തിയപ്പോഴും പ്രാർത്ഥിച്ച് എണ്ണ തേയ്ച്ചപ്പോൾ ദൈവം എനിക്ക് പൂർണ്ണമായി സൗഖ്യം നൽകിയതുകണ്ടിട്ടും നിങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നില്ലയോ", എന്നുചോദിച്ചു. നിങ്ങൾ എന്നോടു കൂടെ ചേർന്ന് പ്രാർത്ഥിക്കുവാൻ മനസ്സുവച്ചാൽ നമ്മുടെ പ്രാർത്ഥന കേട്ട് ദൈവം നമ്മുടെ മകൾക്ക് സൗഖ്യം കൊടുക്കും എന്നു വിശ്വസിക്കുവാൻ പറഞ്ഞു. എങ്കിലും അദ്ദേഹം അതൊന്നും ശ്രദ്ധിക്കാതെ ആശുപത്രിയിൽ ചികിത്സയ്ക്കായി കൊണ്ടുപോകുവാൻ നിർബന്ധിച്ചു. അങ്ങനെ ചെയ്യുന്നതിന് ഞാൻ ഒട്ടും എതിരല്ല എന്നും ഞാൻ മകളെയും കൊണ്ട് ആശുപത്രിയിൽ ഇരിക്കുന്നത് ദൈവനാമത്തിന് അപമാനമാണെന്നും പറഞ്ഞ് ഞാൻ ഒഴിഞ്ഞുമാറി. എന്റെ പ്രാർത്ഥനയാൽ ദൈവം മകളെ പൂർണ്ണമായി സൗഖ്യം ആക്കും എന്ന് ഉറപ്പുള്ളതുകൊണ്ടാണ് ഞാൻ അങ്ങനെ പറഞ്ഞത്. എന്നിട്ടും അദ്ദേഹത്തിന് വിശ്വാസം വന്നില്ല. ഞാൻ എന്റെ മകളോട് ഹൃദ്യമായി സംസാരിച്ചു. യേശു ക്രിസ്തുവിലുള്ള സൗഖ്യം മാത്രം എനിക്ക് മതി എന്നും, മമ്മി

പ്രാർത്ഥിച്ചാൽ മാത്രം മതി എന്നും അവൾ ഉറപ്പിച്ചു പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ ഞാൻ കണ്ണുനീരോടെ പ്രാർത്ഥിച്ച് അവളുടെ കാലിൽ എണ്ണ പുരട്ടിക്കൊണ്ടിരുന്നു. എന്നാൽ ഓരോ ദിവസവും വിഷം കയറി കാൽമുട്ടുവരെ മാത്രം നീല നിറം വ്യാപിച്ചുകൊണ്ടേയിരുന്നു. എങ്കിലും കാൽ മുട്ടിന് മുകളിൽ വേദനയോ നീരോ കയറുവാൻ ദൈവം അനുവദിച്ചില്ല എന്നത് അത്ഭുതം തന്നെ. ഇത്രയൊക്കെയായിട്ടും കഠിനവേദന സഹിച്ചു കൊണ്ട് എട്ടു ദിവസം വരെ അഞ്ചു കിലോമീറ്റർ അകലെയുള്ള സ്കൂളിൽ ഒരു ദിവസംപോലും മുടങ്ങാതെ നടന്നു പോയി വരാൻ ദൈവം ആ പൈതലിന് ഉറപ്പും ധൈര്യവും നൽകി.

പാമ്പുകടിയേറ്റതും വേദനയുമൊന്നും അവൾ മറ്റാരെയും അറിയിച്ചില്ല. ആ നാളുകളിൽ ഓരോ ദിവസവും ദൈവം എന്നോട് സംസാരിച്ച് എന്നെ വിശ്വാസത്തിൽ ഉറപ്പിച്ചുകൊണ്ടിരുന്നു. പിന്നെ ആ വിഷമെല്ലാം കാൽ മുട്ടിനു താഴെ പിൻഭാഗത്ത് ഒരുമിച്ചു വന്നുകൂടി കട്ടി പിടിച്ച് നീല നിറമായിത്തീർന്നു. അതോടുകൂടി മുട്ടിനു താഴെ ഈ ഒരു ഭാഗം ഒഴികെ ആ കാലിലെ മറ്റെല്ലാ ഭാഗങ്ങളും പൂർവ്വസ്ഥിതിയിലായി. ആ വിഷം വന്നു കൂടിയ സ്ഥലത്തെ അതികഠിനമായ വേദന അവൾ നന്നായി സഹിച്ചു. വലിച്ചു കൂടി തൂങ്ങിക്കിടന്ന ആ വിഷ ദ്രാവകം എങ്ങനെ പുറത്തു പോകും യേശു അപ്പാ എന്നു പറഞ്ഞ് ഞാൻ പ്രാർത്ഥിച്ചപ്പോൾ "നീ പിന്നെയും എന്നെ സംശയിക്കുകയാണോ?", എന്ന ശബ്ദത്തോടെ കർത്താവ് എന്നോട് സംസാരിച്ചു. ഒൻപതാം ദിവസം പ്രഭാതത്തിൽ അത് പൊട്ടി കറുത്ത നിറത്തിൽ ഒഴുകിപ്പോയി. ആ സ്ഥലം വലിയൊരു മുറിവായി കണ്ടു. അതിൽ പ്രാർത്ഥിച്ച എണ്ണ പുരട്ടിക്കൊണ്ടിരുന്നു. മൂന്നാം ദിവസം തന്നെ ആ വ്രണം അത്ഭുതമായ വിധം പൂർണ്ണമായി കരിഞ്ഞുപോയി. എങ്കിലും ആ പൈതലിന്റെ വലിയ സാക്ഷ്യത്തിന്റെ ഓർമ്മയ്ക്കായി ഇപ്പോഴും ഒരു ചെറിയ തടിപ്പ് അവിടെ കാണാം. ഹല്ലേലൂയ്യാ, ദൈവനാമം മഹത്വപ്പെടട്ടെ. "വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും. എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും; പുതുഭാഷകളിൽ

സംസാരിക്കും, സർപ്പങ്ങളെ പിടിച്ചെടുക്കും, മരണകരമായ യാതൊന്നും കുടിച്ചാലും അവർക്ക് ഹാനി വരികയില്ല. രോഗികളുടെ മേൽ കൈവച്ചാൽ അവർക്കു സൗഖ്യം വരും" (മാർക്കോ 16:17,18).

രക്ഷകനായ യേശു തന്റെ തങ്കവായ് കൊണ്ട് അരുളി ചെയ്ത തിരുവചനം ഇന്നും, യേശുവിൽ വിശ്വസിക്കുന്നവരിൽ അന്വർത്ഥമായിക്കൊണ്ടിരിക്കുന്നു. യേശുവിൽ പൂർണ്ണമായി വിശ്വസിച്ച എന്നെയും എന്റെ മകളെയും യേശു വിടുവിച്ചു. ഇന്നുവരെയും അവിടുത്തെ കൂടാര മറവിൽ ഞങ്ങളെ ഒളിപ്പിച്ചിരിക്കുന്നു.

# ബാല്യം മുതൽ നേരിട്ട കഠിന കഷ്ടതകൾ

എന്റെ ബാല്യകാലം മുതൽ തന്നെ ഭൂമുഖത്തു നിന്നു എന്നെ തുടച്ചു മാറ്റിക്കളയുവാൻ ശത്രു ഒരുക്കിയ സംഭവങ്ങളിൽ ചിലതുകൂടെ രേഖപ്പെടുത്തട്ടെ. എന്റെ അഞ്ചാമത്തെ വയസ്സിൽ ഒരു വലിയ ആടിന്റെ നീണ്ടകയർ പിടിച്ച് നിന്നപ്പോൾ അത് എന്റെ കാലിൽ ചുറ്റി ശക്തിയായി വലിച്ചു കൊണ്ട് ഓടി. എന്റെ ഒരു കാൽ ഇടുപ്പിൽ നിന്നും ബന്ധം വിട്ട് ഇളകി തൊലിയിൽ തൂങ്ങിക്കിടന്നു. എന്നെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ കൊണ്ടുപോയി കിടത്തി. പ്ലാസ്റ്ററിട്ടാണ് അതിഘോര വേദന സഹിച്ചുകൊണ്ട് ഒന്നര വർഷം അവിടെ കിടത്തിയിരുന്നത്. അവിടെ നിന്നും വീട്ടിൽ കൊണ്ടുപോയി, വീണ്ടും ആറു മാസം കിടത്തി ചികിത്സിച്ചു. പിന്നെ അതുനിമിത്തം യാതൊരുകേടും കൂടാതെ ദൈവം പൂർണ്ണമായി സൗഖ്യം നൽകി. എന്റെ ഏഴാം വയസ്സിൽ ആദ്യമായി കിണറ്റിൽ നിന്നും ഒരു തൊട്ടി വെള്ളം വലിച്ചെടുക്കാൻ ശ്രമിച്ചപ്പോൾ ആ തൊട്ടിയിലെ പിടിയോടു കൂടെ വലിയ ആഴമുള്ള കിണറ്റിൽ ചെന്നു വീണു. ആ പിടി വിട്ടുകളയാത്തതിനാൽ വെള്ളത്തിൽ താണുപോയില്ല. കണ്ടു നിന്നവർ ഒരു ഏണി ഇറക്കി എന്നെ രക്ഷപ്പെടുത്തി.

പന്ത്രണ്ടാം വയസ്സിൽ കിണറ്റിൽ നിന്ന് വെള്ളം കോരിക്കൊണ്ടിരുന്നപ്പോൾ കിണറ്റിലെ പാലം ഒടിഞ്ഞ് തലകീഴായി ഞാൻ വീണ്ടും കിണറ്റിൽ വീണു. അത് വശങ്ങളിൽ പാറകൾ നിറഞ്ഞ ആഴമുള്ള ഒരു കിണറായിരുന്നു. ഞാൻ വെള്ളത്തിന്റെ ആഴത്തിൽ മുങ്ങിപ്പോയി. വെള്ളം കുടിച്ച് വയർ

വീർത്ത് ബോധമറ്റ് വെള്ളത്തിൽ താണു കിടന്ന എന്നെ കണ്ടു നിന്നവർ കരയ്ക്കെടുത്തു. ശരീരത്തിൽ അവിടവിടെയായി മുറിവുകൾ ഏറ്റിരുന്നു. വയറ്റിലെ വെള്ളം ഞെക്കി പുറത്തു കളഞ്ഞിട്ട് ചികിത്സിച്ച് എന്നെ രക്ഷപ്പെടുത്തി.

ഒരിക്കൽ എന്റെ രണ്ടു മക്കളും ശിശുക്കളായിരുന്നപ്പോൾ വളരെ പൊക്കമുള്ള ഒരു തെങ്ങിൽ നിന്നും ഒരു ഇളം തേങ്ങ ഇളകി വന്ന് എന്റെ തലയിൽ വീണു. വീഴ്ചയുടെ ആഘാതത്തിൽ ആ തേങ്ങപോലും ചതഞ്ഞു പോയി. അപ്പോൾ ഞാനാകെ തകർന്നു പോയി. എങ്കിലും അതിനായി യാതൊരു ചികിത്സയും ചെയ്യാൻ കഴിഞ്ഞില്ല. അങ്ങനെ ചികിത്സ ചെയ്തില്ലെങ്കിലും ക്രമേണ ദൈവം എനിക്ക് സൗഖ്യം തന്നു.

വീണ്ടും ഒരു വർഷത്തിനുശേഷം ഒരു ദിവസം ഞാൻ തെങ്ങിൻ ചുവട്ടിൽ നിൽക്കുകയായിരുന്നു. അപ്പോൾ എന്റെ തലയിൽ ആ തേങ്ങ വീണ സ്ഥാനത്തു തന്നെ ഒരു പാറക്കഷണം വന്നു വീണു. ആ പാറ ആരോ ആ തെങ്ങിന്റെ മണ്ടയിൽ എറിഞ്ഞത് താഴെ വീഴാതെ അവിടെ തങ്ങിയിരുന്നതായിരുന്നു. അതാണ് എന്റെ തലയിൽ വീണത്. ആ വീഴ്ചയിൽ എന്റെ തല നന്നായി ചതഞ്ഞു ഇളകി. താങ്ങുവാൻ കഴിയാത്ത വേദന സഹിച്ച് ഞാൻ വീട്ടിൽ എത്തി. അത് ഞങ്ങളുടെ കൊടിയ ദാരിദ്ര്യ സമയമായിരുന്നതിനാൽ അതിനായി യാതൊരു ചികിത്സയും അപ്പോഴും ചെയ്യാൻ കഴിഞ്ഞില്ല. എന്നാലും ഞങ്ങളുടെ അവസ്ഥ അറിഞ്ഞ ദൈവം അതിൽ നിന്നും വിടുതൽ തന്നു.

ഒരിക്കൽ ഒരു പാറയിൽകൂടി താഴേക്ക് ഇറങ്ങി വരുമ്പോൾ കാൽ വഴുതി പാറപ്പുറത്ത് ശക്തിയായി കമഴ്ന്ന് വീണു. കീഴ്ത്താടി ശക്തിയായി പാറയിൽ ഇടിച്ച് കീഴ്ത്താടി പൊട്ടി മാംസവും അസ്ഥിയുമായി തൂങ്ങിപ്പോയി. അതിശക്തിയായി രക്തം പാഞ്ഞ് ചീറ്റി ഒഴുകിക്കൊണ്ടിരുന്നു. മുൻനിരയിലെ ഒരു പല്ല് ഇളകിത്തെറിച്ച് പോയി. ആ സ്ഥലം ഇപ്പോഴും ശൂന്യമായി കിടക്കുന്നു. പിളർന്ന് വേർപെട്ടിരുന്ന കീഴ്ത്താടി അസ്ഥിയെ ചേർത്തുപിടിച്ചു കൊണ്ട് വീട്ടിലെത്തി.

എന്റെ ഭർത്താവ് ആശുപത്രിയിൽ കൊണ്ടു പോകാൻ ശ്രമിച്ചു. എന്നാൽ അവിടെ പോയാൽ തുന്നിക്കെട്ടും എന്നു ഭയന്ന് ഞാൻ ആശുപത്രിയിൽ പോകുകയോ ചികിത്സിക്കുകയോ ചെയ്യാൻ അനുവദിച്ചില്ല. അപ്പോഴും എന്റെ നാവിന്മേൽ, "യേശു അപ്പാ എന്നെ രക്ഷിക്കണമേ", എന്ന വിളിയല്ലാതെ മറ്റൊന്നും ഇല്ലായിരുന്നു. കരുണയുള്ള ദൈവം എന്റെ ഇളകിപ്പോയ അസ്ഥിയെ യോജിപ്പിച്ച് ഉറപ്പിച്ച് എനിക്ക് അത്ഭുത സൗഖ്യം തന്നു. സൗഖ്യം ആയിട്ട് ഏറെ നാൾ കഴിയുന്നതിനു മുമ്പ് അതുപോലെ പാറമേൽ വീണ്ടും ഒരു വീഴ്ച സംഭവിച്ചിട്ട് യോജിച്ചിരുന്ന ആ താടിയെല്ല് വീണ്ടും ഇളകി. അപ്പോഴും യേശു അപ്പാ, യേശു അപ്പാ എന്നു വിളിച്ചു പ്രാർത്ഥിച്ചു കൊണ്ട് ആ അസ്ഥിയെ ചേർത്തു പിടിച്ചു വച്ചതല്ലാതെ വേറെ ഒരു ചികിത്സയും ചെയ്തില്ല. അവിടെയും ഈ ഏഴയുടെ വിളികേട്ട് യേശു അപ്പൻ മഹാ അത്ഭുതം പ്രവർത്തിച്ച് എന്നെ സൗഖ്യമാക്കി. ആ അസ്ഥി യോജിച്ച സ്ഥാനത്ത് നൂൽ ഘനത്തിൽ ഒരു അടയാളം ഇപ്പോഴും കാണാം. ആ സ്ഥലത്തു മാത്രം ഇപ്പോഴും കട്ടിയുള്ള രോമങ്ങൾ മുളച്ചു വരുന്നതിനെ അപ്പോഴപ്പോൾ കത്രിച്ചു കളയുന്നു. ഈ വിധങ്ങളിലെല്ലാം എന്റെ ശരീരം തന്നെ ഒരു സാക്ഷ്യമാണ്. എന്റെ ദൈവമേ ഞാനെന്റെ ശരീരം കൊണ്ട് അങ്ങയെ മാനിക്കുന്നു, നമിക്കുന്നു. ഞാൻ എന്റെ ജീവിതകാലം മുഴുവനും ഭയത്തോടെ വിറയലോടെ അങ്ങയെ സേവിക്കും. അനേകരുടെ മുമ്പാകെ ഞാൻ ഒരുജീവനുള്ള സാക്ഷിയായിരിക്കും.

# കൊടിയ തലവേദനയും അത്ഭുത സൗഖ്യവും

മേൽ വിവരിച്ച വിധങ്ങളിലെല്ലാം എന്റെ തലയിൽ അതിഭയങ്കരമായ കേടുകൾ ഏറ്റ് തലയ്ക്കകം വല്ലാതെ ഇളകി കലങ്ങിപ്പോയിരുന്നു. തുടർന്ന് തലയ്ക്ക് അതിഭയങ്കര വേദന ആരംഭിച്ചു. വേദന നിമിത്തം വായ് തുറക്കാനോ എന്തെങ്കിലും ആഹാരം കഴിക്കാനോ വെള്ളം കുടിക്കാനോ കഴിയാത്ത നിലയിലായി. അതുവരെ മരുന്നൊന്നും കഴിക്കാത്ത എന്നെ മറ്റുള്ളവരുടെ നിർബന്ധത്താൽ വിദഗ്ധരായ വൈദ്യന്മാരുടെ മുൻപിൽ മാറിമാറി കൊണ്ടുപോയി ഉന്നതമായ നിലയിൽ ചികിത്സിച്ചു നോക്കി. എന്നാൽ എന്റെ വേദന കൂടികൊണ്ടിരുന്നതല്ലാതെ യാതൊരു ശമനവും ലഭിച്ചില്ല. താങ്ങാൻ കഴിയാത്ത വേദന നിമിത്തം സദാ നിലവിളിച്ചുകൊണ്ടിരുന്നു. അവസാനമായി തിരുവനന്തപുരത്ത് ചാലയിലെ പൂക്കട വൈദ്യൻ എന്ന് അറിയപ്പെട്ടിരുന്ന അതിവിദഗ്ധനായിരുന്ന ഒരു മർമാണിയുടെ അടുക്കൽ കൊണ്ടുപോയി രണ്ടു മാസം ചികിത്സിച്ചു. അതിലും യാതൊരു ശമനവും ലഭിക്കാതെ വേദന കൂടിക്കൂടി വന്നു. അദ്ദേഹം തന്റെ അവസാന പ്രയോഗമായി തലയിൽ തേയ്ക്കുവാൻ ഒരു എണ്ണയും തന്ന് എന്നെ പറഞ്ഞയച്ചു. ആ എണ്ണ തേച്ചതോടെ അതുവരെ അനുഭവിക്കാത്ത അതികഠിനമായ വേദന വീണ്ടും ആരംഭിച്ചു. "യേശു അപ്പാ ഇനിയും ഞാൻ എന്തു ചെയ്യണം" എന്ന് നിലവിളിച്ച് കരഞ്ഞു പറഞ്ഞു. അപ്പോൾ ദൈവം എന്നോട് ശാന്ത സ്വരത്തിൽ ഇങ്ങനെ പറഞ്ഞു, "കർത്താവായ യേശുവിൽ വിശ്വസിക്ക മാത്രം ചെയ്യുക. എന്നാൽ നീ സൗഖ്യമാകും. നീ തേച്ചിരിക്കുന്ന എണ്ണ നിനക്കു വിഷമായിത്തീർന്നിരിക്കുന്നു. അത്

നീ കഴുകി കളയുക.'' അപ്പോൾത്തന്നെ ഞാൻ എഴുന്നേറ്റ് തലയിലെ എണ്ണ മുഴുവൻ സോപ്പുതേച്ചു കഴുകിക്കളഞ്ഞു. അത്ഭുതം എന്നു പറയട്ടെ. ഉടൻ തന്നെ എന്റെ തലവേദന പൂർണ്ണമായി മാറിപ്പോയി. മാത്രമല്ല എന്റെ തലയിലെ സകല കേടുകളും പൂർണ്ണമായി എന്റെ യേശു അപ്പൻ എടുത്തു മാറ്റിത്തന്നു. അതിനുശേഷം ഇന്നുവരെ ആ തലവേദന എനിക്ക് വന്നിട്ടേയില്ല. ഈ കഷ്ടങ്ങളിലൂടെയും ദൈവനാമം എന്നിലൂടെ മഹത്വപ്പെടുകയാണ് ചെയ്തത്.

മേൽ വിവരിച്ചതു കൂടാതെ എന്നെ ഭൂമുഖത്തു നിന്നും തുടച്ചു മാറ്റികളയുവാനും ഈ ദേശത്തു നിന്ന് ഓടിച്ചു കളയാനും പൈശാചിക ശക്തികളെ നിരന്തരം ഇളക്കി വിട്ടുകൊണ്ടിരുന്ന മാനുഷിക എതിരുകൾ അസംഖ്യമാണ്. പൈശാചിക ശക്തികളുടെ എതിരുകളെക്കാൾ അസഹനീയ മായ എതിരുകളും കഷ്ടങ്ങളും മറ്റുപ്രതികൂലങ്ങളും ചില മനുഷ്യരിൽ നിന്നുമാണ് അനുഭവിക്കേണ്ടി വന്നിട്ടുള്ളത്. അങ്ങനെ കാരണം കൂടാതെ അവരിൽ നിന്നും നേരിട്ടു കൊണ്ടിരുന്ന സഹിക്കാൻ കഴിയാത്ത എതിരുകൾ ദീർഘ ക്ഷമയോടെ സഹിക്കാൻ ദൈവം കൃപ തന്നു. എന്നാൽ ഞങ്ങൾ ആരും അവർക്കെല്ലാം നന്മയല്ലാതെ യാതൊരു വിധ തിന്മയും ചെയ്തിട്ടില്ല. എങ്കിലും ഈ കഷ്ടതകളെല്ലാം ആ അസൂയാലുക്കളിൽ നിന്നും ഏറി വന്നപ്പോൾ സഹിക്കുവാൻ കഴിയാതെ ഞാൻ, "യേശു അപ്പാ എന്തിന് എന്നെ ഇങ്ങനെ ഇവിടെ കൊണ്ടിട്ടു കഷ്ടപ്പെടുത്തുന്നു'' എന്ന് കരഞ്ഞു ചോദിച്ചു. അപ്പോൾ ശാന്തസ്വരത്തിൽ എന്റെ യേശു ഇങ്ങനെ പറഞ്ഞു, "പ്രതികാരം എനിക്കുള്ളത്. ഞാനാണ് നിന്നെ ഇവിടെ കൊണ്ടു വന്നു പാർപ്പിച്ചിരിക്കുന്നത്. നിന്നിൽകൂടി അനേക കാര്യങ്ങൾ ഇവിടെ വച്ച് എനിക്ക് ചെയ്ത് തീർക്കാനുണ്ട്'', അതു കേട്ടപ്പോൾ അളവറ്റ സ്വർഗ്ഗീയ സമാധനവും അതീവ സന്തോഷവും എനിക്ക് എന്റെ യേശുവപ്പൻ തന്നു. അങ്ങനെയാണ് ഒരു സാക്ഷിയായി ഫലം കായ്ക്കാൻ ദൈവം ഈ ദേശത്ത് എന്നെ നിർത്തിയിരിക്കുന്നത്.

നാം ഇരിക്കുന്നതും എഴുന്നേൽക്കുന്നതും ദൈവം

ദൂരത്തു നിന്ന് ഗ്രഹിക്കുന്നു. മഹാ ദൈവത്തിനു മുമ്പിൽ വിശുദ്ധിയോടുകൂടി വിശ്വസ്തതയോടെ ജീവിച്ച് നമുക്ക് ദാനമായി തന്ന ജീവിതം ധന്യമാക്കാം.

ഭാഗം - 4

# സ്നാനത്തിലേയ്ക്ക് നടത്തിയ വിധം

ഇത്രയൊക്കെയായിട്ടും മുഴുകൽ സ്നാനം എടുക്കണമെന്ന ഒരു ചിന്തപോലും എനിക്ക് ഇല്ലായിരുന്നു. അപ്പോൾ ധരിച്ചിരുന്ന ചെറുതായ ആഭരണങ്ങൾ മാറ്റാൻ എനിക്ക് തോന്നിയിട്ടേ ഇല്ല. എന്റെ സഭയിലെ പാസ്റ്റർമാർ മാർക്കോസ് 16:16-ൽ കാണുന്ന, "വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും." എന്നീ വചനങ്ങളിലൂടെ മുഴുകൽ സ്നാനം എടുക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് പ്രസംഗിച്ചിരുന്നു. എന്നാൽ ആഭരണങ്ങൾ മാറ്റുന്നത് എനിക്ക് ഒട്ടും ഇഷ്ടമില്ലാതിരുന്നതിനാൽ മുഴുകൽ സ്നാനം എടുക്കുന്നത് ഞാൻ നിഷേധിച്ചിരുന്നു. മാത്രമല്ല എന്റെ ചെറുപ്പത്തിൽ ശിശുസ്നാനം അഥവാ തളിപ്പു സ്നാനം അന്നു ഞാൻ പോയിക്കൊണ്ടിരുന്ന സി.എസ്.ഐ.പള്ളിയിൽ നിന്നും എടുത്തിരുന്നതുമാണ്. എന്നാൽ മുമ്പ് ഞാൻ എടുത്തിരുന്ന ശിശുസ്നാനം അഥവാ തളിപ്പു സ്നാനം ദൈവം അംഗീകരിച്ചിട്ടില്ല എന്ന് എനിക്ക് അപ്പോൾ പൂർണ്ണമായി മനസ്സിലായി. എങ്കിലും ആ നാളുകളിൽ ഞാൻ യേശു കർത്താവിനോട് എന്തു ചോദിച്ചാലും എനിക്ക് തന്നിരുന്നു. അപ്പോൾ ഒരു നാൾ രാത്രി സ്വപ്നത്തിൽ യേശു എന്റെ അടുക്കൽ വന്നിട്ട്, "നീ ചോദിക്കുന്നതൊക്കെയും ഞാൻ നിനക്ക് ചെയ്ത് തരുന്നു. നീ എനിക്ക് എന്ത് തന്നു" എന്ന് എന്നോട് ചോദിച്ചു. അതിനു ഉത്തരമായി ഞാൻ "എന്റെ യേശു അപ്പാ അപ്പന് എല്ലാം ഉണ്ടല്ലോ. അങ്ങാണല്ലോ ഞങ്ങൾക്ക് എല്ലാം തരുന്നത്. പിന്നെ ഞാൻ എന്തു തരാനാണ്", എന്നു പറഞ്ഞപ്പോൾ തന്നെ ഞാൻ എന്റെ ദേഹവും ദേഹിയും

ആത്മാവും എല്ലാം സമ്പൂർണ്ണമായി യേശുവിനു വേണ്ടി സമർപ്പിച്ചു.

ചില നാളുകൾ കഴിഞ്ഞപ്പോൾ ഒരു രാത്രി സ്വപ്നത്തിൽ എന്റെ ഭർത്താവ് മരിച്ചു കിടക്കുന്ന കാഴ്ച ഞാൻ കണ്ടു. അപ്പോൾ ഞാൻ അതിവേദനയോടെ എന്റെ ഭർത്താവിന്റെ ജീവനെ തരണമേ എന്ന് നിലവിളിച്ച് കരഞ്ഞു. ഉടനെ കർത്താവ് എന്നോട് "നീയും നിന്റെ ഭർത്താവും ഒരുമിച്ച് സ്നാനം എടുക്കാൻ തീരുമാനിക്ക" എന്നു പറഞ്ഞു. അങ്ങനെ ഞാൻ, "ഞങ്ങൾ ഒരുമിച്ച് സ്നാനം എടുത്തുകൊള്ളാം" എന്ന് പറഞ്ഞു. ഉടൻ മരിച്ചു കിടന്ന എന്റെ ഭർത്താവ് ജീവൻ പ്രാപിച്ചവനായി കണ്ട് ഉറക്കമുണർന്നു. എങ്കിലും സ്നാനം എടുക്കാതെ ഒരു മാസം കഴിഞ്ഞപ്പോൾ അതേ കാഴ്ച കർത്താവ് എന്നെ വീണ്ടും കാണിച്ചു. അപ്പോഴും ഞങ്ങൾ ഒരുമിച്ച് സ്നാനം എടുത്തു കൊള്ളാം എന്ന് പറഞ്ഞു. എന്നിട്ടും തുടർന്നുള്ള ഏഴു മാസക്കാലം ആയിട്ടും ഞങ്ങൾക്ക് സ്നാനം എടുക്കുവാൻ മനസ്സുവന്നില്ല. ഉടൻ തന്നെ നന്നായി നടന്നുകൊണ്ടിരുന്ന എന്റെ ഭർത്താവിന്റെ കച്ചവടം പെട്ടെന്ന് തകർന്നുപോയി. അതോടു കൂടെ ഞങ്ങളുടെ സകല വരുമാന മാർഗ്ഗങ്ങളും അടഞ്ഞുപോയി. എന്റെ ഭർത്താവ് പൂർണ്ണ നിരാശയിലായി തീർന്നു. ആ തകർച്ചയ്ക്ക് കാരണം എന്ത് എന്നു ഞാൻ ദൈവത്തോടു ചോദിച്ചു. അപ്പോൾ ദൈവം എന്നോട്, "നിന്റെ തീരുമാനങ്ങൾ പുതുക്കി എടുക്കുക. വെള്ളത്താലും ആത്മാവിനാലും ജനിക്കാത്തവൻ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല" എന്നു പറഞ്ഞു കേൾപ്പിച്ചു. അപ്പോൾ ഞാൻ അതിനെക്കുറിച്ച് ചിന്തിക്കുവാൻ തുടങ്ങി. ഞങ്ങൾ ഇത്രമാത്രം കഷ്ടം സഹിച്ചതും ഇടുക്കവും ഞെരുക്കവുമായി, ദൈവ ഭയത്തോടും വിശുദ്ധിയോടും വിശ്വസ്തതയോടും ജീവിച്ചതും സ്വർഗ്ഗ രാജ്യത്തിൽ ഒരു ചെറിയ സ്ഥാനമെങ്കിലും കിട്ടണമെന്ന ആശയോടുകൂടെ മാത്രമായിരുന്നു. "അതിനു സ്നാനമെടുത്തേ മതിയാകൂ എങ്കിൽ ഉടനെ ഞങ്ങൾ അത് ചെയ്യും" എന്ന് സമർപ്പിച്ചു. ഞങ്ങളുടെ ശാലേംപുരി സഭയിൽ രക്ഷിക്കപ്പെട്ട

വരായി തീർന്നിട്ട് ആഭരണവും ആർഭാട ജീവിതവും ഉപേക്ഷിച്ച് നല്ല മാതൃകയോടെ ജീവിച്ചിരുന്നവർക്കു മാത്രമേ സ്നാനം കൊടുത്തിരുന്നുള്ളൂ. പിന്നെ ഒട്ടും വൈകാതെ ഞങ്ങളുടെ ഹൃദയം പൂർണ്ണമായി ദൈവത്തിനായി സമർപ്പിച്ചുകൊണ്ട് ആർഭാട ജീവതവും ആഭരണങ്ങൾ അണിയുന്നതും പൂർണ്ണമായി ഉപേക്ഷിച്ചിട്ട് ഞങ്ങളുടെ പാസ്റ്ററായ എഡ്വിൻ കനകരാജ് അവർകളുടെ കൈക്കീഴിൽ ഞങ്ങൾ ഇരുവരും ഒരുമിച്ച് മുഴുകൽ സ്നാനം ഏറ്റ് മഹാസന്തോഷത്തിലായി. തുടർന്ന് തകർന്നു പോയിരുന്ന ഞങ്ങളുടെ കച്ചവടം വീണ്ടും അത്ഭുതകരമായി വളരാൻ തുടങ്ങി. എങ്കിലും അത്യാവശ്യം വീട്ടുകാര്യങ്ങൾ നടക്കും എന്ന വരുമാനമല്ലാതെ സമൃദ്ധിയായി നന്മ ഒന്നും ലഭിച്ചിരുന്നില്ല.

തകർച്ചകളെല്ലാം തന്നെ മാറ്റി വളർച്ച തരുന്ന സർവ്വശക്തനിൽ ഞങ്ങൾ പൂർണ്ണമായി വിശ്വസിച്ചു. ഞങ്ങൾക്ക് ഉണ്ടായിരുന്ന കച്ചവടം ദൈവം വളർത്തിയതു മാത്രമല്ല, എന്റെ കുടുംബത്തിനും മറ്റ് കാര്യങ്ങൾക്കുമായി ചെലവാക്കാനുള്ള സമൃദ്ധിയും ദൈവം തന്നു. ഹല്ലേലൂയ്യാ തിരുനാമം മഹത്വപ്പെടുമാറാകട്ടെ.

# പരിശുദ്ധാത്മാവു പ്രാപിച്ചത്

അതുവരെയും എന്നിലൂടെ നടന്ന വീര്യപ്രവർത്തികളെല്ലാം ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ തന്നെയാണ് സംഭവിച്ചത്. എങ്കിലും അന്യഭാഷ അടയാളത്തോടുകൂടെയുള്ള പരിശുദ്ധാത്മാവിന്റെ കവിഞ്ഞൊഴുകുന്ന നിറവ് പ്രാപിച്ചിട്ടില്ലായിരുന്നു. 1989-ൽ സഭയിൽ നടന്നു കൊണ്ടിരുന്ന ഉപവാസ പ്രാർത്ഥനാ സമയത്ത് ജനങ്ങളെല്ലാം ആത്മനിറവിൽ ശക്തിയായി ആരാധിച്ചുകൊണ്ടിരുന്നു. തേജസ്സേറിയ ഒരു പ്രാവ് പ്രത്യക്ഷപ്പെട്ടു. അപ്പോൾ ആ പ്രത്യക്ഷപ്പെട്ട പ്രാവിൽ നിന്നും തേജസ്സേറിയ തീ ഒഴുകി കൊണ്ടിരുന്നത് ഞാൻ കണ്ടു. അപ്പോൾ ഞാൻ യേശു അപ്പാ, ഈ പ്രാവ് എന്റെ ഹൃദയത്തിൽ വരണമേ എന്ന് ആർത്തിയോടെ പ്രാർത്ഥിച്ചു. ഉടൻ തന്നെ ആ പ്രാവ് എന്റെ ഹൃദയത്തിനകത്തു പറന്നു വന്നു കയറി വസിച്ച അനുഭവം എനിക്കുണ്ടായി. ആ സമയത്ത് ഞാൻ അനുഭവിച്ച മഹാസന്തോഷം വർണ്ണിക്കാൻ സാദ്ധ്യമല്ല. ഉടൻ തന്നെ ഞാൻ അതുവരെ ഒരിക്കലും ഉച്ചരിക്കാത്ത ഒരു പുതുഭാഷ നിർത്തുവാൻ കഴിയാത്ത വിധത്തിൽ പറയുവാൻ തുടങ്ങി. എന്റെ ദേഹവും ദേഹിയും ആത്മാവും ആ തീയിൽ എരിഞ്ഞിട്ട് ഞാൻ ഒരു പുതിയ സൃഷ്ടിയായി തീർന്ന ഒരു മഹാസന്തോഷവും സമാധാനവും അനുഭവിച്ചു. മത്തായി 3:11-ൽ എഴുതിയിരിക്കുന്ന പ്രകാരമുള്ള അഗ്നിഅഭിഷേകമാണ് എനിക്കു ലഭിച്ചതെന്ന് മനസ്സിലായി. "അവൻ നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനം ഏല്പിക്കും."

# പരിശുദ്ധാത്മാവ് നഷ്ടപ്പെട്ടതും തിരികെ പ്രാപിച്ചതും

ഞാൻ പരിശുദ്ധാത്മാഭിഷേകം പ്രാപിച്ച് രണ്ടു വർഷം കഴിഞ്ഞപ്പോൾ വീട്ടിൽ ഓലമെടഞ്ഞു കൊണ്ടിരുന്ന ഒരു സഹോദരി രസകരമായി ചില നുണകൾ എന്നോട് പറഞ്ഞു കേൾപ്പിച്ചു. ഞാൻ അതിൽ രസിച്ചു ചിരിച്ചു കൊണ്ട് വീണ്ടും വീണ്ടും കേൾക്കുവാൻ താത്പര്യപ്പെട്ടു. "ചീത്തത്തരം, പൊട്ടച്ചൊൽ, കളിവാക്ക് ഇങ്ങനെ ചേർച്ചയല്ലാത്ത ഒന്നും അരുത് സ്തോത്രമത്രെ വേണ്ടത്" (എഫെസ്യർ 5:4) എന്ന വചന പ്രകാരം ദൈവം അത് എന്റെ മേൽ കുറ്റകരമായി കണക്കാക്കി. അന്ന് സന്ധ്യാ പ്രാർത്ഥനാ സമയത്ത് പാട്ടുപാടിക്കൊണ്ടിരുന്നപ്പോൾ എനിക്ക് ആത്മാവിൽ സന്തോഷിക്കാൻ കഴിഞ്ഞില്ല. എങ്കിലും കണ്ണു തുറക്കാതെ ഏറെനേരം ഏകാഗ്രതയോടെ പ്രാർത്ഥിച്ചു കൊണ്ടിരുന്നു. അപ്പോൾ ഒരു ദർശനത്തിൽ ഒരു കുളത്തിലെ തെളിഞ്ഞ നിർമല ജലത്തിൽ ഒരു കൂട്ടം മീനുകൾ ചാടിക്കളിച്ചു കൊണ്ട് ചുറ്റി ക്കറങ്ങുന്ന കാഴ്ച കാണുകയുണ്ടായി. എന്നാൽ പെട്ടെന്ന് അത് കലക്കവെള്ളമായിത്തീർന്നിട്ട് ആ മീനുകളെല്ലാം ചത്തു മലർന്നു കിടക്കുന്നതായി കണ്ടു. അതു കണ്ടു ഞാൻ ദു:ഖിച്ചുകൊണ്ട് ഇതെന്താണ് കർത്താവേ എന്ന് ചിന്തിച്ചപ്പോൾ ഒരു ദൈവശബ്ദം ഇങ്ങനെ ഉണ്ടായി. "നീ പ്രാപിച്ച പരിശുദ്ധാത്മാവ് നീ നഷ്ടമാക്കിക്കളഞ്ഞു." അതുകേട്ട് അതിവേദനയോടെ ഞാൻ കരയുവാൻ തുടങ്ങി. "കർത്താവേ, ആ പൊട്ടച്ചാൽ കേട്ട് എന്റെ പരിശുദ്ധാത്മാവിനെ നഷ്ടമാക്കിയത് എന്നോട് ക്ഷമിക്കേണമേ. ആ പരിശുദ്ധാത്മാവിനെ തിരികെ ത്തന്നല്ലാതെ ഞാൻ അങ്ങയെ വിടുകയില്ല" എന്ന് യേശു കർത്താവിന്റെ ആണിപ്പഴുതുള്ള പാദങ്ങളിൽ കെട്ടിപ്പിടിച്ചു

കൊണ്ട് പരിസരം മറന്ന് ഹൃദയം തകർന്ന് നിലവിളിച്ചു കൊണ്ട് ഏറെ നേരം കരഞ്ഞു പ്രാർത്ഥിക്കുവാൻ തുടങ്ങി. അന്ന് കളി വാക്കുകൾ കേട്ടു രസിച്ചത് ദൈവത്തിന് ഇഷ്ടമായില്ല എന്ന് എനിക്ക് ബോധ്യമായിട്ട് അത് ഏറ്റു പറഞ്ഞ് ക്ഷമ ചോദിച്ചു. ''എനിക്കു തന്ന പരിശുദ്ധാത്മാവിനെ ഇനി ഒരിക്കലും ഞാൻ നഷ്ടപ്പെടുവാൻ ഇടവരുത്തുകയില്ല'' എന്ന് കരഞ്ഞു പ്രാർത്ഥിച്ചു കൊണ്ടിരുന്നു. അങ്ങനെ ചില മണിക്കൂറുകൾ കഴിഞ്ഞപ്പോൾ പെട്ടെന്ന് എന്റെ യേശു പരിശുദ്ധാത്മാവിനെ എനിക്കു മടക്കിത്തന്നു. ഉടനെ ആ നിർമല ജലമുള്ള കുളവും അതിൽ കളിച്ചുകൊണ്ടിരുന്ന ചത്തു പോയ അതേ മത്സ്യങ്ങളും വീണ്ടും ജീവിച്ചു കളിക്കുന്ന കാഴ്ചയും കർത്താവ് എനിക്ക് കാണിച്ചു തന്നു. അപ്പോൾ തന്നെ ഞാൻ വീണ്ടും ആത്മസന്തോഷം പ്രാപിച്ച് ആനന്ദത്തിലായി. ''തന്റെ ലംഘനങ്ങളെ മറച്ചുവയ്ക്കുന്നവന് ശുഭം വരികയില്ല. അത് ഏറ്റു പറഞ്ഞ് ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും'' (സദൃശ്യ 28:13) ഈ തിരുവചനപ്രകാരമാണ് എനിക്ക് എന്റെ ആ സന്തോഷം തിരികെ ലഭിച്ചത്. അതിനു ശേഷം ഇന്നുവരെ എന്റെ വാക്കിലും പ്രവർത്തിയിലും എന്നെ തന്നെ സൂക്ഷിച്ച് ദൈവഹിതപ്രകാരം നിലനിന്നു പോരുവാൻ ദൈവം സഹായിക്കുന്നു.

# പരസ്യ സാക്ഷിയായി ഇറങ്ങി

മേൽ വിവരിച്ച സംഭവങ്ങൾക്ക് രണ്ടു വർഷത്തിനു ശേഷം ഒരു രാത്രി ദർശനത്തിൽ യേശു എന്നോട്, ''നീ ഇനി ലോകത്തിൽ എന്റെ സാക്ഷിയാകണം'' എന്നു പറഞ്ഞു. ആ സമയത്ത് ഞാൻ എങ്ങനെ സാക്ഷിയായി തീരണം എന്നും എന്തു സാക്ഷിയായി തീരണം എന്നും ചിന്തിച്ച്, ''എന്തു സാക്ഷി പറയണമെന്ന് എനിക്കറിഞ്ഞുകൂടാ കർത്താവേ'' എന്നു പറഞ്ഞു. അതിന് മറുപടിയായി ''ഞാൻ നിന്നെ എങ്ങനെ സ്നേഹിച്ചു എന്നും ഏതു വിധത്തിൽ സ്നേഹിച്ചു'' എന്നും ചോദിച്ചു. മാത്രമല്ല, ''നിനക്ക് എന്നെക്കുറിച്ച് മറ്റുള്ളവരോട് ഒന്നും പറയുവാനില്ലേ?'' എന്നും കർത്താവ് എന്നോട് ചോദിച്ചു. അതിനു ഞാൻ പെട്ടെന്ന് ഇങ്ങനെ മറുപടി പറഞ്ഞു. ''യേശു അപ്പാ ഇതാണ് സാക്ഷി എങ്കിൽ ഒന്നല്ല പറഞ്ഞു തീർക്കാൻ കഴിയാത്ത വിധത്തിൽ എത്രയോ അത്ഭുതങ്ങൾ ചെയ്തു തന്ന സാക്ഷ്യങ്ങൾ എനിക്ക് പറയുവാനുണ്ട്.'' തുടർന്ന് ഒരു രാത്രി സ്വപ്നത്തിൽ കടലിനു നടുവിൽ ഒരു പാറപ്പുറത്ത് ഒരു വെള്ള സാരി ഉടുത്ത് കയ്യിൽ ഒരു ബൈബിളും പിടിച്ചു കൊണ്ട് ഞാൻ നിൽക്കുന്നതായി കണ്ടു. അപ്പോൾ എന്റെ മുമ്പിൽ കണ്ട ഒരു വൃദ്ധ മാതാവിനോട് ദൈവം എനിക്കു ചെയ്തുതന്ന ഉപകാരങ്ങളെക്കുറിച്ച് സാക്ഷ്യം പറയുന്നതും ആ മാതാവ് അതീവ സന്തോഷത്തോടെ കേൾക്കുന്നതും കണ്ടു. ഇതിൽ നിന്നും രക്ഷിതഗണമെല്ലാം യേശുവിന്റെ സാക്ഷികളായി തീരണമെന്നത് ദൈവത്തിന്റെ ആഗ്രഹമാണെന്നു ഞാൻ മനസ്സിലാക്കി. എന്നാൽ ആ നാളുകളിൽ ഞങ്ങൾ വളരെ കഷ്ടത്തിലും ഞെരുക്കത്തിലുമാണ് കഴിഞ്ഞിരുന്നത്. അരിഷ്ടിച്ചുള്ള ചിലവു കഴിഞ്ഞ് ഓരോ ദിവസവും ഒരു പൈസപോലും മാറ്റി വയ്ക്കുവാൻ ഇല്ലായിരുന്നു. എനിക്ക് ഉടുക്കുവാൻ ഒരുനല്ല

വസ്ത്രമോ ഒരു ബൈബിളോ യാത്രാക്കൂലിക്ക് പൈസയോ ഒന്നും ഇല്ലല്ലോ എന്ന് ഞാൻ ചിന്തിച്ച് ഭാരപ്പെട്ടു. അങ്ങനെ ഒരു വർഷം ആയിട്ടും ഞങ്ങൾക്കു സാക്ഷിയായി പോകുവാൻ കഴിഞ്ഞില്ല. അതിനു ശേഷം ഒരു രാത്രി വളരെ കോപിഷ്ഠനായി യേശുകർത്താവ് എന്റെ മുന്നിൽ വന്നു നിന്നിട്ട് ''ഇനിയും നീ എന്റെ സാക്ഷിയായി പോകാതിരുന്നാൽ ഞാൻ നിന്നെ അടിക്കും'', എന്ന് ഗർജ്ജിച്ചുകൊണ്ട് പറയുന്നതായി ഞാൻ കാണുകയും കേൾക്കുകയും ചെയ്തു. ഞാൻ ഭയപ്പെട്ട് വിറച്ചു പോയി. അതിൽ പിന്നെ അതുപോലെ എന്റെ യേശു അപ്പൻ എന്നോട് കോപിക്കാൻ ഒരിക്കലും ഞാൻ ഇടവരുത്തിയിട്ടില്ല. ഞാൻ ഭയപ്പെട്ട് തിടുക്കത്തോടെ ഒരുങ്ങുന്നതായി കണ്ടു. അപ്പോൾ വേറൊരാൾ (പരിശുദ്ധാത്മാവ്) നിന്നു കൊണ്ട്, ''അവൾ പോകുവാൻ ഒരുങ്ങുന്നല്ലോ അതുകൊണ്ട് ഇപ്പോൾ അടിക്കണ്ട'' എന്നു പറഞ്ഞു. യേശു എന്നോട്, ''ഇനി നീ എന്റെ സാക്ഷിയായി പോയില്ലെങ്കിൽ ഞാൻ അടിക്കും'' എന്നു പറഞ്ഞ് രണ്ടു കൈകൊണ്ടും എണ്ണിതീർക്കുവാൻ കഴിയാത്ത അത്രയും രൂപയുടെ നോട്ടുകൾ എന്റെ കയ്യിലേയ്ക്ക് നീട്ടി. ഞാൻ എന്റെ ഇരുകൈകളും നീട്ടി അതു വാങ്ങിക്കൊണ്ടു പോകുമ്പോൾ കയ്യിൽ ഒതുങ്ങാതെ നിറഞ്ഞു കവിഞ്ഞുവീണുകൊണ്ടിരുന്നു. മാത്രമല്ല ഞാൻ അതുമായി നടന്നുപോകുമ്പോൾ കർത്താവ് എന്നോടു കൂടെ വരുന്നതായും ഞാൻ കണ്ടു. ഉടനെ ഞാൻ ഞെട്ടി ഉണർന്ന് ഭയപ്പെട്ട് ഏങ്ങിക്കരഞ്ഞു. ഒന്നിനും ഗതിയില്ലാത്ത ഞാൻ എങ്ങനെ അവന്റെ സാക്ഷിയായിപോകും എന്ന് ചിന്തിച്ചാണ് അലറി വിളിച്ച് കരഞ്ഞത്. ആ ശബ്ദം കേട്ട് എന്റെ ഭർത്താവ് ഞെട്ടിയുണർന്നു. ഞാൻ കണ്ട കാഴ്ച മുഴുവൻ വിവരിച്ചു പറഞ്ഞു കേൾപ്പിച്ചു. ഇനിയും നമ്മൾ സാക്ഷിയായി പോകാതിരുന്നാൽ കർത്താവ് നമ്മെ അടിക്കും. അതു കേട്ട് അദ്ദേഹം നമുക്ക് എങ്ങനെയെങ്കിലും പോകാം എന്നു പറഞ്ഞു ആശ്വസിപ്പിച്ചു. ആ ഞായറാഴ്ച ഞാൻ എന്റെ സഭയിൽ ഈ കാഴ്ച പറഞ്ഞിട്ട് ഞങ്ങൾ കർത്താവിനെ സാക്ഷിക്കുവാൻ പോകുന്ന തീരുമാനവും അറിയിച്ചു.

അതുകേട്ട് ഞങ്ങളുടെ പാസ്റ്റർ ഞങ്ങളെ ധൈര്യപ്പെടുത്തുകയും സംഘടനയിലെ മറ്റു സഭകളിൽ പോകുമ്പോൾ അവിടെയുള്ള പാസ്റ്റർമാർക്ക് ഞങ്ങളെ പരിചയപ്പെടുത്തുന്ന കത്ത് തരികയും ചെയ്തു. മാത്രമല്ല സഭകളിൽ പോകുന്നതിനുള്ള വഴി വിവരവും എഴുതിത്തന്നു. ഞങ്ങളെ പ്രാർത്ഥിച്ച് അനുഗ്രഹിച്ച് അയച്ചു. ഭവനത്തിൽ വന്നിട്ട് ഒരു രൂപ പോലും കയ്യിലില്ലാതെ വെറും കൈയ്യോടെ എങ്ങനെ പോകും എന്ന് ചിന്തിച്ച് കരഞ്ഞു. ബസ്സു കൂലി കൊടുക്കാനോ ഒരു നാരങ്ങ വെള്ളമെങ്കിലും വാങ്ങാനോ ഒരു പൈസപോലും ഇല്ലെങ്കിലും നമ്മുക്ക് അടുത്ത ഞായറാഴ്ച മുതൽ വിശ്വാസത്താൽ ഇറങ്ങി തിരിക്കാം എന്ന് എന്റെ ഭർത്താവിനോട് ഞാൻ പറഞ്ഞു. വിശപ്പും ദാഹവും വരുമ്പോൾ പൈപ്പുവെള്ളവും കുടിച്ചു കൊണ്ട് നടക്കാം എന്നു തീരുമാനിച്ചു. അതിനടുത്ത ഞായറാഴ്ച തന്നെ ഞങ്ങൾ ആദ്യമായി പത്ത് കിലോമീറ്റർ നടന്ന് ഞങ്ങളുടെ സംഘടനയിലെ പയറ്റുവിള സഭയിൽ എത്തിച്ചേർന്നു. വളരെ സന്തോഷത്തോടെ തിരികെ നടന്നു ഭവനത്തിലെത്തി. അതിനെത്തുടർന്ന് ഒന്നിടവിട്ടുള്ള ഞായറാഴ്ചകളിൽ ഈ സംഘടനയിലെ നാൽപ്പതോളം സഭകളിൽ പോയി ആത്മശക്തിയോടെ സാക്ഷിക്കുവാൻ ദൈവം ഞങ്ങളെ ബലപ്പെടുത്തി. ആ പ്രവർത്തനത്തിൽ പല സഭകളെക്കുറിച്ചും വ്യക്തികളെകുറിച്ചുമുള്ള സ്പഷ്ടമായ വെളിപ്പാടുകൾ ദൈവം തന്നിരുന്നത് അവിടെ അറിയിച്ചതു നിമിത്തം അവരെല്ലാം അനുഗ്രഹിക്കപ്പെട്ടതായുള്ള സാക്ഷ്യം കേട്ട് ഞങ്ങൾ ദൈവത്തെ സ്തുതിച്ചു. "യഹോവാഭക്തന് ദൃഢ ധൈര്യം ഉണ്ട്. അവന്റെ മക്കൾക്കു ശരണം ഉണ്ടാകും" (സദൃ:14:26).

"യഹോവ എന്റെ പ്രാർത്ഥനയും യാചനകളും കേട്ടതുകൊണ്ട് ഞാൻ അവനെ സ്നേഹിക്കുന്നു. അവൻ തന്റെ ചെവി എങ്കലേയ്ക്ക് ചായിച്ചതുകൊണ്ട് ഞാൻ ജീവ കാലമൊക്കെയും അവനെ വിളിച്ചപേക്ഷിക്കും. യഹോവ എനിക്ക് ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവന് എന്തു പകരം കൊടുക്കും. ഞാൻ രക്ഷയുടെ പാനപാത്രം എടുത്ത്

യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും.” (സങ്കീ:116:12,13) എന്റെ സകല പ്രാർത്ഥനകൾക്കും യേശു കർത്താവ് മറുപടി നൽകി എന്നെ രക്ഷിച്ചു. അങ്ങനെ യേശു രക്ഷകന്റെ വലിയ സാക്ഷിയായി തീരുവാൻ ദൈവം എന്നെ സഹായിച്ചു.

# പ്രതിഫലത്തിന്റെ ആരംഭം

ഞങ്ങൾക്ക് രണ്ടു മക്കളാണുള്ളത്. ഞങ്ങൾ സഭകളിൽ യേശുവിനെ സാക്ഷിക്കുവാൻ തുടങ്ങിയപ്പോൾ വെറും ബാലനായിരുന്ന ഞങ്ങളുടെ മകൻ ജയപ്രകാശിന് വലിയ ലോഡുകൾ കയറ്റി സൈക്കിൾ ചവിട്ടി അവിടവിടെയായി കൊണ്ടെത്തിച്ച് കൂലി വാങ്ങുവാനുള്ള ശക്തി ദൈവം നൽകി. ആ വരുമാനം ഞങ്ങൾക്ക് ആശ്വാസമായിത്തീർന്നു. അപ്പോൾ മുതൽ ഇന്നുവരെ ഞങ്ങൾ അവനെ പഠിപ്പിച്ചിരുന്നതുപോലെ, വരുമാനത്തിന്റെ ദശാംശം ദൈവാലയത്തിൽ സമർപ്പിച്ചു വരുന്നു. അതോടുകൂടിത്തന്നെ മകൻ പത്താം ക്ലാസ് പാസ്സായി. ഞങ്ങൾ സാക്ഷിയ്ക്കായി പോകുവാൻ തുടങ്ങി. നാലു സഭ പൂർത്തിയായപ്പോൾ തന്നെ മകന് ഒരു കമ്പനിയിൽ സെക്യൂരിറ്റി യായി ചെറിയ ജോലി കിട്ടി. അവിടെ നിന്ന് ആദ്യത്തെ ശമ്പളമായി 450 രൂപ ലഭിച്ചു. മകൾക്കും ഒരു പ്രൈവറ്റ് ആശുപത്രിയിൽ നഴ്സായി ജോലി ലഭിച്ചു. മകൻ സെക്യൂരിറ്റിയായി ജോലി ചെയ്തു വന്നതോടുകൂടി തന്നെ ഡ്രൈവിംഗ് പഠിച്ചു. അവന്റെ അദ്ധ്വാനം കൊണ്ടുതന്നെ സ്വന്തമായി ഒരു ഓട്ടോറിക്ഷ വാങ്ങുവാൻ ദൈവം അവനെ സഹായിച്ചു. അതാണ് അവന് ലഭിച്ച ആദ്യത്തെ വാഹനം. നിന്റെ ഹൃദയത്തിലെ ആഗ്രഹം അവൻ നിനക്ക് നൽകട്ടെ. ''നിന്റെ താല്പര്യം ഒക്കെയും നിവർത്തിക്കട്ടെ. യഹോവ നിന്റെ അപേക്ഷകൾ ഒക്കെയും നിവർത്തിക്കുമാറാകട്ടെ.'' (സങ്കീ. 20: 3, 4, 5, 6) ഞങ്ങളുടെ പ്രാർത്ഥനകളും യാചനകളും ദൈവം കേട്ടു മനസ്സലിഞ്ഞ് മറുപടി തന്നു. ഞങ്ങളുടെ ഹൃദയത്തിലെ ആഗ്രഹപ്രകാരം വരുമാന മാർഗ്ഗങ്ങൾ തന്നുകൊണ്ടിരുന്നു. വിശ്വസ്തരെ പരിപാലിക്കുന്ന ദൈവം ഞങ്ങളെയും ആശ്വസിപ്പിച്ചു.

# വിശ്വാസത്തിന്റെ കഠിനശോധന

ഒരുനാൾ ഞാൻ ശ്രദ്ധയോടെ പ്രാർത്ഥിച്ചു കൊണ്ടിരുന്നപ്പോൾ വിശ്വാസത്തിന്റെ പരിശോധന നിനക്ക് വരാൻ പോകുന്നു എന്ന ഒരു ദൈവശബ്ദം കേട്ടു. പ്രാർത്ഥിക്കുന്നതിനുവേണ്ടി ഈ വിവരം എന്റെ സഭയിൽ അറിയിച്ചു. ഒരു മാസത്തിനു ശേഷം എന്റെ വയറ്റിൽ ഒരു മുഴ ഉണ്ടായിത്തുടങ്ങി. പെട്ടെന്ന് അത് വളർന്നു വലുതായി താങ്ങാൻ കഴിയാത്ത അതിവേദന വർദ്ധിച്ചുകൊണ്ടിരുന്നു. അതുകൊണ്ട് എന്റെ ഭർത്താവും മക്കളും വളരെ ഭാരപ്പെട്ട് അതിനായി ചികിത്സിക്കണം എന്ന് നിർബന്ധിച്ചുകൊണ്ടിരുന്നു. ഞാൻ വിശ്വാസജീവിതത്തിൽ വന്നതിനുശേഷം യാതൊരുവിധ മരുന്നുകളും ഉപയോഗിച്ചിട്ടില്ല. എന്നെ കൊടിയ വിഷപ്പാമ്പ് കടിച്ചിട്ടു പോലും യാതൊരു മരുന്നും കൂടാതെ ദൈവം എന്നെ സൗഖ്യമാക്കിയത് അവരോട് പറഞ്ഞു നോക്കി. ആ വ്യാധി വളർന്നു വലുതായിട്ട് ഒരു പൂർണ്ണ ഗർഭിണിയുടെ വയറുപോലെ വലുതായി തീർന്ന് തൊലിപ്പുറം ചുവന്ന നിറത്തിലായി. അതു കണ്ടു നിന്ന വീട്ടുകാരും വേണ്ടപ്പെട്ടവരും നിർബന്ധമായി എന്നെ എന്റെ മകൾ ജോലി ചെയ്തുകൊണ്ടിരുന്ന അൽ-അരീഫ് ആശുപത്രിയിൽ കൊണ്ടെത്തിച്ചു. ഡോക്ടർമാർ തിടുക്കത്തോടെ സ്കാൻ ചെയ്ത് ഒരു വലിയ കട്ടി (മുഴ) വയറിൽ വളർന്നിരിക്കുന്നതായി കണ്ടുപിടിച്ചു. ഉടൻ ഓപ്പറേഷൻ ചെയ്ത് അത് നീക്കണമെന്ന് ആവശ്യപ്പെട്ടു. ചികിത്സിക്കേണ്ടി വന്നു പോയല്ലോ എന്ന കുറ്റബോധത്തോടും അതി വേദനയോടും മൗനമായി കരഞ്ഞുകൊണ്ടാണ് ഞാൻ കിടന്നത്. ഓപ്പറേഷനു കൊണ്ടുപോയി കിടത്തി. അപ്പോൾ ഒരു പ്രത്യേക തേജസ്സേറിയ പ്രകാശം എന്നെ വന്നു മൂടി. പിന്നെ നടന്നതൊന്നും ഞാൻ അറിഞ്ഞതേ ഇല്ല. ഓർമ്മ വന്നപ്പോൾ

ഒരു മുറിയിൽ എന്റെ ആൾക്കാരുടെ നടുവിൽ കിടക്കുന്നതായി കണ്ടു. എന്റെ വയറ്റിലെ കട്ടി നീക്കിയിരിക്കുന്നതായി പറഞ്ഞു കേട്ടു. 3-ാം ദിവസമായി. മരുന്നു കഴിച്ചു പോയല്ലോ എന്ന നിരാശയോടെ പ്രാർത്ഥിക്കുവാൻ പോലും മനസ്സില്ലാതെയും ആരോടും ഒന്നും സംസാരിക്കാതെയുമാണ് ഞാൻ കിടന്നത്. അപ്പോൾ എന്റെ യേശു അപ്പൻ അടുത്തു വന്ന് തിളങ്ങുന്ന ശോഭയുള്ള ഒരു കപ്പ് എന്റെ കയ്യിൽ തന്നിട്ട്, "ഇതും കൊണ്ട് എന്റെ പിന്നാലെ വരിക", എന്ന് സൗമ്യതയോടെ എന്നോട് പറഞ്ഞു. "ഞാൻ കുറ്റക്കാരിയാണ് വരില്ല കർത്താവേ", എന്ന് ഹൃദയത്തിൽ പറഞ്ഞു. അപ്പോൾ ആ ശബ്ദം അതീവ സൗമ്യതയോടെ വീണ്ടും വിളിച്ചപ്പോൾ ഞാൻ അനുസരിച്ച് യേശുവോടുകൂടെ പോകുന്നതായി കണ്ട് കണ്ണ് തുറന്നു. അതോടുകൂടി ഞാൻ പൂർണ്ണസൗഖ്യം പ്രാപിച്ചതായി അനുഭവപ്പെട്ടു. ആ വ്യാധികളൊന്നും പിന്നെ ഒരിക്കലും എനിക്ക് ഉണ്ടായിട്ടില്ല. എങ്കിലും പൂർണ്ണ ആരോഗ്യം പ്രാപിച്ച് നടക്കുന്നതു വരെ ആശുപത്രിയിൽ കഴിഞ്ഞു. വലിയ ചിലവുള്ള ഓപ്പറേഷനാണ് എനിക്കു നടന്നത്. എങ്കിലും ഒരു രൂപപോലും വാങ്ങാതെ സൗജന്യമായി ചികിത്സിക്കാൻ അക്രൈസ്തവനായ ആ ഡോക്ടറെ ദൈവം എനിക്കായി ഉപയോഗിച്ചു എന്നത് നന്ദിയോടെ രേഖപ്പെടുത്തുന്നു. അന്ന് ദൈവം എന്റെ കയ്യിൽ ഏൽപ്പിച്ച തിളങ്ങുന്ന കപ്പ്, തുടർന്നുള്ള നാളുകളിൽ ആത്മീകമായും ഭൗതീകമായും അനുഗ്രഹമായി തീരുവാൻ ഇടയായത് പിന്നാലെ രേഖപ്പെടുത്താം. പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ. അവൻ കൊള്ളാകുന്നവനായി തെളിഞ്ഞശേഷം കർത്താവ് തന്നെ സ്നേഹിക്കുന്നവർക്ക് വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപിക്കും. (യാക്കോ. 1:12).

ആ കഠിനശോധന സഹിച്ചശേഷം എന്റെ മകളുടെ വിവാഹം എങ്ങനെ നടക്കും എന്ന് ഭാരപ്പെട്ട് പ്രാർത്ഥിച്ചു. സൗമ്യനും ദൈവഭക്തനുമായ സുനിൽ എന്ന യുവാവിനെ ദൈവം എനിക്ക് കാണിച്ചുതന്നതനുസരിച്ച് ആ വിവാഹം മംഗളമായി നടന്നു. അവർ അനഘ എന്നും മേഘ എന്നും പേരുള്ള രണ്ടു പെൺ മക്കളുമായി ദൈവീക സമാധാനവും സന്തോഷവും അനുഭവിച്ചു കഴിയുന്നു.

ഭാഗം –5

# മകനിൽ കൂടെയുള്ള ഉയർച്ച

ഒരിക്കൽ എന്റെ മകനെക്കുറിച്ച് ഭാരപ്പെട്ട് പ്രാർത്ഥിച്ചു കൊണ്ടിരുന്നപ്പോൾ ദൈവം എന്നോട് പറഞ്ഞത് അവൻ ഇയ്യോബിനെപ്പോലെ നിഷ്കളങ്കനും നേരുള്ളവനും ദൈവ ഭക്തനും ദോഷം വിട്ടകലുന്നവനും (ഇയ്യോബ് 1:8) ആണ് എന്നായിരുന്നു. അവനെ ഭൗതീകമായി വീണ്ടും അനുഗ്രഹിച്ച തിനാൽ അവന്റെ കഠിനാധ്വാനത്തിന്റെ ഫലമായി ഒരു ടൂറിസ്റ്റ് കാർ വാങ്ങി. ആവശ്യക്കാരോടുള്ള അവന്റെ വിനയവും വിശ്വസ്തതയും കണ്ടിട്ട് അവന്റെ കാറും ഓട്ടോറിക്ഷയും തന്നെയാണ് ഓട്ടത്തിനു ആളുകൾ വീണ്ടും വീണ്ടും വിളിച്ചിരുന്നത്. തുടർന്നു ദൈവം എനിക്കു തന്ന വ്യക്തമായ ആലോചന പ്രകാരം ബീന എന്ന പെൺകുട്ടിയെ തിരഞ്ഞെടുത്ത് അവരുടെ വിവാഹം നടത്തി. അവളുടെ മാതാപിതാക്കൾ എപ്പോഴും പ്രാർത്ഥിക്കുന്നവരും ദൈവഭക്തി യോടെ ജീവിക്കുന്ന വിശ്വസ്ത സാക്ഷികളും ആണ്. അതേ നി ലയിൽ തന്നെയാണ് അവരുടെ മൂന്നു മക്കളെയും വളർത്തിയത്. അവർ എല്ലാവരും ദേശത്തിൽ നല്ല വിശ്വസ്ത സാക്ഷികളായി ജീവിക്കുന്നു. മകന്റെ വിവാഹം കഴിഞ്ഞ് ചില വർഷങ്ങൾക്കു ശേഷം അവന്റെ ഭാര്യയ്ക്ക് നല്ല ഒരു ഗവൺമെന്റ് ജോലി കിട്ടി. ജോഷിൻ എന്നൊരു മകനും ജിൻഷ എന്ന ഒരു മകളും അവർക്കുണ്ട്. വിവാഹശേഷം മകന് ട്രാൻസ്പോർട്ടിൽ ഡ്രൈവറായി നിയമനം ലഭിച്ചു.

ആ ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾ തന്നെ അവനു ലഭിച്ച ദൈവപ്രേരണ അനുസരിച്ച് ഒരു വാടക സ്ഥലത്ത് ഒരു ഡ്രൈവിംഗ് സ്കൂൾ ആരംഭിച്ചു. അതിന് ജെ. ജെ. ഡ്രൈവിംഗ് സ്കൂൾ എന്ന് പേരിട്ടു. ആ സമയത്ത് ഒരു പഴയ മാരുതി കാറും

ഒരു അംബാസിഡർ കാറും മാത്രമാണ് സ്വന്തമായി ഉണ്ടായിരുന്നത്. ദൈവത്തിന്റെ മുമ്പിലും മനുഷ്യരുടെ മുമ്പിലും വിശ്വസ്തതയോടെ തന്നെയാണ് ആ സ്കൂൾ നടത്തി വരുന്നത്. ദൈവം ആ സ്കൂളിനെ പെട്ടെന്ന് വളർത്തുവാൻ തുടങ്ങി. അവൻ, ഇപ്പോൾ ഇരുചക വാഹനങ്ങൾ, ഓട്ടോറിക്ഷകൾ, കാറുകൾ എന്നിവ ഓടിക്കാൻ നല്ലവണ്ണം പഠിപ്പിച്ചു ലൈസൻസ് വാങ്ങികൊടുത്തുവരുന്നു. അടുത്തു നിന്നും അകലെ നിന്നും അനേകർ വന്ന് ഡ്രൈവിംഗ് പഠിക്കുന്നു. തുടർന്ന് ഒരു പഴയ മഹേന്ദ്ര വാൻ കൂടെ വാങ്ങി. വിശ്വാസത്താൽ അതിനു എ.ബി. ട്രാൻസ്പോർട്ട് എന്നു പേരിട്ടു. എല്ലാവരും സാധാരണ ട്രാവൽസ് എന്നാണ് പേരിടുന്നത്. എന്നാൽ അവന് ദൈവം കൊടുത്ത പ്രേരണ അനുസരിച്ചാണ് എ.ബി ട്രാൻസ്പോർട്ട് എന്നു പേരിട്ടത്. ഇപ്പോൾ ദൈവം അത് ട്രാൻസ്പോർട്ടായി ത്തന്നെ തീരത്തക്കവണ്ണം സഹായിച്ചു. അതിനോടുചേർന്ന് ധാരാളം കാറുകളും വാനുകളും വാങ്ങുകയും വിൽക്കുകയും ചെയ്തുവരുന്നു. ആ സമയം ട്രാൻസ്പോർട്ടിൽ ലഭിച്ചിരുന്ന ഗവൺമെന്റ് ജോലി ചെയ്യാൻ കഴിയാതെയായിത്തീർന്നതിനാൽ ആ ജോലി ഉപേക്ഷിച്ചു (1-3-2016). ഇപ്പോൾ എ.ബി. ട്രാൻസ്പോർട്ട് എന്ന പേരിൽ 6 മിനി ബസുകൾ ദൈവം തന്നിട്ടുണ്ട്. മാത്രമല്ല ഡ്രൈവിംഗ് സ്കൂൾ സംബന്ധമായ വാഹനങ്ങളുടെ കൂട്ടത്തിൽ തിരുവനന്തപുരം ദേശത്തുള്ള സ്കൂളുകളിൽ വച്ച് മുന്തിയ ഇനമായ ഒരു പുതിയ ഇന്നോവ കാറും മറ്റൊരു പുതിയ മാരുതി കാറും മൂന്നാമത് വേറൊരു കാറും ഓട്ടോറിക്ഷയും ബൈക്കുകളും വച്ചാണ് പഠിപ്പിക്കുന്നത്. ഇതിന്റെയെല്ലാം വിജയ രഹസ്യം ഞങ്ങളുടെ ദൈവത്തോടുള്ള വിശ്വസ്തതയും ആശ്രയവും പ്രാർത്ഥനയും മാത്രമാണ്. ഞങ്ങളുടെ സഭയിലെ ഏത് ആവശ്യങ്ങൾക്കും യാതൊരു പ്രതിഫലവും സ്വീകരിക്കാതെ സഭയുടെ വാഹനങ്ങൾ പോലെയും തന്നെ, ഇവയെ ഉപയോഗിച്ചു വരുന്നു. മാത്രമല്ല സഭാ സംഘടനാ വ്യത്യാസമില്ലാതെ ആവശ്യപ്പെടുന്ന എല്ലാ സഭകളുടെയും ആവശ്യങ്ങൾക്കും മറ്റു സുവിശേഷ പ്രവർത്തനങ്ങൾക്കും തുച്ഛമായ സംഭാവന സ്വീകരിച്ചും

സ്വീകരിക്കാതെയും ഈവാഹനങ്ങൾ ഉപയോഗിച്ചു വരുന്നു. "യഹോവയിൽ ആശ്രയിച്ചു നന്മചെയ്ക. ദേശത്തു പാർത്ത് വിശ്വസ്തത ആചരിക്കുക. യഹോവയിൽത്തന്നെ രസിച്ചു കൊള്ളുക. അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും." (സങ്കീ. 37:3,4).

# എന്റെ ഭർത്താവിന് നേരിട്ട കഷ്ടതകൾ

കച്ചവടം നടത്തി വന്നപ്പോൾ 1998-ൽ പെട്ടെന്ന് എന്റെ ഭർത്താവിന് കഠിന ഹൃദയ സ്തംഭനം വന്നു. ഉടനെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപതിയിൽ ഐ.സി.യു. വിൽ കിടത്തി ചികിത്സിച്ചു. അദ്ദേഹത്തിന്റെ ആയുസ്സിനുവേണ്ടി ഞാൻ മുട്ടിപ്പായി പ്രാർത്ഥിച്ചു കൊണ്ടിരുന്നു. പ്രാർത്ഥന കേൾക്കുന്ന ദൈവം ഓപ്പറേഷൻ ഒന്നും കൂടാതെ അത്ഭുത സൗഖ്യം നൽകി. അതിനുശേഷം പൂർണസൗഖ്യം പ്രാപിച്ച് വീണ്ടും കച്ചവടം തുടങ്ങി. ഒരേ സമയത്ത് വീട്ടിലും കടയിലുമായി രണ്ടു പലവ്യജ്ഞന കടകൾ നല്ല നിലയിൽ നടത്തുവാൻ ദൈവം സഹായിച്ചു. അതോടെ ആത്മീകകാര്യങ്ങളിൽ ഒട്ടും ശ്രദ്ധ വയ്ക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. പ്രാർത്ഥനാ ജീവിതവും ഇല്ലാതെയായി. സഭാരാധനയ്ക്കു മാത്രം നാമമാത്രമായി പങ്കെടുത്തിരുന്ന തേയുള്ളു. അങ്ങനെ അദ്ദേഹം മരിച്ചുപോയിരുന്നെങ്കിൽ സ്വർഗ്ഗരാജ്യത്ത് എത്തുകയില്ലെന്ന് എനിക്ക് അറിയാമായിരുന്നു. അതുകൊണ്ട് അദ്ദേഹത്തെ നിത്യനരകത്തിലേക്ക് അയക്കാതിരിക്കാനും സ്വർഗ്ഗരാജ്യത്തിലെ അവകാശിയാക്കാനും വേണ്ടി ദൈവം ആറര വർഷകാലത്തെ കഠിന കഷ്ടതയിലൂടെ കടത്തി വിടാൻ ശരീര ദണ്ഡനത്തിനായി സാത്താന്റെ കയ്യിൽ ഏൽപ്പിക്കാൻ പോകുന്നതായി എനിക്ക് മുന്നറിയിപ്പ് ലഭിച്ചു. പെട്ടെന്ന് ഒരു ദിവസം (2002 ഡിസംബർ) ആഘാതം (strock) ഏറ്റിട്ട് ഒരു വശം മുഴുവനും സ്തംഭിച്ച് പൂർണമായി കിടപ്പിലായി. സംസാര ശേഷി നഷ്ടപ്പെട്ടു. കൂടെക്കൂടെ അല്പമായ ഓർമ്മ ശക്തി മാത്രമേ ലഭിച്ചിരുന്നുള്ളൂ. ഉടൻ തന്നെ ഞങ്ങൾ മെഡിക്കൽ കോളേജിൽ എത്തിച്ചു. ചികിത്സകളൊന്നും ഒരു

വിധത്തിലും ഫലിക്കാതെ വന്നപ്പോൾ യാതൊരു പ്രത്യാശയ്ക്കും വകയില്ലാതെ ഡോക്ടർമാർ 9–ാം ദിവസം വീട്ടിലേയ്ക്ക് തിരിച്ചയച്ചു. ആ നിലയിൽ വീട്ടിൽ കൊണ്ടുവന്നു കിടത്തി. മൂക്കിൽ ട്യൂബിട്ട് അതുവഴി അല്പാല്പമായി ദ്രാവക ആഹാരം കൊടുത്തു വന്നു. ചെറിയൊരു ശ്വാസം മാത്രമേ ശേഷിച്ചിരുന്നുള്ളൂ. ആ നിലയിൽ അദ്ദേഹം മരിച്ചുപോയാൽ നിത്യ നരകത്തിൽത്തന്നെ പോകുമായിരുന്നു എന്ന് സ്പഷ്ടമായി മനസ്സിലാക്കിയിട്ട് ഞാൻ രാപ്പകലില്ലാതെ യേശു അപ്പനോട് മുട്ടിപ്പായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഏഴയായ എന്റെ പ്രാർത്ഥന കേട്ട് യേശു മഹാത്ഭുതം പ്രവർത്തിക്കുവാൻ തുടങ്ങി. പതിനഞ്ചാം ദിവസം ആദ്യമായി ഒരു കാൽ വിരൽ ചലിക്കുന്നതു കണ്ടു. പിന്നെ തണുത്തു മരവിച്ചു കിടന്ന ശരീരം മുഴുവനും ചൂടു വന്നു. ശരീരം മുഴുവനും ചലനശക്തിയും ഉണ്ടായി. അതോടു കൂടി ഓർമ്മ വന്ന് ചില വാക്കുകൾ ഉച്ചരിച്ചു. മൂന്നാം മാസം മൂക്ക് വഴി ആഹാരം കൊടുത്തിരുന്ന ട്യൂബ് നീക്കം ചെയ്തു. പിന്നെ അല്പാല്പമായി വായിലൂടെ ഭക്ഷണം നൽകി തുടങ്ങി. അതിനുശേഷം ആറര വർഷത്തിനിടയിൽ മരണം വരെ അദ്ദേഹം സ്വന്തമായി ആഹാരം എടുത്തു കഴിച്ചിട്ടില്ല. ഞാൻ തന്നെയാണ് ആഹാരം എടുത്തു വായിൽ വച്ചു കൊടുത്തിരുന്നത്. ഇത്രകാലവും ഞാനും എന്റെ മക്കളും മരുമക്കളും അവരുടെ സ്വന്തം കാര്യം ഉപേക്ഷിച്ചിട്ട് തന്നെയാണ് പ്രാർത്ഥനയോടെ രാപകൽ അദ്ദേഹത്തെ നന്നായി ശുശ്രൂഷിച്ചു വന്നത്.

ആ കാലം മുഴുവൻ ഞാൻ അതീവ ശ്രദ്ധയോടെ ദൈവം അദ്ദേഹത്തിന് പാപക്ഷമ കൊടുത്ത് സ്വർഗ്ഗരാജ്യത്തിന്റെ അവകാശിയാക്കി തീർക്കാൻ വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഞാൻ അടുത്തിരുന്നുകൊണ്ട് എന്റെ ഓർമ്മയിൽ വന്നു കൊണ്ടിരുന്ന അദ്ദേഹത്തിന്റെ പാപങ്ങളെല്ലാം ഓരോന്നായി പറഞ്ഞു ഉണർത്തിക്കൊണ്ടിരുന്നു. അങ്ങനെ മൂന്നു വർഷം കഴിഞ്ഞു. എന്നിട്ടും ദൈവം പാപക്ഷമ കൊടുത്തതായി എനിക്കു മനസിലായില്ല. ആ നിലയിൽ കിടന്നപ്പോൾതന്നെ വീണ്ടും ഒരു ഹാർട്ട് അറ്റാക്ക് ഉണ്ടായി. തന്റെ സംസാരശേഷി

നഷ്ടപ്പെട്ടതിനുശേഷമാണ് അത് സംഭവിച്ചത്. വീണ്ടും യാതൊരു പ്രതീക്ഷക്കും വകയില്ലാതായി. ആ സമയം അദ്ദേഹത്തെ സ്വർഗ്ഗത്തിന് അവകാശിയാക്കി തീർത്തല്ലാതെ വെട്ടിക്കളയരുതേ എന്ന് ഞാൻ കണ്ണീരോടെ പ്രാർത്ഥിച്ചു. അപ്പോൾത്തന്നെ യേശു ക്രിസ്തു നേരിട്ടുവന്ന് മരണദൂതനെ മാറ്റി പാപക്ഷമ കൊടുത്തു കൊണ്ട് മൂന്നര വർഷം കൂടെ ആയുസ്സ് നീട്ടിക്കൊടുത്തതായി ദർശനത്തിൽ എനിക്ക് ദൈവം കാണിച്ചുതന്നു. ഇതുപോലെ ദൈവത്തിൽ നിന്ന് ഇത്രത്തോളം നന്മകളും അനുഗ്രഹങ്ങളും പ്രാപിച്ചിട്ടും ദൈവത്തെ നിഷേധിച്ച് പിന്മാറ്റക്കാരായി ജീവിക്കുന്ന വരെ സ്വർഗ്ഗരാജ്യത്തിന്റെ അവകാശിയാക്കി തീർക്കുന്നത് മഹാകഷ്ടം തന്നെ എന്ന് ഓർത്തു കൊള്ളുക. (എബ്രാ.4:1 –7).

ആ മഹാകഷ്ടം ഞാൻ ഏറ്റെടുത്ത് തന്റെ പാപ ക്ഷമയ്ക്കും രക്ഷയ്ക്കും വേണ്ടി ഇടിവിൽ നിന്ന് രാപ്പകലില്ലാതെ കരഞ്ഞു പ്രാർത്ഥിച്ചു കൊണ്ടിരുന്നു. എന്റെ പ്രാർത്ഥന കേട്ട് യേശു അപ്പൻ അദ്ദേഹത്തിന്റെ ഹൃദയം നുറുങ്ങി കണ്ണീരോടെ ഉള്ളം കൊണ്ട് പാപം ഏറ്റു പറഞ്ഞ് ഒരു പുതിയ സൃഷ്ടിയായി തീർന്നതും സ്വർഗ്ഗ രാജ്യത്തിന്റെ അവകാശിയാക്കി മാറ്റിയതുമായ മഹാസന്തോഷം അദ്ദേഹത്തിന്റെ മുഖശോഭയിൽ നിന്നും സ്പഷ്ടമായി ഞാൻ ദർശിച്ചു. അങ്ങനെ അദ്ദേഹം 2009 ജനുവരി 9-ാം തിയതി കർത്താവിൽ നിദ്രപ്രാപിച്ചു.

# വീട് ഓടുമേഞ്ഞ ഭാഗ്യം

ഇപ്പോഴും ആദ്യം വാങ്ങിയ 19 സെന്റിലാണ് ഞങ്ങൾ താമസിക്കുന്നത്. അവിടെ ഒരു മൺകുടിൽ കെട്ടിയാണ് പാർത്തു തുടങ്ങിയത്. രണ്ടാം ഘട്ടമായി മൺകട്ടകൊണ്ട് ചുവർ കെട്ടി ഓലമേഞ്ഞ ഒരു ചെറിയ വീടാക്കി അവിടെ പാർത്തു. പിന്നെ കർത്താവു എനിക്കു തന്ന നിർദ്ദേശം അനുസരിച്ച് വളരെ കഷ്ടം സഹിച്ച് അതിനെ ഓടുമേഞ്ഞതാക്കി എടുത്തു. അപ്പോഴും ചുവരും തറയും പൂശിയെടുക്കുവാനുള്ള കഴിവ് ഉണ്ടായിരുന്നില്ല. ആ കെട്ടിടത്തിൽ പാർക്കുമ്പോൾ വീണ്ടും വീടിനകത്തും പുറത്തും ചുവരുകളുടെ വിടവുകളിലും തറയിലെ വിടവുകളിലും വിഷ പാമ്പുകളെക്കൊണ്ട് നിറഞ്ഞിരുന്നു. പലപ്പോഴും രാവിലെ ഉണരുമ്പോൾ കിടക്കയുടെ അടിയിൽ നിന്നും പാമ്പുകൾ ഇഴഞ്ഞുപോകുന്നത് കണ്ടിരുന്നു. ഞാൻ സഹികെട്ട് എന്റെ യേശു അപ്പനോട്, "ഇനിയും പാമ്പുകളെ ഇവിടെ നിന്നും അങ്ങ് മാറ്റിത്തന്നില്ലെങ്കിൽ ഞങ്ങൾ എങ്ങോട്ടെങ്കിലും മാറിപ്പോകും. ഞാൻ ഇനി അങ്ങയോട് പ്രാർത്ഥിക്കുകയും ഇല്ല", എന്ന് ശാഠ്യത്തോടെ പറഞ്ഞു. അപ്പോൾ യേശു എന്നോട് സംസാരിച്ചത്, "ഞാൻ അനുവദിച്ചിട്ടല്ലാതെ ഒരു പാമ്പും നിങ്ങളെ തൊടുകയില്ല." അങ്ങനെ 35–ൽ അധികം പാമ്പുകളെ അടിച്ചുകൊന്നുകളയാൻ ദൈവം എന്റെ ഭർത്താവിന് ശക്തികൊടുത്തു. പിന്നെ കർത്താവു തന്ന നിർദ്ദേശം അനുസരിച്ച് ആ വീടിനെ തന്നെ അകവും പുറവും പൂശിയെടുത്ത് താമസം തുടർന്നു.

# ഭവന വികസനവും തടസ്സവും

ഞങ്ങളുടെ വീടിരിക്കുന്ന സ്ഥലത്തോട് ചേർന്ന് തെക്കുഭാഗത്തായി ഒരു ഒറ്റയടിപ്പാത ഉണ്ടാക്കിയെടുത്തിരുന്നു. അതിനെ ഞങ്ങൾ വികസിപ്പിച്ച് കിഴക്കുപടിഞ്ഞാറായി 12 അടി വീതിയാക്കിത്തീർത്തു. വീടിന്റെ നാലു ചുററും മതിൽ കെട്ടിയെടുക്കാനും വീടു പണി വികസിപ്പിക്കാനും ശ്രമം ആരംഭിച്ചു. ഞങ്ങളുടെ സ്ഥലത്തിന്റെ കിഴക്കുവശത്ത് വേറൊരാളിന്റെ സ്ഥലവും അതിന്റെ കിഴക്കുവശത്തായി ഒരു ചാനലും അതോടുചേർന്ന് റോഡുമാണുള്ളത്. ആ റോഡിൽ നിന്നാണ് സാധനങ്ങൾ ചുമന്ന് കൊണ്ടുവരേണ്ടത്. അതിനാൽ ഞങ്ങൾ പഞ്ചായത്തിന്റെ അനുവാദത്തോടെ സ്വന്തം ചിലവിൽ ഒരു ഇരുമ്പു പാലം അവിടെ പണിയാൻ തുടങ്ങി. നാട്ടുകാരുടെ എല്ലാ ആവശ്യത്തിനു വേണ്ടിയും കൂടെയാണ് അങ്ങനെ ചെയ്തത്. എന്നാൽ അകാരണമായി ചിലർ ആ പണിയെ നിയമം വഴി തടസ്സം ചെയ്ത് നിർത്തിവയ്പ്പിച്ചു. അതിനൊന്നും മേൽനടപടി എടുക്കാൻ ഞങ്ങൾ പോയില്ല. അതോടെ മതിൽ പണിയും വീടു പണിയും നിർത്തിക്കളഞ്ഞു. ആ സംഭവത്തോടു കൂടെ ഞാൻ അതിവേദനയാൽ ഭാരപ്പെട്ട് ഇങ്ങനെ ചിന്തിച്ചു, "ഞങ്ങൾ നന്മയല്ലാതെ വാക്കുകൊണ്ടോ പ്രവർത്തികൊണ്ടോ ഒരു മനുഷ്യരെയും വേദനപ്പെടുത്തിയി ട്ടില്ലല്ലോ. മാത്രമല്ല നന്മയല്ലാതെ ഒരു തിന്മയും ആർക്കും ചെയ്തിട്ടും പറഞ്ഞിട്ടും പോലും ഇല്ല. മറ്റുള്ളവരുടെ അനുഗ്രഹത്തിനു വേണ്ടി പ്രാർത്ഥിക്കുക മാത്രമേ ചെയ്യുന്നുള്ളൂ. "ഇനി ഞങ്ങൾ എന്തു ചെയ്യണം കർത്താവേ.", എന്ന് മനസ്സിൽ പറഞ്ഞു. അപ്പോൾ എന്റെ യേശു എന്നോട്, "നിന്റെ ഭാരം എല്ലാം നന്നായി അറിയുന്ന ദൈവമാണ് ഞാൻ.

എന്റെ സ്ഥലം ഞാൻ പണിയും (ഈ 19 സെന്റ് സ്ഥലം) നീ മതിൽ കേട്ടിക്കോ" ആ ശബ്ദം കേട്ടിട്ട് ഞാൻ വളരെ ധൈര്യപ്പെട്ടു. എന്റെ വീടിന് തെക്കുഭാഗത്ത് വീടുള്ള സത്യസാക്ഷിയായ ഒരു സഹോദരി ചില നഷ്ടങ്ങൾ സഹിച്ച് അവരുടെ വീടരികിലൂടെ ഞങ്ങളുടെ വീട്ടിൽ ലോറി വരത്തക്കവണ്ണം താല്ക്കാലികമായി വഴി അനുവദിച്ചു തന്നു. അതിനെത്തുടർന്ന് ചുറ്റുമതിൽ കെട്ടിയെടുക്കുകയും വീട് പുതുക്കി പണിയുകയും ചെയ്തു. ഇപ്പോൾ ഈ വീട്, ഈ ദേശത്ത് മനോഹരമായിത്തന്നെ കാണുന്നു.

**സമാപ്തി**

# പ്രത്യേകം ശ്രദ്ധിക്കേണ്ട ഉപദേശങ്ങൾ

ഒരു വ്യക്തിയെ ദൈവം പേർ വിളിച്ചു നിറുത്തിയാൽ ആ വ്യക്തിക്ക് അനുഗ്രഹങ്ങൾ ഉടൻ തന്നെ കൊടുത്തെന്ന് വരികയില്ല. ഒരു കുഞ്ഞിനെ ജനിച്ചയുടൻ വളർത്തി വലുതാക്കുന്നില്ല. അതിനെ പടിപടിയായി വളർത്തിയെടുക്കും. അതുപോലെ ദൈവം വേർതിരിച്ച വ്യക്തി ഇടത്തോട്ടോ വലത്തോട്ടോ പിന്നിലോട്ടോ നോക്കാതെ വിശുദ്ധിയോടും ദൈവഭയത്തോടും വിശ്വസ്തതയോടും നല്ല സാക്ഷ്യമുള്ളവരായി ദൈവസന്നിധിയിൽ ജീവിക്കുകയാണ് വേണ്ടത്. എന്നാലും ആ ദൈവപൈതലിന് ഭയങ്കരമായ കഷ്ടതകൾ നേരിട്ടു എന്നുവരാം. അങ്ങനെ പിടിച്ചു നിൽക്കാൻ കഴിയാത്ത വിധമായ പ്രയാസങ്ങളും ശോധനകളും പട്ടിണിയും എല്ലാവരാലും കൈവിടപ്പെട്ട അവസ്ഥയും ഇതിനപ്പുറവും ഒക്കെ ഉണ്ടാകാം. ചിലപ്പോൾ മരിച്ചുപോയെങ്കിൽ കൊള്ളാം എന്ന് ചില ദൈവമക്കൾക്ക് തോന്നിപ്പോകും. എങ്കിലും അവിടെ എല്ലാം എന്റെ ദൈവമാണ് എന്നെ വിളിച്ചു വേർതിരിച്ചിരിക്കുന്നത്, എന്ന ഉറപ്പും ധൈര്യവും നമ്മുടെ മരണംവരെ ഉണ്ടായിരിക്കേണം. ചിലപ്പോൾ സാമ്പത്തികമായുള്ള ഭയങ്കര ഞെരുക്കങ്ങളിൽ കൂടി ആയിരിക്കാം, ചിലപ്പോൾ എല്ലാവരാലും തള്ളപ്പെട്ട അവസ്ഥയിലായിരിക്കാം ദൈവം നമ്മെ ശോധന ചെയ്യുന്നത്. ചിലപ്പോൾ ഈ ലോകത്തു വച്ച് ഒരു നന്മയും ലഭിച്ചില്ലെന്ന് വരാം. എന്നാൽ സ്വർഗ്ഗത്തിൽ ഏറ്റവും ശ്രേഷ്ഠമായ സ്ഥാനം നമുക്ക് ദൈവം തരും എന്നുള്ളത് നിശ്ചയം തന്നെ. എങ്കിലും ഇപ്രകാരമുള്ള ശോധനകളിലെല്ലാം കർത്താവിനോടുതന്നെ പറ്റിച്ചേർന്നു നിന്നാൽ, പിന്നത്തേതിൽ ഈ ഭൂമിയിൽ വച്ചു തന്നെ സകല

നന്മകളും അമർത്തിക്കുലുക്കി കവിയുന്ന അളവിൽ എത്രയോ അധികമായി അനുഭവിക്കാൻ സാധിക്കും എന്നത് നിശ്ചയം തന്നെ. അതിനാൽ മേൽ വിവരിച്ച വിധത്തിലുള്ള കഷ്ടങ്ങൾ നേരിടുമ്പോൾ നമ്മെക്കൊണ്ടു ദൈവം ചെയ്യിപ്പിക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തികളെല്ലാം നമ്മെക്കൊണ്ടു തന്നെ ദൈവം ചെയ്യിപ്പിക്കും എന്ന ഉറപ്പും നിശ്ചയവും നമുക്കുണ്ടായിരിക്കണം.

നാം ഓരോ കാര്യങ്ങൾ പ്രവർത്തിക്കുമ്പോഴും ചിന്തിക്കുമ്പോഴും മറ്റുള്ളവരെക്കുറിച്ച് പറയുമ്പോഴും അത് ദൈവം ഇഷ്ടപ്പെടുന്ന കാര്യങ്ങളാണോ, അത് ദൈവം പ്രസാദിക്കുന്നതാണോ എന്നും വളരെ ആഴത്തിൽ ചിന്തിച്ചിട്ടു വേണം അതു പറയാനും പ്രവർത്തിക്കാനും. ചിലപ്പോൾ മററുള്ളവരുടെ കാഴ്ചയ്ക്ക് അവർ പെന്തക്കോസ്തുകാരും ഒരു ആരാധനയ്ക്കും മുടങ്ങാതെ പോകുന്നവരും ആയിരിക്കാം. ഭവനങ്ങളിലും മുടങ്ങാതെ പ്രാർത്ഥനകളും ആരാധനകളും നടത്തുന്നവരും ആയിരിക്കാം. ആരു കണ്ടാലും അവർ തികച്ചും ദൈവഭക്തർ എന്നു തോന്നും. അവരുടെ ജീവിതത്തിൽ പുറം നോക്കിയാൽ എല്ലാം നന്നായി കാണാം. എന്നാൽ അവരുടെ ഹൃദയങ്ങളെ സദാ ശോധന ചെയ്തുകൊണ്ടിരിക്കുന്ന ദൈവം കാണുമ്പോൾ അവരിൽ ദൈവത്തിനു പ്രവർത്തിക്കുവാൻ യാതൊരു ഇടവും ഉണ്ടായിരിക്കയില്ല എന്നും വരാം. "മനുഷ്യൻ പുറമെയുള്ളത് കാണുന്നു. ദൈവമോ ഹൃദയങ്ങളെ ശോധന ചെയ്ത് ആരാഞ്ഞറിയുന്നു", എന്ന് ബൈബിൾ പറയുന്നു. എന്നാൽ എല്ലാ സ്ഥാനത്തും എല്ലാ പ്രവർത്തികളിലും യഥാർത്ഥത്തിൽ നാം ദൈവമക്കളാണെന്ന് ആഴത്തിൽ അറിഞ്ഞിരിക്കണം.

നമുക്ക് എല്ലാം അനുകൂലമായിരിക്കുമ്പോൾ നാം ദൈവത്തെ അന്വേഷിക്കാതിരിക്കയും കഷ്ടത വരുമ്പോഴൊ ക്കെയും ദൈവത്തെ അന്വേഷിക്കുകയും ചെയ്താൽ എപ്പോഴും ദൈവം കരുണ കാണിച്ചെന്നു വരികയില്ല. ദൈവത്തിൽ നിന്ന് വളരെ നന്മകൾ അനുഭവിച്ചവരും ദൈവത്തെ നന്നായി രുചിച്ചറിഞ്ഞവരും ദൈവത്തെ ദുഃഖിപ്പിച്ച് പിൻമാറിപ്പോയാൽ

പിന്നെ നേരിടുന്ന കഷ്ടത താങ്ങുവാൻ കഴിയാത്തതായിരിക്കും. നന്മ മാത്രം ആത്മാർത്ഥമായി ആഗ്രഹിക്കുകയും അതിനായി പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു ദൈവപൈതലിൽ ഒരു കാരണവും ഇല്ലാതിരിക്കേ മററുള്ളവർ അവർക്കു വിരോധമായി സംസാരിക്കുകയും അവരെ വേദനിപ്പിക്കുകയും ചെയ്താൽ, വേദനിപ്പിക്കുന്നവർ മാനസാന്തരപ്പെട്ട് മടങ്ങി വരുന്നതിനു വേണ്ടി നാം ആത്മാർത്ഥമായി പ്രാർത്ഥിക്കുക മാത്രം ചെയ്യുക. മറ്റുള്ളവരുടെ നന്മയും ഉയർച്ചയും അനുഗ്രഹവും കണ്ട് നാം എപ്പോഴും ഹൃദയം തുറന്ന് സന്തോഷിക്കുന്നവരും അവരെ അനുഗ്രഹിക്കുന്നവരും ആയിത്തീരണം. അങ്ങനെ ചെയ്താൽ ദൈവം നമ്മിൽ പ്രസാദിച്ചിട്ട് നമ്മുടെ കുടുംബങ്ങളെ അനുഗ്രഹിച്ച് നമ്മുടെ തലമുറകളെ ഉയർത്തുക തന്നെ ചെയ്യും. നമ്മൾ എപ്പോഴും നന്മയാൽ തിന്മയെ ജയിക്കുന്നവരും സ്നേഹം കൊണ്ട് ജയം നേടുന്നരും ആയിരിക്കണം.

# എന്റെ പ്രാർത്ഥനാ ജീവിതം

എന്റെ അമ്മായി അമ്മയുടെ പ്രാർത്ഥനാ ജീവിതം ഞാൻ ഏറ്റെടുത്ത് നടത്തണം എന്ന് അവർ എന്നോട് പറഞ്ഞിരുന്നത്, എന്റെ ഹൃദയത്തിൽ നന്നായി തറച്ചിരുന്നു. അത് വളർന്നു വന്നാണ് ഞാൻ ഒരു സത്യക്രിസ്ത്യനിയായി തീർന്നിട്ട് ഏതു കാര്യവും ദൈവത്തോട് കരഞ്ഞു പ്രാർത്ഥിച്ച് നേടിയെടുക്കുവാൻ തുടങ്ങിയത്. എന്റെ കുടുംബത്തിൽ ഞങ്ങൾക്കു നേരിടേണ്ടി വന്നിട്ടുള്ള ഓരോ വേദനകളും മഹാകഷ്ടങ്ങളും കൊടിയ ദാരിദ്ര്യങ്ങളും പുറത്ത് ആരോടും ഒരിക്കലും അറിയിക്കാതെ ദൈവത്തോടുമാത്രം പ്രാർത്ഥിച്ച് അപേക്ഷിച്ചിരുന്നു.

ഒരിക്കൽ യേശു കർത്താവ് നേരിട്ടുവന്ന് എന്നോട് "നീ ദേശത്തിന്റെ കാവൽക്കാരി ആയിരിക്ക എന്നും അതിനായിട്ട് ഞാൻ നിന്നെ വേർതിരിച്ചിരിക്കുന്നു", എന്നും പറഞ്ഞു (യെശ:21:11). അതിനെത്തുടർന്ന് പ്രാർത്ഥനാ വരവും ദൈവം എനിക്കുതന്നു. ഞാൻ കണ്ടിട്ടും കേട്ടിട്ടും ഇല്ലാത്ത അനേക ജനങ്ങൾ നശിച്ച് നിത്യനരകത്തിലേക്ക് ഒഴികിക്കൊണ്ടിരിക്കുന്ന ദയനീയമായ കാഴ്ച്ചകൾ ദൈവം എനിക്കു കാണിച്ചുതരുന്നു. അതുകണ്ട് ഹൃദയം വേദനിച്ച് നശിച്ചുകൊണ്ടിരിക്കുന്ന ഈ ജനത്തെ രക്ഷിച്ച് സ്വർഗ്ഗത്തിൽ കൊണ്ടുപോകുന്ന യേശുവിനെ അറിഞ്ഞിട്ട് അവരും നിത്യ സൗഭാഗ്യ സ്വർഗ്ഗത്തേക്ക് എത്തിച്ചേരണമേ എന്നു ഞാൻ കരഞ്ഞു പ്രാർത്ഥിക്കുവാൻ തുടങ്ങി. അങ്ങനെ ആത്മാക്കൾക്കു വേണ്ടിയുള്ള ഭാരം എന്നെ നിരന്തരം ഞെരുക്കിക്കൊണ്ടിരിക്കുന്നു. ഈ പ്രാർത്ഥന നിമിത്തം ഉറങ്ങാതെ കണ്ണുനീരോടെ പ്രാർത്ഥനയിൽ

കഴിയാറുണ്ട്. അങ്ങനെ രാപകലില്ലാതെ മൗനമായി ധ്യാനിച്ചും പ്രാർത്ഥിച്ചും കഴിയുവാനുള്ള കൃപ ദൈവം എനിക്ക് തന്നിട്ടുണ്ട്.

രാത്രി കാലങ്ങളിൽ ദൈവം എന്നെ തട്ടിയുണർത്തിയിട്ട്, "നീ ഇന്നിന്ന വിഷയങ്ങൾക്കു വേണ്ടി പ്രാർത്ഥിക്ക എന്നും ഞാൻ കണ്ടിട്ടോ കേട്ടിട്ടോ ഇല്ലാത്തവരെ വ്യക്തമായി കാണിച്ചു തന്നിട്ട് നീ അവർക്കു വേണ്ടി പ്രാർത്ഥിക്ക്", എന്നും പറയാറുണ്ട്. അതനുസരിച്ച് അവർക്കായി ഞാൻ എഴുന്നേറ്റ് മുട്ടിപ്പായി പ്രാർത്ഥിക്കാറുണ്ട്. ചിലരെ കാണിച്ചിട്ട് ഇന്നിന്ന അനർത്ഥം സംഭവിക്കാൻ പോകുന്നു. അതുകൊണ്ട് അത് സംഭവിക്കാതി രിക്കാൻ ഉണർന്നു പ്രാർത്ഥിക്ക് എന്ന് എന്നോട് അറിയിച്ചിട്ടുള്ള തനുസരിച്ച് ഞാൻ എഴുന്നേറ്റ് പ്രാർത്ഥിച്ചിട്ടുള്ളപ്പോൾത്തന്നെ ഈ പ്രാത്ഥന കേട്ട ദൈവം അവർക്ക് വിടുതൽ കൊടുത്തിട്ടുള്ള സാക്ഷ്യങ്ങൾ അവരിൽ പലരും പറഞ്ഞു കേട്ടിട്ടുണ്ട്. പലപ്പോഴും പലരും ഓരോ ദിവസവും അവരുടെ ഭാരമേറിയവിഷയങ്ങൾ ഫോണിൽ കൂടെ കരഞ്ഞു പറയാറുണ്ട്. ഞാൻ അവരുടെ വിഷയങ്ങൾ ഏറ്റെടുത്ത് അവർക്കു വേണ്ടുന്ന ഉപദേശം ഫോണിൽക്കൂടെ കൊടുക്കുകയും പ്രാർത്ഥിക്കേണ്ട വിധം അവരെ പറഞ്ഞു പഠിപ്പിക്കുകയും ചെയ്തുവരുന്നു. ലോകത്തിൽ പല രാജ്യങ്ങളിലും സംഭവിക്കാൻ പോകുന്ന ഭയങ്കര അത്യാഹിതങ്ങളെക്കുറിച്ച് പലപ്പോഴും കർത്താവ് എന്നെ അറിയിക്കുന്നു. അത് ഒഴിവാക്കാൻ പ്രാർത്ഥിക്കാതിരുന്നിട്ടുള്ള പ്പോൾ അവ അങ്ങനെ സംഭവിച്ച് കൂട്ടമരണങ്ങൾ നടന്നിട്ടുള്ള വാർത്തകൾ കേട്ട് ഞാൻ അതിയായി ദുഃഖിച്ചിട്ടുണ്ട്.

അതുകൊണ്ട് ദൈവത്തിൽ നിന്നു ഈ വിധത്തിലുള്ള മുന്നറിയിപ്പ് കിട്ടുമ്പോൾ അത് സംഭവിക്കാതിരിക്കണമേ എന്ന് ഞാൻ നിലവിളിച്ചു പ്രാർത്ഥിച്ചുവരുന്നു. ദൈവമേ അങ്ങ് എന്റെ പ്രാർത്ഥന കേൾക്കുന്നുണ്ടോ എന്ന് പലപോഴും കരഞ്ഞ് ചോദിച്ചിട്ടുണ്ട്. അപ്പോൾ പല അടയാളങ്ങളും തന്ന് പ്രാർത്ഥന കേട്ട് അപ്പോൾ തന്നെ പ്രവർത്തിക്കുന്നതായി ദൈവം എനിക്ക് മനസിലാക്കി തന്നിട്ടുണ്ട്. ഇതറിഞ്ഞ് രാപ്പകലില്ലാതെ ഞാൻ ദൈവത്തോട് കരഞ്ഞു പ്രാർത്ഥിക്കുന്നതിന് പ്രതിഫലമുണ്ടല്ലോ

എന്നോർത്ത് ഞാൻ ക്രിസ്തുവിൽ സന്തോഷവും സമാധാനവും അനുഭവിക്കുന്നു. ഒരിക്കൽ, ‘‘യേശു അപ്പാ അങ്ങ് എന്റെ എല്ലാ പ്രാർത്ഥനകളും കേട്ട് പ്രവർത്തിക്കുന്നുവോ’’ എന്നു ഞാൻ വീണ്ടും ചോദിച്ചു. അതിനു മറുപടിയായി ദൈവം എന്നോട് ഇങ്ങനെ പറഞ്ഞു, ‘‘നീ പ്രാർത്ഥിക്കുക, അവർക്ക് ഒരുക്കമുണ്ടെങ്കിൽ ഞാൻ അവരെ വിടുവിക്കും.’’

ഞാൻ ഒരു വിദ്യഭ്യാസവും ഇല്ലാത്തവളാണെങ്കിലും ഏത് വ്യക്തിക്കും നല്ല ഉപദേശങ്ങൾ കൊടുക്കുവാനുള്ള ബുദ്ധിയും പരിജ്ഞാനവും എന്റെ അറിവിനപ്പുറമായി കൃപയാൽ ദൈവം എനിക്ക് തന്നുവരുന്നു. നശിച്ചു പോകുന്ന സകല ജനത്തിനുവേണ്ടിയും അവർ എവിടെ ഉള്ളവരായാലും, ഏതു രാജ്യത്തിലുള്ളവരായാലും അവർക്കുവേണ്ടി എന്റെ സ്വന്ത വിഷയം പോലെ ഏറ്റെടുത്ത് പ്രാർത്ഥിക്കാനുള്ള, ചുമതലയാണ് ദൈവം എന്നെ ഏൽപ്പിച്ചിട്ടുള്ളത്. ഇതുവരെ നടത്തിയ ദൈവം മേലാലും നടത്തും. ഹല്ലേലൂയ്യാ! ദൈവത്തിനു മഹത്വം!

# ദരിദ്രയെ കുപ്പയിൽ നിന്ന്
# ഉയർത്തിയ ദൈവം

**പരിഷ്കരിച്ച പതിപ്പ്**



*I met Sis. Baby Sarojam in the ICU of Ananthapuri Hospitals and Research Institute, Thiruvananthapuram on 14-09-2023 for the very first time. When I saw her she was very critical with severe pneumonia, respiratory failure and in shock and altered sensorium. As soon I saw her I knew she was in critical state and she needed immediate ventilatory assistance as her oxygen level was very low and was not improving with any amount of oxygen support. She was intubated and ventilated after informed consent and she was in the critical care ICU. Initially she did not show much improvement. As she was not showing any improvement she needed prolonged ventilation and so a surgical tracheostomy was done and ventilation was continued. While in the ICU she had a cardiac arrest and her cardiac activity stopped completely and she was given cardiopulmonary resuscitation as per protocol. She needed more than the usual cycles of CPR. Her resuscitation was prolonged and her cardiac activity came back only after 30 minutes. As per medical science after prolonged resuscitation patients usually have some degree of cardiac and brain dysfunction because of the prolonged hypoxia. So we expected the same. When I went for rounds in the ICU the next day what we saw was a miracle. Sister Baby Sarojam who was not improving till then was showing signs of great improvement post cardiac arrest. When she had the arrest I had spoken to her son Mr. Jayaprakash. He was full of faith and he was confident that nothing will happen to his mother. I was also confident as the lord told me that she will be OK in spite of the situation being against scientific norms. After the cardiac arrest her condition improved very fast, she was shifted to the room. After a few*

*weeks the tracheostomy was removed in spite of every one thinking that she will have to be sent home with the tracheostomy tube. Her experience in the ICU is definitely a miracle which only our Heavenly Father can do. All glory to Jesus for his amazing love and grace. She has been coming regularly for follow up and she is doing well for the Glory of God. I pray that testimony will open the eyes of others to the fact that there is a life beyond our life here. The physical life is not the only life, but the spirit life in Jesus is the real life. May it bring comfort and hope to believers who have lost their believing loved ones. Let this Testimony bring repentance and eternal life to those who have not Known the Lord. My prayers and blessings to dear Sister Baby Sarojam. All the glory to our Lord Jesus Christ.*

***Dr. W. Bobby Moses***
*Consultant in Internal Medicine*
*Ananthapuri Hospitals and Research Institute*
*Chacka NH Byepass, Trivandrum.*
*Pastor,*
*Hope in Jesus Apostolic Church of Christ,*
*TVPM*

# ആശംസ



Sis.ബേബി സരോജത്തെ ഞാൻ ആദ്യമായി കാണുന്നത് 14-9-2023 തിരുവനന്തപുരം അനന്തപുരി ഹോസ്പിറ്റൽ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ICU വിൽ വച്ചാണ്. ഞാൻ ആദ്യമായി കാണുമ്പോൾ Sis.ബേബി സരോജത്തിന്റെ അവസ്ഥ വളരെ ഗുരുതരമായിരുന്നു. അതിഭയങ്കരമായ ന്യുമോണിയയും അതിനോടൊപ്പം ശ്വാസകോശ സംബന്ധമായ തകരാറും, ഷോക്കും അതു മുഖാന്തിരം സെൻസോറിയത്തിലുണ്ടായ മാറ്റവുമായി വളരെ പ്രതിസന്ധിയിലായിരുന്നു. Sis.ബേബി സരോജത്തെ കണ്ട സമയം തൊട്ട് തന്നെ എനിക്കറിയാമായിരുന്നു അതിഗുരുതര നിലയിലായതിനാൽ വെന്റിലേറ്ററിന്റെ സഹായം വേണ്ടി വരുമെന്ന്. കാരണം സാധാരണ നിലയിൽ എല്ലാവർക്കും ആവശ്യമായ ഓക്സിജന്റെ അളവ് Sis.ബേബി സരോജത്തിന് ഇല്ലായിരുന്നു. മറ്റുള്ള കൃത്രിമ ഓക്സിജന്റെ സഹായത്തോടും ഒരു പ്രതികരണവും ഉണ്ടായിരുന്നില്ല. ഈ സാഹചര്യത്തെ തുടർന്ന് തന്റെ മക്കളുടെ അനുവാദത്തോടെ ICU വിലെ ഗുരുതര വിഭാഗത്തിലേക്ക് മാറ്റുകയും, ശ്വാസനാളത്തിൽ കുഴൽ ഘടിപ്പിക്കുകയും വെന്റിലേറ്റർ ഉപയോഗിച്ച് ഓക്സിജന്റെ പിന്തുണ നൽകുകയും ചെയ്തു. ഇത്രയും ചെയ്തുവെങ്കിലും തന്റെ അവസ്ഥയ്ക്ക് ഒരു പുരോഗമനവും ഉണ്ടായിരുന്നില്ല. ഒരു വ്യത്യാസവും ഇല്ലാതിരുന്നതിനാൽ ദീർഘകാല വെന്റിലേഷൻ ആവശ്യമായതുകൊണ്ട് ശസ്ത്രക്രിയയിലൂടെ ട്രക്കിയോസ്റ്റമി നടത്തുകയും വെന്റിലേഷൻ തുടരുകയും ചെയ്തു. ICU വിഭാഗത്തിലായിരുന്നപ്പോൾ തനിക്ക് കാർഡിയാക് അറസ്റ്റ് (ഹൃദയസ്തംഭനം) ഉണ്ടാകുകയും ഹൃദയത്തിന്റെ പ്രവർത്തനം മുഴുവനായി നിലയ്ക്കുകയും, ആശുപത്രി നിമയം അനുസരിച്ച് C.P.R. (കാർഡിയോ പൾമിനറി റിസസിറ്റേഷൻ) നൽകുകയും ചെയ്തു. സാധാരണയായി ഒരു വ്യക്തിക്ക് നൽകുന്നതിലധികം പ്രാവശ്യം C.P.R. നൽകേണ്ടി വന്നു. തന്റെ പുനർജനനം നീണ്ട

30 മിനിറ്റിന്റെ പരിശ്രമത്തിനു ശേഷമാണ് ഉണ്ടായത്. തന്റെ ഹൃദയത്തിന്റെ പ്രവർത്തനങ്ങൾ തിരിച്ചു വരികയും താൻ സാധാരണ നിലയിൽ ആകുകയും ചെയ്തു. വൈദ്യശാസ്ത്ര പ്രകാരം ദീർഘസമയം C.P.R. നൽകിയാൽ ആ വ്യക്തിക്ക് തുടർന്ന് അത് തലച്ചോറിന്റെ പ്രവർത്തനങ്ങളെ ബാധിക്കുകയും നീണ്ടു നിൽക്കുന്ന ഹൈപോക്സിയ ഉണ്ടാകുകയും ചെയ്യും. ഞങ്ങളും അതുതന്നെ പ്രതീക്ഷിച്ചു നിൽക്കുകയായിരുന്നു. അടുത്ത ദിവസം ഞാൻ സാധാരണയായി പോകുന്നതുപോലെ റൗഡ്സിനു പോയപ്പോൾ കണ്ട കാഴ്ച്ച വളരെ അത്ഭുതകരമായിരുന്നു. ഇതുവരെ ഒരു പുരോഗമനവും ഇല്ലാതെയിരുന്ന Sis.ബേബി സരോജത്തിന് വളരെയധികം മാറ്റം കാണുവാനിടയായി.

ഹൃദയസ്തംഭനത്തിനു ശേഷം ഞാൻ പ്രതീക്ഷിച്ചതിനു വിപരീതമായി വളരെ അധികം മാറ്റം Sis.ബേബി സരോജത്തിനു ഉണ്ടായി. ഹൃദയ സ്തംഭനം ഉണ്ടായ സമയത്ത് ഞാൻ Sis.ബേബി സരോജത്തിന്റെ മകൻ ബ്രദർ. ജയപ്രകാശിനോട് സംസാരിക്കുവാനിടയായി. തന്റെ മകന് അതിശക്തമായ വിശ്വാസം മാത്രമേ ഉണ്ടായിരുന്നുള്ളൂ. താൻ ഉറപ്പോടെ പറയുവാൻ ഇടയായി ''എന്റെ അമ്മയ്ക്ക് ഒന്നും സംഭവിക്കില്ല''. എനിക്കും ഉറപ്പുണ്ടായിരുന്നു, കാരണം ദൈവം എന്നോടു സംസാരിക്കുവാനിടയായി "Sis.ബേബി സരോജത്തിന്റെ സ്ഥിതി വൈദ്യശാസ്ത്രത്തിനെതിരായിരുന്നുവെങ്കിലും താൻ സുഖപ്പെടും എന്നായിരുന്നു.'' ഹൃയസ്തംഭനത്തിന് ശേഷം തന്റെ സ്ഥിതിക്ക് വളരെ മാറ്റം ഉണ്ടാകുകയും, Sis.ബേബി സരോജത്തെ മുറിയിലേക്ക് മാറ്റുകയും ചെയ്തു. എല്ലാവരും കരുതിയത് താൻ ട്രക്കിയോസ്റ്റമി ട്യൂബുമിട്ട് തന്റെ ഭവനത്തിൽ പോകേണ്ടി വരുമെന്നാണ്. എന്നാൽ ചില ആഴ്ച്ചകൾക്ക് ശേഷം തന്നെ ട്രക്കിയോസ്റ്റമി ട്യൂബ് എടുത്തു മാറ്റുകയും ചെയ്തു. Sis.ബേബി സരോജത്തിന്റെ ഐ.സി.യു. അനുഭവം ഒരു അത്ഭുതമാണ്, അത് നമ്മുടെ സ്വർഗ്ഗീയ പിതാവിനു മാത്രമേ ചെയ്യുവാൻ കഴിയുകയുള്ളൂ. കർത്താവായ യേശുക്രിസ്തുവിന്റെ

സ്നേഹത്തിനും കൃപയ്ക്കും മഹത്വം ഉണ്ടാകട്ടെ. Sis.ബേബി സരോജം ഇപ്പോഴും തുടർന്നുള്ള ചെക്കപ്പിന്/ഫോളോപ്പിന് വരുകയും, താൻ ആരോഗ്യത്തോടെ ദൈവനാമത്തിനുവേണ്ടി പ്രയോജനപ്പെട്ടുകൊണ്ടുമിരിക്കുന്നു. ഈ പുനർ ജനനത്തിന്റെ സാക്ഷ്യം മറ്റുള്ളവരുടെ കണ്ണുകളെ തുറക്കുവാനും ഈ ജീവിതത്തിനു അപ്പുറമായി ഒരു ജീവിതം നമുക്ക് ഉണ്ടെന്ന തിരിച്ചറിവ് മറ്റുള്ളവരിലേക്ക് എത്തിക്കുവാനും വേണ്ടി പ്രിയ സഹോദരിയെ ദൈവം ബലപ്പെടുത്തേണ്ടതിന് ഞാൻ പ്രാർത്ഥിക്കുന്നു. ഭൗതീക ജീവിതം മാത്രമല്ല യഥാർത്ഥ ജീവിതം. കർത്താവായ യേശുക്രിസ്തുവിലുള്ള ആത്മീയ ജീവിതമാണ് യഥാർത്ഥ ജീവിതം. ഈ അനുഭവസാക്ഷ്യം കർത്താവിൽ വിശ്വസിക്കുന്നവർക്കും, തങ്ങളുടെ പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ടു പോയവർക്കും ആശ്വാസവും പ്രത്യാശയും നൽകട്ടെ. കർത്താവിനെ അറിഞ്ഞിട്ടില്ലാത്തവർക്ക് ഈ സാക്ഷ്യം മാനസാന്തരത്തിനും നിത്യജീവനിലേക്കുള്ള ഒരു വഴിയുമായി തീരട്ടെ എന്നും ഞാൻ ആശംസിക്കുന്നു. തുടർന്നും എന്റെ പ്രാർത്ഥനയും ആശംസയും അനുഗ്രഹങ്ങളും പ്രിയ Sis.ബേബി സരോജത്തിനു ഉണ്ടായിരിക്കും. എല്ലാ മഹത്വവും നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന് ഉള്ളതാകട്ടെ.

# ദൈവനാമത്തിന് മഹത്വം



"ദരിദ്രയെ കുപ്പയിൽ നിന്ന് ഉയർത്തിയ ദൈവം" എന്ന ഈ പുസ്തകം പ്രതിപാദിക്കുന്ന പ്രിയ ബേബി സിസ്റ്റർ എനിയ്ക്ക് വളരെ പ്രിയപ്പെട്ട ഒരു ദൈവദാസിയാണ്. എന്റെ പതിനാലാം വയസ്സു മുതൽ ഞാൻ അറിയുന്ന ഒരു കുടുംബവുമാണ്. ഈ സഹോദരിയുടെ ജീവിതത്തിലുള്ള അനുഭവങ്ങളാണ് ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നത്. വളരെ യാഥാർത്ഥ്യവും അത് വളരെ ഹൃദയസ്പർശിയും അനേകർക്ക് ആത്മ വിടുതലിനും കാരണമായിരിക്കട്ടെ എന്ന് ഞാൻ ആഗ്രഹിക്കുകയാണ്. ഞാൻ ഇത് വായിക്കുന്ന സമയത്ത് എന്റെ ജീവിതത്തിൽ ഇത് വിശ്വാസത്തെ ഉറപ്പിക്കുന്നതിനും, എന്റെ വിളിയെ വീണ്ടും ഒന്നുകൂടെ മൂർച്ചയാക്കുന്നതിനും ഈ പുസ്തകം വളരെ കാരണമായിട്ടുണ്ട്. കർത്താവിന്റെ വേലയിൽ ആയിരിക്കുന്ന എനിക്കും കുടുംബത്തിനും ഇത് വളരെ ഒരു അനുഗ്രഹം തന്നെയാണ്. ഈ പുസ്തകം അനേകർ യേശുവിൽ ആശ്രയിച്ച് വിശ്വസിക്കുന്നതിലൂടെ ദൈവത്തിന്റെ അത്ഭുത സാന്നിദ്ധ്യം കാണുവാനും അത് അനുഭവിക്കുവാനും ഒരു വലിയ അനുഗ്രഹമായി മാറട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ഈ പുസ്തകത്തിന്റെ ഓരോ താളുകളും ഒരു മനുഷ്യന്റ മനസ്സിൽ തോന്നിയ ഒരു കഥയല്ലല്ലോ? എന്നാൽ ജീവന്റെ അനുഭവങ്ങളും ജീവനുള്ള ദൈവത്തിന്റെ പ്രവർത്തികളുമാണ്. യേശുവിൽ പൂർണ്ണമായി വിശ്വസിക്കുകയും ആശ്രയിക്കുകയും ക്രിസ്തുവിനെ തന്റെ ജീവിതത്തിന്റെ ഏക പ്രത്യാശയാക്കി മാറ്റിയതു മൂലം ലഭിച്ച അത്ഭുതങ്ങളും അനുഭവങ്ങളുമാണ് ഈ പുസ്തകം. ഇത് വളരെ അനുഗ്രഹമാക്കി കർത്താവിന്റെ മഹത്വത്തിനായി പ്രിയ ബേബി സിസ്റ്ററും കുടുംബവും സമർപ്പിച്ചിരിക്കുകയാണ്. അത് വളരെ അനുഗ്രഹം തന്നെയാണ്. തന്റെ ഹൃദയത്തിലുള്ളതും തന്റെ ജീവിതത്തിൽ സംഭവിച്ചതും

തന്റെ വിശ്വാസത്താലും പ്രാർത്ഥനയാലും ദൈവം ചെയ്ത അത്ഭുതങ്ങളും തന്റെ വ്യക്തിപരമായ അനുഭവങ്ങളാക്കി മാറ്റി തന്റെ ഉള്ളിൽ ഒതുക്കാമായിരുന്നു. എന്നാൽ താൻ ദൈവസഭയ്ക്ക് കർത്താവിന്റെ വിളിയെ ഗ്രഹിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് അനേക മനുഷ്യ ജീവിതങ്ങൾക്ക് ഇത് ഒരു അനുഗ്രഹമാക്കി മാറ്റുവാൻ താൻ ഇതിനെ ദൈവസന്നിധിയിൽ സമർപ്പിച്ചിരിക്ക യാൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു. കർത്താവ് അനുഗ്രഹിക്കട്ടെ. ഈ പുസ്തകം അനേകർക്ക് അനുഗ്രഹമായി മാറട്ടെ. ദൈവത്തിന് സ്തോത്രം.

**ഡോ.ജോയി ഇ. രാജരത്നം**
സീനിയർ പാസ്റ്റർ
ശാലോം ന്യൂ ഫെല്ലോഷിപ്പ്
ഗുർഗൊാൻ, ഹരിയാന

# ആശംസ



പ്രിയ സഹോദരി ബേബി സരോജം തന്റെ ആത്മീയ അനുഭവങ്ങളിലൂടെയും തന്റെ വ്യക്തിപരമായ ജീവിത അനുഭവങ്ങളിലൂടെയും രചിച്ച പുസ്തകത്തിലൂടെ അനവധിപേർക്ക് ആത്മീയ സന്തോഷവും ലോകരക്ഷകനായ യേശുക്രിസ്തുവിൽ കൂടിയുള്ള രക്ഷാനുഭവവും രോഗശാന്തിയും ലഭിക്കുന്നതിന് കാരണമാകട്ടെ എന്ന് ആഗ്രഹിക്കുന്നു. നിരവധി ജീവിതാനുഭവങ്ങളിലൂടെ കടന്നുപോയിട്ടുള്ള പ്രിയ സഹോദരി ബേബി സരോജത്തിന്റെ ബാല്യകാലം മുതലുള്ള ജീവിതാനുഭവങ്ങളേയും അവരുടെ കഷ്ടപ്പാടുകളേയും കുറിച്ച് എനിക്ക് കേൾക്കാൻ കഴിഞ്ഞിട്ടുണ്ട്.

പ്രത്യേകിച്ച് പ്രിയസഹോദരിക്ക് ഉണ്ടായ അതികഠിനമായ ശാരീരിക രോഗത്തിൽ നിന്നും മരണകരമായ അനുഭവത്തിൽ നിന്നുമുള്ള വിടുതൽ അതിശയകരം തന്നെ. ഈ പുസ്തകം നിരവധിപേർക്ക് പ്രയോജനമാകട്ടെ എന്ന് ആശംസിക്കുന്നു.



**പാസ്റ്റർ. സിംസൺ സുന്ദർരാജ്**
പ്രസിഡന്റ്, INZA

# അസാധ്യങ്ങളെ സാധ്യമാക്കുന്ന ദൈവം

## മരണത്തിൽ നിന്ന് ജീവനിലേക്ക്...



കർത്താവിൽ പ്രിയ ബേബി സരോജം ആന്റി തന്റെ ബാല്യകാലവും തുടർ ജീവിത അനുഭവങ്ങളും വിശദമാക്കിക്കൊണ്ട് "ദരിദ്രയെ കുപ്പയിൽ നിന്ന് ഉയർത്തിയ ദൈവം" എന്ന തലക്കെട്ടോടുകൂടെ എഴുതിയ ജീവിതാനുഭവങ്ങളുടെ പുസ്തകം സ്പർശനാത്മകം ആണ്. പ്രത്യേകിച്ച് അവസാനം പ്രിയ ആന്റിക്ക് ഉണ്ടായ ശാരീരിക ക്ലേശവും അതി കഠിനമായ പ്രതിസന്ധികളേയും എനിക്ക് നേരിട്ടറിയുവാൻ കഴിഞ്ഞിട്ടുണ്ട്. ലോകമെമ്പാടുമുള്ള നിരവധിപേരുടെ പ്രാർത്ഥനയുടെ ഫലമായിട്ടാണ് മരണകരമായ അനുഭവത്തിൽ നിന്ന് പ്രിയ ആന്റി ജീവനിലേക്ക് മടങ്ങി വന്നത്. അത് പുതിയ തുടക്കങ്ങൾക്ക് കാരണം ആയി. പ്രിയ ബേബി സരോജം ആന്റിയോടുകൂടെ നിന്ന പ്രിയപ്പെട്ടവരെ നന്ദിയോടെ ഓർക്കുന്നു. ജീവിതാനുഭവങ്ങൾകൊണ്ടും, എഴുത്തുകളിലൂടെയും നിരവധിപേർക്ക് ആശ്വാസം നൽകുന്ന "ദരിദ്രയെ കുപ്പയിൽ നിന്ന് ഉയർത്തിയ ദൈവം" എന്ന പുസ്തക ചിന്തകൾ ഏവർക്കും പ്രചോദനവും ആശ്വാസവും ആയി തീരട്ടെ എന്ന് ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

**പാസ്റ്റർ സതീഷ് നെൽസൺ**
INZA വൈസ് പ്രസിഡന്റ്

## ആശംസ



ഇന്റർനാഷണൽ സീയോൻ അസംബ്ലി കോവളം മുട്ടയ്ക്കാട് ശാലേംപുരി ചർച്ചിൽ അമ്പതിലധികം വർഷങ്ങളായി സഭയിലെ അംഗമായി തുടരുന്ന ആളാണ് സിസ്റ്റർ ബേബി സരോജം. അവരുടെ ജീവിതാനുഭവങ്ങളും ദൈവം കൊടുത്ത വിടുതലുകളും ചേർത്തുകൊണ്ടുള്ള സാക്ഷ്യം ഒരു പുസ്തകമായി പ്രസിദ്ധീകരിക്കുന്നതിൽ അവരുടെ കുടുംബം മുഴുവൻ അഭിനന്ദനമർഹിക്കുന്നു. ഈ പുസ്തകം വായിക്കുന്നവർക്കെല്ലാം അനുഗ്രഹമായി മാറട്ടെ എന്ന് ആശംസിക്കുന്നു.

**പാസ്റ്റർ ജോബി എഡ്വിൻ**
INZA ശാലേംപുരി ചർച്ച്

# ആശംസ

ദൈവത്തിന് മഹത്വം!



"ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ഭോഷത്തമായതു തിരഞ്ഞെടുത്തു; ഉള്ളതിനെ ഇല്ലായ്മയാക്കുവാൻ ദൈവം ലോകത്തിൽ കുലഹീനവും നികൃഷ്ടവുമായതും ഏതുമില്ലാത്തതും തിരഞ്ഞെടുത്തു." (1 കൊരി: 1:27, 28)

ഈ വചനം സിസ്റ്റർ ബേബി സരോജത്തിന്റെ ജീവിതത്തിൽ എത്ര അർത്ഥവത്താണ്. അഞ്ച് പതിറ്റാണ്ട് മുമ്പാണ് ഞാൻ ഈ മാതാവിനെ പരിചയപ്പെട്ടത്. ജീവിത അനുഭവങ്ങൾ അവരിൽ നിന്നും കേൾക്കുവാനും ഇടയായിട്ടുണ്ട്. ഈ പുസ്തകത്തിൽ പരാമർശിച്ചിരിക്കുന്ന ചില അനുഭവങ്ങൾ നേരിട്ട് എന്നോട് പറഞ്ഞിട്ടുണ്ട്. അന്നു ഞാൻ അതിശയത്തോടെ കേൾക്കുകയും, ദൈവം പ്രവർത്തിക്കുന്ന വിധങ്ങളെ ഓർത്തു ദൈവത്തെ സ്തുതിക്കുകകയും ചെയ്തു. സത്യം കൊണ്ട് മനസ്സും, സ്നേഹം കൊണ്ട് ഹൃദയവും, സേവനം കൊണ്ട് ജീവിതവും, കർത്താവിന് വേണ്ടി സമ്പന്നമാക്കിയ ഒരു മഹൽ വ്യക്തിത്വത്തിന്റെ ഉടമയാണ് പ്രിയ മാതാവ്. സ്വന്തം നിയോഗമെന്തെന്ന് തിരിച്ചറിയുകയും, പരിമിതികളെയും, പ്രതിബന്ധങ്ങളെയും അതിജീവിച്ച്, മുന്നോട്ട് പോയ ബേബി സരോജം ക്രിസ്തീയ ഗോളത്തിന് ഒരു മാതൃകയാണ്.

"അറിയില്ല, കഴിവില്ല," എന്നു പറഞ്ഞ് അനേകർ നാലു ചുവരുകൾക്കുള്ളിൽ ഒതുങ്ങുമ്പോൾ, "അറിയില്ല" എന്നുള്ള തിരിച്ചറിവാണ്, ബേബി സരോജത്തെ ക്രിസ്തുവിനെ അറിയാനുള്ള ലോകത്തിലേക്കുള്ള കവാടമായ് വർത്തിച്ചത്. ആ താഴ്മയ്ക്കും യഹോവ ഭക്തിയ്ക്കുമുള്ള പ്രതിഫലമാണ് ഈ പുസ്തകം. പ്രതീക്ഷ നഷ്ടപ്പെട്ടവർ ഇത് വായിക്കുമ്പോൾ

അവരുടെ ജീവിതത്തിൽ അത്ഭുതങ്ങൾ നടക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഇനിയും ദീർഘായുസ്സും, ആരോഗ്യവും പ്രീയ മാതാവിന് ദൈവം നൽകി, അനേകരെ ക്രിസ്തുവിങ്കലേക്ക് നയിക്കട്ടെ എന്നു ആഗ്രഹിക്കുന്നു, ആശംസിക്കുന്നു.

God Bless You

**D.F. Anitha** M.A., B.Ed.
Rtd. Headmistress, Vazhamuttam
*(Official Designation)*
International Zion Assembly,
Salempuri Church Member, Kovalam

## മകൻ ജയപ്രകാശിന്റെ സാക്ഷ്യം



എന്റെ അമ്മ എഴുതിയ ഈ പുസ്തകത്തിൽ എനിക്ക് വീണ്ടും ഒരു പ്രാവശ്യം കൂടെ അമ്മയെക്കുറിച്ചുള്ള സാക്ഷ്യവും നന്ദിയും എഴുതുവാൻ സഹായിച്ചതിനാൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു. എന്റെ അമ്മ ഇന്ന് ലോകത്തിൽ ജീവിച്ചിരിക്കുന്നതുതന്നെ അത്ഭുതമാണ്. മരിച്ച സ്ഥാനത്തുനിന്ന് ഞങ്ങളുടെ എല്ലാവരുടെയും നിലവിളിയും പ്രാർത്ഥനയും കേട്ടാണ് എന്റെ അമ്മയെ ദൈവം മടക്കിത്തന്നത്. ഞങ്ങൾക്കെല്ലാവർക്കും സകല മനുഷ്യർക്കും എല്ലാ കാര്യത്തിലും നല്ല ഒരു മാതൃകയാണ് എന്റെ അമ്മ. ഇതെനിക്ക് പറയാതിരിക്കാൻ കഴിയില്ല. ആരോടായാലും വീട്ടിലായാലും യേശുവിനെക്കുറിച്ചു മാത്രമേ അമ്മയ്ക്ക് പറയുവാനുള്ളൂ. അത്രത്തോളം യേശുകർത്താവിനെ സ്നേഹിക്കുന്ന അമ്മയാണ്. എപ്പോഴും ഉപദേശവും പ്രാർത്ഥനയും മാത്രമാണ് അമ്മയ്ക്കുള്ളത്. ഒരു കുഞ്ഞു തെറ്റു കണ്ടാലും അമ്മ ഭയങ്കരമായി ശാസിക്കും.

എനിക്ക് ഇപ്പോൾ 52 വയസായി. ഈ വയസിനിടയിൽ ഇത്രയും കാലം എന്റെ പപ്പയും അമ്മയും ഒരിക്കൽ പോലും ഒരു കൊച്ചുകാര്യത്തിന് പോലും ദേഷ്യപ്പെട്ടു സംസാരിക്കുന്നത് ഞാനും എന്റെ അനുജത്തിയും കേട്ടിട്ടില്ല. എന്റെ മാതാവിന്റേയും പിതാവിന്റേയും കുടുംബജീവിതം എല്ലാവർക്കും മാതൃകയായിരുന്നു. ഇതിനെല്ലാം കാരണം എന്റെ അമ്മയാണ്. അമ്മ കുടുംബത്തിൽ സമാധാനം ഉണ്ടാക്കുന്ന മാതാവാണ്. അത്രയ്ക്കും ദൈവ പരിജ്ഞാനത്തോടെയാണ്, അമ്മ ജീവിച്ചതും കുടുംബത്തെ വളർത്തിയതും. എന്റെ കൊച്ചു പ്രായത്തിൽ ഞങ്ങൾ വളരെ കഷ്ടതയും പട്ടിണിയും അനുഭവിച്ചു. അപ്പോഴും അമ്മ ഞങ്ങൾക്ക് നല്ല പത്ഥ്യോപദേശം തന്ന് ദൈവഭയത്തിൽ ഞങ്ങളെ വളർത്തി. അതുകൊണ്ട് ഞാനും എന്റെ അനുജത്തിയും ഇന്നുവരെയും ദേശത്തിൽ നല്ല സാക്ഷ്യമുള്ളവരായും നല്ല

മാതൃകയിലും ജീവിച്ചു. ഇന്ന് ഞങ്ങളുടെ അമ്മയെ ഞാനും കുടുംബവും എന്റെ അനുജത്തിയും കുടുംബവും ഒന്നിനും ഒരു കുറവും  വരുത്താതെ സ്നേഹിച്ച്, ബഹുമാനിച്ച്, ശുശ്രൂഷിച്ച് സന്തോഷത്തോടെ ജീവിക്കുന്നു. ഇതു വായിക്കുന്ന എല്ലാവരും മാതാപിതാക്കളെ അനുസരിക്കയും സ്നേഹിക്കയും ബഹുമാനിക്കയും അവർക്ക് ഒരു ദുഃഖവും വരുത്താതെ നോക്കുകയും വേണം. എന്നാൽ അത് നിങ്ങൾക്കും നിങ്ങളുടെ തലമുറകൾക്കും അനുഗ്രഹമായിരിക്കും.

യേശു അപ്പന്റെ ഇഷ്ടം നിവർത്തിക്കുക എന്നതു മാത്രമാണ് എന്റെ അമ്മയുടെ ഒരേ ഒരു ആഗ്രഹം. അമ്മ ഞങ്ങളുടെ വീടിന്റെ വിളക്കാണ്. അമ്മ എഴുതുന്ന ഈ പുസ്തകം വായിക്കുന്ന ഓരോരുത്തരും അവരവരെത്തന്നെ ശോധന ചെയ്ത് സ്വയം ഒരുക്കി സ്വർഗ്ഗത്തിൽ കർത്താവിന്റെ അടുത്ത് എത്തിച്ചേരുക. ദൈവം എല്ലാവരേയും അനുഗ്രഹിക്കുമാറാകട്ടെ.

# ഉള്ളടക്കം


- സാക്ഷ്യപുസ്തകത്തിൽ ഇടയ്ക്ക് എഴുതുവാൻ വിട്ടു പോയ വിഷയങ്ങൾ 103
- പിതാവും പുത്രനും വന്നു കോമ്പൗണ്ട് മുദ്ര ഇട്ടത് 105
- 48 വർഷങ്ങൾക്കുമുൻപ് കണ്ട മറ്റൊരു ദർശനം 107
- മരണത്തിൽ നിന്നും ജീവനിലേക്ക്. 110
- ഞങ്ങളുടെ വീട്ടിൽ നടന്ന ആരാധന 124
- പ്രാർത്ഥനയാകുന്ന താക്കോൽ 133
- കുടുംബങ്ങളെക്കുറിച്ച് 137
- സ്വർഗ്ഗവും നരകവും 147
- മദ്യവും മയക്കുമരുന്നും 148
- മാതൃകയുള്ള കുടുംബം 150
- കർത്താവിങ്കലേക്കുള്ള മടങ്ങി വരവ് 151
- അവിശ്വാസികൾ 154
- വിധിക്കരുത് 156
- എന്റെ സാക്ഷ്യം 157
- കുടുംബത്തിൽ സാക്ഷ്യം 162
- പിന്മാറ്റം 164
- പുളിച്ചമാവ് 166
- എന്റെ ജീവിത്തിലെ ചില അനുഭവങ്ങൾ 167
- നിഷ്കളങ്ക ഹൃദയം ഉള്ളവരായിരിപ്പിൻ 168
- എന്നോടുള്ളദൈവത്തിന്റെ വാഗ്ദത്ത പൂർത്തീകരണം 173

"ദൈവത്തിനു സ്തോത്രം"

# സാക്ഷ്യപുസ്തകത്തിൽ ഇടയ്ക്ക് എഴുതുവാൻ വിട്ടു പോയ വിഷയങ്ങൾ

48 വർഷങ്ങൾക്കു മുൻപ് ഞാൻ ഒരു രാത്രിയിൽ കണ്ട സ്വപ്നം : ആ സ്വപ്നത്തിൽ ഞാൻ 10 വയസ് പ്രായമുള്ള പാവാടയും ബ്ലൗസും ധരിച്ച ഒരു ആദിവാസി കുട്ടിയെപ്പോലെ യാണ് എന്നെ കാണുന്നത്. (യഥാർത്ഥത്തിൽ എനിക്ക് രണ്ട് മക്കളുള്ളപ്പോഴാണ് ഞാൻ ഇത് കാണുന്നത്) തിരുവനന്തപുരത്ത് പുത്തരിക്കണ്ടം മൈതാനത്ത് ഒരു വലിയ കൺവെൻഷൻ നടക്കുന്നു. നിറയെ ജനം കൂടിയിരിക്കുന്നു. പുരുഷന്മാരും സ്ത്രീകളും രണ്ടു സൈഡിലും നിറഞ്ഞിരിക്കുന്നു. അതിന്റെ നടുവിലുള്ള വഴിയിൽകൂടെ ഞാൻ 10 വയസ്സുള്ള ഒരു പാവം പെൺകുട്ടിയായി പുറകിൽ നിന്ന് തറയിൽ കുനിഞ്ഞ് നോക്കി ആരുടെയും മുഖത്ത് നോക്കാതെ നടന്നു നടന്ന് മുൻവശത്ത് സ്റ്റേജിന്റെ അടുത്തെത്തി. ആ സമയത്ത് സ്റ്റേജിൽ നിറയെ വലിയ വലിയ പാസ്റ്റർമാർ ഇരിക്കയായിരുന്നു. ഈ സമയത്ത് യേശു കർത്താവ് ഒരു അങ്കി ഇട്ട് സ്റ്റേജിന്റെ വലതുവശത്ത് നിൽക്കുകയായിരുന്നു. (എന്നാൽ അന്ന് എനിക്ക് അത് എന്റെ യേശു അപ്പനാണ് എന്ന് അറിയില്ലായിരുന്നു. എന്നാൽ പിന്നത്തേതിൽ എത്രയോ പ്രാവശ്യം ഇന്നുവരെയും ഞാൻ യേശു അപ്പനെ കാണാറുണ്ട്. അതുകൊണ്ട് അന്നു സ്റ്റേജിൽ അങ്കി ഇട്ടു നിന്നത് യേശു കർത്താവാണ് എന്ന് ഇന്ന് എനിക്ക് വ്യക്തമായിട്ട് അറിയാം.) അപ്പോൾ യേശു കർത്താവ് മുൻപോട്ട് നടന്നു വന്ന് എന്നെ കൈപിടിച്ച് സ്റ്റേജിൽ കയറ്റി സ്റ്റേജിന്റെ വലതുവശത്തു നിറുത്തി. ആ സമയത്ത് ഇടതു വശത്ത് സ്റ്റേജിൽ ഇരുന്ന പാസ്റ്റർമാർ ഭയങ്കര ദേഷ്യത്തോടെ ചാടി

എഴുന്നേറ്റ്, അങ്കി ഇട്ടുനിൽക്കുന്ന കർത്താവിനോട്, ''ഞങ്ങൾ ഇത്രയും കാലം ചങ്കുപൊട്ടി പ്രസംഗിച്ചിട്ടും ഞങ്ങൾക്ക് ഇങ്ങനെയൊരു അംഗീകാരവും തന്നിട്ടില്ല. എന്നാൽ ഇപ്പോൾ വന്ന ഈ പീറപ്പെണ്ണിന് അംഗീകാരം കൊടുത്തിരിക്കുന്നു,'' എന്നു പറഞ്ഞു. ഇതു കണ്ടപ്പോൾ യേശു അപ്പൻ ഭയങ്കര കോപത്തോടെ അവരുടെ നേരെ ഇടതു കൈ ചൂണ്ടി, ''നിങ്ങളോ പഠിച്ചതിൽ നിന്നു പ്രസംഗിക്കുന്നു. ഇവളോ എന്നെ ഏറ്റവും ഭയപ്പെടുന്നു,'' എന്നുപറഞ്ഞു. ഇത്രയും ഞാൻ വ്യക്തമായി കാണുകയും കേൾക്കുകയും ചെയ്തതാണ്.

ഈ കണ്ട സ്വപ്നത്തിൽ നിന്നും ഞാൻ മനസ്സിലാക്കുന്നത് നമ്മൾ ആര് തന്നെ ആയിരുന്നാലും എത്ര പ്രസംഗിച്ചാലും എത്ര സുവിശേഷം പറഞ്ഞാലും കർത്താവിന് വേണ്ടി എന്നു പറഞ്ഞ് നാം എന്തൊക്കെ ചെയ്താലും കേൾക്കുന്നവർ ചിലപ്പോൾ രക്ഷിക്കപ്പെടും. പക്ഷേ അത് പറയുന്ന നമ്മളിൽ ദൈവം പ്രസാദിക്കണമെന്നില്ല. ഞാൻ കണ്ട സ്വപ്നത്തിൽ നിന്നും എനിക്കു കിട്ടിയ വിവേചനം ആണ് ഞാൻ പറയുന്നത്. നാം എപ്പോഴും അകവും പുറവും വിശുദ്ധിയോടെ ദൈവത്തെ വളരെ ഭയപ്പെടുന്നവർ ആയിരിക്കണം. ബൈബിളിൽ ഇങ്ങനെ പറയുന്നു, ''കർത്താവേ നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും, നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും, നിന്റെ നാമത്തിൽ വളരെ വീര്യപ്രവർത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ '' അപ്പോൾ കർത്താവ് പറയുന്നത്, ''ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല.'' (മത്തായി 7: 22, 23) ഇത് ചിന്തിക്കുമ്പോൾ എനിക്ക് ഓരോ മിനിറ്റും ഭയം ആണ്. കാരണം ഞാൻ കർത്താവിന് വേണ്ടി എന്നു പറഞ്ഞ് എന്തൊക്കെ ചെയ്താലും കർത്താവ് പ്രസാദിച്ചില്ലെങ്കിൽ കർത്താവ് എന്നെ അംഗീകരിച്ചിട്ടില്ലെങ്കിൽ എന്റെ ജീവിതം വ്യർത്ഥമാണ്. അതുകൊണ്ട് ദൈവഭയം എപ്പോഴും എന്റെ ഉള്ളിൽ ഉണ്ട്. നാം എന്തൊക്കെ ചെയ്താലും ദൈവത്തെ ഭയപ്പെടണം എന്നാണ് എന്റെ ആഗ്രഹം.

# പിതാവും പുത്രനും വന്നു കോമ്പൗണ്ട് മുദ്ര ഇട്ടത്

48 വർഷങ്ങൾക്കു മുൻപ് ഒരിക്കൽ ഞങ്ങൾക്ക് പിടിച്ചുനിൽക്കാൻ കഴിയാത്ത പ്രതികൂലം ഉണ്ടായി. നാലുഭാഗത്തുനിന്നും ഭയങ്കര എതിരും പ്രതികൂലങ്ങളും എന്നെയും എന്റെ കുടുംബത്തെയും തകർത്തു കളയത്തക്ക വണ്ണം വന്നു. ഞങ്ങൾ ഇനി എങ്ങനെ പിടിച്ചു നിൽക്കും, ഞങ്ങളുടെ സങ്കടങ്ങൾ ആരോട് പറയാൻ എന്നിങ്ങനെ പല ചോദ്യങ്ങളും ദൈവത്തോട് ചോദിച്ച് രാത്രി മുഴുവനും ഞാൻ കരഞ്ഞു. അപ്പോൾ പിതാവും പുത്രനും ഒരുമിച്ചു വന്ന് ഞങ്ങളുടെ വീടും കോമ്പൗണ്ടും മുദ്രയിടുന്നത് ഞാൻ വ്യക്തമായി കണ്ടു. അതോടുകൂടെ ആ വിഷയങ്ങളിലെ ഞങ്ങളുടെ ഭാരം മാറിപ്പോയി. മാത്രമല്ല അതിനുശേഷം എന്തെല്ലാം വന്നിട്ടും അതൊന്നും ഞങ്ങളെ തൊടാൻ ദൈവം അനുവദിച്ചിട്ടില്ല. കാരണം പിതാവും പുത്രനും പരിശുദ്ധാത്മാവും എപ്പോഴും ഞങ്ങളുടെ കൂടെയുണ്ട്. പിന്നെയും ഒരു പ്രാവശ്യം ഞാൻ വളരെ ഭാരത്തോടും വേദനയോടും സങ്കടത്തോടും കൂടെ എനിക്ക് അപ്പൻ ഇല്ലല്ലോ, എന്റെ അപ്പനെ ഞാൻ കണ്ടിട്ടില്ല, അപ്പന്റെ സ്നേഹം ഞാൻ അനുഭവിച്ചിട്ടും ഇല്ല, എല്ലാവർക്കും അപ്പൻ ഉണ്ട്, എനിക്കു മാത്രം അപ്പനില്ല എന്ന് ചിന്തിച്ചു കരഞ്ഞു. അപ്പോൾ ദൈവം എന്നോട് ശബ്ദമായി തന്നെ വ്യക്തമായി സംസാരിച്ചു. ദൈവം എന്നോട്, "എല്ലാത്തിനും മതിയായ നിന്റെ അപ്പൻ നിനക്ക് സ്വർഗ്ഗത്തിൽ ഉണ്ട്," എന്നു പറഞ്ഞു. ഇതുകേട്ടപ്പോൾ എനിക്ക് വലിയ ആശ്വാസമായി. അന്നുമുതൽ ഇന്നുവരെയും സ്വർഗ്ഗത്തിലെ അപ്പനായ യേശു കർത്താവ് തന്നെയാണ് ഞങ്ങളെ നടത്തിക്കൊണ്ടിരിക്കുന്നത്.

വർഷങ്ങൾക്കു മുൻപ് വീണ്ടും ഒരു പ്രാവശ്യം പകൽ 12 മണിക്ക് ഞാൻ എന്റെ വീട്ടിൽ ഒറ്റയ്ക്ക് ആയിരുന്നു. ആ പരിസരത്തെങ്ങും ആരും ഇല്ലായിരുന്നു. ആ സമയത്ത് ഉച്ചയ്ക്ക് ഒരു പൂവൻകോഴി കൂകി. അത് ഒരു പ്രത്യേക ശബ്ദത്തിൽ ആയിരുന്നു. അപ്പോൾ ഞാൻ മുറ്റത്ത് നിൽക്കുകയായിരുന്നു. ഞാൻ നോക്കി നിൽക്കുമ്പോൾ തന്നെ ആ കോഴി മനുഷ്യരൂപത്തിലുള്ള ഒരു പിശാച് ആയി മാറി. എന്നിട്ട് ആ പിശാച് എന്നോട്, "നിന്നെ ഞാൻ ഇവിടെ നിന്ന് ഓടിക്കും" എന്നു പറഞ്ഞു. ഉടൻ തന്നെ ദൈവാത്മാവ് എന്നോട് സംസാരിച്ചു. "ഒരു പിശാചിനും നിന്നെ തൊടാൻ സാധിക്കുകയില്ല."

ഇങ്ങനെ കർത്താവ് പറയാൻ കാരണം എന്റെ അമ്മയുടെ ഉദരത്തിൽ വച്ച് തന്നെ കർത്താവ് എന്നെ കണ്ടു, എന്നെ സ്നേഹിച്ചു എന്റെ കൂടെ ഉണ്ടായിരുന്നു. അതുകൊണ്ടാണ് ഒരു പൈശാചിക ശക്തിക്കും നിന്നെ തൊടാൻ കഴിയുകയില്ല എന്ന് കർത്താവ് പറഞ്ഞത്.

# 48 വർഷങ്ങൾക്കുമുൻപ് കണ്ട മറ്റൊരു ദർശനം

എന്നെ തന്നെ ഞാൻ വലിയ ഒരു തീക്കനൽ കട്ടയായി കിടക്കുന്നത് കണ്ടു. അത് ഞാനാണെന്ന് എനിക്കറിയാം. അതിനെ ഒരു ചുറ്റിക കൊണ്ട് അടിച്ചു പരത്തി പരത്തി അത് ഒരു വലിയ മാലയായി മാറി. ആ മാലയെ ആരോ കൊണ്ടുവന്ന് എന്റെ കഴുത്തിൽ ഇട്ടു തന്നു. ആ മാല കാണുന്നതിനുവേണ്ടി ആൾക്കാരെല്ലാം ഓടിക്കൂടി. ഇതു കൊള്ളാം നന്നായിരിക്കുന്നു എന്ന് ആളുകൾ മാല പിടിച്ചുനോക്കി തമ്മിൽ തമ്മിൽ പറയുന്നത് എനിക്ക് കേൾക്കാമായിരുന്നു.

ആ കാഴ്ചയിൽ ഞാൻ തീ കനൽക്കട്ടയായി കിടക്കുന്നത് ഞാൻ തന്നെ നോക്കികൊണ്ടു നിന്നതായിട്ടാണ് കണ്ടത്. ആ കാഴ്ചയുടെ അർത്ഥം, ആ ദിവസങ്ങളിൽ യഥാർത്ഥത്തിൽ ഒരു തീയുടെ അനുഭവം തന്നെ ആയിരുന്നു എന്റെ ജീവിതം. ഞാനും എന്റെ കുടുംബവും ആ ദിവസങ്ങളിൽ അനുഭവിച്ച വേദനകൾ തീയിൽ കിടക്കുന്നതു പോലെ ആയിരുന്നു. അത് എല്ലാം ഞാനും എന്റെ കുടുംബവും ഒറ്റയ്ക്ക് അനുഭവിക്കുകയായിരുന്നു. അതൊന്നും പുറത്തു പറയുവാൻ പോലും കഴിയില്ല. എന്റെ ജീവിതത്തിൽ ഞാൻ കേട്ടിട്ടില്ലാത്തതും സ്വപ്നത്തിൽ പോലും അഥവാ എന്റെ ചിന്തയിൽ പോലും വന്നിട്ടില്ലാത്തതുമായ അപവാദങ്ങളും പരിഹാസങ്ങളും നിന്ദകളുമാണ് ആ നാളുകളിൽ ഞാൻ കേട്ടത്. കേട്ടുകേട്ട് മടുത്ത് ഇനി എനിയ്ക്ക് മരിച്ചാൽ മതി, എനിയ്ക്ക് ജീവിക്കണ്ട, എന്നുവരെ ഞാൻ ചിന്തിച്ചു. അപ്പോഴെല്ലാം എന്റെ ഭർത്താവ് എനിയ്ക്ക് താങ്ങും തണലുമായി എന്റെ കൂടെ

ഉണ്ടായിരുന്നു. അപ്പോൾ എല്ലാം അറിയുന്ന അദ്ദേഹം എന്നോട് പറയുമായിരുന്നു, "വല്ലവരും വിവരം ഇല്ലാതെ എന്തെങ്കിലും അനാവശ്യങ്ങളും തെറികളും വിളിച്ചു പറഞ്ഞു എന്നുവെച്ച് നീ എന്തെങ്കിലും കടുംകൈ ചെയ്താൽ എനിക്കും മക്കൾക്കും ആരുണ്ട്. മാത്രമല്ല എല്ലാ യാഥാർത്ഥ്യങ്ങളും അറിയുന്ന ദൈവം നമുക്കുണ്ടല്ലോ, പിന്നെ എന്തിന് നമ്മൾ പേടിക്കണം." വാസ്തവത്തിൽ നിലത്തു കാൽ ഊന്നി നിൽക്കുവാൻ പോലും കഴിയാത്ത അത്ര പ്രതികൂലങ്ങളും തീയുമാണ് ആ ദിവസങ്ങളിൽ എനിയ്ക്കും കുടുംബത്തിനും നേരെ വന്നത്. എങ്ങോട്ട് തിരിഞ്ഞാലും ഞങ്ങൾ സ്വപ്നത്തിൽ പോലും ചിന്തിക്കാത്ത കുറ്റങ്ങൾ മാത്രം ഞങ്ങളുടെ തലയ്ക്കു മീതെ വന്നുകൊണ്ടിരുന്നു. സ്വപ്നത്തിലൂടെ കണ്ട അതേ തീക്കട്ടയിൽ കൂടെ തന്നെയാണ് ആ ദിവസങ്ങളിൽ ഞങ്ങൾ പോയി കൊണ്ടിരുന്നത്. പിന്നത്തേതിൽ എന്നെ ഒരു പൊന്നു പോലെ പുറത്തുകൊണ്ടു വരുന്നതിനു വേണ്ടിയാണ് അന്ന് ആ നാളുകളിൽ അതിഭയങ്കര തീക്കനൽക്കട്ടപോലെയുള്ള പ്രതികൂലങ്ങൾക്കും, അപവാദങ്ങൾക്കും ദൈവം അനുവദിച്ചു കൊടുത്തത് എന്ന് ഇന്ന് എനിയ്ക്ക് മനസ്സിലാകുന്നു. അതെല്ലാം നന്മയ്ക്കു വേണ്ടി മാത്രമായിരുന്നു എന്ന് ഇന്ന് എനിയ്ക്ക് നന്നായിട്ട് അറിയാം. അന്ന് കണ്ട ദർശനപ്രകാരം കർത്താവ് ഒരു വിദ്യാഭ്യാസവും ഇല്ലാത്ത എന്നെ ഇന്ന് കൃപകളും വരങ്ങളും നല്കി അനേകർക്ക് പ്രയോജനമുള്ള ഒരു മാനപാത്രമാക്കി തീർത്തിരിക്കുന്നു.

വചനം : "എന്നെ ശോധന കഴിച്ചാൽ ഞാൻ പൊന്നു പോലെ പുറത്തു വരും." (ഇയ്യോബ് 23:10)

പ്രിയപ്പെട്ടവരെ, നിങ്ങളുടെ ആരുടെ എങ്കിലും ജീവിതത്തിൽ ഇതുപോലെ കാരണം കൂടാതെ പിടിച്ചു നിൽക്കുവാൻ കഴിയാത്ത കഷ്ടതകളും അപവാദങ്ങളും, പരിഹാസങ്ങളും, നിന്ദകളും അനുഭവിക്കുന്നുവെങ്കിൽ ഒരു കാരണത്താലും നിരാശപ്പെട്ടു പോകണ്ട. ഈ സമയങ്ങളിൽ ആത്മഹത്യയെക്കുറിച്ച് ചിന്തിക്കുകപോലും ചെയ്യരുത്.

വിശുദ്ധിയിലും, വിശ്വസ്തതയിലും നിലനിന്ന് എന്തൊക്കെ അനുഭവിച്ചാലും, സഹിക്കേണ്ടി വന്നാലും കർത്താവിൽ നിന്ന് പിന്മാറി പോകാതെ അപ്പനോട് പറ്റി ഇരിക്ക. യേശു അപ്പൻ നമ്മുടെ കൂടെ ഉണ്ട്. ബൈബിളിൽ ദാനിയേൽ പ്രവചന പുസ്തകത്തിന്റെ മൂന്നാം അദ്ധ്യായത്തിൽ, ശദ്രക്ക്, മേശക്ക്, അബേദ്നഗോ എന്നീ മൂന്ന് ബാലന്മാരെ അന്ന് ഭരിച്ചിരുന്ന നെബൂഖദ്നേസർ രാജാവ്, ഇവർ ദൈവത്തെ ആരാധിച്ചതു കൊണ്ട് എരിയുന്ന തീച്ചൂളയിൽ ഇട്ടു കളഞ്ഞു. എന്നാൽ ആ ബാലന്മാർ ദൈവത്തോട് പറ്റിയിരുന്നതുകൊണ്ട് ആ ഭയങ്കര തീയിൽ നിന്നും ദൈവപുത്രൻ നേരിട്ടിറങ്ങി അവരെ തീയുടെ ഒരു ചൂടുപോലും ഏൽക്കാതെ പുറത്തു കൊണ്ടുവന്നു. അതുപോലെ യേശു കർത്താവ് നിങ്ങളെയും പൊന്നുപോലെ പുറത്തു കൊണ്ടുവരിക തന്നെ ചെയ്യും. ഊതിക്കഴിച്ച ഒരു പൊന്നുപോലെ പുറത്തുകൊണ്ടുവരും.

അന്നുകണ്ട ദർശനപ്രകാരം കർത്താവ് ഒരു വിദ്യാഭ്യാസവും ഇല്ലാത്ത എന്നെ ഇന്ന് കൃപകളും വരങ്ങളും നൽകി അനേകർക്ക് പ്രയോജനമുള്ള ഒരു മാനപാത്രമാക്കി തീർത്തിരിക്കുന്നു.

# "മരണത്തിൽ നിന്നും ജീവനിലേക്ക്.." എനിക്കു വന്ന അസുഖവും ഞാൻ മരിച്ചതും ജീവിച്ചതും

2023 സെപ്റ്റംബർ മാസം പതിമൂന്നാം തിയതി ഞങ്ങളുടെ വീടിന്റെ ചില പുതുക്കിപ്പണികൾ നടക്കുകയായിരുന്നു. വീടിന്റെ മുൻവശത്ത് ആരാധന നടത്തുവാൻ സ്ഥിരമായ നല്ല രീതിയിൽ ഉള്ള ഒരു വലിയ ഹാൾ പോലെ മുൻവശം മുഴുവൻ ആയി ഷീറ്റ് ഇടുവാൻ ആഗ്രഹിച്ചു. തിടുക്കത്തിൽ ചെയ്യുവാൻ കാരണം എന്റെ മകന്റെ മകൾ കാനഡയിൽ പഠിക്കുന്നതിനു വേണ്ടി പോകാൻ എല്ലാം ശരിയായി. അവൾ നല്ലതുപോലെ പാടുന്ന ഒരു പാട്ടുകാരിയും കൂടെയാണ്. അവൾ പോകുന്നതിനു മുൻപ് ഞങ്ങളുടെ ഈ ഹാളിൽ വച്ച് ഒരു ആരാധന നടത്തണം. മകന്റെ മകനും നല്ലതുപോലെ പാടും. വളരെ താലന്തുകൾ ഉള്ള മക്കൾ ആണ് രണ്ടുപേരും. അവർ രണ്ടുപേരും വീട്ടിലുള്ളപ്പോൾത്തന്നെ ഈ ആരാധന നടത്തണം എന്നത് എന്റെ വലിയ ആഗ്രഹമായിരുന്നു. അതിനു വേണ്ടിയാണ് തിടുക്കത്തിൽ പണികൾ ചെയ്യിച്ചു കൊണ്ടിരുന്നത്. മാത്രമല്ല എന്റെ അനുഭവസാക്ഷ്യം ഒരു പുസ്തകമായി എഴുതിയിരുന്നു. ആ പുസ്തക പ്രകാശനം ഞങ്ങളുടെ ചർച്ചായ ഇന്റർനാഷണൽ സീയോൻ അസംബ്ലി കോവളം ശാലേംപുരിയിൽ വച്ചാണ് നടത്തിയത്. ഞങ്ങളുടെ സംഘടനയുടെ വൈസ് പ്രസിഡന്റ് ആയ പാസ്റ്റർ. സതീഷ് നെൽസൺ അവർകളാണ് പ്രകാശനം ചെയ്തത്. 5-5-2019 ഞായറാഴ്ച ആയിരുന്നു പ്രകാശനം. വലിയ രീതിയിൽ ഉള്ള ആരാധനയായിരുന്നു അന്നു നടന്നത്. ധാരാളം പേർ അന്നത്തെ

ആരാധനയിൽ പങ്കെടുത്തിരുന്നു. എന്റെ ഈ സാക്ഷ്യപുസ്തകം വായിച്ച് ഏകദേശം 350 ലധികം പേർ എന്നെ വിളിക്കാറുണ്ടായിരുന്നു. അവരുടെ സങ്കടങ്ങളും കുടുംബപ്രശ്നങ്ങളും വഴിതെറ്റിയ മക്കളുടെ അവസ്ഥകളും എന്നോട് വിളിച്ചു പറയുമായിരുന്നു. ഞാൻ അവർക്ക് നല്ല ഉപദേശങ്ങൾ കൊടുക്കുകയും വിശുദ്ധിയിൽ നിലനിന്ന് സ്വർഗ്ഗത്തിൽ പോകുവാൻ ഉള്ള വഴി പഠിപ്പിക്കുകയും അവർക്കുവേണ്ടി രാത്രിയും പകലും ഉറക്കമില്ലാതെ പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു. ദൈവാത്മാവ് മനസ്സിലാക്കിത്തരുന്ന കാര്യങ്ങൾ ഞാൻ അവരോട് പറഞ്ഞ് അവരെ ഉണർത്തുമായിരുന്നു. പക്ഷേ അവരിൽ അധികംപേരെയും ഞാൻ നേരിട്ട് കണ്ടിട്ടില്ലായിരുന്നു. ഫോണിൽ കൂടെ ആണ് ഞങ്ങൾ സംസാരിച്ചുകൊണ്ടിരുന്നത്. അതുകൊണ്ട് ഇവിടെ ഞങ്ങളുടെ വീട്ടിലെ ഹാളിൽ ആരാധന വയ്ക്കുമ്പോൾ അവരെയും ചേർത്തുകൊണ്ട് ആരാധന വയ്ക്കണം, അന്ന് അവരെയും എനിക്ക് നേരിൽ കാണണം, ഈ ആഗ്രഹത്തോടെയാണ് തിടുക്കത്തിൽ ഇവിടെ ആരാധന വയ്ക്കുവാൻ ഞാൻ ആഗ്രഹിച്ചത്. എന്നാൽ ആ ആരാധനയ്ക്ക് അവരെ എല്ലാവരെയും എനിക്ക് വിളിക്കുവാനും കഴിഞ്ഞില്ല. ഈ ആഗ്രഹങ്ങളോടുകൂടെയാണ് വീടിന്റെ പണികൾ വേഗത്തിൽ ചെയ്യിച്ചുകൊണ്ടിരുന്നത്. ആ സമയത്ത് എനിക്ക് ഒരു അസുഖവും ഇല്ലായിരുന്നു. ദൈവത്തിന്റെ കൃപയാൽ പറയത്തക്ക ഒരു അസുഖവും ഇല്ലാത്തവൾ ആയിരുന്നു ഞാൻ. മാത്രമല്ല അന്ന് എനിക്ക് 71 വയസ്സ് ഉണ്ടായിരുന്നെങ്കിലും നല്ല ആരോഗ്യവും ഓടിനടന്ന് ജോലികൾ ചെയ്യുവാനുള്ള കഴിവും ദൈവകൃപയാൽ എനിക്കുണ്ടായിരുന്നു. ഈ പണികൾ എല്ലാം ഞാൻ തന്നെയാണ് ഓടിനടന്ന് ചെയ്യിച്ചിരുന്നത്. ആ സമയത്തും എന്നെ അനേകർ പ്രാർത്ഥിക്കുവാൻ വിളിക്കുകയും അവർക്ക് വേണ്ടുന്ന ഉപദേശങ്ങൾ കൊടുക്കുകയും അവരെ വിശ്വാസത്തിൽ ഉറപ്പിക്കുകയും ഒക്കെ ചെയ്യുമായിരുന്നു. 2023 സെപ്റ്റംബർ മാസം 13-ാം തീയതി ഹാൾ പണിയിൽ ചിലർ പണികൾ ചെയ്തു കൊണ്ട് നിൽക്കുകയായിരുന്നു. രാവിലെ

11.30 മണി കഴിഞ്ഞപ്പോൾ എനിക്ക് പനി വരാൻ പോകുന്നത് പോലെയുള്ള ശരീരവേദനയും പ്രയാസങ്ങളും ഉണ്ടായി. പനി വരും എന്നാണ് എനിക്ക് തോന്നിയത്. രാവിലെയും ഉച്ചയ്ക്കും ഭക്ഷണവും കഴിച്ചു. ഉച്ചയ്ക്ക് കഞ്ഞി മതി എന്ന് തോന്നി കഞ്ഞിയാണ് കുടിച്ചത്. അതിനെ തുടർന്ന് നെഞ്ചിന്റെ വലതുവശവും അതിനോട് ചേർന്ന് കൈ ഭുജത്തിനകത്തും ആ വലതുവശം തോളിലും നല്ല വേദനയായി. കഫം അകത്ത് കെട്ടിനിൽക്കുന്നതുപോലെയാണ് എനിക്ക് അനുഭവപ്പെട്ടത്. എന്റെ സഹോദരിയായ അനിയത്തി എന്റെ അടുത്ത് ഉണ്ടായിരുന്നു. അവൾ എനിക്ക് നല്ലതുപോലെ നടുവൊക്കെ തടവിത്തന്നു. അസുഖം പെട്ടെന്ന് കൂടി ഉച്ചയ്ക്ക് ശേഷം രണ്ടു പ്രാവശ്യം ഛർദ്ദിച്ചു. പിന്നെ ഭയങ്കര വെപ്രാളം ആയി. ഒരു അസുഖവും ഇല്ലാത്ത എനിക്ക് പെട്ടെന്ന് അസുഖം കൂടി ക്കൊണ്ടിരുന്നു. വൈകിട്ട് 5.30 ന് അമ്പലത്തറ അൽ ആരിഫ് ആശുപത്രിയിൽ ഒന്ന് കാണിച്ചിട്ട് വരാം എന്ന് പറഞ്ഞ് എന്റെ മകൻ കൊണ്ടുപോകാൻ തുടങ്ങി. ആശുപത്രിയിൽ പോകുന്നതിനുവേണ്ടി ഞാൻ സ്വയം തന്നെയാണ് ഒരുങ്ങിയത്. ഞാൻ സ്വയം ദേഹം കഴുകി, ഡ്രസ്സ് മാറ്റി, ബാഗ് എടുത്തു, ചെരിപ്പിട്ടു തനിയെ പോയി കാറിൽ കയറിയിരുന്നു. ഞാൻ ഇതൊക്കെ എടുത്തു പറയാൻ കാരണം അന്ന് ഞാൻ സ്വയം ഒരുങ്ങിയതോ, മറ്റു കാര്യങ്ങൾ ഒന്നും ചെയ്തതോ, കാറിൽ കയറിയിരുന്നതോ ഈ നിമിഷം വരെ എനിക്ക് അല്പം പോലും ഓർമ്മയില്ല.

യാത്രാ സമയത്ത് എന്റെ മകനും എന്റെ അനുജത്തിയും എന്റെ കൂടെ ഉണ്ടായിരുന്നു എന്നു പറയുന്നു. ഞങ്ങൾ പരസ്പരം സംസാരിച്ചു കൊണ്ടാണ് യാത്ര ചെയ്തത് എന്ന് അവർ പറയുന്നു. എന്നാൽ അത് ഒന്നും ഈ നിമിഷം വരെ എന്റെ ഓർമ്മയിൽ അല്പം പോലും ഇല്ല. എത്ര ആലോചിച്ചിട്ടും അവരൊക്കെ പറഞ്ഞു തന്നിട്ടും എനിക്ക് അതൊന്നും ഓർത്ത് എടുക്കുവാൻ പോലും കഴിയുന്നില്ല. അത് ഒരു അത്ഭുതം ആയിട്ടാണ് എനിക്ക് തോന്നുന്നത്. എന്റെ മക്കൾ അതെല്ലാം ഓർമ്മപ്പെടുത്താൻ വീണ്ടും വീണ്ടും പലതും പറയുന്നുണ്ട്.

പക്ഷേ അതൊന്നും എനിക്ക് ഒരു ഓർമ്മയുമില്ല. എന്നെ അമ്പലത്തറയിൽ ഉള്ള അൽ ആരിഫ് ആശുപത്രിയിൽ കൊണ്ടുപോയി. അവിടെ എത്താറായപ്പോൾ എനിക്ക് ഭയങ്കര ശ്വാസംമുട്ട് വന്നു എന്ന് പറയുന്നു. ഈ 71 വയസ്സിനകം ഇന്നുവരെ എനിക്ക് ശ്വാസംമുട്ട് വന്നിട്ടില്ല. അവിടെ അവർ സ്പീഡിൽ വേണ്ടുന്നതൊക്കെ ചെയ്തു. ഓക്സിജൻ ലെവൽ താണുകൊണ്ടിരുന്നു. ന്യൂമോണിയ ആണ് അസുഖം എന്ന് പറഞ്ഞു. രാത്രി 12 മണിയോടെ അസുഖം വളരെ കൂടുതൽ ആയി ഐ.സി.യു. വിൽ ആക്കി. അവിടെയും അസുഖം കൂടിക്കൊണ്ടിരുന്നു. രാത്രി വളരെ സീരിയസ് ആയി വെളുപ്പിന് നാലുമണിയോടെ ആശുപത്രിയുടെ ആംബുലൻസിൽ ഓക്സിജൻ തന്ന് എല്ലാ ക്രമീകരണങ്ങളോടും കൂടെ എന്നെ തിരുവനന്തപുരം അനന്തപുരി ആശുപത്രിയിൽ കൊണ്ടുപോയി. ഓക്സിജൻ ലെവൽ താണുകൊണ്ടേയിരുന്നു. ബി.പി.യും കുറഞ്ഞുകൊണ്ടേയിരുന്നു. മരുന്നുകളുടെ സഹായത്താൽ മാത്രമാണ് ഓക്സിജനും ബി.പി.യും നിന്നത്. അവിടെ കൊണ്ടുപോയി ക്രിട്ടിക്കൽ ഐ.സി.യു.വിൽ ആക്കി. എന്നിട്ടും വളരെ സീരിയസ് ആയി. സെപ്റ്റംബർ പതിനാലാം തീയതി അഥവാ കൊണ്ടുപോയ ദിവസം തന്നെ വൈകിട്ടോടെ എന്റെ മകനെ കൊണ്ട് ആശുപത്രി അധികൃതർ ഒപ്പിട്ട് വാങ്ങി എന്നെ വെന്റിലേറ്ററിലേക്ക് മാറ്റി. ഈ കാര്യങ്ങൾ ഒന്നും തന്നെ എനിക്ക് അറിഞ്ഞുകൂടാ. ഇതെല്ലാം വീട്ടിൽ വന്നതിനുശേഷം പിന്നെത്തേതിൽ എന്റെ മക്കൾ പറഞ്ഞു ഞാൻ അറിഞ്ഞതാണ്. അനന്തപുരിയിൽ പോയതിനുശേഷം 72 മണിക്കൂർ ആണ് ഡോക്ടർ പറഞ്ഞ സമയം. അതിനകത്ത് മരുന്നുകളോട് ശരീരം പ്രതികരിക്കണം, അഥവാ ശരീരം മരുന്നുകൾ സ്വീകരിക്കണം. എങ്കിലേ എന്തെങ്കിലും പറയുവാൻ സാധിക്കൂ. ഇതായിരുന്നു എന്റെ അപ്പോഴത്തെ അവസ്ഥ. ദൈവകൃപയാൽ 72 മണിക്കൂർ താണ്ടി കിട്ടി. അത് എന്റെ മക്കൾക്ക് വലിയ ആശ്വാസമായിരുന്നു. എന്നെ ആശുപത്രിയിൽ ചികിത്സിച്ച ഡോക്ടർ ഒരു പാസ്റ്ററും ദൈവഭക്തനും കൂടെയായ ഡോക്ടർ ബോബി മോസസ് അവർകൾ ആണ്. അദ്ദേഹത്തെ അറിയപ്പെടുന്നത് പാസ്റ്റർ,

ഡോക്ടർ ബോബി മോസസ് എന്നാണ്. ആരെയും ഒരു പരിചയവും ഇല്ലാതെ അവിടെ പോയ ഞങ്ങൾക്ക് ഒരു ദൈവ ദൂതനെപോലെയാണ് ഈ ഡോക്ടറെ ദൈവം തന്നത് എന്ന് എന്റെ മോൻ പറയുമായിരുന്നു. അദ്ദേഹത്തെ എന്റെ മോൻ നേരിട്ട് കണ്ടു സംസാരിച്ചു. എന്റെ അമ്മ പ്രാർത്ഥിക്കുന്ന അമ്മയാണ്, എന്റെ അമ്മയെ ഞങ്ങൾക്ക് വേണം എന്നും എന്നെകുറിച്ചുള്ള സാക്ഷ്യങ്ങളും ഡോക്ടറെ പറഞ്ഞു കേൾപ്പിച്ചു. അദ്ദേഹത്തിന് അത് കേട്ടപ്പോൾ വലിയ സന്തോഷമായി. നല്ലതുപോലെ പ്രസംഗിക്കുന്ന ഒരു നല്ല പ്രസംഗകനും കൂടെയാണ് ഈ ഡോക്ടർ ബോബി മോസസ്. "നമുക്ക് പ്രാർത്ഥിക്കാം, ദൈവം വിടുവിക്കും", എന്ന് അദ്ദേഹം എന്റെ മകനോട് പറഞ്ഞു. 34 ദിവസം ആശുപത്രിയിൽ കിടന്നു. ഇതിൽ 12 ദിവസം ക്രിട്ടിക്കൽ ഐ.സി.യു.വിലും വെന്റിലേറ്ററിലും ആയിരുന്നു. വായിൽ കൂടി വലിയ ട്യൂബിട്ടാണ് ഓക്സിജൻ തന്നിരുന്നത്. എനിക്ക് ഒരു ഓർമ്മയുമില്ല. അപ്പോഴും ബോധം വന്നിട്ടില്ലായിരുന്നു. എനിക്ക് നെഞ്ചിന്റെ രണ്ടു ഭാഗത്തും കഫം ഉറഞ്ഞ് കട്ടിപിടിച്ച് കിടക്കുക യായിരുന്നു. വളരെ സീരിയസ് ആയിരുന്നു. പ്രതീക്ഷയ്ക്ക് വകയില്ലായിരുന്നു. ഡോക്ടർമാർക്ക് ഞാൻ ജീവിക്കും എന്നുള്ള ഒരു പ്രതീക്ഷയും ഇല്ലായിരുന്നു. എന്നും രാവിലെയും വൈകിട്ടും എന്റെ മക്കളും മരുമക്കളും കൊച്ചുമക്കളും എനിക്ക് ഏറ്റവും വേണ്ടപ്പെട്ട ചിലരും വന്ന് എന്നെ കയറി കാണുമാ യിരുന്നു എന്ന് പറഞ്ഞു. എനിക്ക് വളരെ ക്രിട്ടിക്കൽ ആയി ത്തന്നെ തുടർന്നുകൊണ്ടിരുന്നു. എത്രയോ ദൈവമക്കൾ അവിടവിടെയായി എനിക്കു വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. എന്റെ സഭയും എനിക്കുവേണ്ടി ശക്തമായി പ്രാർത്ഥിച്ചു കൊണ്ടിരുന്നു. എന്റെ സാക്ഷി പുസ്തകം വായിച്ച് എന്നെ വിളിച്ചുകൊണ്ടിരുന്ന അനേകർ എന്റെ അവസ്ഥ അറിഞ്ഞ്, "ആന്റിയെ ഇനിയും ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ വേണം. ആന്റിയെ ഞങ്ങൾക്ക് തന്നേ മതിയാകൂ", എന്ന് നിലവിളിച്ച് പ്രാർത്ഥിച്ചുകൊണ്ടിരുന്നു എന്ന് പിന്നെത്തേതിൽ പറഞ്ഞറിഞ്ഞു. ചിലർ, ഞങ്ങളുടെ ജീവൻ എടുത്തിട്ട് ആന്റിയുടെ ജീവൻ തിരിച്ചു തരേണമേ എന്ന് അവരും അവരുടെ

കൊച്ചുമക്കളും നിലവിളിച്ച് പ്രാർത്ഥിച്ചു എന്നു പറഞ്ഞു. ഇതിന് കാരണം ഞാൻ സകലജനത്തിനു വേണ്ടിയും മുട്ടിപ്പായി പ്രാർത്ഥിക്കുന്ന വ്യക്തിയാണ്. അതുകൊണ്ട് എനിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ അനേകരെ ദൈവം ഒരുക്കി.

ഇതിനിടയിൽ 18-9-2023 (18-ാം തീയതി) ഉച്ചകഴിഞ്ഞ് കാർഡിയാക് അറസ്റ്റ് വന്നു. എനിക്ക് 30 മിനിറ്റ് ശ്വാസം പൂർണ്ണമായി നിന്നു. ഞാൻ മരിച്ചതാണ് എന്ന് ഡോക്ടർ പറഞ്ഞു. 30 മിനിറ്റു കഴിഞ്ഞശേഷമാണ് ശ്വാസം തിരിച്ചുവന്നത്.

ഈ ജീവൻ ഇല്ലാതിരുന്ന സമയത്ത് ഞാൻ കണ്ട കാഴ്ചയാണ് ഇനി പറയുവാൻ പോകുന്നത്. ഞാൻ മരിച്ച് എന്റെ ശരീരം ഇവിടെ കിടക്കുന്നു. അത് എനിക്ക് കാണാമായിരുന്നു. എന്നാൽ എന്റെ ആത്മാവ് പൊങ്ങിപ്പൊങ്ങി പോയ്ക്കൊണ്ടേയിരുന്നു. ഈ പൊങ്ങിപ്പോകുന്നത് ഞാനാണ് എന്നതിന് ഉറപ്പായി ഇത് ഞാനാണ്, ഞാൻ തന്നെയാണ്, ഇത് ഞാനാണ്, ഞാൻ തന്നെയാണ്, എന്നിങ്ങനെ പറഞ്ഞുപറഞ്ഞ് ആണ് എന്റെ ആത്മാവ് മുകളിലേക്ക് പോയിക്കൊണ്ടിരുന്നത്. വളരെ വളരെ ഉയരത്തിൽ എത്തിയപ്പോൾ ഇനി ഭൂമിയുമായി എനിക്ക് ഒരു ബന്ധവുമില്ല, ഇനി ഭൂമിയിലുള്ള ആരെയും എനിക്ക് കാണുവാനും സാധിക്കില്ല, എന്നു ഞാൻ മനസ്സിൽ പറഞ്ഞു. അതുകഴിഞ്ഞ് ശക്തിയായ ഒരു പ്രകാശത്തിനകത്ത് ഞാൻ മറഞ്ഞു. അത് സ്വർഗ്ഗമായിരുന്നു എന്ന് എനിക്കറിയാം. അല്പസമയത്തിനകം ഞാൻ ഒരു ചെറിയ ഹെലികോപ്റ്ററിൽ പോയ അതേ വേഗത്തിൽ താഴോട്ട് വരുന്നതായി കണ്ടു. ആത്മാവായി മുകളിലേക്ക് പോയ ഞാൻ എന്റെ ശരിയായ രൂപത്തിൽ ശുദ്ധവെള്ള വസ്ത്രം ധരിച്ച് ഹെലികോപ്റ്ററിൽ ഒരു അറ്റത്തായി ഇരുന്നു വരുന്നതാണ് ഞാൻ കണ്ടത്. ആ ഹെലി കോപ്റ്ററിൽ ഞാൻ മാത്രമല്ലാതെ പൈലറ്റോ മറ്റ് യാത്രക്കാരോ ആരും ഇല്ലായിരുന്നു. ഉയരത്തിൽ നിന്ന് ഒരു കാൽഭാഗം താഴോട്ട് വന്നപ്പോൾ സ്വർഗ്ഗത്തിൽ നിന്ന് ഒരു വലിയ ഇടിമുഴക്കം പോലുള്ള ശബ്ദത്തിൽ, ''നിന്റെ അമ്മയുടെ ഉദരത്തിൽ വെച്ച് നിന്നെ ഞാൻ കണ്ടിരുന്നു'', എന്ന ദൈവശബ്ദം ഞാൻ വ്യക്തമായി

കേട്ടു. എന്നിട്ട് വീണ്ടും ഹെലികോപ്റ്ററിൽ ഞാൻ താഴോട്ട് വന്നു. താഴെ വന്നിട്ട് ഒരു കട്ടിലിൽ ഷീറ്റ് ഒക്കെ വിരിച്ച് അതിൽ ഞാൻ കിടക്കുന്നതായും കണ്ടു. എന്നാൽ അത് ആശുപത്രി ആണോ ഐ.സി.യു. ആണോ എന്നൊന്നും എനിക്കറിയില്ലായിരുന്നു. മാത്രമല്ല നേരത്തെ ഞാൻ പറഞ്ഞല്ലോ, ഞാൻ വീട്ടിൽ നിന്നും ഇറങ്ങുന്നത് മുതലുള്ള ഒരു കാര്യങ്ങളും എനിക്ക് അതുവരെയും ഓർമ്മയില്ല. എനിക്ക് ബോധം ഇല്ലായിരുന്നു. ആ കട്ടിലിൽ കിടക്കുന്ന സമയത്ത് യേശു കർത്താവ് ഒരു പിതാവിന്റെ രൂപത്തിൽ (അത് കർത്താവാണെന്ന് എനിക്ക് വ്യക്തമായിട്ട് അറിയാം.) എന്റെ അടുത്തുവന്ന് എന്റെ കട്ടിലിനോടു ചേർന്ന് എന്റെ തലഭാഗത്തായി നിന്ന് എന്നോട് സംസാരിക്കുവാൻ തുടങ്ങി. ഈ കാര്യങ്ങളൊക്കെയാണ് സംസാരി ച്ചത്. അത് ഇപ്രകാരം ആയിരുന്നു. ''ഇത് നിന്റെ രണ്ടാം ജന്മമാണ്. യഥാർത്ഥത്തിൽ നീ ആരാണെന്ന് പുറത്ത് ആർക്കും അറിഞ്ഞുകൂടാ, ഇനി നിന്നെ പുറംലോകം അറിയുന്നതിനു വേണ്ടി എനിക്ക് നിന്നോട് ഇത് ചെയ്യേണ്ടിവന്നു''. ഇങ്ങനെ കർത്താവ് പറയാൻ കാരണം, എന്റെ സാക്ഷി പുസ്തകം വായിച്ച് അനേകർ ഫോണിൽ വിളിക്കാറുണ്ടായിരുന്നു. അവരുടെ സങ്കടങ്ങളും ഭാരമേറിയ വിഷയങ്ങളും പ്രാർത്ഥിക്കുന്നതിനുവേണ്ടി എന്നോട് പറയുമായിരുന്നു. ഞാൻ അവർക്ക് വേണ്ടുന്ന ഉപദേശം കൊടുക്കുകയും അവരുടെ വിഷയങ്ങൾ ഏറ്റെടുത്ത് രാത്രി സമയങ്ങളിൽ ഉറങ്ങാതെ അവർക്ക് എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു. മാത്രമല്ല ലോകത്തിലെ സകല ജനത്തിനു വേണ്ടിയും ജനം നശിച്ചു നരകത്തിൽ പോകാതെ സ്വർഗ്ഗത്തിൽ പോകുന്നതിനു വേണ്ടിയും ഞാൻ രാത്രി സമയങ്ങളിൽ ഉറങ്ങാതെ പ്രാർത്ഥിക്കുമായിരുന്നു. ദേശത്തെക്കുറിച്ചും രാജ്യത്തെക്കുറിച്ചും ലോകത്തെക്കുറിച്ചും ഉണ്ടാകാൻ പോകുന്ന പലകാര്യങ്ങളും ദൈവം എന്നെ കാണിക്കുമായിരുന്നു. എന്നിട്ട് അതിനുവേണ്ടി പ്രാർത്ഥിക്കുവാൻ ദൈവം എന്നോട് പറയുമായിരുന്നു. പല കുടുംബങ്ങളെക്കുറിച്ചും ദൈവം ഉണർത്തുമായിരുന്നു. ആ വിഷയങ്ങൾക്കെല്ലാം വേണ്ടി ഞാൻ ഉറങ്ങാതെ ഭാരത്തോടെ

മുട്ടിപ്പായി പ്രാർത്ഥിക്കുമായിരുന്നു. പക്ഷേ ഇത് പുറത്ത് ആർക്കും അറിഞ്ഞുകൂടാ. ഒരു ദിവസം ഞാൻ ദൈവത്തോട്, “യേശു അപ്പാ ഞാൻ സകലജനത്തിനു വേണ്ടിയും ഒരു കുഞ്ഞിനെ പോലും വിടാതെ ആത്മാർത്ഥമായി പ്രാർത്ഥിക്കാറുണ്ട്, അവർക്കൊക്കെ വിടുതൽ കിട്ടിയോ ഇല്ലയോ എന്ന് ഞാൻ എങ്ങനെ അറിയും?” അപ്പോൾ യേശു അപ്പൻ എന്നോട് “നിന്നോട് പ്രാർത്ഥിക്കുവാൻ പറഞ്ഞത് ഞാനാണ്. നീ അത് ചെയ്തില്ല എങ്കിൽ ഞാൻ നിന്നോട് കണക്കുചോദിക്കും. എന്നാൽ ജനത്തിന് ഒരുക്കം ഉണ്ടെങ്കിൽ ഞാൻ വിടുതൽ കൊടുക്കും.” രാത്രി മുഴുവൻ ഒരു പ്രാവ് കുറുകും പോലെയുള്ള എന്റെ പ്രാർത്ഥനാ ജീവിതം പുറത്ത് ആർക്കും അറിഞ്ഞു കൂടാ. എന്നെ അറിയുന്ന എന്റെ വേണ്ടപ്പെട്ടവർ, “രാത്രിയിൽ ഉറങ്ങണം, ഉറങ്ങിയില്ല എങ്കിൽ പല അസുഖങ്ങളും വരും.” എന്ന് എന്നോട് പറയുമായിരുന്നു. അപ്പോൾ ഞാൻ അവരോട്, “ഇന്ന് കർത്താവ് വന്നാൽ ഈ ജനത്തിന്റെ കണക്ക് ഞാൻ കൊടുക്കണം”, എന്ന് ഞാൻ പറയുമായിരുന്നു. അങ്ങനെ ജനത്തെക്കുറിച്ചുള്ള ആത്മഭാരത്താൽ എനിക്ക് ഉറക്കം വരില്ലായിരുന്നു. എന്റെ പ്രാർത്ഥനാ ജീവിതം പുറത്ത് ആർക്കും അറിയില്ല. എന്നാൽ ഈ ചുമതല എന്നെ ഏൽപ്പിച്ച എന്റെ യേശു അപ്പനുമാത്രം എന്റെ പ്രാർത്ഥനാ ജീവിതം അറിയാം. അതുകൊണ്ടാണ് യേശു അപ്പൻ ഐ.സി.യു.വിൽ വച്ച് എന്നോട്, “നിന്നെക്കുറിച്ച് പുറത്താർക്കും ഒന്നും അറിഞ്ഞു കൂടാ. എന്നാൽ ഇനി പുറംലോകം നിന്നെ അറിയുന്നതിനു വേണ്ടി എനിക്ക് ഇത് ചെയ്യേണ്ടിവന്നു”, എന്നു പറഞ്ഞത്. എന്നെ ഈ രോഗത്തിൽക്കൂടെ കടത്തിവിട്ട് മരണത്തിൽ നിന്ന് ജീവനിലേക്ക് കൊണ്ടുവന്ന് പുറംലോകം അറിയിക്കുവാനാണ് ദൈവം ആഗ്രഹിച്ചത്. ഐ.സി.യു.വിൽ കിടക്കുമ്പോൾ കർത്താവ് എന്നോട് വളരെ കാര്യങ്ങൾ സംസാരിച്ചു. “നീ എന്നെ കണ്ടവളും, കേട്ടവളും, തൊട്ടവളും ആണ്. അങ്ങനെയുള്ള നിനക്കു മാത്രമേ എന്നെക്കുറിച്ച് സകല ജനത്തോടും പറയുവാൻ കഴിയൂ. മുഖപക്ഷം നോക്കാതെ ജാതിയോ മതമോ പ്രായമോ നോക്കാതെ സകല ജനത്തോടും

നീ എന്നെ കുറിച്ച് ഞാനാണ് യഥാർത്ഥ ദൈവവും (യേശുവാണ് യഥാർത്ഥ ദൈവം) രക്ഷിതാവും എന്ന് നീ പറയണം. നീ പറയുമ്പോൾ ജനം അനുസരിച്ചില്ലെങ്കിൽ ഞാൻ അവരോട് കണക്കു ചോദിക്കും.''

അവിടെ കിടക്കുമ്പോൾ വളരെ കാര്യങ്ങൾ ദൈവം എന്നോട് സംസാരിച്ചു. കർത്താവ് പറഞ്ഞ എല്ലാ കാര്യങ്ങളും എനിക്ക് ഓർമ്മയില്ല. പ്രധാനമായും കർത്താവ് എന്നോട്, ''നീ ലോകത്തോട് എന്നെക്കുറിച്ച് സാക്ഷ്യം പറയണം, അതിനാണ് ഞാൻ നിന്നെ മരിച്ചുപോയ സ്ഥാനത്തുനിന്ന് രണ്ടാം ജന്മമായി കൊണ്ടുവന്നത്. എന്നുവച്ച് ഇനി നിനക്ക് രോഗം വരില്ല എന്നല്ല, ഇത് പൂർണ്ണതയല്ല. ഇനിയും രോഗം വരും, ആശുപത്രിയിൽ പോകും, മരുന്ന് എടുക്കേണ്ടിയും വരും.'' കാരണം ഞാൻ സാധാരണ എല്ലാവരെയും പോലുള്ള മനുഷ്യസ്ത്രീയാണ്. കഷ്ടത ദൈവ മക്കളുടെ അവകാശമാണ്. അപ്പോഴും എനിക്ക് ബോധം വന്നിട്ടില്ല. എന്നാൽ യേശു അപ്പൻ പറയുന്നത് എല്ലാം ഞാൻ ആത്മാവിൽ കേൾക്കുന്നുണ്ടായിരുന്നു. ആത്മാവിൽ തന്നെ ഞാൻ കർത്താവിനോട് മറുപടിയും പറയുന്നുണ്ടായിരുന്നു. ഞാൻ യേശു കർത്താവിനോട്, ''എനിക്ക് ഇനി സാക്ഷ്യം ഒന്നും പറയുവാൻ കഴിയുകയില്ല. ഞാൻ സാക്ഷിപുസ്തകം എഴുതിയിട്ടുണ്ട്. അതുകണ്ട് അനേകർ എന്നെ വിളിക്കുകയും ഞാൻ അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ട്. ഇനി എന്നെക്കൊണ്ട് ഒന്നും കഴിയില്ല. 71 വയസ്സായ ഞാൻ ഇനി എവിടെ സാക്ഷിക്കാൻ പോകാനാണ്? എന്നെക്കൊണ്ട് കഴിയില്ല'' എന്ന് ഞാൻ ആ അബോധാവസ്ഥയിൽ ദൈവത്തോടുപറഞ്ഞു. അപ്പോൾ കർത്താവ് എന്നോട്, ''നീ ലോകത്തിൽ സാക്ഷിയാകണം എന്ന് നിന്റെ സാക്ഷ്യപുസ്തകത്തിൽ ഇല്ലേ'' എന്ന് ചോദിച്ചു. എന്നിട്ടും ഞാൻ എന്നെക്കൊണ്ട് ഇനി ഒന്നും ചെയ്യാൻ കഴിയില്ല എന്ന് അപ്പനോടു പറഞ്ഞു. ഉടൻ കർത്താവ് ഞങ്ങളുടെ സംഘടനയുടെ വൈസ് പ്രസിഡന്റ് ആയ സതീഷ് നെൽസൺ പാസ്റ്ററെ എന്റെ മുമ്പിൽ കൊണ്ടു നിർത്തി. എന്നിട്ട് കർത്താവ് അപ്രത്യക്ഷമായി. ഉടൻ സതീഷ് മോനെ കണ്ടപ്പോൾ എനിക്ക് പരിചയമുള്ള ആൾ ആയതുകൊണ്ട് മനസ്സിൽ വലിയ

സന്തോഷം തോന്നി. പെട്ടെന്ന് ഞാൻ കണ്ണു തുറന്നു. എനിക്ക് ബോധം വന്നു. ഞാൻ ആശുപത്രിയിൽ ആയിരുന്ന അത്രയും ദിവസങ്ങൾക്ക് ശേഷം അപ്പോഴാണ് എനിക്ക് ബോധം വന്നത്. കണ്ണുതുറന്നപ്പോൾ ഞാൻ സ്വപ്നത്തിൽ കണ്ട അതേ കട്ടിലിൽ ആശുപത്രിയിൽ കിടക്കുകയായിരുന്നു. ഡോക്ടർമാരും നേഴ്സുമാരും നിൽക്കുന്നു. എന്റെ ആളുകൾ ആരും അവിടെയില്ല. ഞാൻ എങ്ങനെ ഇവിടെ വന്നു എന്നും എന്താണ് സംഭവിച്ചത് എന്നും അറിയാതെ ഞാൻ അത്ഭുതപ്പെട്ടു. ആ നിമിഷം മുതൽ എനിക്ക് ഭയങ്കര ഓർമശക്തിയും അതി ബുദ്ധിയും ആയിരുന്നു. ഞാൻ പഴയ ആളല്ലായിരുന്നു. എനിക്ക് എന്നെത്തന്നെ അത്ഭുതം ആയിരുന്നു. ഇനി രണ്ടാമത് ഒരു കാർഡിയാക് അറസ്റ്റ് വരാൻ പാടില്ല എന്ന് ഡോക്ടർ പറഞ്ഞു. ദൈവത്തിന്റെ കൃപയാൽ അതിനുശേഷം ഒരു പ്രയാസവും ഉണ്ടായിട്ടില്ല.

കാർഡിയാക് അറസ്റ്റ് വന്നാൽ ആ വ്യക്തി അപ്പോൾ തന്നെ മരണപ്പെടും. അഥവാ ജീവിച്ചാൽ തലച്ചോറിനെ ബാധിക്കും. എന്തെങ്കിലും ബുദ്ധിമാന്ദ്യമോ ഊനമോ ഉണ്ടാകും എന്നാണ് പറയുന്നത്. എന്നാൽ എനിക്കാണെങ്കിൽ നേരെ മറിച്ച് കാർഡിയാക് അറസ്റ്റു വന്ന് ജീവൻ തിരിച്ചു കിട്ടിയ നിമിഷം മുതൽ ഭയങ്കര ബുദ്ധിയും ഓർമ്മശക്തിയും ആണ്. ഇത് ഡോക്ടർമാർക്ക് വലിയ അത്ഭുതമായിരുന്നു. ഇങ്ങനെ ഒരു കാർഡിയാക് അറസ്റ്റ് വന്നു എന്ന ചെറിയ അനുഭവം പോലും അഥവാ ഒരു തോന്നൽ പോലും എനിക്കില്ലായിരുന്നു. അതിനു ശേഷം പെട്ടെന്നുള്ള സൗഖ്യമായിരുന്നു. എന്നാൽ ഡോക്ടർമാരുടെ കാഴ്ചയ്ക്ക് ഓക്സിജൻ ലെവൽ നോർമൽ ആയിട്ടില്ല. ഓക്സിജൻ ലെവൽ വളരെ താണു തന്നെ ഇരുന്നു.

എനിക്ക് അസുഖം കുറവുണ്ട് എന്ന് എനിക്ക് തോന്നിയാലും ഓക്സിജൻ ലെവൽ താണുകൊണ്ടു തന്നെ ഇരുന്നു. കാർഡിയാക്ക് അറസ്റ്റ് വന്നു മൂന്നാം ദിവസം എനിക്ക് വായിൽ കൂടി വലിയ ട്യൂബ് ഇട്ട് ഓക്സിജൻ തന്നിരുന്നതിനെ മാറ്റി കഴുത്തിന്റെ മുൻഭാഗം തുറന്ന് അതുവഴി വലിയ ട്യൂബ്

ഇട്ട് ഓക്സിജൻ തന്നു. ഇത് ചെയ്യുന്നതിന് വേണ്ടി എന്റെ മകനെ കൊണ്ട് വീണ്ടും ഒപ്പിട്ടു വാങ്ങി. എന്നിട്ട് എനിക്ക് അനസ്തേഷ്യ തന്നു. ഒരു സർജറി ആയിട്ടാണ് കഴുത്തിന്റെ മുൻഭാഗം മുറിച്ച് (കട്ട് ചെയ്ത്) അത് വഴി വലിയ ട്യൂബ് ഇട്ട് ഓക്സിജൻ തന്നത്. ഇതിനെ ട്രക്യോസ്റ്റമി എന്നു പറയും. ഏറ്റവും വലിയ ക്രിട്ടിക്കൽ സ്റ്റേജിലാണ് ട്രക്യോസ്റ്റമി ചെയ്യുന്നത്. ഞാൻ സുഖമായി വന്നതിനുശേഷം ഇതിനെക്കുറിച്ച് എല്ലാം നല്ലതുപോലെ അറിയുന്ന നഴ്സിംഗ് സൂപ്രണ്ട് ആയിരുന്ന് പെൻഷൻ ആയ ഒരു സഹോദരി ഞാൻ കഴുത്തിൽ ട്രക്യോസ്റ്റമി ചെയ്തത് കണ്ട് അത്ഭുതപ്പെട്ട് എന്നെ വന്നു കണ്ടു. ദൈവത്തിന്റെ കൃപയാൽ ഞാൻ സുഖമായിരിക്കുന്നു. ട്രക്യോസ്റ്റമി ചെയ്ത വലിയ മുറിവ് നികത്താൻ എന്നും ഒരു നേഴ്സ് സഹോദരൻ എന്റെ വീട്ടിൽ വന്ന് എന്നെ ഈ ട്രക്യോസ്റ്റമി ചെയ്ത ഭാഗം ക്ലീൻ ചെയ്യുമായിരുന്നു. ഇപ്പോഴും അത് ചെയ്തതിന്റെ പാട് എന്റെ കഴുത്തിൽ ഉണ്ട്. ആർക്കുവേണമെങ്കിലും എന്നെ ഫോണിൽ വിളിക്കാം. ഞാൻ നിങ്ങളോട് സംസാരിക്കാം. എന്നെ വന്നു നേരിൽ കാണാം. എന്റെ ഫോൺ നമ്പർ ഇതിൽ കൊടുത്തിട്ടുണ്ട്. എന്റെ യേശു അപ്പനാണ് അപ്പന്റെ ഇഷ്ടം ചെയ്യാൻ എന്നെ ഇന്നും പൂർണ സുഖത്തോടെ സൂക്ഷിച്ചിരിക്കുന്നത്. എനിക്ക് ഇപ്പോൾ ദൈവകൃപയാൽ നല്ല ആരോഗ്യവും ഉണ്ട്. എനിക്ക് ഒരു അസുഖവും ഇല്ല.

എനിക്ക് ബോധം വന്നശേഷം എന്റെ മോൻ എന്നെ ഐ.സി.യു.വിൽ കാണാൻ വന്നപ്പോൾ അവൻ എന്നോട്, "ദൈവം അമ്മയോട് കൂടെയുണ്ട്. അതുകൊണ്ടാണ് ഇങ്ങനെ ഒരു ഡോക്ടറെ ദൈവദൂതനെപ്പോലെ ദൈവം നമുക്കു തന്നത്", എന്നു പറഞ്ഞു. എനിക്ക് കാർഡിയാക് അറസ്റ്റ് വരുന്നതിനുമുമ്പ് ഞാൻ ഒരു ചലനവും ഇല്ലാതെ കിടന്നപ്പോൾ എന്റെ മകൻ എന്നും രാവിലെ ഐ.സി.യു.വിൽ എന്നെ വന്ന് കാണുമായിരുന്നു. അവൻ നോക്കുമ്പോൾ എനിക്ക് ഒരു ചലനവും ഇല്ല. ഇതിനിടയിൽ ഒരു ദിവസം അവൻ എന്റെ അടുക്കൽ വന്ന് വിശ്വാസത്തോടെ അധികാരത്തോടെ

വചനങ്ങൾ പറഞ്ഞ് എനിക്കുവേണ്ടി പ്രാർത്ഥിച്ചു എന്നു പറഞ്ഞു. പ്രാർത്ഥിച്ചു കഴിഞ്ഞ് അവൻ കണ്ണു തുറന്ന് നോക്കിയപ്പോൾ എന്റെ കാലുകൾ ചെറുതായി ചലിച്ചു എന്ന് പറഞ്ഞു. അവന്റെ വിശ്വാസത്തോടുകൂടിയുള്ള പ്രാർത്ഥനയാണ് അങ്ങനെ സംഭവിച്ചത്. ഞാൻ 34 ദിവസം ആശുപത്രിയിൽ കിടന്നു. ഇതിൽ 12 ദിവസം ക്രിട്ടിക്കൽ ഐ.സി.യു.വിൽ വെന്റിലേറ്ററിൽ ആയിരുന്നു. അത് കഴിഞ്ഞ് എല്ലാ സജ്ജീകര ണങ്ങൾ ഉള്ള റൂമിലേക്ക് മാറ്റി. അവിടെ എന്റെ മക്കളും എനിക്ക് ഏറ്റവും വേണ്ടപ്പെട്ടവരും മാറി മാറി എന്റെ കൂടെ ഉണ്ടായിരുന്നു. അസുഖം കുറഞ്ഞു വന്നുകൊണ്ടിരുന്നു. ഇതിനിടയിൽ റൂമിൽ വച്ച് ഒരു ദിവസം രാത്രി എന്റെ ഓക്സിജൻ ലെവൽ പെട്ടെന്ന് വളരെ താണു. ആ സമയത്ത് എന്റെ മകനും എന്റെ അനുജത്തിയും കൂടെയുണ്ടായിരുന്നു. അവർ പോയി അറിയിച്ചതനുസരിച്ച് നേഴ്സുമാരും ഡോക്ടർമാരും ഓടിയെത്തി. ഞാൻ ശ്വാസം കിട്ടാതെ വെപ്രാളപ്പെടുകയായിരുന്നു. എന്റെ ഓക്സിജൻ ലെവൽ നോർമൽ സ്റ്റേജിൽ ആക്കാൻ ഡോക്ടർമാർ വളരെ പണിപ്പെട്ടു ശ്രമിച്ചു. എന്നിട്ടും കുറെ സമയത്തേക്ക് ഓക്സിജൻ ലെവൽ ഉയരുന്നില്ലായിരുന്നു. അവരിലുള്ള മെയിൻ ഡോക്ടർ ഒരു വലിയ ബലൂൺ പോലുള്ള ഒരു സാധനം വെച്ച് എന്റെ വായിൽ കൂടെ നേരിട്ട് ഓക്സിജൻ പമ്പ് ചെയ്ത് കയറ്റുന്നുണ്ടായിരുന്നു. എന്നിട്ടും ഓക്സിജൻ ലെവൽ ഉയർന്നില്ല. ഓക്സിജൻ ലെവൽ കുറഞ്ഞപ്പോൾ എന്റെ ഓർമ്മയും നഷ്ടപ്പെട്ടു. ആ സമയത്ത് എന്റെ മകനും അനുജത്തിയും മുട്ടിപ്പായി പ്രാർത്ഥിച്ചു കൊണ്ട് നിന്നു. വളരെ സമയം ആയിട്ടും നേരെ ആകാതെ വന്നപ്പോൾ എന്നെ വീണ്ടും ഐ.സി.യു. വിലേക്ക് മാറ്റാൻ പോകുന്നു എന്ന് ഡോക്ടർ പറഞ്ഞു. ഇത് ഡോക്ടർ പറഞ്ഞത് എന്റെ ഉള്ളിന്റെ ഉള്ളിൽ ഞാൻ വ്യക്തമായി കേട്ടു. ഇതു കേട്ടപ്പോൾ ഇനിയും എന്നെ ഐ.സി.യു.വിൽ കൊണ്ടുപോകുമോ എന്ന് ഞാൻ എന്റെ ഉള്ളിന്റെ ഉള്ളിൽ വേദനയോടെ ചിന്തിച്ചു. പെട്ടെന്ന് എന്റെ ഓക്സിജൻ ലെവൽ നോർമലായി. ഇത് കണ്ടപ്പോൾ ഡോക്ടർമാർക്കും നേഴ്സുമാർക്കും ആശ്വാസമായി. ഇനി

ഐ.സി.യു.വിലേക്ക് മാറ്റണ്ട എന്നു പറഞ്ഞു. ആ നിമിഷം മുതൽ ഞാൻ വീണ്ടും പഴയതു പോലെ ആയി.

വീണ്ടും റൂമിൽ വച്ച് ഒരു ദിവസം രാത്രി എന്റെ മൂക്കിൽ കൂടെ രക്തം ഒഴുകുവാൻ തുടങ്ങി. എന്റെ മക്കൾ പേടിച്ച് ഓടിപ്പോയി ഡോക്ടറെ വിളിച്ചു. ദൈവത്തിന്റെ കൃപയാൽ അതും പെട്ടെന്ന് നോർമലായി. വീണ്ടും ഞാൻ വേഗത്തിൽ സുഖം പ്രാപിച്ചു. 34 ദിവസം കഴിഞ്ഞ് എന്നെ വീട്ടിൽ കൊണ്ടുവന്നു.

എനിക്കു ജീവൻ തിരിച്ചു കിട്ടിയതിനു ശേഷം തെറ്റ് കണ്ടാൽ വെറുപ്പും തെറ്റിനോട് എതിർത്ത് മുഖപക്ഷം നോക്കാതെ ശാസിക്കുവാനുള്ള കഴിവും ശക്തിയും ലഭിച്ചു. ഇതിനിടയിൽ ആശുപത്രിയിൽ റൂമിൽ ആയിരുന്നപ്പോൾ ഞാൻ എന്റെ അനുജത്തിയോട്, നീ ലോകത്ത് സാക്ഷിയാകണമെന്ന് 45 വർഷങ്ങൾക്ക് മുൻപ് ദൈവം എന്നോട് പറഞ്ഞത് എന്റെ സാക്ഷ്യ പുസ്തകത്തിൽ എഴുതിയിട്ടില്ലേ എന്നു ചോദിച്ചു. അനുജത്തി പുസ്തകത്തിൽ നോക്കിയിട്ട് എഴുതിയിട്ടുണ്ട് എന്നു പറഞ്ഞു. അന്ന് ദൈവം എന്നോട് പറഞ്ഞ വാഗ്ദത്തം എന്നിൽക്കൂടെ തന്നെ നിവർത്തിക്കുന്നതിനു വേണ്ടിയാണ് എന്നെ ഈ രോഗത്തിൽക്കൂടെ കടത്തിവിട്ട് മരിച്ച സ്ഥാനത്തു നിന്ന് രണ്ടാം ജന്മമായി മടക്കിക്കൊണ്ടുവന്നത്. ദൈവത്തിന്റെ കൃപയാൽ ഞാൻ ഇപ്പോൾ വളരെ ആരോഗ്യവതിയായിരിക്കുന്നു. എല്ലാവരും പറയുമായിരുന്നു, മാസ്ക് വച്ചേ നടക്കാവൂ, ഇല്ലെങ്കിൽ ബുദ്ധിമുട്ടാണ്. അത്രയ്ക്ക് ക്രിട്ടിക്കൽ ആയിരുന്നതാണ്. എന്നാൽ ദൈവത്തിന്റെ കൃപയാൽ എനിക്ക് അതുമായി ബന്ധപ്പെട്ട ഒരു ബുദ്ധിമുട്ടും ഒരു അസുഖവും ഇല്ല. കൃപയാൽ ദൈവം എന്നെ പൂർണ ആരോഗ്യത്തോടും സുഖത്തോടും സൂക്ഷിച്ചിരിക്കുന്നു. വീട്ടിൽ വന്നശേഷം ഞാൻ മനസ്സുകൊണ്ട് ചിന്തിച്ച് ദൈവത്തോട് പല കാര്യങ്ങളും ചോദിച്ചു. അതിൽ ഒന്നായി ഞാൻ ദൈവത്തോടു ചോദിച്ചത്, പണ്ട് ദൈവം എന്നോട് പറഞ്ഞതു ചെയ്യിക്കാൻ ഇങ്ങനെ ഒരു രോഗം വന്ന് അതിൽകൂടി കടത്തിവിട്ട് എന്നെക്കൊണ്ടുതന്നെ ചെയ്യിക്കണമായിരുന്നോ എന്നു ചോദിച്ചു. അതിന് ഉത്തരമായി

കർത്താവ് എന്നോട് ആത്മാവിൽ പറഞ്ഞത്, "എന്തെല്ലാം പഴികളും ദുഷികളും പരിഹാസങ്ങളും ധാരാളം നീ അനുഭവിച്ചില്ലേ, അത് എല്ലാം നീ ഒറ്റയ്ക്കു സഹിച്ചില്ലേ? ഒരു കുഞ്ഞുവാക്ക് കൊണ്ടുപോലും നീ ഇന്നുവരെ എന്നെ വേദനിപ്പിച്ചിട്ടില്ല. ഇന്നുവരെയും നീ എന്നെ ഭയപ്പെട്ട് ജീവിച്ചിട്ടേ ഉള്ളൂ. നീ ഒറ്റയ്ക്ക് തനിച്ചു പാർക്കുന്ന ജനമായി ആരോടും ഒന്നും പറയാതെ എല്ലാം സഹിച്ചു. നീ എന്റെ പാദം വിട്ട് ഇതുവരെ പിന്മാറി പോയിട്ടില്ല. അതുകൊണ്ട് ഈ വാഗ്ദത്തം നിന്നെക്കൊണ്ടേ ചെയ്യാൻ പറ്റൂ. നിന്റെ ചുറ്റുപാട് ഉള്ളവരും ദേശക്കാരും ബന്ധുക്കളും വിശ്വസിക്കണമെങ്കിൽ നിന്നെ ഇങ്ങനെ ഒരു രോഗത്തിൽ കൂടെ കടത്തി വിട്ടേ പറ്റൂ. അങ്ങനെ ഒരു രണ്ടാം ജന്മമായി കൊണ്ടുവന്നാലേ ജനം വിശ്വസിക്കുകയുള്ളൂ."

# ഞങ്ങളുടെ വീട്ടിൽ നടന്ന ആരാധന

ഞാൻ സുഖമായി വന്നതിനുശേഷം 2023 ഡിസംബർ 15-ാം തീയതി വെള്ളിയാഴ്ച ഞങ്ങളുടെ വീട്ടിനു മുന്നിലുള്ള ഞാൻ നിന്ന് ഷീറ്റ് ഇടിയിച്ച ഹാളിൽ വച്ച് ഒരു വലിയ ആരാധന നടത്തി. എന്റെ ജീവൻ തിരിച്ചു കിട്ടിയതിന്റെ സന്തോഷവും സ്തോത്രവുമായി എന്റെ മോനും കുടുംബവും മോളും കുടുംബവും ചേർന്നാണ് ഈ ആരാധന നടത്തിയത്. ഈ ആരാധനയ്ക്ക് എന്റെ ആഗ്രഹം പോലെ എന്റെ കൊച്ചു മക്കളാണ് പാട്ടുപാടിയത്. അന്ന് ഞാൻ സാക്ഷി പറഞ്ഞു. എന്നെ ചികിത്സിച്ച ഡോക്ടർ ബോബി മോസസ് ആണ് ഞങ്ങളുടെ ഈ മീറ്റിങ്ങിന് പ്രസംഗിച്ചത്. ഞാൻ മരിച്ചു ജീവിച്ച വിവരം ഡോക്ടർ പ്രസംഗത്തിലൂടെ വന്നുകൂടിയ ജനത്തോട് വ്യക്തമായി പറഞ്ഞു. ഈ ആരാധനയും എന്റെ സാക്ഷ്യവും ആമേൻ ടിവിയിൽ വീഡിയോ പിടിച്ച് അത് ലോകം മുഴുവൻ അയച്ചു. ഇതുകേട്ട് അരോമ ടിവിയിൽ എന്നെ സാക്ഷ്യം പറയാൻ വിളിച്ചു. ഏകദേശം രണ്ടു മണിക്കൂർ ഞാൻ എന്റെ ജീവിതം മുഴുവൻ ഉള്ള സാക്ഷ്യം അരോമ ടിവിയിൽ പറഞ്ഞു. അത് ലോകം മുഴുവൻ അയച്ചു. പിന്നെ എന്നെ ഒരു ഇന്റർവ്യൂ ചെയ്ത് അതും ആമേൻ ടിവിയിൽ കൂടെ ലോകം മുഴുവൻ അയച്ചു. അങ്ങനെ ഞാൻ രണ്ടാം ജന്മമായി തിരിച്ചു വന്നതിനുശേഷം ഒരു പരിധിവരെ കർത്താവ് പറഞ്ഞതുപോലെ കർത്താവിന്റെ ആഗ്രഹം അനുസരിച്ച് എനിക്ക് ലോകത്തിൽ സാക്ഷിയാകുവാൻ കഴിഞ്ഞു. ഞാൻ എന്തു ചെയ്യും എങ്ങനെ ചെയ്യും എന്ന് എനിക്ക് വലിയ ഭാരമായിരുന്നു. എന്നാൽ ഇത്രയുമൊക്കെ ചെയ്തു കഴിഞ്ഞപ്പോൾ എനിക്ക് മനസ്സിന് വളരെ സന്തോഷവും സംതൃപ്തിയും ഉണ്ട്.

ഐ.സി.യു.വിൽ വെച്ച് ഒരുപാട് കാര്യങ്ങൾ ദൈവം എന്നോട് സംസാരിച്ചു. എങ്കിലും അതെല്ലാം എനിക്ക് ഓർമ്മയില്ല. അത് എന്താണെന്ന് ഓർത്തെടുക്കാൻ ഞാൻ വളരെ ശ്രമിക്കുമായിരുന്നു. എന്നാൽ ഇപ്പോൾ കുറച്ചു ദിവസം കൊണ്ട് എനിക്ക് മനസ്സിലാകുന്നത് ദൈവത്തിന്റെ വാഗ്ദത്തം ഞാൻ തിടുക്കത്തിൽ പൂർത്തിയാക്കണം അഥവാ ലോകത്തിലെ സകല ജനത്തോടും യേശുവിനെക്കുറിച്ച് ഞാൻ വിളിച്ച് അറിയിക്കണം. ജനത്തെ സ്വർഗ്ഗത്തിൽ പോകാൻ ഒരുക്കണം. അത് ടിവി ചാനൽ വഴിയോ പുസ്തകത്തിലൂടെയോ എങ്ങനെയും ആകാം. പോയി സാക്ഷിയാകുവാൻ കഴിയുന്നിടത്തോളം പോയി സാക്ഷിയാകാം. രണ്ടാം ജന്മമായി ദൈവം എന്നെ ഭൂമിയിൽ തിരിച്ചുകൊണ്ടു വന്നത് ദൈവത്തിന്റെ വാഗ്ദത്തം നിവർത്തിക്കുന്നതിന് വേണ്ടിയും സകല ജനത്തോടും യേശുവിനെക്കുറിച്ച് വിളിച്ചറിയിക്കുന്നതിനു വേണ്ടിയും മാത്രമാണ്. ഈ രണ്ടാം ജന്മത്തിനുശേഷം ഈ ലോകത്തിലെ ഒരു കാര്യങ്ങളിലും എനിക്ക് മനസ്സുതുറന്ന് സന്തോഷിക്കുവാൻ കഴിയുന്നില്ല. മനസ്സു തുറന്നു ഒന്ന് ചിരിക്കുവാൻ പോലും കഴിയുന്നില്ല. ഇതിനൊക്കെ കാരണം യേശു അപ്പൻ എനിക്ക് എന്തിനു ജീവൻ തിരിച്ചു തന്നോ അതുമാത്രം ചെയ്ത് ദൈവത്തെ പ്രസാദിപ്പിക്കണമെന്ന ചിന്തയാണ്. അതിൽ ഒരു വാക്കുപോലും നീ ചെയ്യാത്തത് എന്ത് എന്ന് എന്റെ അപ്പൻ എന്നോട് ചോദിക്കുമോ എന്ന ഭയമാണ്. എപ്പോഴും എന്റെ ആത്മാവും മനസ്സും ഒരു പ്രാവിനെപ്പോലെ ദൈവത്തോട് കുറുകിക്കൊണ്ടേയിരിക്കും. ഈ ലോകത്തിലുള്ള ഒന്നിലും എനിക്ക് ഇപ്പോൾ ഒരു സന്തോഷവുമില്ല. എപ്പോഴും ദൈവഭയമാണ്.

എന്നാൽ കുടുംബ കാര്യങ്ങൾ ഞാൻ ഭംഗിയായി ശ്രദ്ധിക്കുന്നുണ്ട്. എല്ലാ സ്ഥലത്തും എന്റെ കണ്ണുണ്ട്. മക്കളെയും കൊച്ചു മക്കളെയും മരുമക്കളെയും ഞാൻ നന്നായി ശ്രദ്ധിക്കുന്നുണ്ട്. അതും ചെയ്തില്ലെങ്കിൽ ദൈവം എന്നോട് ചോദിക്കില്ലേ? നിനക്ക് വളർത്താൻ തന്ന മക്കൾ എവിടെ എന്ന് ദൈവം എന്നോട് ചോദിക്കില്ലേ എന്ന ഭയം എനിക്കുണ്ട്. എന്റെ

മക്കളെ ഞാൻ ശ്രദ്ധിക്കാതെ മറ്റുള്ളവരെ ഉപദേശിച്ചിട്ട് എന്തെങ്കിലും ഫലമുണ്ടോ. ഞാനും എന്റെ മക്കളും സ്വർഗ്ഗത്തിൽ പോകണം മറ്റുള്ളവർ എങ്ങനെയോ പോകട്ടെ എന്ന് ചിന്തിക്കുവാൻ ഈ അമ്മയ്ക്ക് കഴിയില്ല. ഞാനും എന്റെ മക്കളും മറ്റെല്ലാവരും സ്വർഗ്ഗത്തിൽ പോകണം എന്നു ചിന്തിക്കുന്നവളാണ് ഞാൻ. എന്റെ കൈ മുറിഞ്ഞാൽ ഒഴുകുന്ന അതേ രക്തം തന്നെയാണ് മറ്റുള്ളവരിലും ഒഴുകുന്നത് എന്നു ചിന്തിക്കുന്ന ഒരു അമ്മ കൂടിയാണ് ഞാൻ. യേശു അപ്പൻ നമ്മുടെ എല്ലാവരുടെയും ഹൃദയങ്ങളെ കാണുന്നു. മനുഷ്യൻ പുറം കാണുന്നു. പുറം നോക്കി മനുഷ്യർക്ക് എന്തും പറയുവാൻ കാണും. എന്നാൽ നമ്മുടെ ഹൃദയങ്ങളെ കണ്ട് മാർക്കിടുന്ന ദൈവമാണ് നമ്മുടെ ദൈവം. ഈ വക കാര്യങ്ങൾ ഒക്കെ ഞാൻ ഊണിലും ഉറക്കത്തിലും എപ്പോഴും ദൈവത്തോട് ചോദിക്കുമ്പോൾ ദൈവം തരുന്ന ആലോചനകൾ ആണ് ഇതെല്ലാം. അല്ലാതെ എനിക്ക് പഠിത്തവും ഇല്ല, മനുഷ്യരാരും പറഞ്ഞു തരാനുമില്ല. ഇങ്ങനെ യേശുഅപ്പനും ആയിട്ടുള്ള ബന്ധം എനിക്കില്ല എങ്കിൽ ഈ ഭൂമിയിൽ എനിക്ക് പിടിച്ചുനിൽക്കാൻ കഴിയുകയില്ല. എനിക്ക് എന്ത് വിഷയം വന്നാലും ഭാരം തോന്നിയാലും ഞാൻ എന്റെ അപ്പനോട് പറഞ്ഞു കരയും. അപ്പോൾ അപ്പൻ എനിക്ക് ആശ്വാസം തരും. ആ ആശ്വാസത്തിന് വലിയ മഹത്വം ഉണ്ട്. ആ സന്തോഷം മറ്റാരിൽ നിന്നും കിട്ടുകയില്ല. അങ്ങനെ യേശു അപ്പനെ എപ്പോഴും രുചിച്ചറിഞ്ഞ് ജീവിക്കുന്ന ഒരു മാതാവാണ് ഞാൻ. അതുകൊണ്ടാണ് എന്റെ ഈ യേശു അപ്പനെ എല്ലാവരും സ്നേഹിക്കണം, ഭയപ്പെടണം എന്ന് ഞാൻ ശക്തമായി ആഗ്രഹിക്കുന്നത്. പലപ്പോഴും പല വിഷയങ്ങളിലും ഭാരപ്പെട്ട് മനസ്സിന്റെ ഭാരംകൊണ്ട് എഴുന്നേറ്റ് നിൽക്കുവാൻ പോലും കഴിയാതെ ഞാൻ പോയി കിടക്കുമായിരുന്നു. യേശു കർത്താവ് ഒരു പിതാവിനെ പോലെ എന്റെ അടുത്തു വന്ന് എന്നെ നോക്കി നിൽക്കുമായിരുന്നു. അതു കാണുമ്പോൾ എന്റെ ഭാരം എല്ലാം മാറിപ്പോകും. ഞാൻ എഴുന്നേറ്റ് പോകും. പിന്നെ കിടക്കാൻ

തോന്നുകയും ഇല്ല. വർഷങ്ങൾക്കു മുൻപ് അഥവാ ഞാൻ നല്ലതുപോലെയുള്ള പ്രാർത്ഥനാ ജീവിതത്തിൽ വരുന്നതിനുമുമ്പ് ചില സമയങ്ങളിൽ പല വിഷയങ്ങളാൽ ഭാരപ്പെട്ട് പ്രാർത്ഥിക്കാതെ പോയി കിടന്നുറങ്ങിയിട്ടുണ്ട്. ആ സമയത്ത് യേശു അപ്പൻ എന്റെ അരികിൽ വന്നു നിന്ന് ശാന്തമായിട്ട് എന്നെ നോക്കി, "നീ എഴുന്നേറ്റ് പ്രാർത്ഥിക്ക് ", എന്ന് പറഞ്ഞിട്ടുണ്ട്. മാത്രമല്ല ആ സമയങ്ങളിൽ ഞാൻ ഉറക്കം വരാതെ കിടക്കുമായിരുന്നു. കാരണം ഞാൻ പ്രാർത്ഥിക്കാതെ അല്ലേ കിടക്കുന്നത്. ആ സമയത്താണ് കർത്താവ് എന്റെ അടുത്ത് വന്ന് നീ എഴുന്നേറ്റ് പ്രാർത്ഥിക്ക് എന്ന് ശാന്തമായി പറയുന്നത്. ഉടൻ തന്നെ ഞാൻ എഴുന്നേറ്റു പ്രാർത്ഥിക്കാൻ തുടങ്ങി. കുറച്ചു പ്രാർത്ഥിച്ചു കഴിഞ്ഞപ്പോൾ തന്നെ നല്ല ഉറക്കവും കിട്ടി.

നമ്മുടെ ഓരോ ചലനത്തിലും കർത്താവ് എല്ലാം കണ്ടു കൊണ്ട് നമ്മുടെ കൂടെയുണ്ട്. എഴുതുവാനോ വായിക്കുവാനോ അറിയാത്ത ഞാൻ ദൈവസ്നേഹം ഇല്ലാതിരുന്നെങ്കിൽ ദൈവം തന്ന ബുദ്ധിയും പരിജ്ഞാനവും ഇല്ലാതിരുന്നെങ്കിൽ എനിക്ക് ഇതു ചെയ്യാനോ ലോകത്തോട് വിളിച്ച് അറിയിക്കാനോ പറ്റുമോ? ഭൂമിയിൽ ജനം മദ്യപാനം കൊണ്ടും മയക്കുമരുന്നു കൊണ്ടും കൊലപാതകങ്ങൾ കൊണ്ടും വ്യഭിചാരങ്ങൾ കൊണ്ടും മറ്റ് വലുതും ചെറുതുമായ പലവിധ പാപങ്ങൾ കൊണ്ടും നിറഞ്ഞിരിക്കുന്നു. ഈ സകലജനത്തെയും അവരുടെ സകല പാപങ്ങളിൽ നിന്നും അവരെ രക്ഷിക്കുന്നതിനു വേണ്ടിയാണ് യേശുഅപ്പൻ അവസാന തുള്ളി ചോരവരെയും കാൽവരി ക്കുരിശിൽ നമുക്കു വേണ്ടി ഊറ്റിത്തന്നത്. ഒരു മനുഷ്യന്റെ വില സർവ്വലോകത്തെക്കാളും വലുതാണ്. അത് ദൈവം എനിക്ക് വ്യക്തമായി മനസ്സിലാക്കിത്തന്നു. അപ്പോൾ എല്ലാം അറിയുന്ന എനിക്ക് ഒരു കാരണത്താലും അടങ്ങിയിരിക്കാൻ കഴിയുകയില്ല, കാരണം സകല ജനത്തിനു വേണ്ടിയും ഇടുവിൽ നിൽക്കാനും യേശുവിനെക്കുറിച്ച് വിളിച്ച് അറിയിക്കുവാനും പ്രാർത്ഥിക്കുവാനും വേണ്ടിയാണ് ദൈവം രണ്ടാം ജന്മമായി എന്റെ ജീവൻ മടക്കിത്തന്നത്.

ഒരു തുള്ളി രക്തം പോലും ഇല്ലാതെ നമുക്കുവേണ്ടി ഊറ്റിത്തന്ന യേശു അപ്പന് നാം എന്തു പകരം കൊടുക്കണം. ഒന്നേയുള്ളൂ, അതാണ് നമ്മുടെ ഓരോരുത്തരുടെയും ഹൃദയം. നമ്മുടെ ഓരോരുത്തരുടെയും ഹൃദയമാണ് ദൈവത്തിന് ആവശ്യം.

ഒരിക്കൽ കർത്താവ് എന്നോട്, ''നീ സകല ജനത്തെയും പഠിപ്പിക്കണം, ഉപദേശിക്കണം'', എന്നു പറഞ്ഞു. അപ്പോൾ ഞാൻ ദൈവത്തോട്, ''യേശു അപ്പാ, ഞാൻ ജനത്തെ എങ്ങനെ പഠിപ്പിക്കണം എങ്ങനെ ഉപദേശിക്കണം'', എന്നു ചോദിച്ചു. അപ്പോൾ ഒരു ശുദ്ധവെള്ള പേപ്പർ കർത്താവ് എന്നെ കാണിച്ചു. ഒരു വ്യക്തിയുടെ ഹൃദയം ഇതുപോലെയുള്ള ശുദ്ധ വെള്ളപേപ്പർ പോലെ പരിശുദ്ധമായിരിക്കണം. ശുദ്ധവെള്ള പേപ്പറിൽ ഒരു കൊച്ചു അടയാളമോ അഴുക്കോ വന്നാൽ തന്നെയും അതു പെട്ടെന്ന് കണ്ടുപിടിക്കാൻ സാധിക്കും. അങ്ങനെ ഒരു കൊച്ചു അഴുക്കു പോലും ഇല്ലാത്ത പരിശുദ്ധ ഹൃദയമാണ് മനുഷ്യരിൽ നിന്ന് ദൈവത്തിന് ആവശ്യം. ഓരോരുത്തരുടെയും ഹൃദയങ്ങൾ എങ്ങനെ എന്ന് അവരവർ തന്നെ ഓരോ മിനിറ്റും ശോധന ചെയ്യണം. ഒരു കൊച്ചു അഴുക്കുപോലും വരാതെ ശുദ്ധവെള്ള ഹൃദയം ആയി തന്നെ നമ്മുടെ ഹൃദയത്തെ സൂക്ഷിക്കണം. അതാണ് ദൈവത്തിന് ആവശ്യം. അങ്ങനെ ഉള്ളവർക്കേ സ്വർഗ്ഗത്തിൽ പോകാൻ കഴിയുകയുള്ളൂ. ഇതാണ് ജനത്തെ പഠിപ്പിക്കുവാൻ ദൈവം എന്നോടു പറഞ്ഞത്.

നമ്മളെല്ലാവരും സംസാരത്തിലോ ചിന്തയിലോ നോട്ടത്തിലോ കൊടുക്കൽ വാങ്ങലിലോ ചെറുതും വലുതുമായ ഏതു വിധത്തിൽ എങ്കിലും പാപം ഉള്ളവരാണ്. നുണ പറച്ചിൽ, പരദൂഷണം, മറ്റുള്ളവരെ കുറിച്ചുള്ള കുറ്റം പറച്ചിൽ ഇതെല്ലാം ദൈവം വെറുക്കുന്ന പാപങ്ങളാണ്. ഇങ്ങനെയുള്ള ഒരു സ്വഭാവവും മനുഷ്യന് പാടില്ല. ഇതൊന്നും യേശു കർത്താവ് ഇഷ്ടപ്പെടുന്നതല്ല. ഇതെല്ലാം കുറ്റമായി തന്നെ ദൈവം കണക്കിടും. നാം ഒരു വിരൽ ഒരു വ്യക്തിയുടെ നേരെ

നീട്ടിയാൽ മറ്റു നാലുവിരലുകളും നമുക്ക് നേരെയാണ് എന്നു മറക്കരുത്. മറ്റുള്ളവരെ വിധിക്കുവാൻ നമുക്ക് അവകാശമില്ല. ആ അവകാശം ദൈവം നമുക്ക് തന്നിട്ടില്ല. ''ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും.'' (മത്തായി 5: 8)

നമ്മുടെ ജീവിതത്തിൽ ഏതെങ്കിലും വിധത്തിലുള്ള പാപം ഉണ്ടെങ്കിൽ അത് ദൈവത്തോട് നമ്മൾ ഹൃദയം നുറുങ്ങി ഏറ്റു പറയണം, ഉപേക്ഷിക്കണം. ഉപേക്ഷിച്ച പാപങ്ങൾ പിന്നെ ഒരിക്കലും തിരിച്ചുവരാനോ ചിന്തിക്കുവാനോ പാടില്ല. ഏതു പാപവും ദൈവം ക്ഷമിക്കും. അത് എത്ര തന്നെ വലുതായാലും ദൈവം ക്ഷമിക്കും. ബൈബിൾ ഇങ്ങനെ പറയുന്നു, ''നിങ്ങളുടെ പാപങ്ങൾ കടുംചുവപ്പായിരുന്നാലും ഹിമം പോലെ വെളുക്കും, രക്താംബരം പോലെ ചുവപ്പായിരുന്നാലും ഹിമം പോലെ വെളുക്കും.'' (യെശയ്യാവ് 1:18)

4-11-2024 തിങ്കളാഴ്ച ഉച്ച കഴിഞ്ഞ് നാലു മണിക്കടുപ്പിച്ച് ഞാൻ അല്പം കിടന്നു മയങ്ങി വന്നപ്പോൾ, ''യേശു കർത്താവിന്റെ വരവ് പെട്ടെന്ന് ഉണ്ടാകും, കർത്താവ് വേഗത്തിൽ വരും'', എന്നുള്ള ഒരു ശബ്ദം മറ്റൊരാൾ പറയുന്നതായി ഞാൻ കേട്ടു. ഇതു കേട്ടപ്പോൾ ഞാൻ ഞെട്ടി ചാടി എഴുന്നേറ്റ് ഇരുന്നു. കർത്താവ് വേഗത്തിൽ വരും എന്ന സൂചനയാണ് യഥാർത്ഥത്തിൽ എനിക്കു കിട്ടിയത്. അപ്പോൾ ഞാൻ പേടിച്ചു വിറച്ചു. അതിനുകാരണം സകലജനത്തോടും യേശുവിനെക്കുറിച്ചും സ്വർഗ്ഗത്തിൽ എല്ലാവരും എത്തിച്ചേരണമെന്നും വിളിച്ച് അറിയിക്കുവാനും സാക്ഷിക്കുവാനും കർത്താവ് എന്നോട് തിടുക്കത്തിൽ പറഞ്ഞുകൊണ്ടേയിരുന്നു. എന്നെക്കൊണ്ട് കഴിയുന്നതും ഞാൻ ചെയ്യുന്നുണ്ട്. ഇനിയും ഒരുപാട് കാര്യങ്ങൾ എനിക്ക് കർത്താവിനു വേണ്ടി ചെയ്തുതീർക്കുവാൻ ഉണ്ട്. രണ്ടാം ജന്മം തന്ന് കർത്താവ് എന്നെ കൊണ്ടുവന്നത് സകല ജനത്തോടും യേശുവിനെക്കുറിച്ച് പറഞ്ഞു അവരെ സ്വർഗ്ഗത്തിൽ പോകാൻ ഒരുക്കുന്നതിനു വേണ്ടിയാണ്. ഞാനത് ചെയ്ത് പൂർത്തിയാക്കാതെ ഒരു വ്യക്തിയെങ്കിലും കൈവിടപ്പെട്ട് നരകത്തിൽ പോകുമോ എങ്കിൽ അതിന്റെ കണക്ക്

ഞാൻ ദൈവത്തിനു കൊടുക്കണമല്ലോ എന്ന പേടിയും ഭയവുമാണ് എനിക്കുണ്ടായത്.

കർത്താവ് ദൈവജനത്തെ ചേർക്കാൻ എപ്പോഴോ വരട്ടെ. അത് ഉടനെ ആയാലും അല്പം വൈകിയാലും അത് കർത്താവിന്റെ കാര്യം. പക്ഷേ നമ്മൾ ഓരോരുത്തരും സ്വർഗ്ഗത്തിൽ പോകാൻ ഒരുങ്ങിയിട്ടുണ്ടോ? അതാണ് നാം ഓരോരുത്തരും ശോധന ചെയ്യേണ്ടത്. വിശുദ്ധിയിൽ നിലനിന്ന് നിഷ്കളങ്ക ഹൃദയത്തോടെ ഇപ്പോൾ ജനിച്ച ശിശുവിനെപ്പോലെ നിഷ്കളങ്ക ഹൃദയമുള്ളവരായി നാം എല്ലാവരും സ്വർഗ്ഗത്തിൽ പോകാൻ ഒരുങ്ങിയിരിക്കുക.

ഇന്ന് രാവിലെ അഥവാ 5-11-2024 വെളുപ്പിനെ അഞ്ചരമണിക്ക് ഞാൻ കണ്ട ഒരു സ്വപ്നം. എവിടെയോ ധാരാളം ജനങ്ങൾ കൂടിവരുന്ന ഒരു കൺവെൻഷൻ സ്ഥലം പോലെയാണ് ഞാൻ കണ്ടത്. അവിടെ ഞാനും ഉണ്ട്. മീറ്റിംഗ് തീർന്നു. തീർന്നിട്ട് ഒരുപാട് സമയമായി. എന്നിട്ടും ആളുകൾ ആരും വീടുകളിൽ പോയില്ല. എല്ലാവരുടെയും വാഹനങ്ങളും അവിടവിടെയായി കിടക്കുന്നു. കൺവെൻഷൻ സ്ഥലം വെറും ശൂന്യമായി കിടക്കുന്നു. ഞാൻ അവർ പോകാത്തത് എന്ത് എന്ന് അറിയുവാൻ മുന്നോട്ടു നടന്നു. ഞാൻ നോക്കിയപ്പോൾ എല്ലാവരെയും കെട്ടിയിട്ടിരിക്കുന്നു. 7, 8 വയസ്സുള്ള കൊച്ചു കുട്ടികളെ വരെ കെട്ടിയിട്ടിരിക്കുന്നു. ഈ കാഴ്ചയിൽ തന്നെ എനിക്ക് മനസ്സിലായത് ദൈവം എല്ലാവരെയും ന്യായം വിധിക്കും. ഏഴ് എട്ട് വയസ്സുള്ള കൊച്ചു കുട്ടികളെ വരെ ന്യായം വിധിക്കുകയാണെങ്കിൽ വലിയവരുടെ അവസ്ഥ എന്തായി ത്തീരും? എന്നിട്ട് ദൈവാത്മാവ് എന്നോടു പറഞ്ഞത്, "ആരും കൈവിടപ്പെട്ട് പോകാതിരിക്കാൻ നീ നിന്നാൽ കഴിയുന്നത് എല്ലാവർക്കും നല്ല ഉപദേശം കൊടുത്തു അവരെ പഠിപ്പിക്കണം", എന്നാണ്. കൊച്ചു കുട്ടികളെ കണ്ടപ്പോൾ എനിക്ക് വളരെ ഭാരം തോന്നി. ഏഴ് എട്ട് വയസ്സുള്ള അവർ ഒന്നും അറിഞ്ഞുകൂടാത്ത കുഞ്ഞുങ്ങൾ അല്ലേ. എന്നിട്ടും അവർക്കും ശിക്ഷ വരാൻ എന്ത് കാര്യം? ഇത് എന്നെ വല്ലാതെ

അലട്ടിക്കൊണ്ടേയിരുന്നു. അപ്പോൾ ദൈവം എനിക്കു മനസ്സിലാക്കിത്തന്ന കാര്യം കൊച്ചുകുട്ടികൾ നമ്മൾ ആരും വിചാരിക്കുന്നതിനേക്കാൾ ഉപരി മനസ്സുകൊണ്ടെങ്കിലും ഭയങ്കരമായി തെറ്റിക്കൊണ്ടിരിക്കുകയാണ്. കാരണം ഒരൊറ്റ വിഷയമാണ്. അതാണ് "മൊബൈൽ". പ്രത്യേകിച്ച് കൊറോണ വന്നതോടു കൂടി കുട്ടികൾക്ക് പഠിക്കേണ്ടതും മൊബൈലിൽ ആയി. തുടർന്ന് അവർ അധികമായി മൊബൈൽ കൈകാര്യം ചെയ്യാൻ തുടങ്ങി. അവർ പഠിക്കേണ്ടത് മാത്രമല്ല ആവശ്യമില്ലാത്തതും കാണുവാൻ തുടങ്ങി. അതാണ് പലപ്പോഴും കുഞ്ഞുങ്ങളുടെ നിഷ്കളങ്കത നഷ്ടപ്പെടുത്തുന്നത്. എന്നാൽ ദൈവഭയത്തോടെയാണ് കുട്ടികളായാലും വലിയവർ ആയാലും ഇതെല്ലാം കൈകാര്യം ചെയ്യേണ്ടത്. അതിനാൽ മാതാപിതാക്കൾ പ്രത്യേകം മക്കളെ ശ്രദ്ധിക്കണം. ഇത് മുഖാന്തരം ഏതെങ്കിലും കുഞ്ഞുങ്ങൾ തെറ്റിപ്പോയാൽ അതിന്റെ കണക്ക് ദൈവം മാതാപിതാക്കളോട് ചോദിക്കും. അത് വരാതിരിക്കാൻ മാതാപിതാക്കൾ മക്കളെ വളരെ സൂക്ഷിച്ച് ശ്രദ്ധിച്ചു ദൈവഭയത്തിൽ വളർത്തണം. എപ്പോഴും മാതാപിതാക്കളുടെ കണ്ണ് മക്കളുടെമേൽ ഉണ്ടായിരിക്കണം. അവരുടെ ഓരോ ചലനവും മാതാപിതാക്കൾ അറിഞ്ഞിരിക്കണം. ദൈവഭയത്തിലും ദൈവസ്നേഹത്തിലും മക്കളെ വളർത്തണം. ഇല്ലെങ്കിൽ മക്കൾ മുഖാന്തരം മാതാപിതാക്കൾ കണ്ണുനീര് കുടിക്കേണ്ടിവരും. ഭൂമിയിൽ നമ്മുടെ ഓരോരുത്തരുടെയും സമ്പത്താണ് നമ്മുടെ മക്കൾ. അതുപോലെ കുട്ടികളും മുതിർന്നവരും വയസ്സായവരും മുതലായ നമ്മളെല്ലാവരും ദൈവത്തെ ഭയപ്പെട്ട് വിശുദ്ധിയിൽ നിലനിന്ന് എപ്പോഴും സ്വർഗ്ഗത്തിൽ പോകാൻ ഒരുക്കമുള്ളവർ ആയിരിക്കണം.

കർത്താവിന്റെ വരവ് ഏറ്റവും അടുത്തിരിക്കുന്നു. ഒന്നുകിൽ കർത്താവിന്റെ വരവ്, അല്ലെങ്കിൽ നമ്മുടെ മരണം, രണ്ടായാലും നാം കൈവിടപ്പെട്ട് തള്ളപ്പെട്ടവരായി നരകത്തിൽ പോകരുത്. സ്വർഗ്ഗത്തിൽ പോകാൻ നാമെല്ലാവരും ഒരുങ്ങണം. യേശു കർത്താവിന്റെ വരവിന്റെ ലക്ഷണം നാം കണ്ടു

കൊണ്ടിരിക്കുന്നു. എത്രയും പെട്ടെന്ന് കാഹള ശബ്ദം കേൾക്കും. അപ്പോൾ നാമും യേശുവിനോട് കൂടെ എടുക്കപ്പെടണം. കൈവിടപ്പെട്ട് ഇവിടെ കിടന്നാൽ പിന്നെ അനുഭവിക്കുന്ന മഹാദുരിതം പറഞ്ഞറിയിക്കാൻ പോലും കഴിയില്ല. അത്ര ഭീകരം ആയിരിക്കും. ഒന്ന് മരിക്കണം എന്നു കൊതിച്ചാൽ അതിനും കഴിയില്ല. കാരണം, പിന്നെ മരണമില്ല. യേശു കർത്താവ് വിശുദ്ധന്മാരെ ചേർത്തു കഴിഞ്ഞാൽപ്പിന്നെ ഇവിടെ മരണമില്ല. ഇഞ്ചിഞ്ചായി മരിക്കാതെ മരിക്കും. അതിഭയാനക വേദന ആയിരിക്കും. അവസാനം കൈവിടപ്പെട്ടു കിടക്കുന്ന എല്ലാവരെയും ദൈവം ന്യായവിസ്താര സമയത്ത് ന്യായം വിധിച്ചു നരകത്തിൽ തള്ളിക്കളയും. ധനവാനെക്കുറിച്ചും ലാസറിനെകുറിച്ചും ബൈബിൾ പറയുന്നത് ഈ പുസ്തകത്തിൽ മുമ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.

വചനം:-

''ജീവപുസ്തകത്തിൽ പേരെഴുതി കാണാത്ത ഏവനേയും തീപൊയ്കയിൽ തള്ളിയിടും.'' (വെളിപ്പാട് 20:15). അതുകൊണ്ട് നമ്മുടെ മുമ്പിൽ രക്ഷപ്പെടാൻ ഒറ്റ വഴിയേയുള്ളൂ. പൂർണ്ണമായി ദൈവത്തിൽ ആശ്രയിക്കുക. ദൈവത്തെ ഭയപ്പെട്ടു വിശുദ്ധിയോടെ ജീവിച്ച് സ്വർഗ്ഗത്തിൽ പോകാൻ ഒരുങ്ങുക.

# പ്രാർത്ഥനയാകുന്ന താക്കോൽ

പ്രാർത്ഥനയാൽ നേടിയെടുക്കുവാൻ കഴിയാത്ത ഒരു വിഷയവും ഇല്ല. എത്ര ഭാരമേറിയ വിഷയമായാലും ആ വിഷയങ്ങൾക്ക് നമ്മെത്തന്നെ ശോധനചെയ്ത് താഴ്ത്തി സമർപ്പിച്ച് മുട്ടിപ്പായിട്ടുള്ള പ്രാർത്ഥനയാൽ പൂർണ്ണ വിടുതൽ പ്രാപിക്കുവാൻ കഴിയും. ചിലപ്പോൾ ദൈവം നമ്മെ കൈവിട്ടു, ഇനി വിടുതൽ ഇല്ല, എന്ന് തോന്നുന്ന നിമിഷങ്ങൾ ഉണ്ടാകാം. പക്ഷേ നാം ഒന്ന് ഓർക്കണം. നാം ജീവനോടെ ഭൂമിയിൽ ഉള്ളടത്തോളം നാം ആകേണ്ട വിധത്തിൽ ആയി നമ്മെത്തന്നെ പൂർണമായി കർത്താവിനു സമർപ്പിച്ച് നമ്മുടെ കുറവുകളെ ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച് ദൈവത്തോട് മുട്ടിപ്പായി യാചിച്ചു കൊണ്ടേയിരുന്നാൽ ഏത് കൈവിടപ്പെട്ട വിഷയങ്ങളുടെ മുൻപിലും കർത്താവ് ക്ഷമിച്ചു മറുപടി തരും. നിരാശപ്പെട്ടു പോകാതെ പ്രാർത്ഥനയാകുന്ന താക്കോൽ കൊണ്ട് തുറന്നു കൊണ്ടേയിരിക്കണം. മടുത്തു പോകാതെ പ്രാർത്ഥിക്കണം. നമ്മുടെ ഹൃദയത്തിൽ അൽപംപോലും അഴുക്കോ ആവശ്യമില്ലാത്ത ചിന്തകളോ വരാതെ വളരെ സൂക്ഷിച്ച് ശ്രദ്ധിക്കണം. എന്നാൽ, നമ്മുടെ ഹൃദയത്തിന് ഒരുക്കം ഇല്ലാതെ എപ്പോഴും പ്രാർത്ഥന പ്രാർത്ഥന എന്നു പറഞ്ഞിരുന്നിട്ട് ഒരു പ്രയോജനവുമില്ല. ഒരുക്കമുള്ള ഹൃദയത്തിലെ ദൈവത്തിന് പ്രവർത്തിക്കുവാൻ കഴിയൂ. ബൈബിളിൽ പ്രാർത്ഥനയ്ക്ക് വലിയ വിലയുണ്ട്.

പണം ഉണ്ടാക്കുവാൻ വേണ്ടി ജനം വിരണ്ട് ഓടുന്നു. പക്ഷേ ദൈവമായ കർത്താവിനെ വേണ്ട. എന്നാൽ പണം വേണ്ടേ? വേണം. ദൈവത്തിൽ ആശ്രയിച്ച് ദൈവം തരുന്ന ദൈവത്താലുള്ള പണം നമുക്ക് വേണം. ആരെയും വേദനിപ്പിച്ചു

കൊണ്ടുള്ള പണം നമുക്ക് പാടില്ല. ദൈവത്തെ കൂടാതെ 10 പൈസ പോലും ഉണ്ടാക്കിയാലും അതിന് വേസ്റ്റ് പേപ്പറിന്റെ വിലയേയുള്ളൂ. എന്നാൽ ദൈവത്തിൽ ആശ്രയിച്ച് ദൈവഭയത്തോടെ ഉണ്ടാക്കുന്ന പൈസയ്ക്ക് വലിയ വില ഉണ്ട്. അത് നിലനിൽക്കും. ചിലപ്പോൾ ചിന്തിക്കും നമുക്ക് ഇഷ്ടംപോലെ പണമുണ്ട്, ഒന്നിനും കുറവില്ല. ദൈവത്തെ കൂടാതെയുള്ള പണം ചിലപ്പോൾ ഈ ലോകത്ത് സന്തോഷം തന്നേക്കും. നാം എന്നായാലും മരിക്കേണ്ടവരാണ്. മരണശേഷം നമ്മുടെ ആത്മാവിന് ഒരു നിത്യത ഉണ്ട്. അത് സ്വർഗ്ഗത്തിലോ നരകത്തിലോ ആകാം. പക്ഷേ ഇതിൽ ഏത് വേണമെന്ന് നാം ലോകത്തിൽ വച്ച് തീരുമാനിക്കണം.

അനേകർ ലോകത്തിൽ പണം കൊണ്ട് സുഖിക്കുമ്പോൾ പാവപ്പെട്ട എത്രയോ ദൈവ മക്കൾ പണമില്ലാതെ പട്ടിണിയിലും ദാരിദ്ര്യത്തിലും കഴിയുന്നു. എങ്കിലും അവർക്ക് ദൈവത്തിലുള്ള പ്രത്യാശയും സന്തോഷവും സമാധാനവും ഉണ്ട്. ഈ ലോകത്തിൽ പണം കുറഞ്ഞാലും സ്വർഗ്ഗത്തിൽ വലിയ സ്ഥാനവും പ്രതിഫലവും ഉണ്ട് എന്നുള്ള സന്തോഷം അവർക്കുണ്ട്. ചിലർ കഷ്ടപ്പെട്ട് കർത്താവിന്റെ വേല ചെയ്യുമ്പോൾ പലരും അവരെ പുച്ഛിച്ചു തള്ളുന്നു. അവർക്ക് ലോകത്തിൽ ഒരു മാന്യതയും കൊടുക്കുന്നില്ല. എങ്കിലും അവർ പകരം പറയാതെ സന്തോഷത്തോടെ എല്ലാവരെയും സ്നേഹിച്ച് എല്ലാവർക്കും വേണ്ടി പ്രാർത്ഥിച്ച് വിശ്വസ്തതയോടെ കർത്താവിന്റെ വേല ചെയ്യുന്നു. കാരണം, അവർക്ക് ഒരു ലക്ഷ്യവും പ്രത്യാശയും ഉണ്ട്. അവർക്ക് സ്വർഗ്ഗത്തിൽ സ്ഥാനമുണ്ട്. പ്രതിഫലവും ഉണ്ട്. ജനിച്ചാൽ ഒരു മരണം ഉണ്ട്. അതിന് പ്രായമില്ല. കൊച്ചു കുഞ്ഞുങ്ങൾ മുതൽ ഏത് പ്രായത്തിലും മരണം സംഭവിക്കാം. അപ്പോൾ നമ്മുടെ ആത്മാവ് സ്വർഗ്ഗത്തിൽ എത്തണം. അതിനാണ് ദൈവഭയത്തോടെ നാം ഒരുങ്ങിയിരിക്കണം എന്നു പറയുന്നത്. ആരും കാണുന്നില്ല ആരും അറിയുന്നില്ല എന്നു വിചാരിച്ച് നാം എന്ത് തെറ്റു ചെയ്താലും അത് രഹസ്യത്തിൽ ആയാലും നാം ഒന്ന് ഓർക്കണം, അത് എല്ലാം കാണുന്ന ഒരു ദൈവം

സ്വർഗ്ഗത്തിലുണ്ട്. യേശു കർത്താവ് നമ്മുടെ ഓരോ ചലനവും, ഓരോ ചിന്തയും കണ്ടുകൊണ്ടേയിരിക്കുന്നു. എന്നായാലും ദൈവം ക്ഷമിക്കാത്തിടത്തോളം തെറ്റിന് തക്ക ശിക്ഷയുണ്ട്.

ഇത്ര ആത്മാർത്ഥമായി ഞാൻ എഴുതുവാൻ കാരണം ഞാൻ നരകത്തിന്റെ അതിഭീകര നിലവിളി കേട്ടതാണ്. അത് ഞാൻ മുൻപ് പറഞ്ഞല്ലോ. അതുകേട്ട് ഭയപ്പെട്ട് ആ നിമിഷം മുതൽ എനിക്കും എന്റെ ഭർത്താവിനും എന്റെ മക്കൾക്കും നരകത്തിൽ പോകണ്ട സ്വർഗ്ഗത്തിൽ പോയേ തീരൂ. ഈ ആഗ്രഹത്തോടെ ആ നിമിഷം മുതൽ ഞാൻ നിലവിളിക്കാൻ തുടങ്ങി. അപ്പോഴാണ് എനിക്ക് തോന്നിയത് ഞങ്ങളെപ്പോലെ യല്ലേ എല്ലാ മനുഷ്യരും എന്ന്. അങ്ങനെയാണ് സകലജനത്തിനും വേണ്ടി ഞാൻ ഇടുവിൽ നിൽക്കുവാനും നിലവിളിച്ച് പ്രാർത്ഥിക്കുവാനും തുടങ്ങിയത്. അന്നുമുതൽ ഞാൻ, ജനിച്ചതും ഇനി ജനിക്കാൻ പോകുന്നതുമായ സകലജനവും നരകത്തിൽ പോകാതെ സ്വർഗ്ഗത്തിൽ പോകണമെന്ന് നിലവിളിച്ച് പ്രാർത്ഥിക്കാൻ തുടങ്ങി.

ഒരാൾ കാണുന്ന സ്വപ്നമോ ദർശനമോ അനുഭവങ്ങളോ ആർക്കും ഖണ്ഡിക്കുവാൻ അവകാശം ഇല്ല. ഒരാൾക്കും അതിനെ വിമർശിക്കുവാനും കഴിയില്ല. ജനങ്ങൾ ഏറ്റെടുത്താലും ഇല്ലെങ്കിലും ഞാൻ ചെയ്യേണ്ടത് എനിക്ക് ചെയ്തേ പറ്റൂ. ഇല്ലെങ്കിൽ ദൈവം എന്നോട് കണക്ക് ചോദിക്കും. ഞാൻ ചെയ്യുന്നത് എല്ലാം ശരിയാണോ ഇല്ലയോ എന്ന് ദൈവത്തെ സ്നേഹിക്കുന്ന ഏതൊരു വ്യക്തിക്കും ചിന്തിച്ചാൽ മനസ്സിലാകും. ഞാൻ ഈ ചെയ്യുന്നതിനെയൊക്കെ ആരൊക്കെ വിമർശിച്ചാലും ആരൊക്കെ ഏത് അർത്ഥത്തിൽ എടുത്താലും എനിക്ക് അതിൽ ഒരു വിഷമവുമില്ല. കാരണം ഞാൻ കണ്ടതും കേട്ടതും തൊട്ടതും ദൈവത്തിൽ നിന്ന് അനുഭവിച്ചതും ആണ്. ഇതിനെ ഖണ്ഡിക്കുവാൻ ആർക്കും കഴിയില്ല. മാത്രമല്ല പ്രധാന കാര്യം; ഇത് ഞാൻ എന്റെ സ്വന്തം ഇഷ്ടം കൊണ്ടല്ല ചെയ്യുന്നത്. അതിനുള്ള വിദ്യാഭ്യാസം എനിക്കില്ല. എന്തെങ്കിലും എന്നിൽ ഉണ്ടെങ്കിൽ അത് എന്റെ കർത്താവ് തന്നതു മാത്രമാണ്. കർത്താവ് ഇതെല്ലാം ചെയ്യുവാൻ എന്നോട് കൽപ്പിച്ചു. ഞാൻ

ദൈവത്തെ ഭയപ്പെട്ട് ഇതെല്ലാം അനുസരിക്കുന്നു എന്നു മാത്രമേയുള്ളൂ. ഈ യേശുവിനെ ഞങ്ങൾക്കും അറിയണമെന്ന് ആഗ്രഹമുള്ളവർ ഒറ്റ കാര്യം ചെയ്താൽ മതി. നമ്മുടെ ഹൃദയം കർത്താവിന് ഒരുക്കി കൊടുക്കണം, എന്ന് വെച്ചാൽ വിശുദ്ധിയുള്ള ഹൃദയങ്ങളിലേ ദൈവം വസിക്കൂ. അതിന് നാം നമ്മുടെ ചെറുതും വലുതുമായ പാപങ്ങളെ ദൈവത്തോട് തുറന്നു പറഞ്ഞു ക്ഷമ ചോദിച്ച് എന്നെന്നേക്കുമായി ഉപേക്ഷിച്ച് ഒരു പുതിയ സൃഷ്ടിയായി തീർന്ന് ഹൃദയം കർത്താവിന് സമർപ്പിക്കണം.

യേശു കർത്താവ് എല്ലാവരെയും അറിയുന്നുണ്ട്. എല്ലാവരെയും കാണുന്നുണ്ട്. നമ്മുടെ ഓരോ ചലനവും ചിന്തയും കർത്താവ് നന്നായി അറിയുന്നു. മനുഷ്യനെ സൃഷ്ടിച്ചതും കർത്താവാണ്. എന്നാൽ കർത്താവ് എല്ലാവരുടെയും അടുത്ത് നേരിട്ട് വരും എന്ന് ചിന്തിക്കരുത്. കാരണം അതിനാണ് ഇവിടെ കർത്താവിനെകുറച്ച് പറഞ്ഞുതരാൻ ധാരാളം ദൈവമക്കളെയും ദൈവദാസന്മാരെയും ദൈവം നിയോഗിച്ചിട്ടുള്ളത്. എന്നാൽ പലപ്പോഴും പലരും അത് ശ്രദ്ധിക്കുകയോ അത് ഏറ്റെടുക്കുകയോ ചെയ്യാറില്ല. ദൈവത്തെക്കുറിച്ച് അറിയുവാൻ ആഗ്രഹിക്കുകയോ ശ്രമിക്കുകയോ ചെയ്യാറില്ല. എന്നാൽ ചിലരെ ദൈവത്തിന്റെ പ്രത്യേക സ്നേഹത്താൽ ദൈവം സന്ദർശിക്കുകയും സംസാരിക്കുകയും ചെയ്യാറുണ്ട്. അതൊക്കെ ദൈവത്തിന്റെ കാര്യം. നാം ഒന്ന് ചെയ്താൽ മതി. നമ്മുടെ ഹൃദയം കർത്താവിന് സമർപ്പിച്ച് കർത്താവിനോട് അടുത്തു ചെല്ലുക. ദൈവത്തിന് അസാധ്യമായത് ഒന്നുമില്ല. നമ്മുടെ എത്ര ഭാരമേറിയ വിഷയമായിരുന്നാലും ഇനി ഒരിക്കലും രക്ഷയില്ല, ദൈവം ഒരിക്കലും ക്ഷമിക്കയില്ല, എന്ന് തോന്നിക്കുന്ന ഏത് വിഷയമായിരുന്നാലും നാം നിരാശപ്പെട്ട് പോകാതെ കർത്താവിനോട് അടുത്തു ചെന്ന് ആ പാദങ്ങളിൽ വീണ്, സകലതും ഏറ്റുപറഞ്ഞ് നമ്മുടെ ഹൃദയം കർത്താവിന് കൊടുത്താൽ അതിനെല്ലാം കർത്താവിൽ നിന്ന് വിടുതലുണ്ട്. കർത്താവ് സകലതും ക്ഷമിച്ചുതരിക തന്നെ ചെയ്യും.

# കുടുംബങ്ങളെക്കുറിച്ച്

നമുക്ക് മകനും മകളും ഉണ്ടെന്ന് ഇരിക്കട്ടെ. മകളെ വിവാഹം കഴിച്ച് ഒരു വീട്ടിൽ കൊണ്ടുപോയി. വിവാഹം കഴിച്ച പയ്യന് അപ്പനും അമ്മയും സഹോദരന്മാരും സഹോദരിമാരും കാണും. എന്നാൽ ആ പെൺകുട്ടി ആ ഭവനത്തിൽ ഭർത്താവിന്റെ അപ്പനെയും അമ്മയെയും സഹോദരന്മാരെയും സഹോദരിമാരെയും സ്നേഹത്തോടെ കരുതുകയും ബഹുമാനിക്കുകയും ആദരിക്കുകയും അവർക്ക് വേണ്ടുന്നതെല്ലാം ചെയ്തുകൊടുക്കുകയും ചെയ്യുന്ന ഒരു ഭാര്യയായി മാറണം. ചിലപ്പോൾ പെൺകുട്ടി ചെന്ന് കയറുന്ന വീട് സാമ്പത്തികം ഒന്നും ഇല്ലാത്തതായിരിക്കാം. എങ്കിലും അതൊന്നും ഓർക്കാതെ അവരെ എല്ലാവരെയും സ്നേഹിക്കുകയും ബഹുമാനിക്കുകയും കരുതുകയും വേണം. ആ കാര്യങ്ങളെല്ലാം ദൈവഭയത്തോടെ ചെയ്താൽ അവരെയും അവരുടെ തലമുറകളെയും ദൈവം മാനിച്ച് അനുഗ്രഹിക്കും. പ്രത്യേകം ശ്രദ്ധിക്കേണ്ടത്, അമ്മമാർ മക്കളെ കല്യാണം കഴിപ്പിച്ചയയ്ക്കുമ്പോൾ മക്കൾക്ക് നല്ല പത്യോപദേശം കൊടുത്ത് ദൈവഭയം ഉള്ളിൽ കൊടുത്ത് അവിടെ പോയി എങ്ങനെ ജീവിക്കണമെന്ന് നല്ലതുപോലെ പഠിപ്പിച്ചു വിടണം. ചിലപ്പോൾ നാം ആഗ്രഹിക്കുമ്പോലെ ആ വീട്ടിൽ നിന്നും സ്നേഹം കിട്ടി എന്ന് വരില്ല. എന്നാൽ നമ്മുടെ സ്നേഹവും കരുതലും ദൈവഭയവും കൊണ്ട് അവരെ മാറ്റിയെടുക്കാൻ സാധിക്കും. ഒരു പെൺകുട്ടി ഭർത്താവിന്റെ വീട്ടിൽ പോയാൽ അവൾ ആ വീടിന്റെ പ്രകാശമായിരിക്കണം.

നമ്മുടെ മക്കൾ നാമറിയാതെ നമ്മളെ ശ്രദ്ധിക്കും. നാം അപ്പനമ്മമാരെ എങ്ങനെ സ്നേഹിക്കുന്നു, അവർക്ക്

വേണ്ടുന്നതൊക്കെ എങ്ങനെ ചെയ്തുകൊടുക്കുന്നു, അവരെ എങ്ങനെ കരുതുന്നു, ഇതെല്ലാം നമ്മുടെ മക്കൾ ശ്രദ്ധിക്കും. എന്നാൽ നമ്മൾ മുഖാന്തരം നമ്മുടെ മക്കൾ ഒരിക്കലും നശിക്കരുത്. നമ്മളും വാർദ്ധക്യത്തിൽ ആകും. ക്ഷീണാവസ്ഥയിലും ആകും. അന്ന് ചിലപ്പോൾ നമ്മുടെ മക്കൾ നമ്മെ നോക്കാതെയും ശ്രദ്ധിക്കാതെയും ഇരുന്നാൽ നമുക്ക് അത് താങ്ങാൻ കഴിയുമോ? ചിലപ്പോൾ നമ്മുടെ മക്കൾ തിരിച്ചു ചോദിച്ചു എന്നിരിക്കാം. പപ്പയും അമ്മയും അപ്പച്ചനെയും അമ്മച്ചിയെയും നല്ലതുപോലെ നോക്കിയോ, അവർക്ക് സ്നേഹം കൊടുത്തോ, നല്ല ഭക്ഷണം കൊടുത്തോ? ഈ ചോദ്യങ്ങളൊക്കെ ചോദിച്ചാൽ നമുക്ക് മറുപടി പറയാൻ ഉണ്ടാവില്ല. അവരും അവർ പോകുന്ന കുടുംബങ്ങളിൽ അങ്ങനെ തന്നെ ജീവിക്കും. അവർ ആ കുടുംബത്തിന് ഒരു തലവേദനയായി മാറും. പിന്നെ നമ്മൾ ദുഃഖിച്ചിട്ട് കാര്യമില്ല. അനേകർ പ്രാർത്ഥനാ വിഷയങ്ങൾ പറയാൻ എന്നെ വിളിക്കാറുണ്ട്. അവർ പറഞ്ഞ വിഷയങ്ങളാണ് ഞാൻ മുകളിൽ പറഞ്ഞിരിക്കുന്നത്. അതുപോലെ ചില ആൺ മക്കൾ വിവാഹം കഴിച്ചു കൊണ്ടുവരുമ്പോൾ ആ കുട്ടി വരുന്നതോടുകൂടെ ആ വീട്ടിൽ അന്നുവരെ ഉണ്ടായിരുന്ന സന്തോഷവും സ്നേഹവും ഐക്യതയും നഷ്ടപ്പെടും. ചില പെൺകുട്ടികൾക്ക് അവരുടെ ഭർത്താക്കന്മാർ അപ്പനോടും അമ്മയോടും സ്നേഹത്തോടെ ഇടപെടുന്നത് ഇഷ്ടമല്ല. എന്നാൽ അന്നുവരെ വളരെ സന്തോഷത്തോടെ കഴിഞ്ഞ കുടുംബങ്ങൾ ആയിരിക്കും. ചിലപ്പോൾ അതോടുകൂടെ അപ്പനും അമ്മയും പെരുവഴിയിലോ അനാഥമന്ദിരത്തിലോ ആകും. എത്രയോ കുടുംബങ്ങളിൽ ഇങ്ങനെ നടക്കുന്നു. പലരും പ്രാർത്ഥിക്കാൻ എന്നോട് വേദനയോടെ വിളിച്ചു പറയുന്ന വിഷയങ്ങളാണ് ഇതെല്ലാം. പലതും കേൾക്കുമ്പോൾ ഞാൻ സങ്കടപ്പെട്ട് കരഞ്ഞിട്ടുണ്ട്. ഇങ്ങനെയുള്ള മനുഷ്യർ ലോകത്തിൽ ഉണ്ടോ എന്ന് ഞാൻ വേദനയോടെ ചിന്തിച്ചിട്ടുണ്ട്. നാളെ ഒരു സമയം നമ്മളും വയസ്സാകും. അന്ന് നമ്മുടെ മക്കൾ നമ്മളെ നോക്കണമെങ്കിൽ ഇന്ന് നമ്മൾ എങ്ങനെയായിരിക്കണം എന്ന് ഓരോരുത്തരും

ചിന്തിച്ചാൽ കൊള്ളാം. "നല്ലത് വിതച്ചാൽ നല്ലത് കൊയ്യും." ദൈവഭയം ഇല്ലാത്തതാണ് ഇതിനെല്ലാം കാരണം. ദൈവ സ്നേഹം ഉണ്ടെങ്കിൽ മാത്രമേ നമുക്ക് കുടുംബജീവിതം മാതൃകാപരമായും സമാധാനപരമായും അനുഗ്രഹത്തോടെ കൊണ്ടു പോകാൻ സാധിക്കൂ.

അനേക കുടുംബങ്ങളിൽ ആരാധനയ്ക്ക് ഒരു കുറവും ഇല്ല. ഉപവാസ പ്രാർത്ഥനകൾ ഉണ്ട്, മുടങ്ങാതെ ആരാധനകൾക്ക് പോകും, സുവിശേഷ പ്രവർത്തനങ്ങളും നടത്തും. എന്നാൽ അവരുടെ കുടുംബങ്ങളിൽ സ്വസ്ഥത ഇല്ല. ഐക്യത ഇല്ല. കുടുംബത്തെ സംരക്ഷിക്കില്ല. ഭാര്യമാരെ സ്നേഹിക്കില്ല, സംരക്ഷിക്കില്ല, മക്കളെ സ്നേഹിക്കില്ല. ചിലർ കുടുംബങ്ങളിൽ അപ്പനേയും അമ്മയേയും ഭയങ്കരമായി സ്നേഹിക്കും, കരുതും, അവർക്കു വേണ്ടുന്നതെല്ലാം കൊടുക്കും. എന്നാൽ സ്വന്തം ഭാര്യയേയോ മക്കളെയോ ശ്രദ്ധിക്കുകപോലും ഇല്ല. ഇതു ശരിയല്ല എന്ന് അപ്പനമ്മമാർ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കു കയും ഇല്ല. മറ്റു ചിലർ ഭാര്യയെ ഭയങ്കരമായി സ്നേഹിക്കും. എന്നാൽ വിവാഹശേഷം അപ്പനോടോ അമ്മയോടോ ഒരു സ്നേഹമോ കരുതലോ ഇല്ല. വയസ്സായ അപ്പനേയും അമ്മയേയും ശ്രദ്ധിക്കുക പോലും ഇല്ല. എന്നാൽ ഇതു രണ്ടും തെറ്റാണ്.

അപ്പനേയും അമ്മയേയും സ്നേഹിക്കണം, ബഹുമാനിക്കണം, അവരെ ശുശ്രൂഷിക്കണം, കരുതണം. അതേസമയം തന്നെ ഓരോരുത്തരും അവരുടെ ഭാര്യമാരെയും മക്കളെയും വളരെ അധികം സ്നേഹിക്കുകയും കരുതുകയും അവർക്കു വേണ്ടുന്നതെല്ലാം ചെയ്തു കൊടുക്കുകയും വേണം. അതുപോലെ തന്നെ അപ്പനമ്മമാർക്കും ഭാര്യമാർക്കും, മക്കൾക്കും കൊടുക്കേണ്ടുന്ന സ്നേഹവും പരിചരണവും കൃത്യമായി കൊടുത്തിരിക്കണം. അവരിൽ ആണ് ദൈവപ്രസാദം ഉണ്ടാകുന്നത്. അതുപോലെ തന്നെ ഭാര്യമാരും ഭർത്താവിനെയും അപ്പനമ്മമാരെയും, ഭർത്താവിന്റെ അപ്പനമ്മമാരെയും ഒരുപോലെ സ്നേഹിച്ച് ബഹുമാനിച്ച് ശുശ്രൂഷിക്കണം.

മക്കളെയും ആ വിധത്തിൽ തന്നെ ദൈവഭയത്തോടെ വളർത്തിയെടുക്കണം. ഇങ്ങനെയുള്ള കുടുംബങ്ങളിൽ ആണ് സമാധാനവും സന്തോഷവും ദൈവസാന്നിദ്ധ്യവും ഉണ്ടാകുന്നത്. വചനം : ''ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു മനസ്സുപുതിക്കി രൂപാന്തരപ്പെടുവിൻ.'' (റോമർ 12:2)

പലരും പകൽ മുഴുവൻ വീട്ടിലായിരുന്നാലും ജോലിസ്ഥലത്ത് ആയിരുന്നാലും കൂട്ടുകാർക്കൊപ്പം ആയിരുന്നാലും ഈ ലോകത്തിലെ നല്ലതും ചീത്തയുമായ കാര്യങ്ങൾ പറഞ്ഞും ചിന്തിച്ചുംകൊണ്ട് കഴിയും. അരുതാത്തത് ചെയ്യുന്നവരും ഉണ്ട്. രാത്രിയാകുമ്പോൾ ഉറങ്ങാൻ കിടക്കുന്ന സമയത്ത് ഇതെല്ലാം ഓർമ്മയിൽ വരും. കിടക്കയിൽ പകൽ എന്തൊക്കെ സംഭവിച്ചോ അതെല്ലാം ചിന്തിച്ചു ചിന്തിച്ച് കിടന്നുറങ്ങും. പലരും ഈ ചിന്തിച്ചു കിടക്കുന്നതൊക്കെ തന്നെ സ്വപ്നത്തിലും കാണും, ദുർസ്വപ്നങ്ങളും കാണും. ദൈവത്തിന് അവിടെ ഒരു സ്ഥാനവുമില്ല. കാരണം ദൈവത്തിൽ നിന്നു ഉള്ളത് അല്ലല്ലോ ചിന്തിക്കുന്നത്. ദൈവത്തെക്കുറിച്ച് അഥവാ ഉയരത്തിൽ ഉള്ളതിനെകുറിച്ച് ചിന്തിച്ചാൽ അവിടെ ദൈവ സാന്നിധ്യം കാണും. ബൈബിളിൽ നിന്റെ കിടക്ക നിർമലമായിരിക്കട്ടെ എന്നും, കിടക്കയിൽ ദൈവത്തെക്കുറിച്ചും സ്വർഗ്ഗത്തിൽ ഉള്ളതിനെക്കുറിച്ചും അഥവാ ഉയരത്തിലുള്ള തിനെകുറിച്ചും ചിന്തിച്ച് കിടക്കയിൽ ഉറക്കം വരുന്നതുവരെ ഹൃദയത്തിൽ ധ്യാനിച്ച് ദൈവകരങ്ങളിൽ നാം ഉറങ്ങുക. നാം രാത്രിയിൽ കിടക്കുമ്പോൾ നമ്മെത്തന്നെ ശോധന ചെയ്ത് പകൽ സംസാരത്തിലോ പ്രവർത്തിയിലോ അറിഞ്ഞോ അറിയാതെയോ എന്തെങ്കിലും കുറവ് വന്നിട്ടുണ്ടെങ്കിൽ അതെല്ലാം ദൈവത്തോട് ഏറ്റുപറഞ്ഞ് ദൈവത്തിൽ നിന്ന് ക്ഷമയും വിശുദ്ധീകരണവും പ്രാപിച്ച് ദൈവ കരങ്ങളിൽ ഉറങ്ങണം. ''തന്റെ പ്രിയനോ അവൻ അത് ഉറക്കത്തിൽ കൊടുക്കുന്നു'' (സങ്കീ: 127: 2) എന്ന് ബൈബിൾ പറയുന്നു. അതുപോലെ എന്റെ അനുഭവത്തിൽ

രാത്രിയിൽ ഉറക്കത്തിലും വളരെ കാര്യങ്ങൾ ദൈവം എന്നോട് സംസാരിക്കാറുണ്ട്. എനിക്ക് ആവശ്യമുള്ള ആലോചന എല്ലാം അതിലൂടെ കർത്താവ് തരാറുണ്ട്. ഇതെല്ലാം ഞാൻ എന്റെ അനുഭവത്തിലൂടെ കർത്താവ് എന്നെ പഠിപ്പിച്ചതും എനിക്കും എന്റെ കുടുംബത്തിനും ആവശ്യമായ കാര്യങ്ങൾ കർത്താവ് തന്നതുമാണ് ഞാൻ പറയുന്നത്.

ഇതെന്റെ അനുഭവം കൂടെയാണ്. പലർക്കും പല അനുഭവങ്ങൾ ആണല്ലോ. ഞാൻ എന്റെ അനുഭവം പറയുന്നു. ഞാൻ എന്റെ യേശുവിനെ അറിയുന്നതിനു മുൻപ് പട്ടിണിയിലും ദാരിദ്ര്യത്തിലും കുഞ്ഞുങ്ങൾക്ക് ഒന്നും കൊടുക്കുവാൻ ഇല്ലാതെയും ഭാരപ്പെട്ടു കഴിഞ്ഞു. അപ്പോൾ, എനിക്കെപ്പോഴും ഉറങ്ങാൻ കിടന്നാലും എങ്ങനെ ജീവിക്കും, എങ്ങനെ കുഞ്ഞുങ്ങൾക്ക് ഭക്ഷണം കൊടുക്കും, അവരെ എങ്ങനെ വളർത്തും, ഇതു മാത്രമാണ് എപ്പോഴും എന്റെ ചിന്ത. എന്നാൽ യേശുവിനെ കുറിച്ച് ചിന്തിക്കുവാൻ അറിഞ്ഞുകൂടായിരുന്നു. "ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു. പഴയതു കഴിഞ്ഞുപോയി. ഇതാ അത് പുതുതായി തീർന്നിരിക്കുന്നു." (2 കൊരി:5:17) ഈ വചനത്തിൽ പറയുന്നതുപോലെ ഞാൻ കർത്താവിനെ അറിഞ്ഞതിനുശേഷം രാത്രിയും പകലും ഉറക്കത്തിലും യേശുവിനെക്കുറിച്ചും സ്വർഗ്ഗത്തിൽ പോകണം എന്നും അതിനുവേണ്ടി ജീവിക്കണം എന്നുമുള്ള ചിന്തകൾ മാത്രമേയുള്ളൂ. ആ ചിന്തകൾ അന്നുമുതൽ ഇന്നുവരെയും അങ്ങനെ തന്നെ ഞാൻ ചെയ്തുകൊണ്ടിരിക്കുന്നു. അന്നുമുതൽ ഇന്നുവരെയും എനിക്ക് എപ്പോഴും ഉയരത്തെക്കുറിച്ച് അഥവാ കർത്താവിനെ കുറിച്ചുള്ള ചിന്തകൾ മാത്രമേ ഉള്ളൂ.

ആരുതന്നെ ആയിരുന്നാലും കർത്താവിന് പൂർണമായി ഹൃദയം കൊടുത്ത് പൂർണ്ണമായി വിശ്വസിച്ചുകഴിഞ്ഞാൽ ആ വ്യക്തി അനുസരിക്കേണ്ടതും യേശു കർത്താവ് മാതൃക കാണിച്ചു തന്നതുമായ കാര്യമാണ് ജലത്തിൽ കർത്താവിനെ സാക്ഷീകരിക്കണം. അതായത് മുഴുകൽ സ്നാനം എടുക്കണം

(മുങ്ങി സ്നാനം). അത് നിശ്ചയമായി ചെയ്തിരിക്കണം. കാരണം അത് കർത്താവിന്റെ കൽപ്പനയാണ്. "ആമേൻ ആമേൻ ഞാൻ നിന്നോട് പറയുന്നു: വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ലാ എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല." (യോഹന്നാൻ 3:5)

ഞാൻ ആശുപത്രിയിൽ ക്രിട്ടിക്കൽ ഐ.സി.യു.വിൽ കിടക്കുമ്പോൾ കർത്താവ് എന്നോട് കൽപ്പനപോലെ പറഞ്ഞത് ഞാൻ ലോകത്തോട് യേശുവിനെക്കുറിച്ച് വിളിച്ച് അറിയിക്കണം എന്നാണ്. ജനം അനുസരിച്ചില്ലെങ്കിൽ അത് കർത്താവ് നോക്കിക്കോളും. നീ പറഞ്ഞില്ല എന്ന് വരരുത്. ഇതാണ് കർത്താവ് എന്നോട് പറഞ്ഞത്. ഉദാഹരണമായി ഒരു കല്യാണം ക്ഷണിക്കാൻ നാം ആഗ്രഹിക്കുമ്പോൾ ക്ഷണക്കത്ത് കൊടുത്ത് എല്ലാവരെയും വിളിക്കാറുണ്ട്. അവർ അറിഞ്ഞില്ല എന്ന് പറയില്ലല്ലോ. പിന്നത്തേതിൽ അവർ ആ വിവാഹത്തിന് വരുന്നതും വരാത്തതും അവരുടെ ഇഷ്ടം. നാം ക്ഷണിക്കുക. അതുപോലെ കർത്താവ് എന്നോടു പറഞ്ഞത് ഞാൻ ചെയ്തു, ചെയ്യുന്നു. ജനം ഏറ്റെടുക്കുന്നതും ഇല്ലാത്തതും യേശു കർത്താവിന്റെ കാര്യം.

മറ്റൊരു ഉദാഹരണം; മദ്യപിക്കുന്ന ഒരു കുടുംബം. ഭർത്താവും മകനും മദ്യപിച്ച് വീട്ടിൽ സ്വസ്ഥത കൊടുക്കാതെ അടിയും ബഹളവും ആയിരിക്കും. മദ്യപിച്ച് വഴിയിലും ഓടയിലും കിടക്കുമ്പോൾ ആരെങ്കിലും എടുത്ത് വീട്ടിൽ കൊണ്ടുവന്ന് അവരെ കിടത്തും. പാവപ്പെട്ട അമ്മയും ഭാര്യയും സമാധാനമില്ലാതെ എപ്പോഴും കരച്ചിൽ ആയിരിക്കും. വീട്ടിൽ ഉള്ളവർക്ക് ആർക്കും ഒരിക്കലും സ്വസ്ഥതയില്ല. എന്നാൽ അവർ കർത്താവിനെ അറിയുന്നില്ല. അവർ യേശുവിനെ അറിഞ്ഞില്ല എങ്കിലും യേശു കർത്താവ് ഇതെല്ലാം കാണുന്നു. കർത്താവ് അറിയാത്തതും കാണാത്തതുമായ ഒരു കാര്യവുമില്ല. പക്ഷേ നിങ്ങൾ കർത്താവിനെ കാണുന്നില്ല, കാണാൻ ശ്രമിക്കുന്നുമില്ല. എങ്കിലും ആ അമ്മയുടെയും ഭാര്യയുടെയും കണ്ണുനീരിന് പരിഹാരമായി ഒരു ദിവസം ഭർത്താവും മകനും മദ്യപാനം നിർത്തി. കുടുംബക്കാർക്കും അയൽവാസികൾക്കും

സമാധാനമായി. ഇല്ലെങ്കിൽ അയൽവാസികൾക്കും അവർ സ്വസ്ഥത കൊടുക്കില്ല. ഇപ്പോൾ എല്ലാവർക്കും സ്വസ്ഥതയായി. ഈ ലോകത്തിൽ തൽക്കാലം നിങ്ങൾക്ക് സ്വസ്ഥതയും സന്തോഷവും കിട്ടി. സകലജനവും യേശുവിന്റെ മക്കളാണ്.

നമ്മുടെ വാക്കുകൊണ്ടോ നോട്ടം കൊണ്ടോ ചിന്തകൾ കൊണ്ടോ നമ്മുടെ പ്രവർത്തികൊണ്ടോ ആരും ഒരിക്കലും വേദനിക്കാൻ പാടില്ല. അത് ഒരിക്കലും ദൈവം ഇഷ്ടപ്പെടുന്ന കാര്യമല്ല. ദൈവത്തെ അറിഞ്ഞവരായാലും ദൈവത്തെ അറിയാത്തവർ ആയാലും ഒരിക്കലും മറ്റുള്ളവരെ നാം വേദനിപ്പിക്കാൻ പാടില്ല. അതിനു കാരണം ഞാൻ പറയാം. ഞാൻ സകല മനുഷ്യർക്കു വേണ്ടിയും പ്രാർത്ഥിക്കുന്ന വ്യക്തിയാണല്ലോ. അത് ഞാൻ ഇതിൽ പലയിടത്തും എഴുതിയിട്ടുണ്ട്. ഞാൻ എന്റെ കുടുംബത്തിനു വേണ്ടിയും ചുറ്റു പാടുള്ളവർക്കുവേണ്ടിയും ദേശത്തിനുവേണ്ടിയും രാജ്യത്തിനു വേണ്ടിയും സകല രാജ്യങ്ങളിലെയും മനുഷ്യർക്ക് വേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കുന്ന വ്യക്തിയാണ്. അങ്ങനെ ഞാൻ പലപ്പോഴും സകലജനത്തെ കുറിച്ചും അവർ സ്വർഗ്ഗത്തിൽ എത്തുന്നതിനുവേണ്ടിയും പ്രത്യേകം പ്രാർത്ഥിച്ച് ജനത്തെ ക്കുറിച്ച് ചിന്തിക്കുകയും അവരെക്കുറിച്ച് ധ്യാനിക്കുകയും വിവേചിക്കുകയും ചെയ്യുമായിരുന്നു. ഒരു ദിവസം കർത്താവ് എന്നെ ആത്മാവിൽ ഉണർത്തിയത്, സകല മനുഷ്യരും ദൈവത്തിന്റെ മക്കളാണ്. മനുഷ്യർ തമ്മിൽത്തമ്മിൽ സ്നേഹവും ഐക്യതയും സന്തോഷവും സമാധാനവും ഉള്ളവർ ആയിരിക്കണം. എന്നാൽ ഇന്ന് അത് ലോകത്തിൽ ഇല്ല. അത് ദൈവത്തിന് വളരെ വേദനയാണ്. എന്നാൽ എല്ലാ മനുഷ്യരും ഭൂമിയിലാണ് ജീവിക്കുന്നത്. ഇവിടെ ഐക്യതയില്ല. പരസ്പരം കടിച്ചു കീറുന്നു. ദേഷ്യം, വൈരാഗ്യം ഇതിൽ നിന്നും വരുന്ന കൊലപാതകങ്ങൾ, തമ്മിൽത്തല്ല് മാത്രമല്ല അനേകരും ജീവന് വില കൽപ്പിക്കുന്നില്ല. എല്ലാവരും തമ്മിൽത്തമ്മിൽ എന്റെ അപ്പനെയും അമ്മയെയും സഹോദരങ്ങളെയും പോലെയാണ് മറ്റുള്ളവർ എന്ന് ചിന്തിക്കണം. എന്റെ മക്കളെ

പോലെയാണ് മറ്റു മക്കൾ. നമ്മുടെ ഭാര്യയെയും ഭർത്താവിനെയും പോലെയാണ് മറ്റുള്ളവർക്കും അവരുടെ ഭാര്യമാരും ഭർത്താക്കന്മാരും എന്ന് ഓരോരുത്തരും ചിന്തിക്കണം. എങ്കിൽ മാത്രമേ ഭൂമിയിൽ സമാധാനം ഉണ്ടാകയുള്ളൂ. അതിനോടൊപ്പം ദൈവസമാധാനം നാം ദൈവത്തിൽ നിന്നും നേടിയെടുക്കണം. നാം മറ്റുള്ളവരെ വേദനിപ്പിക്കുന്നവരോ അവരുടെ വേദന കണ്ട് സന്തോഷിക്കുന്നവരോ ഒരിക്കലും ആകരുത്. എല്ലാവരെയും സ്വന്തം കുടുംബം പോലെ കാണണം. അതാണ് യേശു കർത്താവിന് ഇഷ്ടം. നമ്മുടെ ശരീരത്തിൽ ഒരു മുറിവുണ്ടായാൽ നമുക്കുണ്ടാകുന്ന വേദന പോലെയാണ് മറ്റുള്ളവർക്കും ഉണ്ടാകുന്ന വേദന എന്ന് നാം എല്ലാവരും ചിന്തിച്ചാൽ അത് നമുക്ക് അനുഗ്രഹം ആയിരിക്കും.

എല്ലാവരും ആരാധനയ്ക്ക് പോകുന്നു. മറ്റുള്ളവരെ പോലെ പോയിരുന്ന് ആരാധിച്ചിട്ട് വീട്ടിൽ വരുന്നു. പക്ഷേ ഹൃദയത്തിന് ഒരുക്കം ഇല്ലാതെയും വിശുദ്ധിയില്ലാതെയും ആരാധനയ്ക്ക് പോയാൽ ഒരു പ്രയോജനവുമില്ല. മറ്റുള്ളവരുടെ കാഴ്ചയ്ക്ക് പോയിരുന്നു കയ്യടിച്ച് പാടി ആരാധിച്ചിട്ട് വരാം. പക്ഷേ അതുകൊണ്ട് എന്തെങ്കിലും പ്രയോജനം ഉണ്ടോ? എന്തെങ്കിലും വിടുതൽ ഉണ്ടോ? അത് നാം ശോധന ചെയ്യണം. കാരണം, മനുഷ്യരുടെ കാഴ്ചയ്ക്ക്, പുറമേ മനുഷ്യരെ ബോധ്യപ്പെടുത്താൻ, ദൈവദാസനെ പ്രീതിപ്പെടുത്താൻ പോയി ആരാധന മുടക്കാതെ ആരാധിച്ചിട്ട് വരാം. എന്നാൽ അതുകൊണ്ട് നമുക്ക് എന്തെങ്കിലും പ്രയോജനം ഉണ്ടോ? ഹൃദയത്തിന് ഒരു ആശ്വാസം ഉണ്ടോ? "മനുഷ്യൻ നോക്കുന്നത് പോലെയല്ല; മനുഷ്യൻ കണ്ണിന് കാണുന്നത് നോക്കുന്നു. യഹോവയോ ഹൃദയത്തെ നോക്കുന്നു." (1 ശമു: 16:7). സഭയെയും ദൈവദാസനെയും ബോധ്യപ്പെടുത്താൻ നാം പോയിട്ട് കാര്യമില്ല. എന്നാൽ നാം ആരാധിക്കേണ്ടത് വിശുദ്ധിയോടും ഏകാഗ്രഹൃദയത്തോടും നിർമ്മല മനസ്സാക്ഷിയോടും കൂടെ, എനിക്കും എന്റെ കുടുംബത്തിനും എന്റെ മക്കൾക്കും നന്മയുണ്ടാകണം, ഞങ്ങൾ സ്വർഗത്തിൽ അപ്പന്റെ അടുക്കൽ എത്തണം, നമ്മുടെ ഈ ആരാധനയിൽ

ദൈവം പ്രസാദിക്കണം, എന്ന ചിന്തയോടെ ആയിരിക്കണം. നാം ഞായറാഴ്ച സഭാരാധനക്ക് വരുമ്പോൾ തലേദിവസം തന്നെ, നാളെ സഭാരാധനയാണ് എന്ന ചിന്തയോടെ നമ്മളും നമ്മുടെ മക്കളും വളരെ പ്രാർത്ഥിച്ച് ഒരുങ്ങി പിറ്റേദിവസം ആരാധനയ്ക്ക് പോകണം. അപ്പോൾ അവിടെ വലിയ വിടുതൽ നടക്കും. ഒരുക്കമില്ലാതെ നാം ഉപദേശം കേട്ടിട്ടോ ആരാധിച്ചിട്ടോ ഒരു പ്രയോജനവും ഇല്ല.

ഒരു വൃക്ഷം നട്ടാൽ അത് തെങ്ങ് ആയാലും മറ്റു ഫലം തരുന്ന ഏത് വൃക്ഷം ആയാലും അത് നടുമ്പോൾ മണ്ണിനു പുറത്തുകൂടെ നട്ടാൽ അത് കാറ്റിൽ മറിഞ്ഞു പോകും. ആഴത്തിൽ കുഴിയെടുത്ത് നല്ലതുപോലെ വേരിറങ്ങത്തക്കവണ്ണം ആ ചെടി നട്ടാൽ അത് ആഴത്തിൽ വേരിറങ്ങി നല്ല ബലമുള്ള വലിയ വൃക്ഷമായി വളരും. ഫലം തരും. ഇല്ലെങ്കിൽ കാറ്റിൽ മറിഞ്ഞു പോകും. അതുപോലെയാണ് ക്രിസ്തീയ ജീവിതം. ഏതൊരു വ്യക്തിയും ക്രിസ്തുവിൽ ബലമുള്ളവരായി അടിയുറച്ച വിശ്വാസത്തിൽ വേരുന്നി കർത്താവിനോട് പറ്റിയിരിക്കണം. അങ്ങനെയുള്ള വ്യക്തി എന്ത് പ്രതികൂലം വന്നാലും, പരിഹാസം വന്നാലും, കഷ്ടത വന്നാലും പതറിപ്പോകാതെ ഉറച്ചു നിൽക്കും.

അതുപോലെ ഒരു ദൈവ പൈതലിന് അനർത്ഥം വരാം. പിടിച്ചുനിൽക്കാൻ കഴിയാത്ത പ്രതികൂലങ്ങൾ വരാം. ഇടർച്ചകളും വരാം. എന്നാൽ ആടി പോകരുത്. ''ഇടർച്ചകൾ വരാതിരിക്കുന്നത് അസാധ്യം; എന്നാൽ അവ വരുത്തുന്നവന് അയ്യോ കഷ്ടം'' (ലൂക്കോസ് 17: 1) എന്ന് വചനത്തിൽ പറയുന്നു. നാം കർത്താവിനോട് പറ്റിയിരുന്നാൽ മാത്രം മതി.

സകല ജനത്തോടും പറയുന്ന ഒരു കാര്യം; വിശുദ്ധ ജനത്തെ അഥവാ ഒരുങ്ങിയിരിക്കുന്നവരെ ചേർക്കാൻ കർത്താവ് വരും നിശ്ചയം. എന്നാൽ സമയം ദൈവത്തിനേ അറിയൂ. ''കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വരികയും ക്രിസ്തുവിൽ മരിച്ചവർ

മുമ്പേ ഉയർത്തെഴുന്നേൽക്കയും ചെയ്യും.'' (1 തെസ്സലോനിക്യർ 4: 16) എന്നാൽ നാം അറിഞ്ഞിരിക്കേണ്ട കാര്യം, നമുക്ക് കർത്താവിനുവേണ്ടി എന്തെങ്കിലും ചെയ്യണമെങ്കിൽ അത് ഈ ലോകത്തിൽ വച്ചു മാത്രം. കർത്താവിന്റെ അടുക്കൽ പോകാൻ ഒരുങ്ങുന്നതും ഈ ലോകത്തിൽ വച്ചു മാത്രം. ഈ ലോകത്തിൽ നിന്നും നമ്മുടെ ആത്മാവ് പോയിക്കഴിഞ്ഞാൽ, പിന്നെ ഒന്നും ചെയ്യാൻ കഴിയില്ല. അതുകൊണ്ട് നാം ഇവിടെ വിശുദ്ധി കാത്തുസൂക്ഷിച്ച് ദൈവസന്നിധിയിൽ വിശ്വസ്തതയോടെ ജീവിച്ച് ദൈവത്തെ പ്രസാദിപ്പിച്ച് ജീവിക്കണം. മറ്റുള്ളവരെ വേദനിപ്പിക്കുന്നതൊന്നും ചെയ്യരുത്. ദൈവത്തെ ഒരിക്കലും ദുഃഖിപ്പിക്കരുത്. കർത്താവിന് ഇഷ്ടമുള്ളതുമാത്രം ചെയ്യുക. എപ്പോഴും പ്രാർത്ഥിക്കുക. മറ്റുള്ളവർക്ക് നല്ല സാക്ഷ്യമുള്ളവരായും നല്ല മാതൃകയുള്ളവരായും ജീവിക്കുക. നമ്മുടെ മക്കളെയും അങ്ങനെതന്നെ ദൈവഭയത്തിൽ വളർത്തുക. എന്നാൽ, ഒന്നുകിൽ നാം മരിക്കുമ്പോൾ, അല്ലെങ്കിൽ യേശു കർത്താവ് വരുമ്പോൾ നമുക്ക് സ്വർഗ്ഗത്തിൽ യേശുവിനോടൊപ്പം പോകാം.

കൊച്ചു കുഞ്ഞുങ്ങളെ പോലും നശിപ്പിക്കുന്ന ദുഷ്ട ലോകം. നാം പത്രങ്ങളിലൊക്കെ ദിവസവും വായിക്കുന്നതല്ലേ. ഇതൊക്കെ ദൈവം എത്രത്തോളം കണ്ടുകൊണ്ടിരിക്കും. ഇതൊക്കെ ചെയ്യുന്നത് മഹാപാപവും ദ്രോഹവും അല്ലേ. ഇതെല്ലാം ഒരിക്കലും ക്ഷമിക്കപ്പെടാത്ത പാപങ്ങളാണ്. എങ്കിലും പശ്ചാത്താപത്തോടും കുറ്റബോധത്തോടും സ്വസ്ഥത ഇല്ലാതെ ദൈവത്തോടു നിലവിളിച്ച്, ഏറ്റുപറഞ്ഞ് ക്ഷമ ചോദിച്ചാൽ, ദൈവം ക്ഷമിക്കാതിരിക്കില്ല. ദൈവം കൈവിടില്ല. കർത്താവ് ചേർത്തുകൊള്ളുക തന്നെ ചെയ്യും.

# സ്വർഗ്ഗവും നരകവും

സ്വർഗ്ഗം ഉണ്ടോ, നരകം ഉണ്ടോ ഇതൊക്കെ ആളുകൾ ചുമ്മാ പറയുന്നതല്ലേ. സ്വർഗ്ഗം എല്ലാം ഇവിടെതന്നെയാണ് എന്ന് പറയുന്നവരും ഉണ്ട്. എന്നാൽ ഒരിക്കലും അങ്ങനെയല്ല. ഞാൻ സ്വർഗ്ഗവും നരകവും വളരെ വ്യക്തമായി കണ്ടവളാണ്. കർത്താവ് എന്നെ കൊണ്ടുപോയി സ്വർഗ്ഗം കാണിച്ചുതന്നു. അതുപോലെ നരകത്തിന്റെ അതിഭയാനക നിലവിളി ഞാൻ കേട്ടവളാണ്. യേശു കർത്താവിനെ കാണണമെന്ന് ആഗ്രഹമുണ്ടെങ്കിൽ, അതുപോലെ എനിക്കും യേശുവിനെ വേണം എന്ന് ആഗ്രഹിക്കുന്നവർ, പൂർണ ഹൃദയത്തോടെ തങ്ങളുടെ സകല പാപങ്ങളെയും ദൈവത്തോട് എണ്ണിയെണ്ണി ഏറ്റുപറഞ്ഞ് കർത്താവിനോട് ക്ഷമ ചോദിച്ച് അപ്പന്റെ പാദങ്ങളിൽ, വിട്ടു പോകാതെ കിടന്നാൽ ഏത് പാപവും കർത്താവ് ക്ഷമിക്കുക തന്നെ ചെയ്യും. കർത്താവ് എല്ലാവർക്കും പ്രത്യക്ഷപ്പെടണം എന്നില്ല. എങ്കിലും നമ്മുടെ പാപങ്ങൾ ദൈവം ക്ഷമിച്ചു കഴിഞ്ഞാൽ, നമ്മുടെ ഹൃദയത്തിന് എന്തെന്നില്ലാത്ത സന്തോഷവും സമാധാനവും സ്വസ്ഥതയും ഉണ്ടാകും. എന്നാൽ കർത്താവിനോട് പരിഹാസത്തോടെ കർത്താവിനെ കാണണം എന്നു വിചാരിച്ചാൽ കർത്താവിന്റെ മഹത്വം നമുക്ക് കാണാൻ കഴിയുകയില്ല. പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസ്സോടും കൂടെ കർത്താവിന്റെ സ്നേഹം എനിക്കും വേണം എന്ന് ആഗ്രഹിച്ചാൽ തീർച്ചയായും ദൈവസ്നേഹം ലഭിക്കും.

# മദ്യവും മയക്കുമരുന്നും

മറ്റുള്ളവരെ ശരീരത്തിൽ ഭയങ്കരമായി ഉപദ്രവിക്കുകയോ അടിക്കുകയോ വെട്ടുകയോ ചെയ്യുമ്പോൾ അവരുടെ നിലവിളി എന്തുമാത്രം ആയിരിക്കും. പത്രത്തിലൊക്കെ വായിക്കുന്ന സംഭവങ്ങളാണ് ഞാൻ എഴുതുന്നത്. മറ്റുള്ളവരെ ഭയങ്കരമായി ഉപദ്രവിക്കുമ്പോൾ അവരുടെ ദയനീയമായ നിലവിളിയും കൈ തൊഴുത് "അയ്യോ എന്നെ ഒന്നും ചെയ്യരുതേ", എന്നുള്ള യാചന കേട്ടിട്ടും അത് കണ്ടും കേട്ടും രസിച്ച് വീണ്ടും ഉപദ്രവിക്കുന്നവർ അനേകർ ഉണ്ട്. അങ്ങനെ ചെയ്യുന്നവർക്ക് എന്തെങ്കിലും സമാധാനം ലഭിക്കുമോ? അവർക്കും അപ്പനമ്മമാരും ഭാര്യയും സഹോദരങ്ങളും ഉള്ളവരല്ലേ. ഇതൊക്കെ ചെയ്തിട്ട് രാത്രി കിടന്നാൽ നിങ്ങൾക്ക് ഉറക്കം വരുമോ? അവരുടെ നിലവിളി നിങ്ങളുടെ ചെവികളിൽ മുഴങ്ങില്ലേ. ഞങ്ങളെപ്പോലെയല്ലേ മറ്റുള്ളവരും എന്ന് ചിന്തിച്ചിരുന്നെങ്കിൽ ഇത്തരം അനീതികൾ ഒന്നും ആരും ചെയ്യുകയില്ലായിരുന്നു. ഇങ്ങനെ ഉപദ്രവിക്കുന്നവർക്ക് ഇതുപോലെ ഉപദ്രവം ഏറ്റാൽ അവർക്കും വേദനിക്കില്ലേ. അതുകൊണ്ട് നാം മറ്റുള്ളവരെ നമ്മുടെ സ്വന്തം ശരീരം പോലെ കരുതി, സ്വന്തം സഹോദരങ്ങളായും അപ്പനമ്മമാരായും കണ്ട് പരസ്പരം സ്നേഹത്തോടെ ആയിരിക്കണം. എന്തുതെറ്റു കണ്ടാലും ക്ഷമിച്ച് ദൈവത്തിന് പ്രവർത്തിക്കുവാൻ ഇടം കൊടുക്കണം. ഇതെല്ലാം മദ്യപാനത്തിൽ നിന്നും മയക്കുമരുന്നിൽ നിന്നുമാണ് ഉണ്ടാകുന്നത്. ഇത് ഉപയോഗിക്കുന്നവർക്ക് അവർ ചെയ്യുന്നത് എന്താണെന്ന് പോലും തിരിച്ചറിയാൻ കഴിയില്ല. അതുപോലെ നമുക്കു കിട്ടുന്ന സാമ്പത്തികം ഇങ്ങനെ നശിപ്പിച്ചുകളയാതെ, സ്വന്തം കുടുംബത്തിനും, മക്കൾക്കും

വേണ്ടി ഉപയോഗിച്ചാൽ അത് എത്ര അനുഗ്രഹവും സന്തോഷവും സമാധാനവും ആയിരിക്കും. അതുപോലെ നമ്മൾ ഈ ചെയ്യുന്നതെല്ലാം നമ്മുടെ മക്കൾ കണ്ടും കേട്ടും അവരും ഇതുതന്നെ ചെയ്യും. സാമ്പത്തികമായും ഇതൊക്കെ ചെയ്യുന്നതുകൊണ്ട് നിങ്ങൾക്ക് എന്തെങ്കിലും പ്രയോജനം ഉണ്ടോ? ഒരു നിമിഷം സ്വയം ചിന്തിച്ച് നോക്കുന്നത് നന്നായിരിക്കും.

# മാതൃകയുള്ള കുടുംബം

പല കുടുംബങ്ങളിലും ഭാര്യയും ഭർത്താവും തമ്മിൽ ഒരു ഐക്യതയും ഇല്ല. എപ്പോഴും തമ്മിൽ വഴക്കും പ്രശ്നവും തന്നെ. ഇതെല്ലാം നമ്മുടെ മക്കൾ കണ്ടും കേട്ടുമാണ് വളരുന്നത്. ഇവർ ഭാവിയിൽ അന്യ കുടുംബങ്ങളിൽ പോകേണ്ടവർ ആണ്. അവിടെ പോയി ഇതും ഇതിനപ്പുറവും അവർ കാണിക്കും. ഇതിനെല്ലാം കാരണം മാതാപിതാക്കൾ ആണ്. എന്നാൽ മാതാപിതാക്കൾ മക്കൾക്ക് നല്ല മാതൃക കാണിച്ചു കൊടുക്കേണ്ടവരാണ്. അങ്ങനെ ആയാൽ അവരുടെ തലമുറ കളെയും ദൈവം അനുഗ്രഹിക്കും. ഭർത്താക്കന്മാർ നമുക്ക് കാണപ്പെട്ട ദൈവത്തെ പോലെയാണ്. ആ വിധത്തിൽ ഉള്ള സ്നേഹവും ബഹുമാനവും അവർക്ക് കൊടുക്കണം. ചില ഭർത്താക്കന്മാർ ഭാര്യമാരെ വളരെ വഴക്കു പറയുന്നവർ ആയിരി ക്കും. എന്നാൽ അവിടെ ഭാര്യമാർ ക്ഷമയോടെ, താഴ്മയോടെ അതെല്ലാം സഹിച്ച്, സ്നേഹം കൊണ്ട് ഭർത്താക്കന്മാരെ മടക്കിയെടുക്കണം. അങ്ങനെയുള്ള മാതൃക ആയിരിക്കണം നമ്മുടെ മക്കളുടെ മുൻപിൽ നാം കാണിക്കേണ്ടത്. എങ്കിൽ ആ കുടുംബം ഐശ്വര്യവും, സമാധാനവും മറ്റുള്ളവർക്ക് നല്ല മാതൃകയുള്ള കുടുംബവും ആയിരിക്കും.

# കർത്താവിങ്കലേക്കുള്ള മടങ്ങി വരവ്

പല മനുഷ്യരും ഈ ലോകത്തിൽ ചെറുതും വലുതുമായ എന്തെല്ലാം തെറ്റുകളും ദുഷ്ടതകളും കള്ള സ്വഭാവവും ചെയ്തുകൂട്ടുന്നു. എന്നാൽ അവർ വിചാരിക്കുന്നത് എന്റെ ഭാര്യയോ മക്കളോ അപ്പനോ അമ്മയോ മറ്റാരും എന്റെ ഈ ചെയ്തികൾ ഒന്നും അറിയുന്നില്ല എന്നാണ്. എന്നാൽ മനുഷ്യനെയും ലോകത്തെയും സൃഷ്ടിച്ച സൃഷ്ടികർത്താവായ യേശുക്രിസ്തു ഇതെല്ലാം കണ്ടുകൊണ്ട് ഇരിക്കുന്നു എന്ന് അവർ ചിന്തിക്കുന്നില്ല. എന്നാൽ കർത്താവിന്റെ വേല ചെയ്യുന്ന പലരും ആരും അറിയുന്നില്ല എന്നുവിചാരിച്ച് അനേകം തെറ്റുകൾ ചെയ്യുന്നവരുണ്ട്. എന്നാൽ നമ്മുടെ ചെറു വിരൽ ചലിച്ചാലും അഥവാ നമ്മുടെ ഹൃദയത്തിന് ഒരു ചലനം വന്നാലും അതെല്ലാം മനസ്സിലാക്കി കണ്ടുകൊണ്ടിരിക്കുന്ന ഒരു കർത്താവ് ഉണ്ട് എന്ന് പലരും മറന്നുപോകുന്നു. എന്നാൽ ദൈവത്തെ വളരെ ഭയപ്പെട്ടു വിശുദ്ധിയോടെ വിശ്വസ്തത യോടെ വളരെ ശ്രദ്ധിച്ചു സൂക്ഷിച്ച് യാത്ര ചെയ്യുകയും കർത്താവിന്റെ വേല ചെയ്യുകയും ചെയ്യുന്നവർ അനേകർ ഉണ്ട്. അവർക്ക് സ്വർഗ്ഗത്തിൽ വലിയ പ്രതിഫലം ഉണ്ട്. എന്നാൽ കർത്താവിന്റെ വേല എന്നുപറഞ്ഞു ചെയ്യുകയും, തോന്നിയതു പോലെ ജീവിക്കുകയും ചെയ്യുന്നവർക്ക് ദൈവത്തിൽ നിന്നും തക്ക ശിക്ഷാവിധി ഉണ്ട്. എന്നാൽ ദീർഘക്ഷമയുള്ള ദൈവം, ഇങ്ങനെയുള്ളവർ മുടിയൻ പുത്രനെപ്പോലെ മടങ്ങിവരും എന്ന് ആഗ്രഹിച്ച് ഒരു അപ്പനെപ്പോലെ കാത്തിരിക്കുന്നു. കാരണം യേശു അപ്പന്റെ സ്വന്ത രക്തം സകലജനത്തിനു വേണ്ടിയും ഊറ്റിക്കൊടുത്തതല്ലേ. ഒരു വർഷം കൂടെ നിൽക്കട്ടെ മടങ്ങി വരും എന്ന് കർത്താവ് കാത്തിരിക്കുന്നു. എന്നാൽ ഒരു വൃക്ഷം

നട്ട് നല്ല ഫലവും കായ്ച്ചിട്ട് പിന്നത്തേതിൽ ആ ഫലങ്ങൾ കൈപ്പുള്ളതായി മാറിയാൽ ആ വൃക്ഷത്തെ വെട്ടിക്കളയുകയേയുള്ളൂ. അതിനുള്ള ഇട ആർക്കും വരരുത്. പലരും നല്ലവരായിരുന്നവർ, ഏത് വിധത്തിലെങ്കിലും ചീത്തയായി പോയവർ, ഇനി മടങ്ങിവരാൻ ഒരിക്കലും സാധിക്കില്ല, ദൈവം ക്ഷമിക്കുകയുമില്ല, എന്ന് ചിന്തിച്ച് ഭാരപ്പെട്ട് നിരാശപ്പെട്ട് പോകേണ്ടവർ അല്ല. ഏതിനും ഒരു മടങ്ങിവരവ് ഉണ്ട്. പക്ഷേ അതിന് അവനവൻ തന്നെ ചിന്തിക്കണം. ഇനി ഒരിക്കലും എനിക്ക് രക്ഷയില്ല എന്നു വിചാരിച്ച് ഹൃദയം കഠിനപ്പെട്ടു പോകാതെ ഞാൻ എന്റെ യേശുഅപ്പന്റെ അടുക്കൽ മടങ്ങിപ്പോകും, ആ പാദങ്ങളിൽ വീണു കിടന്ന് ഞാൻ ചെയ്ത തെറ്റുകൾക്ക് എന്ത് ശിക്ഷ തന്നാലും ഞാൻ സഹിക്കും. ഞാൻ ചെയ്ത പാപങ്ങൾ യേശു അപ്പനോട് എണ്ണിയെണ്ണി പറയും, എന്ന് ഉറച്ച് സമർപ്പണത്തോടെ തീരുമാനമെടുത്ത് അപ്പന്റെ പാദങ്ങളിൽ ചെല്ലണം. അപ്പൻ ക്ഷമിച്ചു എന്ന് പൂർണബോധ്യം വരുന്നതുവരെയും അപ്പന്റെ പാദങ്ങളിൽ കിടക്കണം. അപ്പോൾ കർത്താവ് തിരിഞ്ഞു നോക്കാതെയും മാർവ്വോട് ചേർക്കാതെയും ഇരിക്കില്ല. എന്നാൽ കർത്താവ് ക്ഷമിച്ചു കഴിഞ്ഞാൽ മരണം വരെയും വിശുദ്ധിയോടും വിശ്വസ്ത ഹൃദയത്തോടും ഇപ്പോൾ ജനിച്ച ഒരു ശിശുവിന്റെ നിഷ്കളങ്ക ഹൃദയത്തോടും കൂടെ കർത്താവിനോട് പറ്റിയിരിക്കണം. മാത്രമല്ല നമ്മൾ ചെയ്യുന്ന പല വലിയ തെറ്റുകളും ഒരിക്കലും ക്ഷമിക്കുവാൻ കഴിയാത്തത് ആയിരിക്കും. യേശു അപ്പന്റെ അടുത്ത് മടങ്ങി പോകുവാൻ കഴിയാത്ത പാപങ്ങൾ ആയിരിക്കും ചെയ്തു കൂട്ടിയിട്ടുള്ളത്. എങ്കിലും അതിനും ക്ഷമയുണ്ട്. അതിനാണ് പശ്ചാത്താപ ഹൃദയത്തോടെ അനുതപിച്ച് ഒരു ശിശുവിന്റെ ഹൃദയം പോലെ നിഷ്കളങ്കമായി തീർന്ന് അപ്പന്റെ പാദങ്ങളിൽ വീണു കിടന്ന് സകലതും എണ്ണിയെണ്ണി ഏറ്റുപറഞ്ഞ് ഉപേക്ഷിച്ചാൽ തീർച്ചയായും യേശു അപ്പൻ ക്ഷമിക്കും. പിന്നത്തേതിൽ കഴിഞ്ഞുപോയ പാപങ്ങളെ ഒരിക്കലും ഓർക്കുക പോലും ചെയ്യരുത്. അത് നമ്മൾ കളഞ്ഞതും മറന്നതും തന്നെ ആയിരിക്കണം. എന്നും അങ്ങനെ തന്നെ ആയിരിക്കണം. യേശു

കർത്താവിന്റെ വരവ് ഏറ്റവും അടുത്തുപോയി. അതിന്റെ സൂചനങ്ങൾ എല്ലാം അവിടവിടെയായി സംഭവിച്ചു കൊണ്ടിരിക്കുന്നു. കർത്താവ് വേഗത്തിൽ വരും; ഇല്ലെങ്കിൽ നാം ഈ ലോകത്തിൽ നിന്നും മാറ്റപ്പെടും. അതിനാൽ ഭയത്തോടെ അപ്പന്റെ അടുക്കൽ പോകാൻ ഒരുങ്ങിയിരിക്കുക.

ഇനി മറ്റൊരു കാര്യം, നമ്മുടെ കുഞ്ഞുങ്ങൾ വളർന്നു വരുമ്പോൾ മാതാപിതാക്കൾ അവരുടെ ഓരോ ചലനവും ശ്രദ്ധിക്കണം. കുഞ്ഞിലേ നമ്മൾ പഠിപ്പിക്കുന്നതും ചെയ്യുന്നതും കണ്ടാണ് നമ്മുടെ മക്കൾ വളരുന്നത്. അവർ വളർന്നു വരുമ്പോൾ അവരും അങ്ങനെ തന്നെ ചെയ്യും. കുഞ്ഞുങ്ങളെ ബൈബിൾ അഥവാ ദൈവവചനം വായിക്കുവാൻ ശീലിപ്പി ക്കണം. അവരും, വലിയവരും നിർബന്ധമായി ദൈവവചനം വായിക്കണം ധ്യാനിക്കണം. നമുക്ക് ജീവിക്കേണ്ടുന്നതെല്ലാം വചനത്തിൽ നിന്നും കിട്ടും. മക്കൾ കുഞ്ഞിലെ തെറ്റായിട്ട് എന്തെങ്കിലും സംസാരിച്ചാൽ നാം അതുകണ്ട് രസിക്കാതെ അവരെ തിരുത്തണം. നല്ല ശീലം കൊടുത്ത് ദൈവഭയത്തിൽ മക്കളെ വളർത്തണം.

ലോകത്തിലെ സകല ജനങ്ങളും ബൈബിൾ അഥവാ ദൈവവചനം വായിക്കണം. ദൈവ വചനത്തിനകത്ത് ഇല്ലാത്ത ഒരു കാര്യവുമില്ല. നമ്മുടെ ജീവിതത്തിന്റെ ഏത് പ്രതിസന്ധിയിലും ഇനി എങ്ങനെ പിടിച്ചുനിൽക്കും എന്ന് തോന്നിക്കുന്ന അവസ്ഥയിലും നമുക്ക് ആവശ്യമുള്ളത് ദൈവ വചനത്തിൽ നിന്നും കിട്ടും. അതിനാൽ എല്ലാവരും എന്നും ബൈബിൾ വായിച്ച് ധ്യാനിക്കണം.

# അവിശ്വാസികൾ

ഈ ലോകത്തിൽ യഥാർത്ഥ ദൈവത്തെ അറിയാതെ എന്നാൽ ഭക്തിയോടെ ജീവിക്കുന്നവരുണ്ട്. ലോകത്ത് ക്രിസ്ത്യാനികളെക്കാളും ഭക്തിയോടെ അവർ ജീവിക്കുന്നു. യഥാർത്ഥത്തിൽ അവർക്ക് ദൈവത്തെ അറിയില്ല. എങ്കിലും അവർക്ക് അസൂയ, പരദൂഷണം ഇവയില്ല, അരുതാത്ത തെറ്റുകൾ ഒന്നും അവർ ചെയ്യാറുമില്ല. അവർ ആർക്കും ഒരു ദോഷവും ചെയ്യാറില്ല. മാത്രമല്ല മറ്റുള്ളവരെ വളരെ സഹായിക്കാറുമുണ്ട്. ഇങ്ങനെയുള്ള പലരും ഈ ലോകത്തിൽ ഉണ്ട്. എങ്കിലും അവരുടെ മരണശേഷം ന്യായവിസ്താര സമയത്ത് യേശു കർത്താവ് ഇവരെ ആരെയും പരിഗണിക്കാതെ മുഖം നോക്കാതെ തള്ളിക്കളയും. നരകത്തിൽ ആയിരിക്കും അവരുടെ സ്ഥാനം. ആ സമയത്ത് അവർ ദൈവത്തോട്, "ഞാൻ ഭൂമിയിൽ ആയിരുന്നപ്പോൾ ധാരാളം നല്ല കാര്യങ്ങൾ ചെയ്തു, അനേകം സാധുക്കളെ സഹായിച്ചു, നല്ലതു മാത്രമേ ഭൂമിയിൽ ഞങ്ങൾ ചെയ്തിട്ടുള്ളൂ." അതിന് കർത്താവ് കൊടുക്കുന്ന മറുപടി, "ഭൂമിയിൽ നീ നല്ലത് ചെയ്തിട്ടുണ്ടെങ്കിൽ അതിന് ഈ ലോകത്തിൽ വച്ചുതന്നെ അതിനുള്ള പ്രതിഫലവും ഞാൻ തന്നു. നിന്റെ മക്കളെ എല്ലാം അനുഗ്രഹിച്ചില്ലേ. നിന്റെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസവും ഉയർന്ന ജോലികളും ലഭിച്ചില്ലേ. ലോകത്തിൽ നീ ചെയ്ത നല്ല കാര്യങ്ങൾക്കെല്ലാം ഇരട്ടിയായി ഈ ലോകത്തിൽ തന്നെ നീ നന്മ അനുഭവിച്ചില്ലേ. പക്ഷേ സ്വർഗ്ഗത്തിൽ നിനക്ക് സ്ഥാനമില്ല. നരകത്തിലാണ് നിനക്ക് സ്ഥാനം." കാരണം അവർ യേശുവിനെ അറിഞ്ഞില്ല. യേശുവാണ് യഥാർത്ഥ ദൈവം എന്ന് അവർ വിശ്വസിച്ചില്ല. കർത്താവിന് ഹൃദയം കൊടുത്തില്ല. കർത്താവിനെ ദൈവവും രക്ഷിതാവുമായി അവർ സ്വീകരിച്ചില്ല. കർത്താവിന്റെ കൽപ്പനകൾ

അവർ അനുസരിച്ചില്ല. അതുകൊണ്ട് എല്ലാവരും വളരെ ഭയപ്പെട്ട് യേശുവിനോട് പറ്റിയിരുന്ന് ജീവിക്കണം.

ഞാൻ ഇത്രത്തോളം നരകത്തെക്കുറിച്ചും സ്വർഗ്ഗത്തെക്കുറിച്ചും എഴുതുവാൻ കാരണം നമുക്ക് എന്തെങ്കിലും ചെയ്യുവാൻ കഴിയുമെങ്കിൽ അത് ഈ ഭൂമിയിൽ വച്ചേ സാധിക്കൂ. മനുഷ്യരായ നമുക്ക് അല്പം ആയുസ്സേയുള്ളൂ. ഏത് സമയത്തും മരണപ്പെടാം. അതു കഴിഞ്ഞാൽ നമുക്ക് ഒന്നും ചെയ്യാൻ കഴിയില്ല. അതുകൊണ്ട് ഈ ലോകത്തിൽ ജീവിക്കുന്ന കാലത്തോളം കർത്താവിനെ ഭയപ്പെട്ട് കർത്താവിന്റെ കൽപ്പന അനുസരിച്ച് അപ്പന്റെ പാദങ്ങളിൽ ജീവിച്ചാൽ നമുക്ക് സ്വർഗ്ഗത്തിൽ പോകാം. അതിൽ കവിഞ്ഞ് ഒരു ഭാഗ്യവും നമുക്ക് നേടാനില്ല.

ദൈവത്തെ അറിഞ്ഞവർ ആരായാലും അവരുടെ ജീവിതത്തിൽ ചിന്തയിലോ ഏത് വിധത്തിലെങ്കിലും ഉള്ള കുറവോ എന്തെങ്കിലും പാപമോ സംഭവിച്ചാൽ എത്രയും പെട്ടെന്ന് അവരുടെ കുറ്റം കണ്ടുപിടിച്ച് ദൈവത്തോട് ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച് വേഗത്തിൽ മടങ്ങി വരണം. അല്ലാതെ ഹൃദയം കഠിനപ്പെട്ടു പോകരുത്. എങ്കിൽ നാം തന്നെ കൈവിടപ്പെട്ടു പോകും. അത് സംഭവിക്കാതിരിക്കാൻ ദൈവസന്നിധിയിൽ കുറ്റം സമ്മതിച്ച് ദൈവത്തോട് ഏറ്റുപറഞ്ഞ് എത്രയും പെട്ടെന്ന് ദൈവസന്നിധിയിൽ മടങ്ങിച്ചെല്ലുക. കർത്താവ് ക്ഷമിക്കാത്ത ഒരു പാപവും ഇല്ല. നാം ഹൃദയം കഠിനപ്പെട്ടു പോകാതെ മടങ്ങിച്ചെല്ലണം എന്നു മാത്രം.

# വിധിക്കരുത്

നമ്മൾ ആരുടെയും കുറ്റം കണ്ടുപിടിക്കുകയോ പറഞ്ഞു നടക്കുകയോ ചെയ്യരുത്. മറ്റുള്ളവരുടെ ഏതു കുറ്റം ആയാലും അത് കണ്ടുപിടിക്കാൻ നടക്കുന്നതോ മറ്റുള്ളവരോട് പറഞ്ഞു നടക്കുന്നതോ ഒരിക്കലും ദൈവത്തിന്റെ മുമ്പാകെ ശരിയല്ല. മറ്റുള്ളവരുടെ കുറ്റം കണ്ടുപിടിക്കുന്നത് നമ്മുടെ ജോലിയല്ല, അത് എല്ലാം ദൈവം നോക്കിക്കൊള്ളും.

# എന്റെ സാക്ഷ്യം

ഞാൻ രക്ഷിക്കപ്പെട്ട വിധത്തെക്കുറിച്ചും, ഞാൻ സി.എസ്.ഐ. കുടുംബത്തിൽ ജനിച്ചു വളർന്നവൾ ആണെന്നും, എനിക്ക് പഠിത്തം ഇല്ല, എനിക്ക് എഴുതുവാനും വായിക്കുവാനും അറിഞ്ഞുകൂടാ എന്നും ഞാൻ മുമ്പ് പലയിടത്തും എഴുതിയിട്ടുണ്ട്. എങ്കിലും ഞാൻ രക്ഷിക്കപ്പെട്ട വിധത്തെകുറിച്ച് ഒരിക്കൽക്കൂടി പറയുകയാണ്.

സി.എസ്.ഐ. കുടുംബത്തിൽ ജനിച്ചുവളർന്ന എനിക്ക് യേശുവിനെ കുറിച്ച് ഒന്നും അറിഞ്ഞുകൂടായിരുന്നു. അങ്ങനെ ഇരിക്കുന്ന സമയത്താണ് യേശു കർത്താവ് നേരിട്ട് എന്റെ പേര് വിളിച്ച് എന്നെ ഉറപ്പിച്ചത്. എന്റെ കണ്ണുനീർ തുടച്ചു. യേശു കുരിശിൽ കിടക്കുന്ന കാഴ്ച ഞാൻ സ്വപ്നത്തിലൂടെ വ്യക്തമായി കണ്ടു. അതുപോലെ സ്വർഗ്ഗവും നരകവും കർത്താവ് എനിക്ക് വ്യക്തമായി കാണിച്ചു തന്നു. സ്വപ്നം കണ്ടു എന്ന് പറയുമ്പോൾ പലർക്കും അത് പരിഹാസമായി തോന്നും. സ്വപ്നം കണ്ടിട്ടുള്ളവർക്ക് അത് പറയുമ്പോൾ മനസ്സിലാകും. ഒരാൾ കാണുന്ന സ്വപ്നം ആർക്കും ഖണ്ഡിക്കാൻ കഴിയുന്നതല്ല. സ്വപ്നം കണ്ടത് കണ്ടതുതന്നെ. മാത്രമല്ല അതിനുശേഷം സ്വപ്നത്തിലൂടെ വളരെ കാര്യങ്ങൾ ദൈവാത്മാവ് എന്നോട് സംസാരിക്കാറുണ്ട്. സ്വപ്നത്തിലൂടെയും അല്ലാതെയും നേരിട്ട് ഒരു മനുഷ്യൻ സംസാരിക്കുന്നതുപോലെ വളരെ കാര്യങ്ങൾ ഇന്നുവരെയും കർത്താവ് എന്നോടു സംസാരിക്കാറുണ്ട്. അതിന്റെ വിവേചനങ്ങളും കർത്താവ് തരാറുണ്ട്. ഞാൻ അങ്ങനെ കർത്താവ് തന്ന ആലോചനകളും വിവേചനങ്ങളുമാണ് ഇവിടെ എഴുതുന്നത്. ദൈവം തരാതെ എനിക്ക് ഇതെല്ലാം ചെയ്യുവാൻ പറ്റുമോ? ഇതിൽ നിങ്ങൾക്ക് ആർക്കെങ്കിലും

സംശയമുണ്ടെങ്കിൽ ഞാനിന്നും ജീവനോടെ ഇരിക്കുന്നു. നിങ്ങൾക്ക് ആർക്കു വേണമെങ്കിലും എന്നെ എന്റെ വീട്ടിൽ വന്ന് നേരിട്ടു കണ്ട് സംസാരിക്കാം. ഞാൻ ഈ ചെയ്യുന്ന കാര്യങ്ങൾ മാനുഷികമായി ചിന്തിച്ചാൽ ഇതിൽ ഒരു കുഞ്ഞുവാക്ക് പോലും എനിക്ക് പറയാൻ കഴിയില്ല. എന്നാൽ ഇത് എന്റെ കർത്താവ് എന്നോട് കൽപ്പിച്ചു, ഞാൻ അനുസരിക്കുന്നു എന്ന് മാത്രം.

ഇപ്പോഴും ഇതൊക്കെ ഞാൻ എങ്ങനെ ചെയ്തു എന്ന് എനിക്ക് ചിന്തിക്കുവാൻ പോലും കഴിയില്ല. നിങ്ങൾ ആരെങ്കിലും നേരിട്ടു വന്ന് എന്നെ കണ്ടാൽ നിങ്ങൾക്ക് അത് മനസ്സിലാകും. എനിക്ക് ദൈവത്തെ പ്രസാദിപ്പിക്കണം എന്ന് മാത്രമേ ഉള്ളൂ. അതിനുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. ബാക്കി എല്ലാം ദൈവത്തിന്റെ കാര്യം. എന്നാൽ ഞാൻ നരകം കണ്ടില്ല. പക്ഷേ നരകത്തിന്റെ അതിഭീകര നിലവിളി അഥവാ ആര് കേട്ടാലും പേടിച്ച് ഞെട്ടി വിറക്കുന്ന നിലവിളി ഞാൻ വ്യക്തമായി കേട്ടതാണ്. നരകം കണ്ടാൽ ഞാൻ പേടിച്ചു വിറക്കും എന്ന് കരുതിയിട്ടാകാം യേശു അപ്പൻ എന്നെ നരകം കാണിച്ചില്ല. നരകത്തിന്റെ അതി ഭയങ്കര നിലവിളി മാത്രം ഞാൻ കേട്ടു. ഈ നരകത്തിന്റെ നിലവിളിയാണ് എനിക്കും കുടുംബത്തിനും നരകത്തിൽ പോകണ്ട, സ്വർഗ്ഗത്തിൽ പോകണം എന്ന തീരുമാനം എന്നെക്കൊണ്ട് എടുപ്പിച്ചത്. നരകത്തിന്റെ ഭീകര നിലവിളി ഇന്നും എന്നെ പേടിപ്പെടുത്തുന്നു. സ്വർഗ്ഗവും നരകവും ഉണ്ട് എന്നുള്ള സത്യം ഉറപ്പാണ്. പലരും വിശ്വസിക്കുന്നില്ല. പക്ഷേ അത് എന്റെ വിഷയമല്ല. എന്നാൽ ഞാൻ കണ്ടതും കേട്ടതും തൊട്ടതും ആയതുകൊണ്ടാണ് ഞാൻ വ്യക്തമായി ലോകത്തോട് വിളിച്ചു പറയുന്നത്. കാരണം ആ നിലവിളിയിൽ അഥവാ നരകത്തിൽ ആരും പോകാൻ പാടില്ല.

പണ്ട് ബൈബിളിൽ നോഹ മഴ വരാൻ പോകുന്നു, ജലപ്രളയം വരാൻ പോകുന്നു, നിങ്ങൾ രക്ഷപ്പെട്ടു കൊൾവിൻ. ഈ പെട്ടകത്തിൽ കയറിക്കൊൾവിൻ എന്ന് ജനത്തോട് വിളിച്ചുപറഞ്ഞു. "ആകാശത്തിൻ കീഴിൽ നിന്നും ജീവശ്വാസമുള്ള സർവ്വ ജഡത്തെയും നശിപ്പിപ്പാൻ ഞാൻ

ഭൂമിയിൽ ഒരു ജലപ്രളയം വരുത്തും." (ഉൽപ 6: 17) എന്നാൽ ജനം വിശ്വസിച്ചില്ല. അനുസരിച്ചില്ല. അതിനാൽ പെട്ടകത്തിൽ കയറിയ നോഹയും കുടുംബവും അല്ലാതെ ലോകത്തെ സകല ജനങ്ങളും വെള്ളപ്പൊക്കത്തിൽ നശിച്ചു പോയി. അതുപോലെ സ്വർഗ്ഗവും നരകവും ഉണ്ട് എന്നു പറയുമ്പോൾ ജനം വിശ്വസിക്കാതിരുന്നാലോ എന്ന ഭയം കൊണ്ടാണ് ഞാൻ വീണ്ടും ഇത് എഴുതുന്നത്. സ്വർഗ്ഗത്തിൽ പോകാൻ ആഗ്രഹിക്കുന്നവർക്ക് വേണ്ടിയാണ് ഞാനിത് എഴുതുന്നത്. വെറുതെ സ്വർഗ്ഗത്തിൽ പോകാൻ ആർക്കും കഴിയുകയില്ല. സ്വർഗത്തിൽ പോകണമെങ്കിൽ ചില നിബന്ധനകൾ ഉണ്ട്. അതായത് കർത്താവിന്റെ അടുത്ത് പോകാൻ ആഗ്രഹിക്കുന്നവർ തങ്ങളുടെ ഓർമ്മ വച്ച നാൾ മുതലുള്ള സകല പാപങ്ങളും യേശു കർത്താവിനോട് ഏറ്റുപറഞ്ഞു ഉപേക്ഷിച്ച് ദൈവത്തിൽ നിന്ന് പാപമോചനം നേടണം. അഥവാ നമ്മുടെ സകല പാപങ്ങളും കർത്താവ് ക്ഷമിച്ചു എന്ന് ഉറപ്പുവരുത്തണം.

ഏറിയ വർഷങ്ങൾ കൊണ്ട് പെന്തക്കോസ്ത് പള്ളിയിൽ പോകുന്ന ഒരാൾ, അവരോട് സംസാരിച്ചപ്പോൾ ആണ് അറിയുന്നത് ഇന്നുവരെ അവർക്ക് പാപക്ഷമ കിട്ടിയിട്ടില്ല. പാപങ്ങൾ അവർ ദൈവത്തോട് ഏറ്റു പറഞ്ഞിട്ടില്ല. അതിന് ആരും അവർക്ക് പറഞ്ഞുകൊടുത്തിട്ടുമില്ല. ഏഴെട്ട് വയസ്സ് ആയിക്കഴിഞ്ഞാൽ തെറ്റും ശരിയും മനസ്സിലാക്കാൻ ആ കുഞ്ഞുങ്ങൾക്ക് കഴിയും. അപ്പോൾ മുതലുള്ള പാപങ്ങൾ അവർ ദൈവത്തോട് ഏറ്റുപറഞ്ഞ് പാപക്ഷമപ്രാപിക്കണം. അവർ കുഞ്ഞുങ്ങൾ അല്ലേ? ചിലപ്പോൾ കൊച്ചു കൊച്ചു കള്ളങ്ങൾ പറയുന്നതായിരിക്കാം, കള്ളങ്ങൾ ചെയ്യുന്നതായിരിക്കാം. അതും ദൈവസന്നിധിയിൽ ഏറ്റുപറയണം. അങ്ങനെയെങ്കിൽ മുതിർന്നവർ എന്തുമാത്രം സ്വയം കണ്ടുപിടിച്ച്, ദൈവത്തോട് ഏറ്റു പറയണം. അങ്ങനെ ഏറ്റുപറഞ്ഞു ഉപേക്ഷിച്ചാൽ മാത്രമേ നമുക്ക് ദൈവ പ്രസാദം ലഭിക്കുകയുള്ളൂ. ഒരു കൊച്ചു തെറ്റോ പാപമോ ദൈവസന്നിധിയിൽ ഏറ്റുപറയാതെ മറച്ചു വെച്ചിട്ട് എത്ര ആരാധിച്ചിട്ടും ഓടിനടന്ന് ആരാധനകൾക്ക് പോയിട്ടും ഒരു ഫലവുമില്ല.

അതായത് ഏറ്റുപറഞ്ഞു ഉപേക്ഷിച്ച കാര്യങ്ങൾ പിന്നെ ഒരിക്കലും നാം ചിന്തിക്കുകപോലും ചെയ്യരുത്. കർത്താവ് എന്നോട് ക്ഷമിച്ചു എന്ന ബോധ്യം നമുക്കുണ്ടായിരിക്കണം. ദൈവം ക്ഷമിച്ചു എന്ന ബോധ്യം വരുന്നതുവരെ ദൈവ സന്നിധിയിൽ പാപങ്ങളെ ഏറ്റുപറഞ്ഞു കരയണം. ദൈവം ക്ഷമിച്ചു കഴിഞ്ഞാൽ പിന്നെയുള്ള നമ്മുടെ ജീവിതം എപ്പോഴും കർത്താവിനെ സ്നേഹിച്ചു, കർത്താവിനെ ഭയപ്പെട്ട്, കർത്താവ് നമ്മുടെ കൂടെ ചേർന്ന് എപ്പോഴും ഉണ്ട് എന്നുള്ള ചിന്തയോടും ബോധത്തോടും ആയിരിക്കണം. നാം എപ്പോഴും ദൈവത്തെ സ്നേഹിച്ചു നമ്മുടെ അപ്പനെപ്പോലെയോ നമ്മുടെ മൂത്ത സഹോദരനെപ്പോലെയോ കർത്താവിനെ കൂടെ നിർത്തി ജീവിക്കണം. അങ്ങനെ ദൈവസ്നേഹം നമുക്കുണ്ടെങ്കിൽ നമ്മുടെ ജീവിതത്തിന്റെ ഏതു തുറകളിലും നമുക്ക് വിജയം തന്നെയായിരിക്കും. നമ്മെ കാണുന്നവർ എപ്പോഴും നമ്മിൽ കൂടെ കർത്താവിനെ കാണണം. അതായിരിക്കണം നമ്മുടെ ജീവിതം. കർത്താവിന് ഹൃദയം കൊടുത്തുകഴിഞ്ഞാൽപ്പിന്നെ, നിങ്ങൾ, നിങ്ങൾക്ക് ഇഷ്ടമുള്ള, കർത്താവിനെ സത്യത്തിലും ആത്മാവിലും ആരാധിക്കുന്ന, ഏതെങ്കിലും ഒരു ആത്മീയ കൂട്ടായ്മയിൽ പോയി കർത്താവിനെ സത്യത്തിലും ആത്മാവിലും ആരാധിക്കണം. അങ്ങനെയുള്ളവർക്കാണ് സ്വർഗ്ഗത്തിൽ പോകാൻ കഴിയുന്നത്. സാക്ഷാൽ ദൈവമായ യേശുവിൽ കൂടെ മാത്രമേ നമുക്ക് രക്ഷയുള്ളൂ.

ഏതുകാര്യവും അതിവേഗത്തിൽ നാം ഒന്നും ചെയ്യരുത്. എന്നാൽ തീർച്ചയായും നാം കുഴിയിൽ ചാടിപ്പോകും. അതുകൊണ്ട് നമ്മൾ എന്ത് തീരുമാനം എടുക്കുമ്പോഴും പലപ്രാവശ്യം ആലോചിച്ച് ദൈവത്താൽ വേണം തീരുമാന ങ്ങൾ എടുക്കാൻ. ഒരു കാര്യം ചെയ്യുന്നതിനുമുമ്പ് 10 വട്ടം നന്നായി ആലോചിച്ചു വേണം ചെയ്യാൻ.

നമ്മുടെ ആരുടെയും ജീവിതത്തിൽ അഹങ്കാരം ഒരിക്കലും പാടില്ല. അഹങ്കാരമോ അഹംഭാവമോ പാടില്ല. അത് നമുക്കുതന്നെ ദോഷം ചെയ്യും. നാം എപ്പോഴും താഴ്മയും

ക്ഷമയും സ്നേഹവും ഉള്ളവർ ആയിരിക്കണം. സ്നേഹം കൊണ്ട് നേടിയെടുക്കാൻ കഴിയാത്ത ഒരു കാര്യവുമില്ല. പലപ്പോഴും സകല വീഴ്ചക്കും കാരണം അഹങ്കാരമാണ്. നാം എന്തൊക്കെയോ ആണ്, നമ്മുടെ കഴിവുകൊണ്ടാണ് ഇതൊക്കെ നടക്കുന്നത് എന്ന് ചിന്തിക്കുന്ന പലരും ഉണ്ട്. എന്നാൽ അത് തെറ്റാണ്. ഒരിക്കൽ നാം ഇതെല്ലാം ഉപേക്ഷിച്ചു പോകേണ്ടവർ ആണ്. ആ ഓർമ്മയും ചിന്തയും നമുക്ക് എപ്പോഴും വേണം. ഒരു ആത്മാവിന്റെ വില സർവ്വ ലോകത്തേക്കാളും വലുതാണ് എന്ന് ബൈബിൾ പറയുന്നു. “ഒരു മനുഷ്യൻ സർവ്വ ലോകവും നേടുകയും തന്റെ ജീവനെ കളകയും ചെയ്താൽ അവന് എന്ത് പ്രയോജനം.” (മർക്കൊസ്: 8:36)

അതിന്റെ വില മനസ്സിലാക്കിയിട്ടാണ് ഞാൻ ഇത് ചെയ്യുന്നത്. സർവ്വ മഹത്വവും യേശു കർത്താവിന്.

# കുടുംബത്തിൽ സാക്ഷ്യം

പലരും എന്നെ വിളിച്ച് അവരുടെ കുടുംബത്തിന്റെ സങ്കടങ്ങൾ പ്രാർത്ഥിക്കുന്നതിനുവേണ്ടി പറയാറുണ്ട്. ഭവനത്തിനകത്ത് ഒരു സമാധാനവുമില്ല. എങ്ങോട്ട് നോക്കിയാലും ദുഃഖം മാത്രം. മാന്യമായി ജീവിക്കുന്ന വീടുകളിൽ സ്വന്തം വീടു വിട്ട് അപ്പനമ്മമാർക്ക് ഇറങ്ങിപ്പോകാൻ കഴിയില്ല. അവർ പുറത്ത് അറിയിക്കാതെ എല്ലാം സഹിക്കും. ഒരു ചെറിയ തീപ്പൊരി ഉണ്ടെങ്കിൽ അതിനെ വലുതാക്കി കൊണ്ടുപോകുന്നതാണ് പലരും. അതികത്ത് വലിയ കള്ളങ്ങളും തെറ്റിദ്ധാരണകളും ഒക്കെ ഉണ്ട്. പക്ഷേ ഇതൊന്നും നമ്മുടെ കുടുംബങ്ങൾക്ക് ചേർന്നതല്ല. സ്വന്ത സഹോദരങ്ങൾ ചിലർ നിസ്സാര കാര്യങ്ങളിൽ തമ്മിലടിയും വഴക്കും ആയിരിക്കും. മരണംവരെ സ്വന്തം സഹോദരങ്ങൾ തമ്മിൽ മിണ്ടുകയോ സംസാരിക്കുകയോ ചെയ്യില്ല.

ഭൂമിയിൽ നാം എത്ര കാലം ജീവിക്കും? അതു കഴിഞ്ഞാൽ പ്പിന്നെ അപ്പനെയും അമ്മയെയും സഹോദരങ്ങളേയും നാം ഒരിക്കലും കാണുന്നില്ല. നമുക്ക് ഈ ലോകത്ത് അൽപകാലമേ ആയുസ്സുള്ളൂ. ആ ഉള്ള കാലം അത്രയും അപ്പനും അമ്മയും മക്കളും കൊച്ചുമക്കളും സഹോദരങ്ങളും വളരെ സ്നേഹത്തോടെ, സമാധാനത്തോടെ ജീവിച്ചാൽ എത്ര നന്നായിരിക്കും. അതിൽ കവിഞ്ഞ് മറ്റു ഭാഗ്യം വല്ലതും ഉണ്ടോ. ഇത് ഞാൻ എഴുതാൻ കാരണം ചിലർ പ്രാർത്ഥിക്കുവാൻ എന്നെ വിളിച്ചു പറഞ്ഞത് ഞങ്ങൾ ഇത്ര സഹോദരങ്ങൾ ഉണ്ട്. എന്നാൽ പരസ്പരം കാണുകയോ മിണ്ടുകയോ ചെയ്യുകയില്ല. ഞങ്ങൾ സംസാരിച്ചിട്ട് വർഷങ്ങളായി. അതിൽ ഒരു സഹോദരൻ മരിക്കുകയും ചെയ്തു. മരിക്കുന്നതുവരെ നമ്മൾ തമ്മിൽ

സംസാരിച്ചിട്ടില്ല. ഇത് എത്രയോ ദയനീയമായ കാര്യമാണ്. ഇതു കേട്ട് എനിക്ക് ഭയങ്കര സങ്കടം തോന്നി. ഇങ്ങനെയും മനുഷ്യർ ലോകത്തുണ്ടോ എന്ന് ഞാൻ ചിന്തിച്ചു പോയി. സ്വന്തം അപ്പനെയും അമ്മയെയും കൂടപ്പിറപ്പുകളെയും സ്നേഹിക്കാൻ കഴിയാത്തവർ മറ്റുള്ളവരെ എങ്ങനെ സ്നേഹിക്കും. നാം ഈ ഭൂമിയിൽ ജീവിക്കുമ്പോൾ നമുക്ക് എല്ലാവരെയും സ്നേഹിക്കുവാനുള്ള ഒരു നല്ല മനോഭാവം ഉണ്ടാവണം. ഭർത്താവിന്റെ അപ്പനെയും അമ്മയെയും ഭാര്യയുടെ അപ്പനെയും അമ്മയെയും സ്വന്തം അപ്പനമ്മമാരെപ്പോലെ സ്നേഹിക്കുകയും ബഹുമാനിക്കുകയും കരുതുകയും വേണം. ഇതൊക്കെയാണ് ദൈവം പ്രസാദിക്കുന്ന കാര്യങ്ങൾ.

ചിലപ്പോൾ നാം ദൈവത്തെ അറിഞ്ഞവരും ക്രിസ്ത്യാനികളും ആയിരിക്കും. അവർക്ക് വളരെ കാര്യങ്ങളും പ്രാർത്ഥിക്കുവാനുള്ള വിഷയങ്ങളും കാണും. നാം മനുഷ്യർ അല്ലേ? എന്നാൽ പ്രാർത്ഥിക്കാൻ ഇരിക്കുമ്പോൾ മറ്റുള്ളവരോട് പിണങ്ങി ഇരിക്കുകയോ ദേഷ്യമോ വൈരാഗ്യമോ എന്തെങ്കിലുമുണ്ടെങ്കിൽ നമ്മുടെ പ്രാർത്ഥന ദൈവം കേൾക്കുമോ. ഒരിക്കലും ദൈവം പ്രാർത്ഥന കേൾക്കില്ല. ദൈവം പ്രാർത്ഥന കേൾക്കണമെങ്കിൽ ആദ്യം നാം വിഷമം ഉള്ളവരോട് പോയി നിരക്കണം. ബൈബിളിൽ പറയുന്നതുപോലെ നാം അവരോട് ക്ഷമ ചോദിച്ചു നിരപ്പ് പ്രാപിച്ചതിനു ശേഷം ദൈവത്തോട് അടുത്തു ചെല്ലുക. "ആകയാൽ നിന്റെ വഴിപാടു യാഗപീഠത്തിങ്കൽ കൊണ്ടുവരുമ്പോൾ സഹോദരനു നിന്റെ നേരെ വല്ലതും ഉണ്ടെന്ന് അവിടെ വച്ച് ഓർമ്മ വന്നാൽ നിന്റെ വഴിപാട് അവിടെ യാഗപീഠത്തിന്റെ മുന്നിൽ വച്ചേച്ചു, ഒന്നാമത് ചെന്നു സഹോദരനോടു നിരന്നു കൊൾക; പിന്നെ വന്നു നിന്റെ വഴിപാട് കഴിക്ക." (മത്തായി 5: 23, 24) അപ്പോൾ നമ്മുടെ പ്രാർത്ഥനയ്ക്ക് ദൈവം ഉത്തരം നൽകും.

# പിന്മാറ്റം

കർത്താവിനുവേണ്ടി വളരെ പ്രയോജനപ്പെട്ടു കൊണ്ടിരുന്ന ഒരു വ്യക്തി, ഒരുകാലത്ത് കർത്താവിന്റെ വേല വിശ്വസ്തതയോടെ ചെയ്തുകൊണ്ടിരുന്നു. പിന്നത്തേതിൽ വർഷങ്ങൾ കഴിഞ്ഞപ്പോൾ അവർ അറിയാതെ തന്നെ അവരുടെ ചിന്തകളും നോട്ടങ്ങളും പ്രവർത്തികളും ദൈവത്തിനു ഇഷ്ടമില്ലാത്തതായി മാറി. അവരിലുള്ള പരിശുദ്ധാത്മാവ് നഷ്ടപ്പെട്ടു. എന്നിട്ട് പരിശുദ്ധാത്മാവ് നഷ്ടപ്പെട്ടത് അവർ മനസ്സിലാക്കിയില്ല. ചെറിയ ചെറിയ പാപങ്ങൾ വലിയ തെറ്റുകളിലേക്ക് പോയി. അത് അവരെ മുക്കികളഞ്ഞു. ഇതുപോലുള്ള ചിലർ എങ്ങനെയും മടങ്ങിവരണം എന്ന് ആഗ്രഹിക്കുന്നു. പക്ഷേ അവർക്ക് കഴിയുന്നില്ല. എന്നാൽ മറ്റു ചിലർ മടങ്ങിവരണമെന്ന് ആഗ്രഹമോ ചിന്തയോ ഇല്ലാതെ ഹൃദയം കഠിനപ്പെട്ട് ഇനി ഒരിക്കലും എനിക്ക് രക്ഷയില്ല, ദൈവം എന്നോട് ഒരിക്കലും ക്ഷമിക്കില്ല, ഇനി എനിക്ക് മടങ്ങിവരാൻ കഴിയില്ല എന്ന് സ്വയം ചിന്തിച്ച് മാനസികമായി തകർന്നു കൊണ്ടിരിക്കുന്നു. മക്കൾ എന്തുതെറ്റ് ചെയ്താലും ഒരു അപ്പൻ മക്കളോട് ക്ഷമിക്കില്ലേ? ഭയങ്കര വലിയ തെറ്റുകൾ ചെയ്താലും സ്വന്തം അപ്പൻ ക്ഷമിക്കും. അങ്ങനെയെങ്കിൽ സ്വർഗത്തിലെ നമ്മുടെ യേശു അപ്പൻ നമ്മുടെ പാപങ്ങൾ ക്ഷമിക്കുകതന്നെ ചെയ്യും. കാരണം അപ്പന്റെ രക്തം തന്ന് വിലക്കെടുത്തതാണ് നമ്മെ. പക്ഷേ മടങ്ങിവരവിന് നാം തന്നെ സ്വയം ആഗ്രഹിച്ചു ഉണരണം. നമ്മുടെ ഓരോ തെറ്റുകളും എണ്ണിയെണ്ണി പൂർണ്ണ സമർപ്പണത്തോടെ അപ്പനോട് തുറന്നു സമ്മതിച്ച് ഏറ്റുപറഞ്ഞു ഉപേക്ഷിക്കണം. എന്നിട്ട് ഒരു ചെറിയ തെറ്റുപോലും വിട്ടു പോകാതെ അപ്പനോട് എണ്ണിയെണ്ണി പറഞ്ഞ് ആ പാദങ്ങളിൽ കിടക്കണം. അപ്പോൾ ദൈവം തീർച്ചയായും ക്ഷമിക്കും.

ചിലർക്ക് ദർശനം, വെളിപ്പാട്, പ്രവചനം എന്നീ കൃപകൾ ഉണ്ടായിരുന്നു. എന്നാൽ അവരുടെ പിന്മാറ്റം നിമിത്തം കൃപകൾ നഷ്ടപ്പെട്ടത് അവർ അറിയുന്നില്ല. എന്നാൽ ഈ നഷ്ടപ്പെട്ടത് എല്ലാം ദൈവം അറിയുന്നു. എങ്കിലും ആ വ്യക്തികൾ അതു മനസ്സിലാക്കാതെ വീണ്ടും കൃപകൾ ഉണ്ട് എന്നുപറഞ്ഞ് അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇതൊക്കെ ദൈവമുമ്പാകെ ചെയ്യുന്ന വലിയ പാപങ്ങളാണ്. എങ്കിലും ഈ ഭൂമിയിൽ ജീവിക്കുന്നിടത്തോളം നാം നമ്മുടെ പിന്മാറ്റങ്ങളും തെറ്റുകളും മനസ്സിലാക്കി എത്രയും പെട്ടെന്ന് ഒട്ടും താമസിക്കാതെ ദൈവസന്നിധിയിൽ മടങ്ങി വരിക. സകലതും ദൈവത്തോട് ഏറ്റു പറഞ്ഞ് ഉപേക്ഷിച്ച് വേഗത്തിൽ മടങ്ങിവരണം. അങ്ങനെയെങ്കിൽ ദൈവം തീർച്ചയായും ക്ഷമിക്കും. ഹൃദയം കഠിനപ്പെട്ടുപോകരുത്. കഴിഞ്ഞുപോയ തെറ്റുകൾ ഒരിക്കലും പിന്നെ ഓർക്കുകയും ചെയ്യരുത്. ഇതെല്ലാം ഞാൻ എന്തിന് എഴുതുന്നു എന്ന് ചിലപ്പോൾ ചിന്തിക്കാം. കുഞ്ഞുങ്ങളെ സ്നേഹിക്കുന്ന ഒരു അമ്മ അവരുടെ മക്കൾ എന്തെങ്കിലും തെറ്റു ചെയ്താൽ എങ്ങനെയും അവരെ മടക്കി കൊണ്ടുവരാൻ രാവും പകലും ശ്രമിക്കും. ആ കുഞ്ഞ് നഷ്ടപ്പെട്ടു പോകാതിരിക്കാൻ ആണ് ആ അമ്മ ശ്രമിക്കുന്നത്. എന്നാൽ കുഞ്ഞുങ്ങൾ എങ്ങനെയോ പോകട്ടെ എന്നു ചിന്തിക്കുന്ന അമ്മമാർ ഉണ്ട്. പക്ഷേ അവരൊക്കെ ദൈവസന്നിധിയിൽ മക്കളുടെ കണക്കു കൊടുക്കണം. അതുപോലെ ആത്മാക്കളെകുറിച്ചുള്ള ഭാരം ദൈവം എനിക്കും തന്ന് ഏൽപ്പിച്ചിട്ടുണ്ട്. ആ ഭാരമെല്ലാം കർത്താവ് എനിക്ക് തന്നതുകൊണ്ടാണ് ഞാൻ ദൈവത്തെ ഭയപ്പെട്ട് ദൈവത്തെ അനുസരിച്ച് ഇതെല്ലാം നിങ്ങളോട് പറയുന്നത്. കർത്താവ് പറയുന്നത് ഞാൻ അനുസരിക്കാതെ, ഒരു വ്യക്തിയെങ്കിലും നഷ്ടപ്പെട്ടുപോയാൽ അതിന്റെ കണക്ക് ദൈവം എന്നോട് ചോദിക്കും. ആ ഭയം കൊണ്ടാണ് ഞാൻ ഇതെല്ലാം ചെയ്യുന്നത്. ദൈവം പറഞ്ഞത് ഞാൻ അറിയിച്ചിട്ടും മറ്റുള്ളവർ ഏറ്റെടുക്കാതിരുന്നാൽ അതിന്റെ കണക്ക് ദൈവം എന്നോട് ചോദിക്കില്ല. അത് അവരും ദൈവവും ആയിട്ടുള്ള കാര്യം. നിങ്ങൾക്ക് എന്തെങ്കിലും സംശയമുണ്ടെങ്കിൽ ദൈവം എനിക്കുതന്നിട്ടുള്ള അറിവ് അനുസരിച്ച് ഉത്തരം പറയാം. എന്റെ ഫോൺ നമ്പർ ഇതിൽ വച്ചിട്ടുണ്ട്.

# പുളിച്ചമാവ്

ഒരു കലം മാവിൽ, ഒരു തുള്ളി പുളിച്ചമാവ് വീണാൽ ആ മാവ് മുഴുവൻ പുളിക്കും. "അസാരം പുളിമാവ് പിണ്ഡത്തെ മുഴുവനും പുളിപ്പിക്കുന്നു എന്ന് അറിയുന്നില്ലയോ?" (1 കൊരിന്ത്യർ 5:6). അതുപോലെ ഒരാൾ ചെയ്യുന്ന തെറ്റിന് ലോകത്തുള്ള എല്ലാവരെയും അവർ തെറ്റു ചെയ്താലും ഇല്ലെങ്കിലും അവരെ തെറ്റുകാരായി കാണുന്നു. അതുപോലെ എന്നെയും ഞാൻ എഴുതുന്നതിനേയും കാണരുത് എന്ന ഒരു അപേക്ഷ എനിക്കുണ്ട്. നിങ്ങൾക്കു വേണമെങ്കിൽ ഏറ്റെടുക്കാം ഏറ്റെടുക്കാതെയും ഇരിക്കാം. എന്നാൽ ദൈവത്തെ ഒരിക്കലും പുച്ഛിക്കരുത്. നമുക്കു വേണ്ടി രക്തം ഊറ്റി തന്ന യേശു കർത്താവിനെ സകലജനത്തിനും വേണമെങ്കിൽ സ്വീകരിക്കാം അല്ലെങ്കിൽ സ്വീകരിക്കാതെ ഇരിക്കാം. എങ്കിലും ഒരിക്കലും ഈ നല്ല കർത്താവിനെ നിന്ദിക്കരുത്. സകല ജനത്തിന്റെയും സൃഷ്ടികർത്താവാണ് നമ്മുടെ അപ്പനായ യേശു ക്രിസ്തു.

# എന്റെ ജീവിത്തിലെ ചില അനുഭവങ്ങൾ

എന്റെ വിവാഹത്തിനു മുൻപ് എന്റെ വീട്ടിൽ വച്ച് ഞാൻ ഒരു ദുഃഖവും വേദനയും ബുദ്ധിമുട്ടും അനുഭവിച്ചിട്ടില്ല. പ്രയാസങ്ങൾ എന്തെന്ന് എനിക്കറിയില്ലായിരുന്നു. എന്റെ വിവാഹശേഷമാണ് എല്ലാ കഷ്ടതയും ഞാൻ അനുഭവിച്ചത്. അപ്പോൾ എന്റെ മക്കൾ കുഞ്ഞുങ്ങളായിരിക്കുന്ന സമയത്ത് ഒരു പ്രാവശ്യം ഞങ്ങൾക്ക് പിടിച്ചു നിൽക്കുവാൻ കഴിയാത്ത കഷ്ടതകളും പരിഹാസങ്ങളും നിന്ദകളും പഴികളും ദുഷികളും കേട്ട് ഞങ്ങൾ ആകെ തകർന്നു. ഞാനും എന്റെ കുടുംബവും എങ്ങനെ ഇനി ജീവിക്കും എന്നു ചിന്തിക്കേണ്ട ഇടവന്നു. അത്രയ്ക്ക് സഹിക്കുവാൻ കഴിയാതെ പിടിച്ചു നിൽക്കുവാൻ കഴിയാത്ത വിഷയങ്ങളുടെ മദ്ധ്യത്തിൽ ഞാൻ വാവിട്ടു നിലവിളിച്ചു. എന്നിട്ട് ഞാൻ എന്റെ കർത്താവിനോട്, ''എന്റെ യേശു അപ്പാ, എന്തിനാണ് എന്നെ ഇവിടെ കൊണ്ടുവന്ന് ഇങ്ങനെ ഇട്ട് കഷ്ടപ്പെടുത്തുന്നത്,'' എന്ന് ഞാൻ നിലവിളിച്ച് ഹൃദയം പൊട്ടിപ്പോകുമ്പോലെ ചോദിച്ചു. അപ്പോൾ കർത്താവ് എന്നോട്, ''ഞാൻ നിന്നെ ഇവിടെ കൊണ്ടുവന്നത് എനിക്ക് നിന്നിൽ കൂടെ അനേക കാര്യങ്ങൾ ചെയ്തു തീർക്കുവാനുണ്ട്,'' എന്നു പറഞ്ഞു. കർത്താവ് അന്ന് സംസാരിച്ചത് എന്താണെന്ന് അപ്പോൾ എനിക്ക് ഒന്നും മനസ്സിലായില്ല. എന്നാൽ വർഷങ്ങൾക്കുശേഷം ഇപ്പോഴാണ് അന്ന് കർത്താവ് പറഞ്ഞ കാര്യങ്ങൾ എന്താണെന്ന് എനിക്കു മനസിലാക്കുവാൻ കഴിഞ്ഞത്. അതാണ് കർത്താവ് ഈ നാളുകളിൽ എന്നെ ക്കൊണ്ട് ഓരോ കാര്യങ്ങളും ചെയ്യിച്ചുകൊണ്ടിരിക്കുന്നത്. എല്ലാം കർത്താവിന്റെ മുൻ നിർണ്ണയങ്ങൾ മാത്രം.

# നിഷ്കളങ്ക ഹൃദയം ഉള്ളവരായിരിപ്പിൻ

ചിലർ നമ്മെ കാണുമ്പോൾ നമ്മുടെ കാഴ്ചയ്ക്ക് നമ്മോട് വളരെ സ്നേഹവും ബഹുമാനവും ആണെന്ന് നമുക്ക് തോന്നും. വളരെ സ്നേഹത്തോടെ നമ്മോട് സംസാരിക്കും. അതു കാണുമ്പോൾ അവർക്ക് നമ്മോടു വളരെ ആത്മാർത്ഥ സ്നേഹമാണെന്ന് നമുക്ക് തോന്നും. തിരിച്ച് ആത്മാർത്ഥമായി ത്തന്നെ നമ്മൾ ഇടപെടും. എന്നാൽ യഥാർത്ഥത്തിൽ അവർ അങ്ങനെയല്ല. പുറമേ മാത്രമാണ് നമ്മോട് സ്നേഹം പ്രകടിപ്പിക്കുന്നത്. എന്നാൽ മറ്റുള്ളവരോട് നമ്മെക്കുറിച്ച് നാം ചിന്തിച്ചിട്ടുപോലും ഇല്ലാത്ത മഹാദോഷങ്ങളായിരിക്കും സംസാരിക്കുന്നത്, പറഞ്ഞു പരത്തുന്നത്. ഇതാണ് ഇന്ന് ലോകത്തിൽ കണ്ടുവരുന്നത്. ഒരു പഴഞ്ചൊല്ല് കേട്ടിട്ടുണ്ട്, “പുറം ഭക്തി, അകം കത്തി.” യഥാർത്ഥത്തിൽ ദൈവം വെറുക്കുന്ന സ്വഭാവങ്ങളാണ് ഇതെല്ലാം. നാം ഒരിക്കലും മറ്റുള്ളവരെക്കുറിച്ച് ഇല്ലാത്ത കാര്യങ്ങളോ പരദൂഷണങ്ങളോ പറയാൻ പാടില്ല. ഒരു കാര്യത്തിലും ദൈവം നമ്മെ കുറ്റം പറയുവാൻ ഇട വരുത്തരുത്. നാം എപ്പോഴും ദൈവസന്നിധിയിലും മനുഷ്യരുടെ മുമ്പിലും നിഷ്കളങ്ക ഹൃദയം ഉള്ളവരായിരിക്കണം. വിശുദ്ധിയോടെ കർത്താവിനോട് പറ്റിയിരിക്കണം. ദൈവം വസിക്കുന്ന മന്ദിരമാണ് നമ്മുടെ ഹൃദയവും ശരീരവും. ഇതിനകത്ത് ഒരു കാരണത്താലും ഒരു അശുദ്ധിയും പാടില്ല. അത് കർത്താവ് ഒരിക്കലും സഹിക്കില്ല.

ദൈവസന്നിധിയിൽ വിശുദ്ധിയോടും വിശ്വസ്തതയോടും വാക്കുകൊണ്ടോ നോട്ടംകൊണ്ടോ ഒരു തെറ്റും വരുത്താതെ നിൽക്കുന്ന ഒരു ദൈവപൈതൽ ഉണ്ടെന്നിരിക്കട്ടെ. എന്നാൽ ഈ പൈതലിനുനേരെ അവർ പോലും അറിയാതെ വളരെ വേദനിപ്പിക്കുന്ന വാക്കുകളോ, അപമാനങ്ങളോ നിന്ദകളോ

പറഞ്ഞു പരത്താം. ആ വ്യക്തിയെ മറ്റുള്ളവർ പരിഹാസത്തോടെ നോക്കുകയും ഒരു വിലയും കൽപ്പിക്കാതെയും ഇരിക്കാം. എന്നാൽ ആ ദൈവപൈതൽ ഇതൊന്നും മനസ്സുകൊണ്ടോ ഹൃദയം കൊണ്ടോ അറിയുന്നതല്ല. ആ വ്യക്തിക്ക് തന്റെ സങ്കടങ്ങൾ മുഴുവൻ പറയാൻ യേശു അപ്പൻ മാത്രമേയുള്ളൂ. അങ്ങനെ ആ വ്യക്തി ഈ സങ്കടങ്ങളെല്ലാം ദൈവത്തോടു പറഞ്ഞ് കരയും. ഇതുകാണുമ്പോൾ കർത്താവ് മൗനമായിരിക്കും എന്നു തോന്നുന്നുണ്ടോ? കർത്താവ് ആ ദൈവപൈതലിനു വേണ്ടി എഴുന്നേൽക്കുക തന്നെ ചെയ്യും. അപ്പോൾ വേദനിപ്പിച്ച വ്യക്തികൾക്ക് ദൈവത്തിൽ നിന്നും വരുന്ന ശിക്ഷ വളരെ വലുതായിരിക്കും. അങ്ങനെയുള്ള ശിക്ഷ നമുക്ക് വേണോ? അത് നാം ഓരോരുത്തരും ചിന്തിക്കണം.

എന്നാൽ ഒരു വ്യക്തിയിൽ എന്തെങ്കിലും തെറ്റു കണ്ടോലാ അവരുടെ നടപ്പ് ശരിയല്ല എന്നു തോന്നിയാലോ അവരെ നേരിട്ടു കണ്ട് സംസാരിച്ച് സ്നേഹത്തോടെ കുറ്റബോധം വരുത്തണം. അപ്പോൾ അവർ ഉണരും. പക്ഷേ നാം ഒരിക്കലും ആരോടും മറ്റൊരാളുടെ കുറ്റങ്ങൾ പറഞ്ഞു നടക്കരുത്. അത് ദൈവത്തിന് ഇഷ്ടമല്ല. നമ്മുടെ സ്വന്ത കുടുംബത്തിൽ ഒരാൾ തെറ്റിയാൽ നാം എങ്ങനേയും അവരെ മടക്കിക്കൊണ്ടു വരുന്നതിന് ആത്മാർത്ഥമായി ശ്രമിക്കില്ലേ. അതുപോലെ നാം മറ്റുള്ളവരേയും കരുതണം.

ദൈവാത്മാവ് ഉണർത്തിയതിൽ ഒരു കാര്യം: ചില കുടുംബങ്ങളിൽ ഒരു സമാധാനവും കാണില്ല. ജന്മനാ അന്ധന്മാരോ, ചെകിടന്മാരോ, വളർച്ചയില്ലാത്ത കുഞ്ഞുങ്ങളോ ഉണ്ടായിരിക്കാം. ഒരേ കിടക്കയിൽ വർഷങ്ങളോളം കിടക്കുന്ന പലരും ഉണ്ട്. ആ കുടുംബങ്ങളിൽ കണ്ണുനീര് മാറുന്നില്ല. ഇഷ്ടം പോലെ സ്വത്തും പണവും ഉണ്ട്. എങ്കിലും എവിടെ നോക്കിയാലും നെടുവീർപ്പ് മാത്രം. ചിലർ പ്രാർത്ഥിക്കുന്നതിനു വേണ്ടി വേദനയോടെ എന്നോടു പറഞ്ഞിട്ടുണ്ട്. ഈ മക്കൾ ഒരേ കിടപ്പിൽ കിടന്ന് വർഷങ്ങളായി കഷ്ടപ്പെടുന്നു. ഒരു കുട്ടി എങ്കിലും നല്ലതായിട്ടുണ്ടെങ്കിൽ അവൻ അനുസരണം

കെട്ടവനായി മദ്യപിച്ച് തോന്നുമ്പോലെ നടക്കുന്നു. ആ കുടുംബം എങ്ങനെ സന്തോഷിക്കും? എത്രത്തോളം അവർക്ക് സമാധാനം ഉണ്ട്? അവർക്ക് വളരെ പണവും സമ്പത്തും ഉണ്ടെങ്കിലും എത്ര സന്തോഷത്തോടെ അത് അവർക്കു അനുഭവിക്കാൻ കഴിയും? ഇങ്ങനെ സംഭവിക്കാൻ പല കാരണങ്ങളും ഉണ്ട്. പ്രധാനമായും പൂർവ്വപിതാക്കന്മാർ എത്രയോ തലമുറകൾക്കു മുൻപ് ചെയ്തുകൂട്ടിയ പാപങ്ങൾ, മറ്റുള്ളവരെ ദ്രോഹിച്ചും ചതിച്ചും കരയിപ്പിച്ചും സമ്പാദിച്ചിരിക്കാം. അത് വരും തലമുറകൾക്ക് ശാപമായി കിടക്കും. ഇത് എന്റെ ആത്മാവിൽ ദൈവം ഉണർത്തിയതാണ്. ദൈവം ക്ഷമിച്ചില്ലാ എങ്കിൽ 7-ാം തലമുറവരെ കണക്കു ചോദിക്കും എന്നാണ് പറയുന്നത്. ദൈവം ക്ഷമിച്ചു കഴിഞ്ഞാൽ പിന്നെ അത് ഓർക്കുകയും ഇല്ല. എന്നാൽ ദൈവം ക്ഷമിക്കണമെങ്കിൽ നാം അത്രത്തോളം ശോധന ചെയ്ത് കണ്ടുപിടിച്ച് ദൈവത്തോടു കരയണം. ഞങ്ങളുടെ പൂർവ്വ പിതാക്കന്മാരുടെ എന്തു പാപമായാലും അത് ഞങ്ങളോട് ക്ഷമിക്കണമേ എന്ന് എപ്പോഴും ദൈവത്തോടു കരയണം. എങ്ങനെ എങ്കിലും നിലവിളിച്ചാൽ ദൈവം കേൾക്കില്ല. അതിനാൽ കാര്യസാധ്യത്തിനുവേണ്ടി നിലവിളിക്കാതെ നമ്മുടെ ഹൃദയം പൂർണ്ണമായി കർത്താവിനു സമർപ്പിച്ച് ഹൃദയവേദന യോടുകൂടെ ദൈവം ക്ഷമിക്കുന്നതുവരെ കർത്താവിനോടു പറ്റിയിരിക്കണം. നമ്മുടെ പ്രാർത്ഥന സ്വർഗ്ഗത്തിൽ എത്തണം. വിടുതൽ കിട്ടിക്കഴിയുമ്പോൾ കുടുംബമായി കർത്താവിനു സാക്ഷിയാകണം. നമ്മുടെ സാക്ഷി കേട്ട് മറ്റുള്ളവരും രക്ഷപ്പെടണ്ടേ? എന്നോട് പലരും പ്രാർത്ഥിക്കാൻ പറഞ്ഞപ്പോഴാണ് എനിക്ക് ഇതെല്ലാം മനസ്സിലായത്. എന്നാൽ, ഞാൻ എത്ര പ്രാർത്ഥിച്ചാലും ആ വ്യക്തികൾക്ക് ഒരുക്കമു ണ്ടെങ്കിലേ ദൈവം വിടുതൽ കൊടുക്കുകയുള്ളു. അതുപോലെ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നവർ കുറവുകളെ ഉണർത്തിത്തന്നാൽ അവർക്കു നേരെ കുറ്റം പറയാതെ നമ്മുടെകുറവുകളെ സമ്മതിച്ച് ഏറ്റുപറഞ്ഞ് ദൈവത്തോട് കരയണം. മാത്രമല്ല എത്രയോ സാധുക്കൾ നമുക്കു ചുറ്റിലും

ഉണ്ട്. നമുക്ക് സഹായിക്കാൻ കഴിവുണ്ടെങ്കിൽ നമ്മളാൽ കഴിയുന്നത് നാം ആത്മാർത്ഥമായി അവരെ സഹായിക്കണം. അതിനുള്ള നല്ലമനസ്സ് ഓരോരുത്തർക്കും ഉണ്ടായിരിക്കണം. അത് ദൈവം മാനിക്കും. നമുക്കും നമ്മുടെ കുടുംബത്തിനും അത് വിടുതലായിമാറും.

നാം എപ്പോഴും ദൈവത്തെ ഭയപ്പെടുക മാത്രമല്ല ദൈവമായ യേശു കർത്താവിനെ സ്നേഹിക്കുന്നവർ ആയിരിക്കണം. നാം എന്തൊക്കെ തെറ്റുകളും, പാപങ്ങളും ചെയ്താലും അതെല്ലാം കുറ്റബോധത്തോടെ ദൈവത്തോട് നിലവിളിച്ചു ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുമ്പോൾ ദൈവം സകലതും ക്ഷമിക്കുന്നു. കാരണം, യേശു കർത്താവ് അത്രത്തോളം നമ്മെ സ്നേഹിക്കുന്നതുകൊണ്ടാണ്. ആ ദൈവസ്നേഹം വീണ്ടും വീണ്ടും നമുക്കു രുചിച്ചറിയണമെങ്കിൽ നാം ദൈവ കല്പനകൾ അനുസരിച്ച് ദൈവത്തോടു പറ്റിച്ചേർന്നിരിക്കണം. യേശുഅപ്പൻ എന്താണ് നമ്മോട് കല്പിക്കുന്നോ, അത് സന്തോഷത്തോടെ ചെയ്യുവാനുള്ള നല്ല മനസ്സ് നമുക്കുണ്ടായിരിക്കണം. ലോകത്തിൽ നമുക്കു കഷ്ടം ഉണ്ട്, ദുഃഖം ഉണ്ട്, പരിഹാസങ്ങളും ഉണ്ട്. എന്നാൽ അതെല്ലാം സന്തോഷത്തോടെ സഹിച്ച് ദൈവത്തെ സ്നേഹിച്ച് താഴ്മയോടെ അപ്പനോട് പറ്റിയിരിക്കണം. നാം, ഒരിക്കലും കഷ്ടത വരുമ്പോൾ പിറുപിറുത്തു ദൈവത്തിൽ നിന്ന് അകലുന്നവർ ആകരുത്. പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്. എന്നാൽ ചില രോഗങ്ങളും കഷ്ടതകളും വരുന്നത് നമ്മുടെ പാപത്താലോ ജീവിതത്തിലെ കുറവുകൾ കൊണ്ടോ ആയിരിക്കാം. ബൈബിളിൽ ഇങ്ങനെ പറയുന്നു, "പാപത്താൽ രോഗം, രോഗത്താൽ മരണം." അത് സംഭവിക്കാതിരിക്കാൻ നാം നമ്മുടെ പാപങ്ങളും, കുറവുകളും, വീഴ്ചകളും കണ്ടുപിടിച്ച് നമ്മെ ത്തന്നെ ശോധന ചെയ്ത് യേശു അപ്പനോട് സകലതും ഏറ്റു പറഞ്ഞ് ഉപേക്ഷിച്ച് ദൈവത്തോട് കരഞ്ഞു പ്രാർത്ഥിക്കണം. അപ്പോൾ ദൈവം മനസ്സലിഞ്ഞ് നമ്മോടു ക്ഷമിച്ച് നമ്മെ ശുദ്ധീകരിക്കുക തന്നെ ചെയ്യും. ദൈവം ക്ഷമിച്ച തെറ്റുകൾ മേലാൽ ഒരിക്കലും ചിന്തയിൽ പോലും ആവർത്തിക്കരുത്.

എന്നാൽ ചില കഷ്ടതകൾ നമുക്കു വരുന്നത് നമ്മെ നല്ലൊരു പൊന്നാക്കി പുറത്തു കൊണ്ടുവരുന്നതിനു വേണ്ടിയാണ്. ഇതൊന്നും കർത്താവ് അറിയാതെയല്ല. കർത്താവ് കൂടെ നിന്ന് ഇതെല്ലാം കണ്ടുകൊണ്ടിരിക്കുന്നു. നാം ഒന്നിലും പതറിപ്പോകരുത്. എനിക്ക് ഈ കഷ്ടതയെല്ലാം എന്തിനുവന്നു, എന്ന് ദൈവത്തോട് ചോദ്യം ചെയ്യരുത്. നാം കർത്താവിനുവേണ്ടി അധികം ഫലം കായ്ക്കുന്നതിനായിട്ടാണ് ദൈവം നമ്മെ ചെത്തി വെടിപ്പാക്കുന്നത്. ഒരു കുട്ടി പരീക്ഷ എഴുതുന്നത് അതു ജയിച്ച് മേൽ ക്ലാസ്സിലേയ്ക്ക് പോകുന്നതിനു വേണ്ടിയാണ്. അതുപോലെ നമ്മെയും ഒരുപടി കൂടെ മുകളിലേയ്ക്ക് കൊണ്ടുപോകുന്നതിനുവേണ്ടിയാണ് ഇതെല്ലാം നമുക്കു സംഭവിക്കുന്നത്. ഫലം കായ്ക്കുന്ന മരത്തിലാണ് ഏറ് അധികം ഉണ്ടാകുന്നത്. അതുപോലെ തന്നെയാണ് ഒരു വ്യക്തിയുടെ ക്രിസ്തീയ ജീവിതവും. ഏത് വിധത്തിലുള്ള കഷ്ടതകൾ വന്നാലും കുലുങ്ങിപ്പോകാതെ നാം അധികം കർത്താവിനു പ്രയോജനം ഉള്ളവരായി മാറണം.

മറ്റുള്ളവരെ വേദനിപ്പിക്കുന്ന ഒരു വാക്കോ, നോട്ടമോ, ചിന്തയോ, നമുക്കുണ്ടാകരുത്. പ്രായം ഉള്ളവരെ എപ്പോഴും നാം ബഹുമാനിക്കണം ആദരിക്കണം. ബൈബിളിൽ ഇങ്ങനെ പറയുന്നു, "മറ്റുള്ളവരെ തന്നെക്കാൾ ശ്രേഷ്ഠർ എന്ന് എണ്ണണം." നാം മറ്റുള്ളവരോട് ചെയ്യുന്നതുതന്നെ നമുക്ക് തിരിച്ചും കിട്ടും. നമ്മുടെ മക്കളെയും ഇങ്ങനെ തന്നെ പഠിപ്പിച്ചു വളർത്തണം. നാം എന്തുചെയ്യുന്നോ അതുകണ്ടുതന്നെ നമ്മുടെ മക്കൾ വളരും. അത് മറക്കരുത്.

കർത്താവിന്റെ വരവ് ഏറ്റവും അടുത്തിരിക്കുന്നു. അതിന്റെ ലക്ഷണങ്ങൾ എല്ലാം ലോകത്തിൽ കണ്ടു കൊണ്ടിരിക്കുന്നു. അതിനാൽ പ്രിയപ്പെട്ടവരെ, അതിന്റെ സമയം എപ്പോഴായാലും യേശു കർത്താവിന്റെയടുത്ത് സ്വർഗ്ഗത്തിൽ പോകുവാൻ നാം വിശുദ്ധിയോടെ ഏതു സമയത്തും ഒരുങ്ങിയിരിക്കുക. കാഹളശബ്ദം മുഴങ്ങാറായി, യേശു വരാറായി, നമുക്ക് ഒരുമിച്ച് യേശുവിന്റെ അടുക്കൽ പോകുവാൻ ഒരുങ്ങാം. ആമേൻ.

# എന്നോടുള്ള ദൈവത്തിന്റെ വാഗ്ദത്ത പൂർത്തീകരണം

ഇതോടുകൂടി കർത്താവ് എന്നോട് ചെയ്യാൻ പറഞ്ഞ വാഗ്ദത്തങ്ങൾ ഞാൻ ഏറെക്കുറെ നിവൃത്തിയാക്കി. എന്റെ യേശു അപ്പൻ എന്നോട് ചെയ്യാൻ പറഞ്ഞ കാര്യങ്ങളിൽ ഞാൻ പൂർത്തിയാക്കിയത്;

♦ 35 വർഷങ്ങൾക്കു മുൻപ് ഞാനും എന്റെ ഭർത്താവും ചേർന്ന് അനേകം സഭകളിൽ പോയി സാക്ഷീകരിച്ചു. ഞാൻ സ്നാനം എടുത്ത് ഒരു വർഷത്തിനുശേഷം കർത്താവ് എന്നോട്, "ഇനി നീ സാക്ഷിക്ക് ഇറങ്ങണം" എന്നുപറഞ്ഞു. എന്നാൽ ഞങ്ങളുടെ അന്നത്തെ സാമ്പത്തിക നിലയനുസരിച്ച് ഞങ്ങൾക്ക് അതിന് കഴിയുമായിരുന്നില്ല. അന്ന് ഞങ്ങൾ അത്രയും കഷ്ടത്തിലായിരുന്നു. അതുകൊണ്ട് അപ്പോൾ സാക്ഷ്യവുമായി ഇറങ്ങാൻ കഴിഞ്ഞില്ല. ഒരു വർഷത്തിനുശേഷം വീണ്ടും കർത്താവ് എന്നോട്, "ഇനി നീ സാക്ഷിക്ക് ഇറങ്ങണം" എന്നു പറഞ്ഞു. അപ്പോഴും ഞങ്ങളുടെ ബുദ്ധിമുട്ട് കാരണം ഞങ്ങൾക്ക് കഴിഞ്ഞില്ല. അതുകഴിഞ്ഞ് വീണ്ടും ഒരു വർഷത്തിനുശേഷം കർത്താവ് ആദ്യം സാക്ഷിക്ക് ഇറങ്ങാൻ പറഞ്ഞതിന്റെ മൂന്നാം വർഷം വീണ്ടും കർത്താവ് എന്നോട് ഇടിമുഴക്കം പോലെയുള്ള ശബ്ദത്തിൽ രാത്രിയിൽ, സ്വപ്നത്തിൽ "ഇനി നീ സാക്ഷിക്കിറങ്ങിയില്ല എങ്കിൽ നിന്നെ ഞാൻ അടിക്കും", എന്നു പറഞ്ഞു. ഇത് കർത്താവ് എന്നോട് പറയുന്ന സമയത്ത് യേശു അപ്പന്റെ കൈയിൽ ഒരു വടി ഉണ്ടായിരുന്നു. യേശു അപ്പന്റെ കോപത്തോടെയുള്ള ശബ്ദവും കയ്യിൽ വടിയും കണ്ട് ഞാൻ പേടിച്ച് ബദ്ധപ്പെട്ട് പോകുവാൻ വേണ്ടി ഒരുങ്ങി. അപ്പോൾ അടുത്തു നിന്ന ദൂതൻ

കർത്താവിനോട്, ''അവൾ പോകുവാൻ ഒരുങ്ങുകയാണല്ലോ, ഇപ്പോൾ അടിക്കേണ്ട'', എന്നുപറഞ്ഞു. അപ്പോൾ യേശു അപ്പൻ എന്നോട് ''ഇനി ഞാൻ വടി എടുത്താൽ നിന്നെ ഞാൻ അടിക്കും'', എന്നുപറഞ്ഞു. ഇതെല്ലാം ഞാൻ സ്വപ്നത്തിൽ ആയിരുന്നു കണ്ടത്. ഇതേ തുടർന്നാണ് ഞാനും എന്റെ ഭർത്താവും സാക്ഷിക്ക് പോകുവാൻ ഇറങ്ങിത്തിരിച്ചത്. ഞങ്ങൾ ഏകദേശം 70 സഭകളിൽ പോയി എന്റെ അനുഭവങ്ങളും സാക്ഷ്യങ്ങളും പറഞ്ഞു. അങ്ങനെ എന്റെ സ്വന്തം ഇഷ്ട പ്രകാരമല്ല ഞാൻ സാക്ഷിക്ക് ഇറങ്ങിയത്. എന്റെ യേശു അപ്പൻ എന്നോടു പറഞ്ഞിട്ടാണ് ഞാൻ സാക്ഷിക്ക് ഇറങ്ങിയത്.

♦ ഞാൻ എന്റെ സാക്ഷ്യം പുസ്തകമായി എഴുതി അനേകർക്ക് കൊടുത്തു.

♦ എന്റെ വലിയ അസുഖത്തിനുശേഷം എന്റെ ഭവന മുറ്റത്തു വച്ച് വലിയ രീതിയിലുള്ള ആരാധന നടത്തി. അന്നത്തെ ശുശ്രൂഷയും എന്റെ സാക്ഷ്യവും വീഡിയോ എടുക്കുകയും അത് യൂട്യൂബിലൂടെ അനേക രാജ്യങ്ങളിൽ ഉള്ളവർ ഇന്നും കണ്ട് ദൈവാനുഗ്രഹം പ്രാപിക്കുന്നു.

♦ അരോമ ടിവിയിൽ ഏകദേശം രണ്ടു മണിക്കൂർ സാക്ഷ്യം പറഞ്ഞു. അതും അനേക രാജ്യങ്ങളിൽ ഉള്ളവർ ഇന്നും കണ്ട് ദൈവാനുഗ്രഹം പ്രാപിക്കുന്നു.

♦ ഒരു ചാനൽ എന്നെ ഇന്റർവ്യൂ ചെയ്യുകയും എന്റെ ജീവിക്കുന്ന സാക്ഷ്യം ലോകം കണ്ടുമിരിക്കുന്നു.

♦ ഈ പുസ്തകം ഇപ്പോൾ എഴുതുന്നതിലൂടെ ദൈവത്തിന്റെ വാഗ്ദത്തം ഏകദേശം ഞാൻ പൂർത്തിയാക്കി. ഇതുചെയ്ത് പൂർത്തിയാക്കിയതോടെ എനിക്ക് വലിയ സന്തോഷവും സമാധാനവും ഉണ്ട്. ഒരു അറിവും പഠിത്തവും ഇല്ലാത്ത എനിക്ക് എന്റെ അപ്പനു വേണ്ടി ഇത്രയും ചെയ്യാൻ കഴിഞ്ഞതിൽ എനിക്ക് വളരെ സംതൃപ്തിയുണ്ട്. യേശു അപ്പൻ പറഞ്ഞത് ഞാൻ അനുസരിച്ചു എന്നു മാത്രമേയുള്ളൂ. ഇനി സാക്ഷി പറയാൻ ആരെങ്കിലും വിളിച്ചാൽ ദൈവം

അനുവദിച്ചാൽ അവിടെ എല്ലാം പോയി സാക്ഷി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. മാത്രമല്ല വീട്ടിൽ ഇരുന്ന് സകലജനത്തിനു വേണ്ടിയും ബാക്കിയുള്ള കാലം പ്രാർത്ഥിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നോട് പ്രാർത്ഥന ആവശ്യപ്പെട്ട് വീട്ടിൽ വരുന്നവർക്കുവേണ്ടിയും ഞാൻ പ്രാർത്ഥിക്കും. ഫോണിൽ കൂടെ പ്രാർത്ഥന ആവശ്യപ്പെട്ട് എന്നെ വിളിക്കുന്നവർക്കുവേണ്ടിയും ഞാൻ പ്രാർത്ഥിക്കും. സകലവും ഞാൻ ദൈവത്തിൽ ഭരമേല്പിക്കുന്നു. ദൈവം എന്ത് കൽപ്പിക്കുന്നോ അത് ഞാൻ ചെയ്യും. "സർവ്വമാനവും മഹത്വവും ദൈവത്തിന്", ആമേൻ.



- അസാദ്ധ്യങ്ങളെ സാധ്യമാക്കുന്ന ദൈവം.
- ഏതു തകർന്ന അവസ്ഥയിൽ നിന്നും വിടുവിക്കുന്ന ദൈവപ്രവർത്തികൾ
- പ്രാർത്ഥന കേൾക്കുന്ന ദൈവത്തിന്റെ പ്രവൃത്തികൾ
- ഹൃദയ സ്പർശിയായ ജീവിതാനുഭവങ്ങൾ

ഈ എന്റെ സാക്ഷ്യ പുസ്തകവും മരണത്തിൽ നിന്ന് വിടുവിച്ച എന്റെ അത്ഭുതകരമായ ജീവിതാനുഭവങ്ങളും പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കാൻ അവസരം ഒരുക്കിയ ദൈവത്തിന് നന്ദി

പ്രിയസഹോദരി ബേബി സരോജത്തിന്റെ സാക്ഷ്യപുസ്തകത്തിന്റെ 1-ാം വാല്യം എഴുതുന്നതിനും എഡിറ്റ് ചെയ്യുന്നതിനും പ്രയത്നിച്ച നിത്യതയിൽ വിശ്രമിക്കുന്ന ബഹു. ഇ. രാജരത്നം പാസ്റ്ററെ നന്ദിയോടെ സ്മരിക്കുന്നു. രണ്ടാം പതിപ്പ് പ്രസിദ്ധീകരിക്കുമ്പോൾ മരണത്തിൽ നിന്ന് ജീവനിലേക്ക് എന്ന ഹൃദയസ്പർശിയായ ജീവിതാനുഭവങ്ങൾ ഉൾപ്പെടുത്തുന്നതിന് പ്രോത്സാഹിപ്പിക്കുകയും പ്രാർത്ഥിക്കുകയും നല്ല വാക്കുകൾ കുറിക്കുകയും സാക്ഷ്യ പുസ്തക രചനയിൽ സഹായിക്കുകയും ചെയ്ത എല്ലാ പ്രിയപ്പെട്ടവരെയും ദൈവസ്നേഹത്തിൽ ഓർക്കുന്നു. ഈ സാക്ഷ്യപുസ്തകത്തിലെ ഓരോ അനുഭവങ്ങളും വായനക്കാർക്ക് സ്വർഗ്ഗരാജ്യ പ്രവേശനത്തിനും ക്രിസ്തുവിൽ ആരോഗ്യമുള്ള ആത്മീയ ജീവിതത്തിനും പ്രചോദനമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

Go...Teach....Make Disciples
Trivandrum,Kerala
Call : 999 59 75 980 - 755 99 75 980
Website : www.amentvnetwork.com
youtube : Disciple TV , Disciple TV Live